atma


കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും - 1

# ദൈവം ദൈവപുത്രൻ ദൈവമാതാവ്

ഡോ. മൈക്കിൾ കാരിമറ്റം



# ദൈവം
# ദൈവപുത്രൻ
# ദൈവമാതാവ്



## ഡോ. മൈക്കിൾ കാരിമറ്റം

ക്രിസ്തീയവിശ്വാസം, പ്രത്യേകിച്ചും കത്തോലിക്കാസഭ ഏറ്റുപറയുകയും പഠിപ്പിക്കുകയും ചെയ്യുന്ന വിശ്വാസസത്യങ്ങൾ എല്ലാം തന്നെ യുക്തിയും കുബുദ്ധിയും ഉപയോഗിച്ചു നിഷേധിക്കുക, അപഹാസ്യമായി ചിത്രീകരിക്കുക ഇന്ന് ഒരു ഫാഷൻ ആയിത്തീർന്നിരിക്കുന്നതുപോലെ തോന്നും. പരിശുദ്ധത്രിത്വം മുതൽ പാപമോചനവും ആത്മരക്ഷയും വരെ ചോദ്യം ചെയ്യപ്പെടാത്ത ക്രിസ്തീയ വിശ്വാസസത്യങ്ങൾ ഇല്ല തന്നെ. ഇവയ്ക്കു പുറമേനിന്ന് ഉയരുന്ന ചോദ്യങ്ങളും ദുരാരോപണങ്ങളും മാത്രമല്ല, വിശ്വാസം അതിന്റെ ഉള്ളിൽനിന്നുതന്നെ വിവിധങ്ങളായ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇവയ്ക്കല്ലാം ബൈബിളിലും കത്തോലിക്കാസഭയിലും ആധികാരികപ്രബോധനത്തിലും അടിസ്ഥാനമാക്കി കഴിയുന്നത്ര ലളിതവും, വ്യക്തവും, യുക്തിപൂർണ്ണവുമായ ഉത്തരം നല്കാനുള്ള ശ്രമമായ പരമ്പരയിലെ ആദ്യപുസ്തകമാണിത്. യേശുക്രിസ്തു ചരിത്രപുരുഷനോ? യേശുവും ഈസായും ഒരാൾ തന്നെയോ? ദൈവവും അള്ളായും ഒന്നോ? ത്രിത്വം എന്നാൽ എന്ത്? മറിയം ദൈവമാതാവോ എന്നിങ്ങനെയുള്ള വിഷയങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നു.

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600
+91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

atma book with a soul

ISBN: 978-81-950001-0-4
9788195000104 00001

₹ 160

Available at: amazon.in & atmabooks.com

Scripture

കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും – 1

# ദൈവം
# ദൈവപുത്രൻ
# ദൈവമാതാവ്

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

**ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ**

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം

# ദൈവം
# ദൈവപുത്രൻ
# ദൈവമാതാവ്

ഡോ. മൈക്കിൾ കാരിമറ്റം

pavan atma®
book with a soul

atmabooks@gmail.com

Malayalam
*Daivam, Daivaputhran, Daivamathav*
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: January 2021

ISBN: 978-81-950001-0-4

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം


**ആമുഖം** 07

1. **യേശുക്രിസ്തു ചരിത്രപുരുഷനോ?** 13

ചരിത്രരേഖകളുടെ അഭാവം - ജീവിക്കുന്ന സാക്ഷ്യങ്ങൾ - മതപീഡനങ്ങൾ - ബൈബിളിന്റെ സാക്ഷ്യം - സജീവപാരമ്പര്യം - ചരിത്രരേഖകൾ - ടാസിറ്റസ് - സുവെറ്റോണിയസ് - പ്ലിനി - ലുസിയൻ - ഫ്ളാവിയുസ് ജൊസേഫുസ് - ക്രൂശിതനായ കഴുത - കാലഗണന - ഉപസംഹാരം.

2. **ദൈവം = അള്ളാ?** 30

A സാമ്യങ്ങൾ - ഏകദൈവം - യുക്തിഭദ്രമായ വിശ്വാസം - രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനങ്ങൾ - മാർപ്പാപ്പാമാരുടെ പ്രഖ്യാപനങ്ങൾ - ബൈബിളിന്റെ പിന്തുണ.

B വ്യത്യാസങ്ങൾ - പേര് - ത്രിത്വം - ദൈവം പിതാവ് - മനുഷ്യസ്വഭാവം - സ്ത്രീപുരുഷ തുല്ല്യത - ദൈവം മനുഷ്യബന്ധം - ഉപസംഹാരം.

3. **യേശു = ഈസാ?** 50

A സാമ്യങ്ങൾ - പേര് - ക്രിസ്തു - മസീഹ് - പ്രവാചകൻ - കന്യാജനനം - പ്രബോധനം - പ്രവർത്തനങ്ങൾ.

B വ്യത്യാസങ്ങൾ - യേശു ചരിത്രപുരുഷൻ - ജനനം - ജീവിതം - മരണം - രക്ഷ - ദൈവപുത്രൻ - നിത്യസാന്നിധ്യം - ഉപസംഹാരം.

4. **ത്രിയേകദൈവം** 75

1. ത്രിത്വം ഒരു രഹസ്യം 76

2. വെളിപാട് 77
3. ദൈവം പഴയനിയമത്തിൽ 78
ദൈവം സ്രഷ്ടാവ് - പിതാക്കന്മാരുടെ ദൈവം - വിമോചകനായ ദൈവം - ഉടമ്പടിയുടെ ദൈവം - ദൈവം യോദ്ധാവ് - രാജാവ് - യാഹ്വേ മാത്രം ദൈവം- ഏകത്വത്തിൽ ബഹുത്വം.
4. പുതിയ അനുഭവം 88
5. പഴയനിയമം പുതിയ വെളിച്ചത്തിൽ 93
6. ആഴങ്ങളിലേക്ക് 95
ആദിമപ്രഘോഷണം - വി. പൗലോസിന്റെ ലേഖനങ്ങളിൽ - സുവിശേഷങ്ങളിൽ - കാതോലിക്കലേഖനങ്ങൾ - വെളിപാട് - ഉപസംഹാരം

**5 മറിയം ദൈവമാതാവ് 121**
A മറിയം ബൈബിളിൽ 122
1. പഴയനിയമത്തിൽ 122
2. പുതിയനിയമത്തിൽ 123
B വിശ്വാസസത്യങ്ങൾ 125
1. ദൈവമാതാവ് 126
2. അമലോത്ഭവ 128
ഉത്ഭവപാപം - അമലോത്ഭവം തർക്കവിഷയം
3. നിത്യകന്യക 133
യേശുവിന്റെ കന്യാജനനം - യേശുവിന്റെ സഹോദരന്മാർ
4. സ്വർഗ്ഗാരോപിത 138
അല്പം ചരിത്രം - മറിയത്തിന്റെ മരണം പ്രസക്തി
5. മറിയം മധ്യസ്ഥ 143
6. മറിയം മാതൃക 147
വചനശ്രവണം, മനനം, ജീവിതം- വിശ്വാസം-അനുസരണം-ദാസീഭാവം - പ്രാർത്ഥനാജീവിതം - മരിയഭക്തി- ഉപസംഹാരം

# ആമുഖം

*"നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന എല്ലാവരോടും മറുപടി പറയാൻ സദാ സന്നദ്ധരായിരിക്കുവിൻ. എന്നാൽ അതു ശാന്തതയോടും ബഹുമാനത്തോടും കൂടെ ആയിരിക്കട്ടെ" (1 പത്രോ 3, 15).*

കത്തോലിക്കാവിശ്വാസം ഇന്ന് മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായി ചോദ്യം ചെയ്യപ്പെടുന്നുണ്ട്, പ്രത്യേകിച്ചും നവ സാമൂഹ്യമാധ്യമങ്ങളിലൂടെ. ചില മതവിഭാഗങ്ങൾ ക്രിസ്ത്യാനികളെ മാനസാന്തരപ്പെടുത്തി തങ്ങളുടെ മതത്തിൽ ചേർക്കാൻ ഒളിഞ്ഞും തെളിഞ്ഞും നടത്തുന്ന ശ്രമങ്ങളും ഇതിനു പിന്നിലുണ്ട്.

പരിശുദ്ധ ത്രിത്വം മുതൽ പാപമോചനവും നിത്യരക്ഷയും വരെ, ചോദ്യം ചെയ്യപ്പെടാത്ത ക്രിസ്തീയ വിശ്വാസ സത്യങ്ങൾ ഇല്ല തന്നെ. ക്രിസ്തീയവിശ്വാസം, പ്രത്യേകിച്ചും കത്തോലിക്കാസഭ ഏറ്റുപറയുകയും പഠിപ്പിക്കുകയും ചെയ്യുന്ന വിശ്വാസ സത്യങ്ങൾ എല്ലാം തന്നെ യുക്തിയും കുബുദ്ധിയും ഉപയോഗിച്ചു നിഷേധിക്കുക ഒരു ഫാഷൻ ആയിത്തീർന്നിരിക്കുന്നതു പോലെ തോന്നും. ചുരുക്കത്തിൽ കത്തോലിക്കാവിശ്വാസവും അത് ഏറ്റുപറയുന്നവരും പഠിപ്പിക്കുന്നവരും പ്രതിക്കൂട്ടിൽ ആയിരിക്കുന്ന ഒരു പ്രതീതി ദിനംപ്രതി വർദ്ധിച്ചുവരുന്നു.

ക്രിസ്ത്യാനികൾ ബഹുദൈവാരാധകരല്ലേ? മൂന്നു ദൈവങ്ങൾ എങ്ങനെ ഒരു ദൈവമാകും? ദൈവത്തിനെങ്ങനെ പുത്രൻ ജനിക്കും? ദൈവത്തിനു മാതാവുണ്ട് എന്നു പറയുന്നത് തികഞ്ഞ വിഢിത്തമല്ലേ? അങ്ങനെ ഒരു മാതാവുണ്ടെങ്കിൽ അവൾ ദൈവത്തേക്കാൾ വലിയവളായിരിക്കണമല്ലോ? ഇനി ക്രിസ്ത്യാനികൾ തങ്ങളുടെ സഭയുടെ സ്ഥാപകനും രക്ഷകനുമായി വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന യേശുക്രിസ്തു ചിലരുടെ ഭാവനാസൃഷ്ടി മാത്രമല്ലേ? പുരുഷസംസർഗ്ഗം കൂടാതെ

സ്ത്രീ പ്രസവിക്കുമോ? ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന യേശു എന്നൊരാൾ ജീവിച്ചിരുന്നതിന് തെളിവായി എന്തെങ്കിലും സമകാലിക ചരിത്രരേഖകൾ എടുത്തു കാട്ടാൻ കഴിയുമോ?

ക്രിസ്ത്യാനികളുടെ വിശ്വാസത്തിനടിസ്ഥാനമായി എടുത്തു കാട്ടുന്ന ബൈബിൾ തന്നെ കള്ളക്കഥകളുടെ സമാഹാരമല്ലേ? ആറായിരം വർഷം പഴക്കമേ ഈ ഭൂമിക്കുള്ളൂ എന്നു പറഞ്ഞാൽ ആർക്കു വിശ്വസിക്കാനാകും? ആറുദിവസം കൊണ്ടുനടന്ന പ്രപഞ്ച സൃഷ്ടിയെക്കുറിച്ചുള്ള വിവരണം ആർക്കു വിശ്വസിക്കാൻ കഴിയും? നാലാം ദിവസമാണ് സൂര്യനെ സൃഷ്ടിച്ചതെന്നു ബൈബിൾ പറയുന്നു. എന്നാൽ അതിനുമുമ്പുതന്നെ സന്ധ്യയും പ്രഭാതവും ഉണ്ടായി - എങ്ങനെ?

ചില പൂർവ്വികരുടെ പ്രായത്തെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ വെറും ഭാവനാസൃഷ്ടിയും യാഥാർത്ഥ്യത്തിനു നിരക്കാത്തതുമല്ലേ? 969 വർഷം ജീവിച്ച മെത്തുശാലഹ് - മനുഷ്യനോ വേറെ വല്ല ജീവിയോ. കാലം കഴിയുന്തോറും മനുഷ്യായുസ് ദീർഘിക്കുന്നു എന്നത് സാമാന്യ അനുഭവം. ഈ പശ്ചാത്തലത്തിൽ ശാസ്ത്രീയമായ അറിവുകൾക്കും യുക്തിക്കും നിരക്കാത്ത എത്രയെത്ര വിവരണങ്ങൾ - വിശ്വാസങ്ങൾ! ആദിമാതാപിതാക്കന്മാർ ആദം-ഹവ്വാ. അവർക്കു രണ്ടു മക്കൾ: കായേൻ, ആബേൽ. ചേട്ടൻ അനുജനെ കൊന്നു. എന്നിട്ട് എവിടെയോ പോയി വിവാഹം കഴിച്ച് മക്കളെ ഉല്പാദിപ്പിച്ച്, ജീവിച്ചു - എവിടെ കിട്ടി കായേന് ഭാര്യയെ?

ഇനി ബൈബിളിൽ പറയുന്ന കാര്യങ്ങൾ, പ്രത്യേകിച്ചും നിയമങ്ങൾ, കത്തോലിക്കർപോലും പാലിക്കുന്നില്ലല്ലോ? വിഗ്രഹങ്ങൾ ഉണ്ടാക്കരുത്, ആരാധിക്കരുത് എന്നു വ്യക്തമായും ബൈബിൾ വിലക്കുന്നുണ്ട്. എന്നാൽ കത്തോലിക്കാദേവാലയങ്ങളും ഭവനങ്ങളും വിഗ്രഹങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു; കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കാൻ പ്രേരിപ്പിച്ച് ജനത്തെ വഴിതെറ്റിച്ച അഹറോന്റെ പിൻമുറക്കാരാണ് കത്തോലിക്കാ പുരോഹിതർ എന്ന ആരോപണം നിഷേധിക്കാനാകുമോ?

ചോദ്യങ്ങൾ നിരവധി. സാധാരണ വിശ്വാസികൾ മാത്രമല്ല, വിശ്വാസികളെ പഠിപ്പിക്കാനും നയിക്കാനുമായി നിയുക്തരായിരിക്കുന്ന പുരോഹിതന്മാർപോലും ഉത്തരം പറയാനാകാതെ കുഴങ്ങുന്ന അവസരങ്ങൾ വർദ്ധിച്ചുവരുന്നു. ഒന്നുകിൽ തൃപ്തിക

രമായ ഉത്തരം നല്കുക, അല്ലെങ്കിൽ തങ്ങളുടെ വിശ്വാസം തെറ്റാണെന്നു സമ്മതിച്ചു തിരുത്തുക. തിരുത്താൻ തയ്യാറാകുമ്പോൾ സ്വീകരിക്കാൻ ഒരുങ്ങിനില്ക്കുന്നവർ ധാരാളം. അത് ഇതര ക്രൈസ്തവസമൂഹങ്ങളാകാം, ഇതര മതസ്ഥരുമാകാം.

വെല്ലുവിളികൾ പുറമെനിന്നു മാത്രമല്ല ഉയരുന്നത്. കത്തോലിക്കാവിശ്വാസം തന്നെ വിശ്വാസികൾക്കുനേരേ അനേകം വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. പുറമെനിന്ന് വരുന്ന വെല്ലുവിളികൾ തിരിച്ചറിയാനും മറുപടി നല്കാനും പഠനവും അറിവുമാണാവശ്യം. എന്നാൽ ഉള്ളിൽ നിന്നുയരുന്ന വെല്ലുവിളികൾ വ്യക്തപരമായ തീരുമാനങ്ങളും ജീവിതത്തിൽത്തന്നെ സമൂലപരിവർത്തനവും ആവശ്യപ്പെടുന്നു. ഇവ തിരിച്ചറിയാനും പ്രത്യുത്തരിക്കാനും കൂടുതൽ പ്രയാസം നേരിടാം; അതിനാൽത്തന്നെ ശ്രദ്ധിക്കപ്പെടാതെ പോയെന്നും വരാം.

നിത്യജീവനിലേക്കുള്ള മാർഗ്ഗം തേടി തന്നെ സമീപിച്ച ഭക്തനും ധനികനുമായ യുവാവിന്റെ മുമ്പിൽ യേശു എടുത്തുകാട്ടിയ ഒട്ടകവും സൂചിക്കുഴയും ഒരുദാഹരണമാണ് ശത്രുക്കളെ സ്നേഹിക്കുക, സമ്പത്തു വിറ്റു ദാനം ചെയ്യുക, ഉടുപ്പുവിറ്റ് വാൾ വാങ്ങുക, മാതാപിതാക്കന്മാരെയും സ്വന്തം ജീവനെത്തന്നെയും വെറുക്കുക എന്നിങ്ങനെയുള്ള നിരവധി ഗുരുവചനങ്ങൾ ഉയർത്തുന്ന വെല്ലുവിളിയും വിശ്വാസികൾ നേരിടുന്നുണ്ട്.

വേദപാഠം ക്ലാസ്സുകളിൽ നല്കുന്ന മതബോധനം കുട്ടികളെ തങ്ങളുടെ വിശ്വാസത്തിൽ ആഴപ്പെടാനും ചോദ്യങ്ങൾക്ക് ഉത്തരം നല്കാനും പ്രാപ്തരാകുന്നില്ല എന്ന പരാതി ഉയരുന്നുണ്ട്. പാഠപുസ്തകങ്ങൾ നല്ലത്; പാഠ്യപദ്ധതിയും നല്ലത്. എന്നാൽ പരീക്ഷ എഴുതി പാസാകുന്നതിനപ്പുറം ജീവിതത്തെ സ്വാധീനിക്കാനും രൂപ്പെടുത്താനും പര്യാപ്തമല്ല എന്ന യാഥാർത്ഥ്യം നിഷേധിക്കാനാവില്ല. വൈദികർക്കുവേണ്ടി നല്കുന്ന സെമിനാരി പരിശീലനംപോലും, ഡിഗ്രികളും സർട്ടിഫിക്കറ്റുകളും നല്കുന്നതിനപ്പുറം, നമ്മുടെ സഭാസമൂഹങ്ങളെ കത്തോലിക്കാവിശ്വാസത്തിനനുസൃതം രൂപപ്പെടുത്താനും നയിക്കാനും പര്യാപ്തമാകുന്നുണ്ടോ എന്ന സംശയവും വർദ്ധിച്ചുവരുന്നു.

ഇപ്രകാരമുള്ള വെല്ലുവിളികൾക്കു മറുപടി നല്കാനുള്ള ശ്രമങ്ങൾ കത്തോലിക്കാസഭയിൽ എന്നും നടന്നിട്ടുണ്ട്. വിശ്വാസസത്യങ്ങളുടെ ആഴങ്ങളിലേക്കിറങ്ങാനും വിശ്വാസത്തിലും

ക്രിസ്തീയ ജീവിതത്തിലും ശക്തിയാർജ്ജിക്കാനും ഇവ സഹായകമായിട്ടുണ്ട്. കത്തോലിക്കാ ദൈവശാസ്ത്രത്തിന്റെ തന്നെ ഒരു ഭാഗമാണ് “അപ്പോളോജെറ്റിക്സ്” (apologotics) എന്നറിയപ്പെടുന്ന, ചോദ്യങ്ങൾക്കുത്തരം നല്കി വിശ്വാസത്തെ വ്യക്തമാക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്യുന്നതിനുള്ള പരിശ്രമങ്ങൾ. ഇതിനു പുറമേ കാലാകാലങ്ങളിൽ മതബോധനത്തിനാവശ്യമായ ഗ്രന്ഥങ്ങളും നിർദ്ദേശങ്ങളും കത്തോലിക്കാസഭ പ്രസിദ്ധീകരിക്കുന്നുണ്ട്.

1997 ൽ പ്രസിദ്ധീകരിച്ച “കത്തോലിക്കാസഭയുടെ മതബോധനംഗ്രന്ഥം (Catechism of the Catholic Church - CCC) തന്നെ ഏറ്റം വ്യക്തമായ ഉദാഹരണം. പ്രാദേശിക സഭകൾ തങ്ങളുടെ ജീവിതസാഹചര്യങ്ങൾക്കനുസൃതം മതബോധനത്തിനാവശ്യകമായ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതിനു പുറമേ രൂപതാതലത്തിൽ മതബോധനത്തിനാവശ്യകമായ പാഠ്യപദ്ധതിയും സംവിധാനങ്ങളും തയ്യാറാക്കുകയും പഠനത്തിനാവശ്യമായവ സംലഭ്യമാക്കുകയും ചെയ്യുന്നു.

വിശ്വാസം നേരിടുന്ന വെല്ലുവിളികൾക്കു മറുപടിയായി അറിവും താൽപര്യവുമുള്ള വ്യക്തികൾ ഗ്രന്ഥങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിക്കുന്നുണ്ട്. റവ. ഡോ. ജോസ് പെണ്ണാപറമ്പിൽ 2020 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച “സത്യത്തിലേക്ക്” എന്ന ഗവേഷണഗ്രന്ഥം, ക്രിസ്തുമതവും ഇസ്ലാംമതവും തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും ശാസ്ത്രീയമായി അപഗ്രഥിച്ച് വ്യക്തമായ ഉത്തരങ്ങൾ നല്കുന്നത്, ഇപ്രകാരമുള്ള ശ്രമങ്ങളുടെ ഏറ്റം പുതിയ ഉദാഹരണമാണ്. ഇങ്ങനെയുള്ള വിവിധങ്ങളായ ശ്രമങ്ങളോടുചേർന്ന്, കത്തോലിക്കാവിശ്വാസത്തിനെതിരെയും വിശ്വാസത്തിൽനിന്നു തന്നെയും ഉയരുന്ന വെല്ലുവിളികൾക്കും പ്രധാനപ്പെട്ട ചോദ്യങ്ങൾക്കും ഉത്തരം നല്കാനുള്ള ഒരു എളിയ ശ്രമമാണ് “കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും” എന്ന പുസ്തകപരമ്പരയിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

ബൈബിളിന്റെയും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളുടെയും വെളിച്ചത്തിലായിരിക്കും ചോദ്യവിഷയങ്ങൾ ചർച്ചചെയ്യുന്നതും ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നതും. സമാനവിഷയങ്ങൾ ഒരുമിച്ച് ഓരോ പുസ്തകങ്ങളായി അവതരിപ്പിക്കുന്നതായിരിക്കും.

പരസ്പരം ബന്ധപ്പെട്ട അഞ്ചു സുപ്രധാന വിഷയങ്ങളാണ് ഈ പുസ്തകത്തിൽ പഠനവിഷയമാക്കുന്നത്. യേശുക്രിസ്തു ചരിത്രപുരുഷനാണ് എന്നതിന് അനിഷേധ്യമായ തെളിവുകൾ നിരത്തിക്കൊണ്ട് ആരംഭിക്കുന്നു. ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ദൈവവവും മുസ്ലീമുകൾ ആരാധിക്കുന്ന അള്ളായും ഒരാൾ തന്നെയോ എന്ന ചോദ്യം രണ്ടാം അധ്യായത്തിൽ വിശകലനം ചെയ്യുന്നു. മൂന്നാം അധ്യായത്തിന്റെ വിഷയം യേശുക്രിസ്തുവിനെക്കുറിച്ചുള്ള ക്രൈസ്തവരുടെയും മുസ്ലീമുകളുടെയും കാഴ്ചപ്പാടുകളാണ്. യേശുക്രിസ്തുവും ഈസാനബിയും ഒരാൾ തന്നെയോ? ബുദ്ധികൊണ്ട് ഗ്രഹിക്കാനും യുക്തിക്കു സ്വീകരിക്കാനും ഏറെ പ്രയാസമുള്ള ഒരു വിഷയമാണ് അടുത്ത അധ്യായത്തിൽ ചർച്ച ചെയ്യുന്നത്, "ത്രിയേകദൈവം". ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനമായ "ത്രിത്വം" എന്ന ഈ വിശ്വാസസത്യത്തിന്റെ വിവിധ വശങ്ങൾ ഇവിടെ പഠനവിഷയമാക്കുന്നു. പലർക്കും കേൾക്കുമ്പോൾത്തന്നെ എതിർപ്പുളവാക്കുന്നതാണ് "ദൈവമാതാവ്" എന്ന വിഷയം അവസാനത്തെ അധ്യായത്തിൽ ഈ വിശ്വാസസത്യം വിശദമായി ചർച്ച ചെയ്യുന്നു.

ചോദ്യങ്ങൾ ഇനിയും ഏറെ അവശേഷിക്കുന്നുണ്ട്. അവയെല്ലാം ദൈവം തിരുമനസ്സാകുന്നുവെങ്കിൽ, ഒന്നൊന്നായി ഈ ഗ്രന്ഥപരമ്പരയിൽ പഠനവിഷയമാക്കണം എന്നാഗ്രഹിക്കുന്നു.

ആരംഭത്തിൽ ഉദ്ധരിച്ച അപ്പസ്തോലപ്രമുഖൻ പത്രോസിന്റെ ഉപദേശവും നിർദ്ദേശവും ഈ സംരഭത്തിനു മാർഗ്ഗദർശകമായി സ്വീകരിക്കുന്നു. അതേസമയം, യേശുവിന്റെ ഒരു വാഗ്ദാനമായിരിക്കും ഈ ഉദ്യമത്തിന്റെ അടിസ്ഥാനം: ***"നിങ്ങൾ എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും"*** (യോഹ 8, 31-32). യഥാർത്ഥ സ്വാതന്ത്ര്യം നല്കുന്ന സത്യത്തിലേക്ക് നമ്മുടെ കണ്ണുകൾ തുറന്നു തരാൻ ദൈവം കനിയട്ടെ. സത്യം ഗ്രഹിക്കാൻ ഈ വിനീതയത്നം സഹായകമാകും എന്ന പ്രതീക്ഷയോടെ, സഹായകമാകണമേ എന്ന പ്രാർത്ഥനയോടെ,

**ഡോ. മൈക്കിൾ കാരിമറ്റം**

# 1

## യേശുക്രിസ്തു ചരിത്രപുരുഷനോ?

### ചോദ്യം

ക്രിസ്ത്യാനികൾ രക്ഷകനും ദൈവവുമായി വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന യേശുക്രിസ്തു എന്ന ഒരു വ്യക്തി ജീവിച്ചിരുന്നു എന്നതു സത്യമോ? അല്ല എന്ന് വാദിക്കുന്നവർ ഏറെയുണ്ട്. അതിനു ധാരാളം കാരണങ്ങളും ഉന്നയിക്കപ്പെടുന്നുണ്ട്.

1. ഇപ്രകാരം ഒരു വ്യക്തി ജീവിച്ചിരുന്നു എന്നതിനു സമകാലികമായ ചരിത്രരേഖകൾ ഒന്നുമില്ല. ക്രിസ്ത്യാനികൾ അവകാശപ്പെടുന്നത്ര പ്രാധാന്യമുള്ള ഒരു വ്യക്തി ആയിരുന്നു യേശു എങ്കിൽ തീർച്ചയായും യഹൂദരുടെയും റോമാക്കാരുടെയും ചരിത്രരേഖകളിൽ അവന്റെ ചരിത്രവും കാണണം. എന്നാൽ ഇല്ല.
2. ക്രിസ്ത്യാനികൾ പറയുന്ന യേശുവിന്റെ കഥ ഏതോ മുത്തശ്ശിക്കഥകൾ പോലെയല്ലേ? അതും ഒരുപക്ഷേ പണ്ടെങ്ങോ പ്രചാരത്തിലിരുന്ന പുരാണകഥകളിൽനിന്ന് എടുത്തതുമാകാം. കന്യാജനനം, വെള്ളത്തിനുമീതെ നടക്കൽ, രോഗികളെ സുഖപ്പെടുത്തൽ മുതലായ നിരവധി ഉദാഹരണങ്ങൾ.
3. യഹൂദമത നേതൃത്വത്തോടു വഴക്കടിച്ച്, തെറ്റിപ്പിരിഞ്ഞ താർസൂസിലെ സാവൂളിനെപ്പോലെയുള്ള ചില മത തീവ്രവാദികളുടെ ഭാവനാസൃഷ്ടിയല്ലേ യേശുക്രിസ്തു?
4. യേശുകഥകൾ വെറും കഥകൾ മാത്രമാണെന്ന സത്യം അംഗീകരിക്കുകയല്ലേ യുക്തിക്കു നിരക്കുന്നത്?

## ഉത്തരം

### 1. ചരിത്രരേഖകളുടെ അഭാവം

യഹൂദരുടെയും റോമാക്കാരുടെയും ഔദ്യോഗിക ചരിത്ര രേഖകളിൽ യേശു പ്രത്യക്ഷപ്പെടുന്നില്ല എന്നതാണ് ആദ്യത്തെ വാദം. വാദത്തിനുവേണ്ടി അത് അംഗീകരിച്ചുകൊണ്ടുതന്നെ തുടങ്ങാം അന്വേഷണം.

a. ആരായിരുന്നു യേശു എന്നതാണ് ആദ്യത്തെ പ്രശ്നം. യഹൂദരുടെ കാഴ്ചപ്പാടിൽ മതദ്രോഹിയും ദൈവദൂഷകനും വ്യാജപ്രവാചകനുമായി യഹൂദരുടെ സമുന്നത കോടതിയായ സാൻഹദ്രിൻ സംഘം വധശിക്ഷ വിധിച്ച ഒരു കൊടുംകുറ്റവാളിയായിരുന്നു സമകാലിക യഹൂദർക്ക് നസ്രായനായ യേശു. അവന്റെ ചരിത്രം തങ്ങളുടെ ഔദ്യോഗിക ചരിത്രത്തിന്റെ ഭാഗമായി അവതരിപ്പിക്കുക ആവശ്യമായി തോന്നിയിട്ടുണ്ടാവില്ല.

b. യേശുവിനെ യഹൂദർ പ്രതീക്ഷിച്ചിരുന്ന രക്ഷകനും രാജാവും അതിലുപരി ദൈവപുത്രനുമായി അംഗീകരിച്ചു വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഒരു സമൂഹം യഹൂദരുടെ ഇടയിൽ, അതും തലസ്ഥാന നഗരിയായ ജറുസലെമിൽത്തന്നെ ആരംഭിച്ചു; രണ്ടു പതിറ്റാണ്ടിനകം അന്നറിയപ്പെട്ടിരുന്ന, യഹൂദർ ജീവിച്ചിരുന്ന ലോകത്തെല്ലായിടത്തും വ്യാപിച്ചു. യഹൂദമതത്തിന്റെ നിലനില്പിനുതന്നെ ഭീഷണിയാകുന്ന ഈ മതവിഭാഗത്തെ എങ്ങനെയും ഉന്മൂലനം ചെയ്യുക അത്യാവശ്യമായി അവർ കരുതി. ഈ സാഹചര്യത്തിൽ ക്രിസ്ത്യാനികൾക്കു സഹായകവും പ്രചോദനാത്മകവുമാകാവുന്ന എന്തെങ്കിലും രേഖകൾ എഴുതി സൂക്ഷിക്കാൻ മടിക്കുക സ്വാഭാവികം.

c. റോമാക്കാരെ സംബന്ധിച്ച്, യേശു ഒരു കലാപകാരി ആയിരുന്നു. യേശു ജീവിച്ചിരുന്നു എന്നു പറയപ്പെടുന്ന കാലത്ത് യേശുവിന്റെ നാടായ പലസ്തീനാ ഒരു റോമൻ കോളനി ആയിരുന്നു. മറ്റു കോളനികളെ അപേക്ഷിച്ച് പലസ്തീനാ ഏറെ കലാപകലുഷിതമായിരുന്നു. റോമിനെതിരേ യുദ്ധത്തിനു തയ്യാറായ അനേകം കലാപകാരികളെ റോമാക്കാർ കുരിശിൽ തറച്ചുകൊന്നു. ഒരിക്കൽ ജറുസലെമിൽ ഉണ്ടായ ഒരു കലാപത്തെ അടിച്ചൊതുക്കുന്നതിന്റെ ഭാഗമായി രണ്ടായിരത്തിൽപരം ആളുകളെ കുരിശിൽ തറച്ചുകൊന്നു. തറയ്ക്കാൻ കുരിശു തികയാതിരുന്നതി

നാൽ ജറുസലെമിന്റെ മതിലിൽ ആണിയടിച്ചാണ് കലാപകാരികളെ വധിച്ചത്. ഈ സാഹചര്യത്തിൽ കലാപകാരിയായി കൊല്ലപ്പെട്ട ഒരു മരപ്പണിക്കാരന്റെ ചരിത്രം റോമാ ചരിത്രത്തിൽ കാണാത്തതിൽ അത്ഭുതത്തിനു വകയില്ല.

**2. ജീവിക്കുന്ന സാക്ഷ്യങ്ങൾ**

a. സമകാലികമായ ചരിത്രരേഖകൾ ഇല്ല എന്ന് വാദത്തിനുവേണ്ടി അംഗീകരിച്ചാൽതന്നെ, ഉത്തരം തേടുന്ന മറ്റൊരു ചോദ്യമുണ്ട്. ക്രിസ്ത്യാനികളുടെ സമൂഹം. ക്രിസ്ത്യാനികൾ അവകാശപ്പെടുന്നതനുസരിച്ച് യേശു മരിച്ച് രണ്ടു പതിറ്റാണ്ടു തികയുംമുമ്പേ റോമാസാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മാത്രമല്ല, ഇങ്ങു കിഴക്കു കേരളംവരെ ക്രിസ്തുവിനു സാക്ഷികളും വിശ്വാസികളും ഉണ്ടായി. എവിടെ നിന്നുവന്നു ഈ വിശ്വാസം? വെറും മുത്തശ്ശിക്കഥകളുടെ പേരിൽ ഇത്രമാത്രം വൈവിധ്യമാർന്ന സംസ്കാരങ്ങളിൽ ജീവിച്ചിരുന്ന വ്യക്തികളും സമൂഹങ്ങളും ഇങ്ങനെ ഒരാളെ രക്ഷകനും ദൈവവുമായി സ്വീകരിക്കുമോ?

b. ആരുടെയെങ്കിലും ഭാവനാസൃഷ്ടിയാണ് യേശുവെങ്കിൽ, അതു സൃഷ്ടിച്ച ആൾ തികഞ്ഞ വിഢിയാണെന്നേ പറയാൻ കഴിയൂ! പിറക്കാൻ ഇടമില്ലാതെ കാലിക്കൂട്ടിൽ പിറന്നവൻ, ആരാരും അറിയാത്ത നസ്രത്തെന്ന കുഗ്രാമത്തിൽ ആശാരിപ്പണി ചെയ്ത് ഉപജീവനം കഴിച്ചവൻ, തല ചായ്ക്കാനിടമില്ലാതെ മൂന്നു വർഷം നാടുചുറ്റി നടന്നവൻ. അവസാനം നിസ്സഹായനും നിരാശനും എന്നുതോന്നുംവിധം കുരിശിൽകിടന്നു നിലവിളിച്ച്, പിടഞ്ഞ്, മരിച്ചവൻ. ദൈവംപോലും തന്നെ കൈവെടിഞ്ഞു എന്ന പ്രതീതി ജനിപ്പിക്കുന്ന കുരിശിലെ നിലവിളി, "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ നീ കൈവെടിഞ്ഞു!" ഇതാണോ ഭാവനാസൃഷ്ടി? ആർക്കുവേണം ഇപ്രകാരം ഒരു നേതാവിനെ? എന്തു നേട്ടമാണ് ഇപ്രകാരം ഒരു വ്യാജനേതാവിന്റെ ചിത്രം വരച്ചുകാട്ടുന്നതിലൂടെ ലഭിക്കുക?

c. മറ്റു മതരാഷ്ട്രീയ നേതാക്കന്മാരെപ്പോലെ യേശു ഒരു യുദ്ധവും ചെയ്തില്ല; ഒരു സാമ്രാജ്യവും സ്ഥാപിച്ചില്ല. അവന്റെ സിംഹാസനം മരക്കുരിശ്; തലയിൽ മുൾക്കിരീടം! ആർക്കാണ് ഇപ്രകാരം ഒരു നേതാവിനെ ഭാവനാസൃഷ്ടിയായി ചിത്രീകരിക്കാൻ മാത്രം മനോവൈകല്യം ഉണ്ടാവുക?

d. അവൻ തിരഞ്ഞെടുത്തത് സമൂഹത്തിലെ ഉന്നത സ്ഥാനീയരെ അല്ല, അനുദിനാധ്വാനംകൊണ്ട് ഉപജീവനം കഴിക്കുന്ന സാധാരണക്കാരെ; അധികപങ്കും മീൻപിടുത്തക്കാർ. ഗുരുവായ യേശുവിനോ അനുയായികൾക്കോ ആധികാരികമായ പഠനങ്ങളോ ഔദ്യോഗികമായ അംഗീകാരമോ ഉണ്ടായിരുന്നില്ല. മാത്രമല്ല, സ്വന്തം നാട്ടുകാർക്കുപോലും അവനെ ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ കഴിഞ്ഞില്ല. ഇപ്രകാരം ഒരു പരാജിതന്റെ ചിത്രമാണോ ജനത്തെ സ്വാധീനിക്കാൻ ശ്രമിക്കുന്നവർ വരയ്ക്കുക?

### 3. മതപീഡനങ്ങൾ

യേശുക്രിസ്തുവിനെ ദൈവവും രക്ഷകനുമായി ഏറ്റുപറയുന്നവരുടെ സംഖ്യ അതിവേഗം വർദ്ധിച്ചു. എന്തെങ്കിലും ഭൗതികനേട്ടം പ്രതീക്ഷിച്ചല്ല അവർ യേശുവിനെ രക്ഷകനായി സ്വീകരിച്ചത്. നേരേ മറിച്ച്, ക്രിസ്തുശിഷ്യനാകുന്നതിലൂടെ എല്ലാം നഷ്ടപ്പെടുന്ന അനുഭവമാണവർക്കുണ്ടായത്. യഹൂദരിൽനിന്നു മാനസാന്തരപ്പെട്ടു ക്രിസ്തുവിശ്വാസം സ്വീകരിച്ചവരെ യഹൂദർതന്നെ പീഡിപ്പിച്ചു, ജയിലിലടച്ചു, വധിച്ചു. ഇപ്രകാരം ഒരു മതപീഡനത്തിന് നേതൃത്വം നല്കിയ വ്യക്തിയായിരുന്നു താർസൂസിൽനിന്നുള്ള യുവമതപണ്ഡിതനും മതതീവ്രവാദിയുമായ സാവൂൾ.

യഹൂദർ തുടങ്ങിയ മതപീഡനം ഇതര ജനതകൾ ആവർത്തിച്ചു. യേശുക്രിസ്തുവിനെ രക്ഷകനും ദൈവവുമായി ഏറ്റുപറയുന്നു എന്നതിന്റെ പേരിൽ അനേകായിരങ്ങൾക്കു ജീവൻ നഷ്ടപ്പെട്ടു. എ.ഡി. 64-ൽ റോമൻ ചക്രവർത്തിയായ നീറോ ഒരു നിയമം പുറപ്പെടുവിച്ചു: ക്രിസ്ത്യാനി ആയിരിക്കുന്നതു കുറ്റകരമാണ്, വധശിക്ഷയർഹിക്കുന്ന കുറ്റം. തുടർന്നുണ്ടായത് സുസംഘടിതവും അതികഠിനവുമായ പീഡനങ്ങളാണ്. എ.ഡി. 313-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തി മതസ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതുവരെ മതപീഡനത്തിലൂടെ ജീവൻ നഷ്ടപ്പെട്ട പതിനായിരങ്ങളുടെ കണക്ക് ആർക്കും അറിയില്ല.

യേശു തന്റെ ഉറ്റ സഹപ്രവർത്തകരായി തിരഞ്ഞെടുത്ത പന്ത്രണ്ടുപേരിൽ യോഹന്നാൻ ഒഴികെ മറ്റെല്ലാവരും അതിദാരുണമാംവിധം കൊല്ലപ്പെട്ടു. യോഹന്നാൻ നിരവധി പീഡനങ്ങൾക്കിരയായി. ഈ മതപീഡനം ഇന്നും തുടരുന്നു. ഇസ്ലാം തീവ്രവാദവും ഹിന്ദുതീവ്രവാദവും നിരീശ്വര തീവ്രവാദവും ഇന്നും

ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നു, കൊന്നൊടുക്കുന്നു; മതേത രത്വത്തിനു മാതൃകയായിരുന്ന നമ്മുടെ മാതൃഭൂമി ഭാരതത്തിൽ പോലും. കാൽവരിയിൽ തുടങ്ങിയ രക്തസാക്ഷിത്വത്തിന്റെ ര ക്തപ്രവാഹം ഇന്നും തുടരുന്നു, ലോകത്തിന്റെ അതിർത്തികൾ വരെ.

വെറും ഒരു കെട്ടുകഥയുടെ പേരിൽ, ഏതോ ചിലരുടെ ഭാവ നയിൽ വിരിഞ്ഞ മുത്തശ്ശികഥകൾ കേട്ട്, കഴിഞ്ഞ രണ്ടായിരം വർഷങ്ങളായി ലക്ഷോപലക്ഷം ജനങ്ങൾ ജീവൻപോലും നഷ്ട പ്പെടുത്താൻ തയ്യാറാകണമെങ്കിൽ ആ കഥയുടെ പിന്നിൽ ചരിത്ര യാഥാർത്ഥ്യങ്ങളുണ്ടാവണം എന്നത് നിഷേധിക്കാനാകുമോ? യാതൊരു ഭൗതികനേട്ടവും പ്രതീക്ഷിക്കാതെ, തങ്ങൾക്കുള്ള തെല്ലാം, ജീവൻപോലും അപകടപ്പെടുത്താൻ ക്രിസ്തുവിലുള്ള വിശ്വാസം കോടാനുകോടി ജനങ്ങളെ പ്രേരിപ്പിക്കുന്നുണ്ടെങ്കിൽ അവരുടെ വിശ്വാസം വെറും അന്ധവിശ്വാസമോ മിഥ്യാസങ്കല്പ ങ്ങളോ അല്ല എന്നു കരുതാനാവില്ലേ? അപ്പോൾ എന്താണ് ആ യാഥാർത്ഥ്യം? ഏതെങ്കിലും ആദർശങ്ങളുടെ പേരിലല്ല, ഒരു വ്യക്തിയുടെ നാമത്തിലാണ് ഈ വിശ്വാസം ഉറപ്പിച്ചിരിക്കുന്നത്; വിശ്വാസജീവിതം പടുത്തുയർത്തുന്നത്.

## 4. ബൈബിളിന്റെ സാക്ഷ്യം

73 പുസ്തകങ്ങൾ അടങ്ങുന്ന ഒരു ഗ്രന്ഥസമാഹാരമാണ് ബൈബിൾ. അതിൽ 46 പുസ്തകങ്ങൾ പഴയനിയമം എന്നും 27 പുസ്തകങ്ങൾ പുതിയ നിയമം എന്നും ക്രിസ്ത്യാനികൾ വിളി ക്കുന്നു. ആദ്യഭാഗം യഹൂദരുടെയും വിശുദ്ധ ഗ്രന്ഥമാണ്. അവർ അതിനെ ഗ്രന്ഥം (സെഫെർ), വിശുദ്ധഗ്രന്ഥം (സെഫെർ ഹാ കോദെശ്) നിയമം (തോറാ), നിയമവും പ്രവാചകന്മാരും ലിഖി തങ്ങളും (തോറാ, നബിയിം, കെതുബിം) എന്നിങ്ങനെ പല പേരുകളിൽ വിളിക്കുന്നു. അവസാനം സൂചിപ്പിച്ച മൂന്നു നാമ ങ്ങൾ സംയോജിപ്പിച്ച് TNK (TaNaK-Torah, Nebim, Ketubim) എന്നു വിളിക്കാറുണ്ട്. രക്ഷാചരിത്രത്തിന്റെ ആദ്യഭാഗമായി ക്രിസ് ത്യാനികൾ ഈ പുസ്തകങ്ങളെ കാണുന്നു.

27 പുസ്തകങ്ങൾ അടങ്ങുന്ന രണ്ടാംഭാഗം നാലായി തിരി ക്കാറുണ്ട്: സുവിശേഷങ്ങൾ (4), അപ്പസ്തോല പ്രവർത്തനങ്ങൾ (1), ലേഖനങ്ങൾ (21), വെളിപാട് ഗ്രന്ഥം (1). എ.ഡി. 50നും 100നും ഇടയിൽ വിരചിതമാണ് വ്യത്യസ്ത ദൈർഘ്യമുള്ള ഈ

ഗ്രന്ഥങ്ങൾ എല്ലാം. ഇവയുടെയെല്ലാം മുഖ്യവിഷയം യേശുക്രിസ്തുവും അവനിലൂടെ ലഭ്യമായ രക്ഷയും അത് ആവശ്യപ്പെടുന്ന ജീവിതക്രമവുമാണ്. ഈ പുസ്തകങ്ങളിൽ പലവിധത്തിലുള്ള രചനാശൈലികൾ ഉപയോഗിച്ചിട്ടുണ്ട്; കഥകൾ, നിയമങ്ങൾ, ഉപദേശങ്ങൾ, കീർത്തനങ്ങൾ, ദർശനങ്ങൾ തുടങ്ങിയവ ഉദാഹരണങ്ങൾ.

പഴയനിയമത്തിൽ അനേകം തവണ, വരാനിരിക്കുന്ന ഒരു രക്ഷകനെ കുറിച്ച് പല പ്രതീകങ്ങളിലൂടെ പ്രതിപാദിക്കുന്നുണ്ട്. രക്ഷകനെ സംബന്ധിച്ച പ്രവചനങ്ങൾ എന്ന് അറിയപ്പെടുന്ന ഈ വാഗ്ദാനങ്ങളെല്ലാം നസ്രത്തിൽനിന്നുള്ള യേശുവിൽ പൂർത്തിയായി എന്ന് പുതിയ നിയമം സാക്ഷ്യപ്പെടുത്തുന്നു.

മുഖ്യമായും വിശ്വാസാധിഷ്ഠിതമായ വിവരണങ്ങളും ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണ് പുതിയ നിയമഗ്രന്ഥങ്ങളുടെ എല്ലാംതന്നെ ഉള്ളടക്കം. പറയുന്ന എല്ലാ കാര്യങ്ങളും ഒരേ ആധികാരികതയോടെ ചരിത്രമെന്നു വിശേഷിപ്പിക്കാനാവില്ല. എന്നാലും യേശു എന്ന ഒരു മനുഷ്യൻ ജീവിച്ചിരുന്നു; അവനെ റോമാക്കാർ കുരിശിൽ തറച്ചുകൊന്നു. അവന്റെ മരണം കഴിഞ്ഞ് അധികം വൈകാതെ അവന്റെ ശിഷ്യർ ലോകത്തെല്ലായിടത്തും പോയി സുവിശേഷം അറിയിച്ചു എന്ന വസ്തുതയെങ്കിലും ഇവയുടെ വെളിച്ചത്തിൽ അംഗീകരിച്ചേ മതിയാവൂ!

## 5. സജീവപാരമ്പര്യം

യേശുവിനെ രക്ഷകനായി ഏറ്റുപറയുന്ന ക്രിസ്ത്യാനികൾ പോയിടത്തെല്ലാം തങ്ങളുടെ അനുഭവങ്ങളും ബോധ്യങ്ങളും അറിവുകളും പങ്കുവച്ചു. അപ്പസ്തോലന്മാർ എന്നറിയപ്പെടുന്ന പന്ത്രണ്ടു ശിഷ്യന്മാരായിരുന്നു യേശുവിന്റെ ആധികാരിക സാക്ഷികൾ. അവർ പങ്കുവച്ചത് ഭാവനയിൽ മെനഞ്ഞെടുത്ത കെട്ടുകഥകളല്ല. തങ്ങൾ തന്നെ കണ്ണുകൊണ്ടു കാണുകയും കാതുകൊണ്ട് കേൾക്കുകയും തൊട്ടറിയുകയും ചെയ്ത യേശുവിനെയാണ്; അവന്റെ ജീവിതം, മരണം, ഉത്ഥാനം, പ്രബോധനങ്ങൾ എന്നിവ അടങ്ങുന്ന സുവിശേഷമാണ്. സ്വന്തം ജീവിതവും വാക്കും വഴി അവർ പ്രഘോഷിച്ച സുവിശേഷം അത്ഭുതകരമായ രോഗശാന്തികളിലൂടെ സ്ഥിരീകരിക്കപ്പെട്ടു. അവരുടെ ജീവിതം തന്നെ സജീവസാക്ഷ്യങ്ങളായി മാറി.

യേശുവിന്റെ അന്ത്യഅത്താഴത്തെ അനുസ്മരിച്ചുകൊണ്ട്

അവർ ഭവനങ്ങളിൽ ഒത്തുചേർന്നു പ്രാർത്ഥിച്ചു; അപ്പം മുറിച്ചു പങ്കുവച്ചു. ഇതു ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രമായി. ഈ സമ്മേളനങ്ങളിൽ അപ്പസ്തോലന്മാരുടെ ദൃക്സാക്ഷി വിവരണങ്ങൾ വിശ്വാസികൾക്ക് യേശുവിനെക്കുറിച്ച് അറിവും ബോധ്യവും നല്കി. എല്ലാ ക്രൈസ്തവ കൂട്ടായ്മകളിലും ഈ പാരമ്പര്യം തുടർന്നു; ഇന്നും തുടരുന്നു. *"എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ"* എന്ന യേശുവിന്റെ ആഹ്വാനം അനുസരിച്ചായിരുന്നു ഈ കൂട്ടായ്മയുടെ സമ്മേളനങ്ങൾ. ഇത് യേശുവിന്റെ മരണം കഴിഞ്ഞ് ഏറെ വൈകാതെ ജറുസലെമിൽത്തന്നെ ആരംഭിച്ചു. ശിഷ്യർ ചെന്നിടത്തെല്ലാം അനുവർത്തിച്ചു.

നിഷേധിക്കാനാവാത്ത ഈ യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണടച്ച്, യേശു ജീവിച്ചിരുന്നതിന് ചരിത്രപരമായ തെളിവുകളില്ല എന്ന് വാദിക്കുന്നതിനെ യുക്തി എന്നതിനേക്കാൾ കുബുദ്ധി എന്നു വിശേഷിപ്പിക്കുന്നതാവും ഉചിതം.

### 6. ചരിത്രരേഖകൾ

ഇനി ആദ്യം ഉന്നയിച്ച എതിർവാദത്തിലേക്കു വരാം. യേശു ക്രിസ്തു എന്നറിയപ്പെടുന്ന ഒരു വ്യക്തി പലസ്തീനായിൽ ജീവിച്ചിരുന്നു എന്നതിനു മതിയായ തെളിവുകളില്ല; സമകാലികമായ ഒരു ചരിത്രരേഖയുമില്ല എന്നതാണ് യുക്തിവാദികൾ എന്നു സ്വയം വിശേഷിപ്പിക്കുന്നവരുടെ ഏറ്റം പ്രധാനമായ വാദം. എന്നാൽ അതു മുഴുവൻ ശരിയല്ല എന്നു താഴെ അവതരിപ്പിക്കുന്ന ചരിത്രരേഖകൾ വ്യക്തമാക്കും.

#### a. ടാസിറ്റസ് – (Tacitus, A.D 56-118)

സുപ്രസിദ്ധ റോമൻ ചരിത്രകാരനാണയാൾ. പ്ലിനി ഇളയവൻ (Pliny the Younger) എന്നറിയപ്പെടുന്ന മറ്റൊരു സുപ്രസിദ്ധ ചരിത്രകാരന്റെ സുഹൃത്തും, ഏഷ്യാ മൈനറിലെ ഗവർണറുമായിരുന്ന ടാസിറ്റസ് എഴുതിയ ചരിത്രഗ്രന്ഥമാണ് റോമിന്റെ നാൾഴികൾ (Annals of Rome). ആ ഗ്രന്ഥത്തിലെ 14-ാം അധ്യായം "റോമിലെ അഗ്നിബാധ"യെക്കുറിച്ചു വിവരിക്കുന്നത് നീറോയുടെ ചരിത്രത്തിന്റെ ഭാഗമായിട്ടാണ്. ആ വിവരണത്തിൽ ശ്രദ്ധേയമായൊരു പരാമർശമുണ്ട്.

*"റോമിലുണ്ടായ അഗ്നിബാധയുടെ കാരണക്കാരൻ നീറോ ആണെന്ന ജനസംസാരത്തിന് തടയിടാൻ മാനുഷികമായ ശ്രമങ്ങളോ, രാജകീയ സമ്മാനങ്ങളോ, ദേവതകൾക്കർപ്പിച്ച സമാധാന*

*യാഗങ്ങളോ ഒന്നും പര്യാപ്തമായില്ല. അതിനാൽ അപകടകാരിയായ ഈ അടക്കംപറച്ചിലിന് അറുതിവരുത്താൻ നീറോ തന്നെ ബലിയാടുകളെ കണ്ടുപിടിച്ചു. അതികഠിനമായ പീഡനങ്ങൾക്ക് അവരെ ഇരയാക്കി - **അധാർമ്മികതയ്ക്കും അന്ധവിശ്വാസങ്ങൾക്കും പേരുകേട്ട, ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന അവരുടെ സ്ഥാപകനെ ടൈബീരിയസിന്റെ ഭരണകാലത്ത്, യൂദയായിലെ ഗവർണറായ പോന്തിയോസ് പീലാത്തോസ് കുരിശിലേറ്റിയതാണ്.** എന്നാലും, താൽക്കാലികമായ ഈ പരാജയത്തിനു ശേഷം, മാരകമായ ഈ അന്ധവിശ്വാസം പൂർവ്വാധികം ശക്തമായി വീണ്ടും പൊട്ടിപ്പുറപ്പെട്ടു; എല്ലാ അകൃത്യങ്ങളുടെയും ഉറവിടമായ യൂദയായിൽ മാത്രമല്ല, ഈ റോമിൽപോലും അവരുടെ സാന്നിധ്യമുണ്ട്. തരംതാഴ്ന്നതും ലജ്ജാകരവുമായ എല്ലാ കുതന്ത്രങ്ങളും തഴച്ചുവളരുന്ന ഇടമാണല്ലോ ഈ തലസ്ഥാനം."*

ടാസിറ്റസിന്റെ വിവരണത്തിൽ സംശയത്തിനു പഴുതില്ല. ക്രിസ്ത്യാനികളോട് അറപ്പും വെറുപ്പും പ്രകടമാക്കുന്ന അയാൾ ആ മുന്നേറ്റത്തിന്റെ നേതാവിനെക്കുറിച്ച് നിർണ്ണായകമായൊരു വിവരമാണു നല്കുന്നത്. കാലം, സ്ഥലം, കാരണം എല്ലാം വ്യക്തമാക്കുന്നു. കലാപകാരിയെന്ന കുറ്റത്തിനു റോമൻ ഭരണാധികാരി തന്നെ വധശിക്ഷ വിധിച്ചു; കുരിശിൽ തറച്ചുകൊന്നു.

### b. സുവെറ്റോണിയസ് (Suetonius AD 70-135)

മറ്റൊരു സുപ്രസിദ്ധ റോമൻ ചരിത്രകാരനാണ് സുവെറ്റോണിയസ്. "12 സീസർമാർ" എന്ന പുസ്തകത്തിന്റെ 5-ാം അധ്യായം ക്ലോഡിയസ് സീസറിന്റെ ജീവതമാണ് വിവരിക്കുന്നത്. അതിനിടയിൽ എ.ഡി. 50ൽ റോമിലുണ്ടായ ഒരു സംഭവത്തെപ്പറ്റി ഇപ്രകാരം പരാമർശിക്കുന്നു. ***"റോമിലുണ്ടായിരുന്ന യഹൂദർ ക്രെസ്തൂസ് എന്നയാളിന്റെ പ്രേരണയാൽ നിരന്തരമായ ശല്യമുണ്ടാക്കിയപ്പോൾ അവരെയെല്ലാം നഗരത്തിൽ നിന്നു പുറത്താക്കി."***

എല്ലാ യഹൂദരും റോമാ വിട്ടുപോകണം എന്ന കല്പന കാരണം റോമിൽനിന്ന് കോറിന്തിൽ എത്തിയ അക്വിലാ-പ്രിസില്ലാ ദമ്പതികളെക്കുറിച്ച് അപ്പ 18, 1-2ൽ പ്രതിപാദിക്കുന്നത് ഈ സംഭവത്തിലേക്കു വിരൽ ചൂണ്ടുന്നു. ക്ലോഡിയസിന്റെ കല്പനമൂലമാണ് അവർ റോമാ വിട്ടുപോകേണ്ടിവന്നത് എന്ന് ലൂക്കാ പ്രത്യേകം എടുത്തു പറയുന്നുണ്ട്. ക്രെസ്തൂസ് (Chrestus) എന്ന്

സുവെറ്റോണിയസ് എഴുതുന്നത് എഴുത്തിൽവന്ന അക്ഷരതെറ്റോ അയാൾ മനസിലാക്കിയതിൽ വന്ന അബദ്ധമോ ആകാം. യഹൂദർക്കിടയിൽ ക്രിസ്തു എന്നൊരാളിന്റെ പേരിൽ തർക്കവും കലഹവും ഉണ്ടായി എന്ന സാക്ഷ്യപ്പെടുത്തലാണ് ഇവിടെ പ്രധാനം.

എഡി 50ൽ, അതായത് യേശുവിന്റെ മരണം കഴിഞ്ഞ ഇരുപതു വർഷം ആയപ്പോഴേക്കും റോമാനഗരത്തിൽത്തന്നെ മുഖ്യധാരാ യഹൂദരുടെ ഇടയിൽ അസ്വസ്ഥതയും കലഹവും സൃഷ്ടിക്കാൻ മാത്രം ശക്തമായൊരു വിഭാഗം ക്രിസ്തുവിന്റെ പേരിൽ ഉണ്ടായി എന്ന അറിവുതന്നെ ശ്രദ്ധേയം. ഇതു വെറും ആശയത്തിന്റെയോ ആദർശത്തിന്റെയോ പേരിലല്ല; ഒരു വ്യക്തിയുടെ പേരിലാണ്. "അപ്പസ്തോലപ്രവർത്തനങ്ങൾ" എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അനേകം സംഭവങ്ങളുടെ വെളിച്ചത്തിൽ ഇതിനെ മനസിലാക്കാൻ പ്രയാസമില്ല.

**c. പ്ലിനി (Pliny the Younger AD 61-120)**

ഏഷ്യാമൈനറിലെ ബിഥീനിയാ എന്ന റോമൻ പ്രവിശ്യയുടെ റോമൻ ഭരണാധികാരി (Pro-Consul AD 112-113) ആയിരുന്നു ചരിത്രകാരനായ പ്ലിനി. അദ്ദേഹം ട്രാജൻ (Trajan) ചക്രവർത്തിക്ക് അയച്ച ഒരു കത്തിൽ (letter 10, 96) തന്റെയടുക്കൽ കുറ്റാരോപിതരായി കൊണ്ടുവരപ്പെടുന്ന ക്രിസ്ത്യാനികളോട് എപ്രകാരമാണ് പെരുമാറുന്നത് എന്നു വിശദീകരിക്കുന്നുണ്ട്. ക്രിസ്ത്യാനികളുടെ ജീവിതചര്യകളും പ്രവർത്തനങ്ങളും വിവരിക്കുന്നതിനിടയിൽ ഇപ്രകാരം കാണുന്നു: ***"ആഴ്ചയിലെ ഒരു നിശ്ചിതദിവസം, സൂര്യോദയത്തിനുമുമ്പ്, അവർ ഒരുമിച്ചുകൂടി ക്രിസ്തുവിന്, ഒരു ദൈവത്തിനെന്നതുപോലെ പ്രാർത്ഥനാഗാനങ്ങൾ ആലപിക്കുന്നു."***

മൂന്നു കാര്യങ്ങൾ ഇവിടെ സവിശേഷശ്രദ്ധയർഹിക്കുന്നു. 1. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും ഏഷ്യാമൈനറിൽ ക്രിസ്ത്യാനികളുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു. അവർ റോമൻ അധികാരികളിൽനിന്ന് മതപീഡനത്തിന് ഇരയായിരുന്നു. 2. അവർ യേശുക്രിസ്തുവിനെ ദൈവമായി ആരാധിച്ചിരുന്നു. 3. ആഴ്ചതോറും അവരുടെ പ്രാർത്ഥനാസമ്മേളനം നടന്നിരുന്നു. അപ്പം മുറിക്കൽ ശുശ്രൂഷയാണ് മുഖ്യമായി ഇത് അർത്ഥമാക്കുന്നത് എന്നനുമാനിക്കാം. കഠിനമായ പീഡനങ്ങൾക്കു വിധേയരായിട്ടും യേശു ക്രിസ്തുവിലുള്ള വിശ്വാസം നിഷേധി

ക്കാൻ അവർ തയ്യാറായില്ല. വെറും ഒരു കെട്ടുകഥയുടെ പേരിൽ ഈ മനുഷ്യർ ജീവൻ നഷ്ടപ്പെടുത്താൻ തയാറായി എന്നുപറയാനാകുമോ?

**d. സമോസാട്ടായിലെ ലൂസിയൻ (Lucian of Samosata AD 115-200)**

യൂഫ്രട്ടീസ് നദീതീരത്തുള്ള ഒരു നഗരമായിരുന്ന സമോസാട്ടായിൽ ജനിച്ച്, റോമാസാമ്രാജ്യത്തിലുടനീളം പ്രസംഗിച്ചും പഠിപ്പിച്ചും നടന്ന സുപ്രസിദ്ധ ഹാസ്യകലാകാരനും വാഗ്മിയുമായിരുന്നു ലൂസിയൻ. അയാളുടെ ശ്രദ്ധേയമായൊരു രചനയാണ് "പെരഗ്രീനസിന്റെ പ്രയാണം" (The Passing of Peregrinus). ക്രിസ്ത്യാനികളെ അവഹേളിക്കുക, അപഹാസ്യരായി ചിത്രീകരിക്കുക എന്ന ഏക ലക്ഷ്യത്തോടെ രചിച്ച ഈ കൃതി പെരഗ്രീനസ് എന്നയാളുടെ ചരിത്രം വിവരിക്കുന്നു (തീർത്ഥാടകൻ എന്നാണ് പേരിന്റെ അർത്ഥം). പെരഗ്രീനസ് ആദ്യം ക്രിസ്ത്യാനി ആയിരുന്നു; പിന്നീട് മതം ഉപേക്ഷിച്ച് ക്രിസ്തുമതവിരോധിയായി. അയാളുടെ കഥ അവതരിപ്പിക്കുന്നതിനിടയിൽ ശ്രദ്ധാർഹമായ ഒരു വിവരണമുണ്ട്. "*പെരഗ്രിനസിനെക്കുറിച്ച് ക്രിസ്ത്യാനികൾക്കു വലിയ ബഹുമാനവും ആദരവുമായിരുന്നു. ഒരു ദൈവത്തെപ്പോലെയാണ് ക്രിസ്ത്യാനികൾ അയാളെ കരുതിയരുന്നത്.* ***അവർ ഇപ്പോഴും ആരാധിക്കുന്ന, പലസ്തീനായിൽ വച്ചു കുരിശിൽ തറച്ചു കൊല്ലപ്പെട്ട ആ മനുഷ്യൻ മാത്രമാണ് അവരുടെ ചിന്തയിൽ പെരഗ്രിനസിനെക്കാൾ വലിയവൻ. ഒരു പുതിയ മതവും ആരാധനയും അവതരിപ്പിച്ചതിന്റെ പേരിലാണ് അയാൾ പലസ്തീനായിൽ വച്ചു കൊല്ലപ്പെട്ടത്.*** *ക്രിസ്ത്യാനികൾ മതസ്ഥാപകനായ ആ ജ്ഞാനിയെ ഇപ്പോഴും ആരാധിക്കുകയും അവന്റെ നിയമങ്ങൾ അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നു."*

വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ഒന്നും നല്കുന്നില്ലെങ്കിലും പലസ്തീനായിൽവച്ച്, കുരിശിൽ തറച്ചുകൊല്ലപ്പെട്ട ഒരു വ്യക്തിയെ ആണ് ക്രിസ്ത്യാനികൾ അനുഗമിക്കുന്നതും ആരാധിക്കുന്നതും എന്ന് ഈ ഹാസ്യകലാകാരനും അംഗീകരിക്കുന്നു എന്നതിന്റെ ചരിത്രപ്രാധാന്യം കാണാതെ പോകരുത്.

**e. ഫ്ളാവിയൂസ് ജൊസേഫൂസ് (Flavius Josephus A.D. 37-100)**

വിശ്വവിഖ്യാതനായ ചരിത്രകാരനാണ് ഫ്ളാവിയൂസ്

ജൊസേഫൂസ്. യഹൂദർ റോമാക്കാർക്കെതിരേ നടത്തിയ യുദ്ധ ത്തിൽ ജൊസേഫൂസ് ഒരു സൈന്യാധിപനായിരുന്നു. യഹൂദർ തോല്ക്കും എന്നു നിശ്ചയമായപ്പോൾ അയാൾ കാലുമാറി; റോമിന്റെ പക്ഷം ചേർന്നു. യഹൂദർക്കെതിരേ യുദ്ധം നയിച്ച വെസ്പാസിയാൻ റോമൻ ചക്രവർത്തിയായി പ്രഖ്യാപിക്കപ്പെട്ട പ്പോൾ ജറുസലെമിനെതിരേയുള്ള ഉപരോധം തുടരാൻ മകൻ ടൈറ്റസിനെ ഏല്പിച്ചിട്ട് റോമിനുപോയി. വെസ്പാസിയന്റെ കുടുംബനാമമായിരുന്നു ഫ്ളവിയൂസ്. റോമിലെത്തിയെ ജൊസേ ഫൂസിന് വെസ്പാസിയാൻ റോമൻ പൗരത്വം നല്കി. ഫ്ളാവി യൻ കുടുംബത്തിന്റെ സംരക്ഷണം ലഭിച്ചതിലുള്ള സന്തോഷവും നന്ദിയും ആദരവും പ്രകടമാക്കാൻ "ഫ്ളവിയൂസ്" എന്ന പേരു സ്വീകരിച്ചു. യോസെഫ് ബെൻ മത്താത്തിയാഹൂ എന്നായിരുന്നു ആദ്യത്തെ പേര്.

റോമിനോടു കൂറു പ്രഖ്യാപിച്ചെങ്കിലും തന്റെ ജനമായ യഹൂദരെ തിരസ്കരിച്ചില്ലെന്നു മാത്രമല്ല, യഹൂദജനതയോട് റോമിന് ആദരവുണ്ടാകാൻ തക്കവിധത്തിൽ ജൊസേഫൂസ് രണ്ടു വലിയ ചരിത്രഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. ആദ്യത്തേത് "യഹൂദയുദ്ധം" (Jewish War-AD 74) എന്നപേരിൽ അറിയപ്പെ ടുന്നു. റോമിനെതിരേ യഹൂദർ നയിച്ച ആദ്യത്തെ യുദ്ധത്തിന്റെ (AD 66-73) വിശദമായൊരു വിവരണമാണിത്. തുടർന്ന് യഹൂദ മാഹാത്മ്യം ലോകസമക്ഷം അവതരിപ്പിക്കാൻ ശ്രമിക്കുന്ന "യഹൂ ദപൗരാണികത്വം" (Jewish Antiquities - AD 94) എന്ന പുസ്തകം പ്രപഞ്ചസൃഷ്ടി മുതൽ യഹൂദയുദ്ധം ആരംഭിക്കുന്ന പശ്ചാത്തലം വരെയുള്ള ചരിത്രം അവതരിപ്പിക്കുന്നു. യഹൂദരുടെ കാഴ്ചപ്പാ ടാണ് അവതരിപ്പിക്കുന്നതെങ്കിലും ഈ രണ്ടു ഗ്രന്ഥങ്ങളിലും വിവരിക്കുന്ന സംഭവങ്ങളുടെ ചരിത്രപരത പൊതുവേ അംഗീക രിക്കപ്പെട്ടിട്ടുണ്ട്.

യഹൂദപൗരാണികത്വം എന്ന ചരിത്രഗ്രന്ഥത്തിൽ രണ്ടുത വണ യേശുക്രിസ്തു പരാമർശവിഷയമാകുന്നുണ്ട്. ഒരുതവണ ചെറുതായൊരു സൂചനമാത്രം; മറ്റൊരിക്കൽ സാമാന്യം വിശ ദമായൊരു പ്രതിപാദനവും.

JA (Jewish Antiquities) 20.9.1 (പുസ്തകം 20, അധ്യായം 9, വാക്യം 1): യഹൂദരുടെ പ്രധാന പുരോഹിതനായ അനാനൂസിന്റെ കല്പനപ്രകാരം യാക്കോബിനെ വധിച്ചതിന്റെ ചരിത്രം വിവരി

ക്കുമ്പോഴാണ് യേശു പരാമർശവിഷയമാകുന്നത്: *"ഫെസ്തുസ് മരിച്ചു; അൽബാനൂസ് ജറുസലെമിലേക്കുള്ള യാത്രയിലായിരുന്നു. അതിനാൽ (അനാനൂസ്) ന്യായാധിപന്മാരുടെ സാൻഹദ്രിൻ സംഘം വിളിച്ചുകൂട്ടി.* ***ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശുവിന്റെ സഹോദരനായ*** *യാക്കോബിനെയും മറ്റുചിലരെയും ന്യായാധിപസംഘത്തിനുമുമ്പിൽ കൊണ്ടുവന്നു. അവർക്കെതിരേ നിയമലംഘനക്കുറ്റം ആരോപിച്ച്, കല്ലെറിഞ്ഞുകൊല്ലാൻ വിട്ടുകൊടുത്തു".*

"ക്രിസ്തു എന്നറിയപ്പെടുന്ന യേശുവിന്റെ സഹോദരൻ" എന്ന വിശേഷണം സംശയത്തിനു പഴുതടച്ച് എടുത്തു കാട്ടുന്ന ഒരു കാര്യമുണ്ട്. യഹൂദർക്കെല്ലാം സുപരിചിതനായ ഒരു വ്യക്തിയായിരുന്നു ക്രിസ്തു എന്നറിയപ്പെട്ടിരുന്ന യേശു. അതൊരു കെട്ടുകഥയിലെ കഥാനായകനായിരുന്നു എന്നുപറയാൻ സാമാന്യ യുക്തി സമ്മതിക്കില്ല. ഇതിനേക്കാൾ വിശദവും ദീർഘവുമാണ് മറ്റൊരു വിവരണം.

JA 18,3,3. *"ഏതാണ്ട് ഇക്കാലത്ത് യേശു എന്നറിയപ്പെടുന്ന വലിയ ജ്ഞാനിയായ ഒരു മനുഷ്യൻ (അവനെ മനുഷ്യൻ എന്നു വിളിക്കുന്നതുതന്നെ ന്യായമാണെങ്കിൽ) ജീവിച്ചിരുന്നു. അയാൾ അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. സത്യം സന്തോഷപൂർവ്വം സ്വീകരിക്കാൻ സന്നദ്ധതയുള്ളവർക്കെല്ലാം അവൻ ഒരു ഗുരുവായിരുന്നു. അവൻ അനേകം യഹൂദരെയും വിജാതീയരെയും തന്നിലേക്കാകർഷിച്ചു. (അവനായിരുന്നു ക്രിസ്തു). ഞങ്ങളുടെ ഇടയിലെ പ്രമുഖ വ്യക്തികളുടെ നിർദേശമനുസരിച്ച് പീലാത്തോസ് അവനെ കുരിശുമരണത്തിനു വിധിച്ചു. എന്നാലും അവനെ ആദ്യം അനുഗമിച്ചവർ അവനെ തിരസ്കരിച്ചില്ല (കാരണം മരിച്ച് മൂന്നാംദിവസം അവൻ അവർക്കു ജീവനുള്ളവനായി പ്രത്യക്ഷപ്പെട്ടു. പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചിരുന്നതനുസരിച്ചാണിതു സംഭവിച്ചത്. അവനെ സംബന്ധിച്ച് ആയിരക്കണക്കിനു കാര്യങ്ങൾ പ്രവാചകന്മാർ പ്രവചിച്ചിരുന്നു). ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന വർഗ്ഗം, അങ്ങനെയാണവന്റെ ശിഷ്യന്മാർ അറിയപ്പെടുന്നത്, ഇന്നും അറ്റുപോയിട്ടില്ല."*

( ) അടയാളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് പില്ക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതായി കരുതുന്നവരുണ്ട്. അതെല്ലാം ഒഴിവാക്കിയാലും ഒരു കാര്യം കൂടുതൽ വ്യക്തമാകുന്നു. യേശു

ക്രിസ്തു എന്നപേരിൽ അറിയപ്പെടുന്ന ഒരു മനുഷ്യൻ പലസ്തീനായിൽ ജീവിച്ചിരുന്നു. യഹൂദനേതാക്കൾ അവനെ റോമാക്കാർക്ക് ഏല്പിച്ചുകൊടുത്തു. റോമൻ ഗവർണ്ണറായ പീലാത്തോസ് അവനെ കുരിശുമരണത്തിനു വിധിച്ചു. ഗുരു മരിച്ചെങ്കിലും ശിഷ്യർ ക്രിസ്ത്യാനികൾ എന്നപേരിൽ അറിയപ്പെടുന്നു, അവർ ഇന്നും അവനിൽ വിശ്വസിക്കുന്നു, ആരാധിക്കുന്നു.

**f. ക്രൂശിതനായ കഴുത**

നീറോയുടെ മതപീഡനകാലത്ത് റോമൻ ഫോറത്തിന്റെ മതിലിൽ ശ്രദ്ധേയമായൊരു ഹാസ്യചിത്രം പ്രത്യക്ഷപ്പെട്ടു. കുരിശിൽ തറയ്ക്കപ്പെട്ട മനുഷ്യന്റെ ഉടലും കഴുതയുടെ തലയുമുള്ള ഒരു ചിത്രം. അതിനിടയിൽ ഒരു കുറിപ്പ്: ***"അനക്സാമെനോസ് തന്റെ ദൈവത്തെ ആരാധിക്കുന്നു"*** (Anexamenos adorat deum suum). ക്രിസ്ത്യാനികളെ പരിഹസിക്കുകയും അവഹേളിക്കുകയുമായിരുന്നു ചിത്രത്തിന്റെ ലക്ഷ്യം എന്നതിൽ സംശയമില്ല. എന്നാൽ ആ കൂട്ടത്തിൽ ഒന്നുകൂടെയുണ്ട്. ക്രിസ്ത്യാനികൾ ഒരു ക്രൂശിതനെ ആരാധിക്കുന്നു എന്നതിനു സാക്ഷ്യം. കഴുതത്തല, വരച്ചയാളിന്റെ ഉള്ളിലിരുപ്പ് വ്യക്തമാക്കുന്നു എന്നതിൽ കവിഞ്ഞ് വേറൊന്നും  വിളിച്ചറിയിക്കുന്നില്ല.

**g. കാലഗണന**

ഇന്നു നാം ആഗോള വ്യാപകമായി ഉപയോഗിക്കുന്ന കാലഗണനയും പരാമർശവിഷയമാകണം. AD-BC എന്നാണ് അടുത്തനാൾവരെ കാലത്തെ നാം സൂചിപ്പിച്ചിരുന്നത്. AD = Anno Domini = കർത്താവിന്റെ വർഷം; BC = Before Christ = ക്രിസ്തുവിനുമുമ്പ്. ഇതിലൂടെ അറിഞ്ഞോ അറിയാതെയോ എല്ലാവരും യേശുക്രിസ്തു ഒരു ചരിത്രപുരുഷനാണെന്ന് അംഗീകരിക്കുന്നു.

ഡയനീഷ്യസ് എക്സിഗുഊസ് (Dionysius Exiguus AD 470 - 544) എന്ന ഒരു ഷീത്യൻ സന്യാസിയാണ് ഈ കണക്കുകൂട്ടൽ ആരംഭിച്ചത്. മുഖ്യമായും രണ്ടു ലക്ഷ്യമുണ്ടായിരുന്നു അതിന്. 1. ലത്തീൻ-ഗ്രീക്കുസഭകൾ തമ്മിൽ ഈസ്റ്റർ ആഘോഷത്തിന്റെ കാര്യത്തിൽ ഐക്യം ഉണ്ടാക്കുക. 2. അതുവരെ സ്വീകരിച്ചിരുന്ന ഡയോക്ലിഷ്യൻ കലണ്ടർ ഉപേക്ഷിച്ച്, പകരം ജൂലിയൻ (ഗ്രിഗോറിയൻ) കലണ്ടർ സ്വീകരിക്കുക. മതപീഡകനായ ഡയോക്ലിഷ്യന്റെ പേര് കാലഗണനയിൽ നിന്നു മാറ്റുക എന്നത് ഒരു പ്രധാന ലക്ഷ്യമായിരുന്നു.

അതിനുവേണ്ടി യേശുക്രിസ്തുവിന്റെ ജനനവർഷത്തെ 0 വർഷമായി കണക്കാക്കി മുന്നോട്ട് കർത്താവിന്റെ വർഷം (A.D) എന്നും പിന്നോട്ട് ക്രിസ്തുവിനുമുമ്പ് (B.C) എന്നും കണക്കാക്കി. മുന്നോട്ടും പുറകോട്ടുമായതിനാൽ രണ്ടറ്റവും അവസാനമില്ലാതെ നീളാം. അതേസമയം, ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി യേശുവിന്റെ ജനനത്തെ അവതരിപ്പിക്കുകയും ചെയ്യാം.

ഒരു ചെറിയ പ്രശ്നം മാത്രമാണ് ഈ കണക്കുകൂട്ടലിൽ സംഭവിച്ചത്. അത് യേശുവിന്റെ ജനനവർഷം നിശ്ചയിക്കുന്ന കാര്യത്തിലായിരുന്നു. ലൂക്കായുടെ സുവിശേഷത്തിലെ രണ്ടു വാക്യങ്ങളാണു ഡയനിഷ്യസ് തന്റെ കണക്കിന് ആധാരമായി സ്വീകരിച്ചത്. ലൂക്കാ 3,1 *തിബേരിയൂസ് സീസറിന്റെ പതിനഞ്ചാം ഭരണവർഷം സ്നാപകയോഹന്നാൻ തന്റെ പ്രവർത്തനം ആരംഭിച്ചു* എന്നു വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്നു ലൂക്കാ 3,23ൽ *പരസ്യജീവിതം ആരംഭിക്കുമ്പോൾ യേശുവിന് ഏകദേശം മുപ്പതുവയസ് പ്രായമായിരുന്നു* എന്നും രേഖപ്പെടുത്തിയിരിക്കുന്നു. യോഹന്നാൻ പ്രവർത്തനം തുടങ്ങിയവർഷം തന്നെയാണ് യേശു സ്നാനം സ്വീകരിച്ചത് എന്ന വിശ്വാസത്തിൽ 0 വർഷം കണ്ടെത്തൽ എളുപ്പമായി. തിബേരിയൂസ് ഭരണം തുടങ്ങുന്നതിനു 15 വർഷം മുമ്പ് യേശുവിന്റെ ജനനവർഷമായ 0 വർഷമായി കരുതി കണക്കു തയ്യാറാക്കി.

എന്നാൽ ശ്രദ്ധിക്കപ്പെടാതെ പോയ രണ്ടു കാര്യങ്ങളുണ്ടായിരുന്നു. തിബേരിയൂസ് ഭരണം തുടങ്ങുന്നതിന് 19 വർഷം മുമ്പ് ഹേറോദേസ് രാജാവു മരിച്ചു. ശിശുവായ യേശുവിനെ വധിക്കാൻ കല്പിച്ച ഹേറോദേസിന്റെ മരണത്തിനു മുമ്പായിരിക്കണമല്ലോ യേശുവിന്റെ ജനനം. തന്നെയുമല്ല, രണ്ടു വയസും അതിൽ താഴെയും പ്രായമുള്ള കുഞ്ഞുങ്ങളെ എല്ലാം കൊല്ലാനാണ് രാജാവു കല്പിച്ചത് (മത്താ 2,16). അതിനാൽ 0 വർഷത്തിൽ യേശുവിന് 4-6 വയസ് പ്രായമുണ്ടായിരിക്കാം. തെറ്റുപറ്റിയത് ഡയനീഷ്യസിനാണ്. സുവിശേഷത്തിലെ വിവരണം തെറ്റിദ്ധരിച്ചതാണ് രണ്ടാമത്തെ പ്രശ്നം. പരസ്യജീവിതം ആരംഭിക്കുമ്പോൾ യേശുവിന് ഏകദേശം മുപ്പതുവയസായിരുന്നു എന്ന പ്രസ്താവനയിലെ ***ഏകദേശം*** കണക്കിലെടുത്തില്ല. സ്വന്തമായ രീതിയിൽ ഒരു പ്രവർത്തനം തുടങ്ങാൻ തക്ക പക്വതയാർന്ന പ്രായമാണ് ബൈബിളിന്റെ കാഴ്ചപ്പാടിൽ മുപ്പതുവയസ് (2 സാമൂ

5, 34). അതു കണിശമായൊരു കണക്കായി കരുതേണ്ടതില്ല എന്നു മനസിലാക്കിയില്ല.

കണക്കിന്റെ കാര്യം എന്തായാലും എല്ലാവരും അറിഞ്ഞോ അറിയാതെയോ അംഗീകരിക്കുന്ന ഒരു വസ്തുതയാണ് യേശുവിന്റെ ജനനം. അടുത്ത കാലത്ത് ചിലർക്ക് ഈ ധാരണ അത്ര രുചിക്കാത്തതുപോലെ തോന്നിയതിനാൽ AD-BC യ്ക്കുപകരം CE (Common Era), BCE (Before Common Era) എന്നാക്കാൻ ശ്രമിക്കുന്നു. എന്താണ് ഈ പൊതുവായ ഘടകം എന്നതിൽ നിശ്ശബ്ദത പാലിക്കുകയും ചെയ്യുന്നു. കണ്ണടച്ചാൽ അടയ്ക്കുന്നവർക്കു മാത്രമല്ലേ ഇരുട്ടാകൂ!

## ചുരുക്കത്തിൽ

ക്രിസ്ത്യാനികൾ ദൈവപുത്രനും രക്ഷകനുമായി വിശ്വസിച്ച് അനുഗമിക്കുകയും ആരാധിക്കുകയും ചെയ്യുന്ന യേശുക്രിസ്തു എന്ന ഒരു വ്യക്തി ജീവിച്ചിരുന്നില്ല; ജീവിച്ചിരുന്നു എന്നതിന് വിശ്വസനീയമായ യാതൊരു തെളിവുമില്ല; ഇത് ഏതാനും മതഭ്രാന്തന്മാരുടെ കണ്ടുപിടുത്തമാണ് എന്ന ആരോപണത്തിന്റെ വിവിധ വശങ്ങൾ അവലോകനം ചെയ്തു. യേശുക്രിസ്തു ഈ ഭൂമിയിൽ, ഒരു നിശ്ചിതസ്ഥലത്ത്, വ്യക്തമായൊരു കാലയളവിൽ ജീവിച്ചു, മരിച്ചു എന്നതിന് വ്യക്തമായ തെളിവുകൾ ക്രൈസ്തവർക്കുണ്ട്. മുൻവിധി കൂടാതെ അവയെ പരിശോധിക്കുന്ന ഏവർക്കും അതു ബോധ്യമാകും.

ചരിത്രരേഖകൾ ഒന്നുമില്ല എന്നു പറയുന്നവർ ഒന്നുകിൽ യാഥാർത്ഥ്യത്തിനുനേരെ മനഃപൂർവ്വം കണ്ണടയ്ക്കുന്നു; അല്ലെങ്കിൽ ചരിത്രരേഖകളെക്കുറിച്ച് വേണ്ടത്ര ഗൃഹപാഠം നടത്തിയിട്ടില്ല. ടാസിറ്റസ്, സുവെറ്റോണിയസ്, പ്ലിനി എന്നീ റോമൻ ചരിത്രകാരന്മാർ, സമോസാട്ടായിലെ ലൂസിയൻ എന്ന ഹാസ്യകലാകാരൻ, സുപ്രസിദ്ധ യഹൂദചരിത്രകാരനായ ഫ്ളാവിയൂസ് ജൊസേഫൂസ് എന്നിവരുടെ രചനകളിൽ കാണുന്ന പരാമർശങ്ങൾ യേശുക്രിസ്തുവിനെ ഒരു ചരിത്രപുരുഷനായി കാണുന്നതിനു മതിയായ തെളിവുകൾ നാം കണ്ടു.

ഈ രേഖകളിൽനിന്ന് സംശയത്തിനു പഴുതില്ലാതെ വ്യക്തമാകുന്ന ഒരു സത്യമുണ്ട്. ക്രിസ്ത്യാനികൾ ദൈവമായി ആരാധിക്കുന്ന യേശു എന്നുപേരായ മനുഷ്യൻ റോമൻ പ്രവിശ്യയായ സിറിയായുടെ ഭാഗമായിരുന്ന പലസ്തീനായിൽ ജീവിച്ചിരുന്നു.

എ.ഡി. 26-36 പലസ്തീനായിലെ റോമൻ പ്രൊക്യുറേറ്റർ ആയിരുന്ന പോന്തിയോസ് പീലാത്തോസ്, അയാളെ കലാപകാരിയായി കണ്ട് കുരിശിൽ തറച്ചുകൊന്നു. ഇത്രയും കാര്യങ്ങൾ അനിഷേധ്യമാംവിധം സെക്കുലർ ചരിത്രരേഖകളിൽനിന്നു തെളിയുന്നു. യേശു യഥാർത്ഥത്തിൽ ആരായിരുന്നു, എന്തൊക്കെ ചെയ്തു, പഠിപ്പിച്ചു എന്നതൊന്നും ഇപ്രകാരമുള്ള രേഖകളിൽ അന്വേഷിച്ചിട്ടു കാര്യമില്ല. അതറിയണമെങ്കിൽ യേശുവിനെ കണ്ടും കേട്ടും അടുത്തറിഞ്ഞവരോടു ചോദിക്കണം.

ചരിത്രരേഖകൾക്കുപുറമേ, നിഷേധിക്കാനാവാത്ത മറ്റുചില കാര്യങ്ങൾകൂടി ശ്രദ്ധിക്കണം. യേശു മരിച്ച് ഇരുപതു വർഷം കഴിയുമ്പോഴേക്കും ക്രിസ്തു വിശ്വാസം ലോകാതിർത്തികൾവരെ എത്തിക്കഴിഞ്ഞിരുന്നു. യേശുവിന്റെ നാമത്തിൽ സഹിക്കാനും മരിക്കാനും സന്നദ്ധരായ ആയിരങ്ങൾ അനുയായികളായി ഉണ്ടായിരുന്നു. കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിലൂടെ അനേകം രാജാക്കന്മാരും സാമ്രാജ്യങ്ങളും മതതീവ്രവാദികളും നിരീശ്വരഭീകരന്മാരും നിരന്തരം ശ്രമിച്ചിട്ടും ഉന്മൂലനം ചെയ്യാൻ കഴിയാതെ യേശുക്രിസ്തുവിലുള്ള വിശ്വാസം വളരുന്നു. ലോകജനതയുടെ മൂന്നിൽ ഒരു ഭാഗത്തിലധികം പേർ അവന്റെ അനുയായികളായി, ക്രിസ്ത്യാനികൾ എന്നപേരിൽ അറിയപ്പെടുന്നു.

ക്രിസ്തീയ വിശ്വാസം ഏറ്റുപറയുകയും ജീവിക്കുകയും ചെയ്യുന്നതിൽനിന്ന് എന്തെങ്കിലും ഭൗതികനേട്ടം പ്രതീക്ഷിച്ചല്ല ഇവർ ക്രിസ്ത്യാനികളായി ജീവിക്കുന്നത്. നേട്ടമല്ല, പലപ്പോഴും വലിയ പീഡനങ്ങളും ക്രൂരമായ മരണവുമാണ് തങ്ങളെ കാത്തിരിക്കുന്നത് എന്നറിഞ്ഞുകൊണ്ടുതന്നെ വിശ്വാസം ഏറ്റുപറഞ്ഞു ജീവിക്കുന്നത് ആരെങ്കിലും പറഞ്ഞുണ്ടാക്കിയ മുത്തശ്ശിക്കഥകളുടെ പേരിലാണ് എന്നു ചിന്തിക്കുന്നെങ്കിൽ അതിനെ വിവരക്കേടെന്നോ കുബുദ്ധിയെന്നോ വിശേഷിപ്പിക്കേണ്ടിവരും.

## ഉപസംഹാരം

ഇതൊരു തുടക്കം മാത്രമാണ്. ചോദ്യം ചെയ്യപ്പെടുന്ന ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങളും ആഴവും അർത്ഥവും തേടിയുള്ള ഒരു പ്രയാണമാണ് ഈ പരമ്പരയിലൂടെ ലക്ഷ്യംവയ്ക്കുന്നത്. സാധാരണമായി ക്രിസ്ത്യാനികൾക്കെതിരേ, വിശ്വാസകാര്യത്തിൽ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക, കണ്ടെത്താൻ വിശ്വാസികളെ സഹാ

യിക്കുക എന്നതാണ് മുഖ്യലക്ഷ്യം. യേശുക്രിസ്തു ഒരു ചരിത്ര പുരുഷനായിരുന്നു എന്ന്, മതിയായ തെളിവുകൾ നിരത്തി സ്ഥാപിക്കാനാണ് ഈ അധ്യായത്തിൽ ശ്രമിച്ചത്. അടുത്ത അധ്യായത്തിൽ ക്രിസ്ത്യാനികളുടെ ദൈവവിശ്വാസം ചോദ്യവിഷയമാക്കുന്നു. ക്രിസ്ത്യാനികളും മുസ്ലീമുകളും ഒരേ ദൈവത്തെ ആണോ ആരാധിക്കുന്നത്? ദൈവം = അള്ള?

# 2

## ദൈവം = അള്ളാ?

### ചോദ്യം

ക്രിസ്ത്യാനികളും മുസ്ലീമുകളും ഒരേ ദൈവത്തെത്തന്നെയാണോ ആരാധിക്കുന്നത്? ഇരുകൂട്ടരും ആരാധിക്കുന്നത് ഒരേ ദൈവത്തെത്തന്നെയാണെന്ന് കരുതുകയും വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന അനേകരുണ്ട്, ഇരു മതങ്ങളിലും. ഒരേ ദൈവത്തിലാണ് വിശ്വസിക്കുന്നതെങ്കിൽ നാം തമ്മിൽ കാര്യമായ വ്യത്യാസമൊന്നുമില്ലല്ലോ, ചില പേരുകളും ആചാരങ്ങളും ഒഴികെ? അതിനാൽ പരസ്പരം വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിൽ എന്താണു തെറ്റ്? ക്രിസ്ത്യൻ യുവതികൾ മുസ്ലീം യുവാക്കളുടെ ഭാര്യമാരാകുന്നതിൽ അപാകതയൊന്നും ഇല്ലല്ലോ?

ഇന്ന് അനേകംപേർ ചോദിക്കുന്ന ചോദ്യങ്ങളാണിത്. ഈ വാദഗതി അംഗീകരിച്ച് മുസ്ലീം യുവാക്കളുമായി വിവാഹം ചെയ്യാൻ അനേകം ക്രിസ്ത്യൻ യുവതികൾ സ്വമനസ്സാ, ആരുടെയും നിർബ്ബന്ധം കൂടാതെ തയ്യാറാകുന്നു എന്ന ഒരു ആശങ്കയും ആരോപണവും അനേകം മാതാപിതാക്കളിൽനിന്നും സുഹൃത്തുക്കളിൽനിന്നും ഉയരുന്നുണ്ട്.

ഈ വാദഗതി ശരിയാണോ? ക്രിസ്ത്യാനികളും മുസ്ലീമുകളും ഒരേ ദൈവത്തെത്തന്നെയാണോ ആരാധിക്കുന്നത്? ദൈവവും അള്ളായും ഒരാൾ തന്നെയോ?

### ഉത്തരം

ദൈവത്തെക്കുറിച്ച് ഇരുമതങ്ങളും വച്ചുപുലർത്തുന്നതും പഠിപ്പിക്കുന്നതുമായ കാഴ്ചപ്പാടുകളിൽ ഏറെ സാമ്യങ്ങളുണ്ട്; അതേ സമയം ആഴമേറിയ വ്യത്യാസങ്ങളുമുണ്ട്. ഉപരിപ്ലവമായ വീക്ഷ

ണത്തിൽ രണ്ടു മതങ്ങളും വിശ്വസിക്കുന്നതും ആരാധിക്കുന്നതും ഒരേ ദൈവത്തെത്തന്നെ ആണെന്ന് തോന്നാം. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ സാമ്യങ്ങളേക്കാൾ ഏറെ വ്യത്യാസങ്ങൾ ദൃശ്യമാകും, ഒരുവിധത്തിലും പൊരുത്തപ്പെടാനാവാത്ത വ്യത്യാസങ്ങൾ. അതിനാൽ ദൈവത്തെക്കുറിച്ചുള്ള ഇരുമതങ്ങളുടെയും ചിത്രങ്ങളിൽ കാണുന്ന സാമ്യങ്ങളും വ്യത്യാസങ്ങളും ഏവയെന്ന് സൂക്ഷ്മമായി അപഗ്രഥിക്കണം.

## A. സാമ്യങ്ങൾ

ദൈവം ഒരുവൻ മാത്രമേ ഉള്ളൂവെന്നു മുസ്ലീമുകളെപ്പോലെ ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള പ്രബോധനം ആദ്യമേ ശ്രദ്ധിക്കാം.

### 1. ഏകദൈവം - യുക്തിഭദ്രമായ വിശ്വാസം

രണ്ടു മതങ്ങളും തങ്ങൾ ഏകദൈവത്തിൽ വിശ്വസിക്കുന്നു എന്നു പരസ്യമായി പ്രഖ്യാപിക്കുന്നു. തങ്ങളുടെ മതത്തിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നതും ഏറ്റു പറയുന്നതും ഏകദൈവ വിശ്വാസം തന്നെ. ദൈവം ഒരുവനേ ഉള്ളൂ എന്നു വിശ്വസിക്കുന്നെങ്കിൽ ഇരുകൂട്ടരും ഒരേ ദൈവത്തിൽത്തന്നെയാണ് വിശ്വസിക്കുന്നത് ന്യായമായും അനുമാനിക്കാം. ഓരോ മതത്തിനും ഓരോ ദൈവം എന്ന കാഴ്ചപ്പാട് അംഗീകരിച്ചാൽ അത് അനേകം ദൈവങ്ങളുണ്ട് എന്നു സമ്മതിക്കുന്നതിനു തുല്യമാകും. അതിനാൽ ക്രിസ്ത്യാനികളും മുസ്ലീമുകളും വിശ്വസിക്കുന്നത് ഒരേ ദൈവത്തിലാണെന്ന് തോന്നാം!

### 2. രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ പ്രഖ്യാപനങ്ങൾ

1962 ഒക്ടോബർ 11-ാം തിയതി ആരംഭിച്ച് 1965 ഡിസംബർ 8-ാം തിയതി സമാപിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസ് കത്തോലിക്കാസഭയുടെ വിശ്വാസത്തെ, അഞ്ചു സുദീർഘസമ്മേളനങ്ങളിലൂടെ, വിശദമായ ചർച്ചകൾക്കും പ്രാർത്ഥനാനിർഭരമായ പരിചിന്തനങ്ങൾക്കും വിഷയമാക്കി. 16 ഔദ്യോഗിക രേഖകളിലൂടെ സഭയുടെ പ്രബോധനം സമ്യക്കായി അവതരിപ്പിച്ചു. അവയിൽ ഏറ്റം പ്രധാനപ്പെട്ടതാണ് "ജനതകൾക്കു പ്രകാശം" എന്നർത്ഥമുള്ള *ലൂമെൻ ജേൻസിയും* (Lumen Gentium) എന്നറിയപ്പെടുന്ന പ്രബോധനരേഖ. ഈ രേഖയുടെ 16-ാം ഖണ്ഡിക "കത്തോലിക്കാസഭയും അക്രൈസ്തവ മതങ്ങളും" എന്ന വിഷയത്തെ

ക്കുറിച്ചു പ്രതിപാദിക്കുന്നു. ഈ പ്രതിപാദനത്തിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

*"അവസാനമായി, ഇതുവരെ സുവിശേഷം സ്വീകരിക്കാത്തവർ ദൈവജനത്തോട് വിവിധ തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നു".* ഇസ്രായേൽ ജനത്തെക്കുറിച്ചു പ്രതിപാദിച്ചശേഷം രേഖ തുടരുന്നു: *"പരിത്രാണപദ്ധതി സ്രഷ്ടാവിനെ അംഗീകരിക്കുന്നവരെയെല്ലാം ആശ്ലേഷിക്കുന്നു. അവരിൽ പ്രാധാന്യമർഹിക്കുന്നവർ, അബ്രാഹത്തിന്റെ വിശ്വാസം മുറുകെ പിടിക്കുന്നുവെന്ന് ഏറ്റുപറയുകയും, കരുണാനിധിയും അന്ത്യദിനത്തിൽ മനുഷ്യനെ വിധിക്കാനിരിക്കുന്നവനുമായ ഏകദൈവത്തെ നമ്മോടൊത്ത് ആരാധിക്കുകയും ചെയ്യുന്ന മുസൽമാന്മാരാണ്".*

ക്രിസ്ത്യാനികളും മുസ്ലീമുകളും ഒരേ ദൈവത്തെ ആരാധിക്കുന്നു എന്നാണല്ലോ ഈ രേഖ അംഗീകരിക്കുന്നത്. ഈ അംഗീകാരം കൂടുതൽ വ്യക്തമാക്കുന്നതാണ് 1965 ഒക്ടോബർ 28-ാം തിയതി സൂനഹദോസ് പുറപ്പെടുവിച്ച, അക്രൈസ്തവമതങ്ങളോടുള്ള കത്തോലിക്കാസഭയുടെ നിലപാടിനെ സംബന്ധിച്ച "നമ്മുടെ കാലത്ത്" എന്നർത്ഥമുള്ള "*നോസ്ത്രാ എത്താത്തെ*" (Nostra Aetate) എന്ന ഔദ്യോഗികരേഖ. മറ്റു മതങ്ങളോട് ബഹുമാനവും ആദരവും കാത്തു സൂക്ഷിക്കുകയും "*എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന ആ നിത്യസത്യത്തിന്റെ രശ്മി അവ സംവഹിക്കുന്നുണ്ട്*" എന്ന് അംഗീകരിക്കുകയും ചെയ്തതിനുശേഷം ഇസ്ലാം മതത്തെക്കുറിച്ചു രേഖ നല്കുന്ന പ്രസ്താവന പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

*"ഇസ്ലാമിക വിശ്വാസം ഏകനും സജീവനും അസ്തിത്വാത്മകനും കരുണാർദ്രനും സ്വർഗ്ഗഭൂലോകങ്ങളുടെ സ്രഷ്ടാവും മനുഷ്യരോട് സംവദിക്കുന്നവനും ആയ ദൈവത്തെ ആരാധിക്കുന്നു. അവർ സസന്തോഷം സ്വയം ബന്ധപ്പെടുത്തുന്ന അബ്രാഹം ദൈവത്തിനു സ്വയം കീഴ്വഴങ്ങിയതുപോലെ, അവിടുത്തെ മറഞ്ഞിരിക്കുന്ന കല്പനകൾക്കുപോലും മുഴുമനസ്സോടെ കീഴ്വഴങ്ങാൻ പരിശ്രമിക്കുന്നു. ഇങ്ങനെ ദൈവത്തെ ആരാധിക്കുന്ന മുസ്ലീങ്ങളെ സഭ ബഹുമാനത്തോടെ വീക്ഷിക്കുന്നു" (No. 3).*

ഇവിടെ മുസ്ലീമുകൾ ദൈവത്തിനു നല്കുന്ന വിശേഷണങ്ങൾ എല്ലാം ക്രൈസ്തവരുടെ വിശ്വാസത്തിനനുയോജ്യമാണെ

ന്നതിൽ സംശയമില്ല. അതിനാൽ രണ്ടു മതങ്ങളും ഒരേ ദൈവ ത്തിൽത്തന്നെയാണ് വിശ്വസിക്കുന്നത് എന്ന പ്രതീതി ഉണ്ടാകാം.

### 3. മാർപ്പാപ്പാമാരുടെ പ്രഖ്യാപനങ്ങൾ

1985 ആഗസ്റ്റ് 30-ാം തിയതി വി. ജോൺ പോൾ II മാർപ്പാപ്പാ മൊറോക്കോയുടെ തലസ്ഥാനമായ കാസാ ബ്ലാങ്കാ(Casa Blanca)യിലെ ഫുട്ബോൾ സ്റ്റേഡിയത്തിൽ നിറഞ്ഞു കവിഞ്ഞ യുവജനങ്ങളോടു നടത്തിയ പ്രസംഗത്തിൽ അതീവ ശ്രദ്ധേയമായൊരു വാക്യമുണ്ട്: *"നമ്മൾ ഒരേ ദൈവത്തിലാണ് വിശ്വസിക്കുന്നത്; എന്നും ജീവിക്കുന്നവനും ലോകസ്രഷ്ടാവും എല്ലാ സൃഷ്ടികളെയും അതിന്റെ പൂർണ്ണതയിലേക്കു നയിക്കുന്നവനുമായ ഏക ദൈവത്തിൽ".*

2013 മാർച്ച് 20-ാം തിയതി ഫ്രാൻസിസ് മാർപ്പാപ്പാ ലോകമതനേതാക്കളെ അഭിസംബോധന ചെയ്തു പ്രസംഗിച്ചപ്പോൾ നടത്തിയ ഒരു പ്രസ്താവനയും "അതേ" എന്ന ഉത്തരം നല്കുന്ന പ്രതീതി ജനിപ്പിക്കുന്നു: *"ഇതരമതവിഭാഗങ്ങളിൽ പെട്ട സുഹൃത്തുക്കളേ, നിങ്ങളെ ഞാൻ ഹൃദയപൂർവ്വം വന്ദിക്കുകയും നിങ്ങൾക്ക് ഹൃദ്യമായി നന്ദിപറയുകയും ചെയ്യുന്നു. ആദ്യമേ, സജീവനും കരുണാമയനുമായ ദൈവത്തെ ആരാധിക്കുകയും വിളിച്ചപേക്ഷിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്ന മുസ്ലീമുകൾക്ക് അഭിവാദനം!"* ദൈവത്തിനു നല്കുന്ന രണ്ടു വിശേഷണങ്ങൾ, സജീവനും കരുണാമയനും, ക്രിസ്ത്യാനികളും മുസ്ലീമുകളും ഒരുപോലെ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നതാണ്.

2019 ഫെബ്രുവരി 4-ാം തിയതി അബുദാബിയിൽ വച്ച് ഫ്രാൻസിസ് പാപ്പായും വലിയ ഇമാം അൽ അസ്ഹർ അഹമ്മദ് അൽ തായെബ് (Grand Imam Al-Azhar Ahamad Al-Tayyeb) എന്ന മുസ്ലീം നേതാവും ഒരുമിച്ച് ഒപ്പുവച്ച ഒരു പൊതുപ്രഖ്യാപനം തുടങ്ങുന്നതുതന്നെ ചർച്ചാവിഷയമായ പ്രമേയത്തെക്കുറിച്ചു സൂചിപ്പിച്ചുകൊണ്ടാണ്: *"ദൈവത്തിലും, അവസാന ദിവസം അവിടുത്തെ തിരുമുമ്പിൽനിന്ന് അന്തിമവിധി സ്വീകരിക്കും എന്നതിലും വിശ്വസിക്കുന്ന നമ്മൾ"* എന്ന ആദ്യഖണ്ഡികയിലെ വാക്യംതന്നെ ഈ പ്രമേയത്തിലേക്കു വെളിച്ചം വീശുന്നു.

രേഖയുടെ തുടർന്നുള്ള ചില പ്രസ്താവനകൾ കൂടുതൽ വ്യക്തത പകരുന്നു: "*മതങ്ങളുടെ പ്രഥമവും പരമപ്രധാനവുമായ ലക്ഷ്യം ദൈവത്തിൽ വിശ്വസിക്കുകയും വണങ്ങുകയും, ഈ*

*പ്രപഞ്ചം പരിപാലിക്കുന്ന ദൈവത്തിൽ വിശ്വസിക്കാൻ സ്ത്രീ - പുരുഷന്മാരെ ക്ഷണിക്കുകയുമാണ്. നമ്മെ തന്റെ ദൈവിക ജ്ഞാനത്താൽ രൂപപ്പെടുത്തുകയും, കാത്തു സൂക്ഷിക്കാനും സംരക്ഷിക്കാനുമായി നമുക്കു ജീവൻ ദാനമായി നല്കുകയും ചെയ്ത സ്രഷ്ടാവാണ് അവിടുന്ന്"*. ദൈവം ഏകനാണ്, സ്രഷ്ടാവും പരിപാലകനും കരുണാമയനുമാണ് എന്ന് ഇവിടെ എടുത്തു പറയുന്നു. ഇതെല്ലാം രണ്ടു മതങ്ങളും ഒരുപോലെ അംഗീകരിക്കുന്നു. അതിനാൽ ഇരുകൂട്ടരും വിശ്വസിക്കുന്നത് ഒരേ ദൈവത്തിൽത്തന്നെ എന്ന നിഗമനത്തെ ഇത് ശക്തിപ്പെടുത്തുന്നു.

### 4. ബൈബിളിന്റെ പിൻതുണ

ദൈവം ഒരുവൻ മാത്രമേ ഉള്ളൂ എന്നതാണ് ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തിന്റെ അടിത്തറയായി കരുതുന്ന ബൈബിളിന്റെ പ്രബോധനം. ഉദാഹരണങ്ങൾ എത്ര വേണമെങ്കിലുമുണ്ട്. ബൈബിളിന്റെ ആദ്യ അധ്യായം മുതൽ അവസാനത്തെ അധ്യായംവരെ നിരന്തരം ആവർത്തിച്ച് ഏറ്റു പറയുന്ന ഒരു സത്യമാണ് "ഏക ദൈവം".

വിശ്വാസത്തിന്റെയും ധാർമ്മികതയുടെയും മാർഗ്ഗരേഖയായി അവതരിപ്പിച്ചിരിക്കുന്ന പത്തു പ്രമാണങ്ങളിൽ ആദ്യത്തേതു തന്നെ ദൈവത്തിന്റെ ഏകത്വമാണ്: *"ദാസ്യഭവനമായ ഈജിപ്തിൽനിന്നു നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദൈവങ്ങൾ നിനക്കുണ്ടാകരുത്"* (പുറ 20,1) ("വേറെ ദേവന്മാർ" എന്നാണ് പി.ഒ.സി. വിവർത്തനം. ഇംഗ്ലീഷ് വിവർത്തനത്തിൽ "gods" എന്ന ചെറിയ അക്ഷരത്തിൽ എഴുതിയിരിക്കുന്നതിനെ അനുകരിച്ചാണ് "ദേവന്മാർ" എന്ന വിവർത്തനം ചെയ്തിരിക്കുന്നത്. അതോടൊപ്പം ദേവന്മാർ അനേകമുണ്ടാകാം, എന്നാൽ ദൈവം ഒരുവനേ ഉള്ളൂ എന്ന് ഏറ്റുപറയാനും ഈ വിവർത്തനം സഹായിക്കും. എന്നാൽ മൂലഭാഷയായ ഹീബ്രുവിൽ രണ്ടിടത്തും "ഏലോഹിം" എന്ന ഒരേ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. വ്യാകരണപരമായി നോക്കുമ്പോൾ ഇതൊരു ബഹുവചനമാണ്. അതിനാൽ "ദൈവങ്ങൾ" എന്നു വിവർത്തനം ചെയ്യണം. എന്നാൽ ഇസ്രായേലിന്റെ ദൈവത്തെ സൂചിപ്പിക്കാനും ബഹുവചനരൂപം ഉപയോഗിക്കുമ്പോൾ അതിനെ "പൂജകബഹുവചനം" ആയി കാണാനാണ് ബൈബിളിന്റെ പൊതുവായ കാഴ്ചപ്പാട് ആവശ്യപ്പെടുന്നത്.)

ഏകദൈവവിശ്വാസം ഇസ്രായേൽ ജനത്തിനു ജീവശ്വാസം പോലെ ആയിരുന്നു. എപ്പോഴും മനസിൽ കാത്തുസൂക്ഷിക്കുകയും, ദിവസേന പലതവണ ആവർത്തിച്ച് ഉരുവിടുകയും, ഏതു സാഹചര്യത്തിലും ഉച്ചത്തിൽ വിളിച്ചുപറയുകയും ചെയ്യുന്ന ഒരു പ്രാർത്ഥന നിയ 6,4-5ൽ രേഖപ്പെടുത്തിയിട്ടുണ്ട്. "*ഷ്മാ പ്രാർത്ഥന*" എന്നറിയപ്പെടുന്ന ഇത് ഏറ്റം പ്രധാനപ്പെട്ട നിയമമായി ഇസ്രായേൽ ജനം കരുതിയിരുന്നു (മത്താ 22, 37). അതു തുടങ്ങുന്നതുതന്നെ ദൈവത്തിന്റെ ഏകത്വം ഏറ്റുപറഞ്ഞുകൊണ്ടാണ്: *"ഇസ്രായേലേ കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്"* (നിയ 6, 4). ബൈബിളിൽ ഉടനീളം നിറഞ്ഞുനില്ക്കുന്നതാണ് ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം.

ദൈവത്തിന്റെ ഏകത്വത്തിൽ മാത്രമല്ല, മറ്റുപല വിശേഷണങ്ങളിലും ബൈബിളിലെ ദൈവവും ഖുറാനിലെ അള്ളായുമായി ഏറെ സാമ്യമുണ്ട്. ഏകനും സർവ്വലോക സ്രഷ്ടാവും നിയാന്താവും എന്നതിനു പുറമെ ഏറ്റം ശ്രദ്ധേയമാണ് ദൈവത്തിന്റെ കരുണയെക്കുറിച്ചുള്ള വിശ്വാസം. *"കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ. സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ. തെറ്റുകളും കുറ്റങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോടു കരുണ കാണിക്കുന്നവൻ"* (പുറ 34, 6-7). ദൈവത്തിന്റെ സവിശേഷതയായി കാരുണ്യത്തെ ബൈബിൾ അവതരിപ്പിക്കുന്നതിന്റെ വ്യക്തമായൊരു ദാഹരണമാണിത്.

ഇതിനു സമാനമായ അനേകം വിശ്വാസ പ്രഖ്യാപനങ്ങൾ ഖുർആനിലും കാണാം. ഖുർആൻ തുടങ്ങുന്നതുതന്നെ ദൈവത്തിന്റെ കരുണ ഏറ്റു പറഞ്ഞുകൊണ്ടാണ്: "*അളവറ്റ ദയാപരനും കരുണാവാരിധിയുമായ അള്ളാഹുവിന്റെ നാമത്തിൽ*" (ഖുറാ 1, 1). തുടർന്ന് ഖുർആനിലെ 114 അധ്യായങ്ങളിൽ 9-ാം അധ്യായം ഒഴികെ മറ്റെല്ലാ അധ്യായങ്ങളും തുടങ്ങുന്നത് ഈ സ്തോത്രഗീതത്തോടെയാണ്. അനേകം തവണ അള്ളാഹു കാരുണ്യവാൻ, പരമ കാരുണ്യവാൻ എന്ന് ഏറ്റു പറയുന്നുണ്ട്. "റഹമാൻ" എന്ന വിശേഷണം തന്നെ കാരുണ്യവാൻ എന്നാണർത്ഥമാക്കുക. സംശയമില്ല, മുസ്ലീമുകൾ വിളിച്ചപേക്ഷിക്കുകയും ആരാധിക്കുകയും ചെയ്യുന്ന അള്ളായും ബൈബിളിലെ ദൈവത്തെപ്പോലെ കാരുണ്യവാനാണ്, അളവറ്റ കരുണയുടെ കടൽ.

ഈ കാരണങ്ങളാൽ ക്രിസ്ത്യാനികളും മുസ്ലീമുകളും ഒരേ ദൈവത്തിലാണ് വിശ്വസിക്കുന്നത് എന്നു കരുതാനാവും. എന്നാൽ ഇതു മാത്രമല്ല ദൈവത്തെക്കുറിച്ചു ബൈബിൾ വരച്ചു കാട്ടുന്ന ചിത്രം. അതിനാൽ ഏകത്വം എന്ന കാഴ്ചപ്പാട് ഭാഗിക മായേ ശരിയെന്നു പറയാൻ കഴിയൂ. യഹൂദരും കർശനമായും ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നവരാണ്. ഒരുപക്ഷേ ഖുർആൻ അവതരിപ്പിക്കുന്നതും മുസ്ലീമുകൾ വിശ്വസിക്കുന്ന തുമായ അള്ളായുടെ ചിത്രത്തിന് പഴയനിയമത്തിൽ സ്വയം വെ ളിപ്പെടുത്തുന്ന "യാഹ്‌വേ"യുടെ ചിത്രത്തോടാണ് കൂടുതൽ സാമ്യമുള്ളത്. ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ഏക ദൈവത്തിൽ മറ്റു ചില സവിശേഷതകളുണ്ട്. അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

## B. വ്യത്യാസങ്ങൾ

### 1 പേര്

ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ദൈവവും മുസ്ലീമുകൾ വിശ്വസിക്കുന്ന അള്ളായും തമ്മിൽ ആദ്യമേ ശ്രദ്ധയിൽപ്പെടുന്ന വ്യത്യാസം പേരുതന്നെയാണ്. അതേസമയം പേര് ഒരു നിർവ്വ ചനമാണെന്നും ഓർക്കണം. ബൈബിളിൽ "ദൈവം" എന്നത് ഒരു യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്ന നാമമാണ്. ഹീബ്രുവിൽ "ഏലോഹിം", ഗ്രീക്കിൽ "ഥെയോസ്". അതാണ് ഇംഗ്ലീഷിൽ "ഗോഡ്" എന്നും മലയാളത്തിൽ ദൈവം എന്നും വിവർത്തനം ചെയ്യുന്നത്. ഇത് ഒരു പേരല്ല, ഒരു യാഥാർത്ഥ്യത്തെ അഥവാ വ്യക്തിയെ സൂചിപ്പിക്കുന്ന നാമമാണ്.

ദൈവം മോശയ്ക്കു തന്റെ പേരു വെളിപ്പെടുത്തിയതായി ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്: "ഞാൻ ഞാൻ തന്നെ" (I am who I am) (പുറ 3, 14-15). ഇതാണ് "യാഹ്‌വേ" എന്നുച്ചരി ക്കുന്ന, ദൈവം വെളിപ്പെടുത്തിയ പേര്. ദൈവത്തോടുള്ള അതീ വഭക്തിയും ആദരവും മൂലം ഇസ്രായേൽക്കാർ ഈ പേര് ഉച്ചരി ക്കാറില്ല. പകരം "അദോനായ്" എന്നാണു പറയുക. കർത്താവ്, നാഥൻ (LORD) എന്നർത്ഥം. പുതിയ നിയമത്തിൽ ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായി സ്വയം വെളിപ്പെടു ത്തുന്നു.

എന്നാൽ ഖുർആനിൽ "അള്ളാ" എന്നത് ഒരു പേരാണ്,

തങ്ങൾ ദൈവമായി അംഗീകരിച്ച് ആരാധിക്കുന്ന ദൈവത്തിന്റെ പേര്. ദിവസം തോറും അനേകം തവണ ആവർത്തിച്ച് ഉദ്ഘോഷിക്കുന്ന പ്രാർത്ഥനയിൽനിന്ന് ഇതു വ്യക്തമാകുന്നു. "അള്ളാഹു അക്ബർ. ലാഇലാഹ് ഇല്ലള്ളാ. മുഹമ്മദ് റസൂൽ അള്ളാ" (അള്ളാ കൂടുതൽ വലിയവൻ. അള്ളാ അല്ലാതെ ദൈവമില്ല. മുഹമ്മദ് അള്ളായുടെ ദൂതൻ - അഥവാ പ്രവാചകൻ) ഇതാണല്ലോ ഇസ്ലാം മതവിശ്വാസികളുടെ ഏറ്റം അടിസ്ഥാനപരമായ വിശ്വാസപ്രഖ്യാപനം.

"അള്ളാ അല്ലാതെ ദൈവമില്ല" എന്നു പറയുന്നതിൽ നിന്നുതന്നെ വ്യക്തമാണ് അള്ളാ എന്നാൽ ദൈവം എന്നല്ല അർത്ഥം; മറിച്ച് ഏകദൈവമായി മുസ്ലീമുകൾ ഏറ്റുപറയുന്ന ദൈവത്തിന്റെ പേരാണത്. "ഏലോഹിം" എന്ന് ഹീബ്രുവിലും "ആലാഹാ" എന്നു സുറിയാനിയിലും പറയുന്ന വാക്കാണ് ദൈവം എന്നു മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നത്. ഇതിനു തുല്യമായ അറബിവാക്കാണ് "ഇലാഹ്". "അൽ ഇലാഹു" (the God) എന്നതു ലോപിച്ച് "അല്ലാ" ആയി എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. അങ്ങനെയെങ്കിൽ ഇത് അർത്ഥശൂന്യമായ ആവർത്തനമാകില്ലേ? ദൈവം അല്ലാതെ ദൈവം ഇല്ല എന്നു പറയുന്നതിന് എന്തു പ്രസക്തി? എന്നാൽ അള്ളാ എന്ന പേരിന്റെ ഉറവിടത്തെക്കുറിച്ചു നല്കപ്പെടുന്ന മറ്റൊരു വിശദീകരണം കൂടുതൽ സ്വീകാര്യമാണ്.

അറബികളുടെ പല ഗോത്രങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടതായിരുന്നു ഖുറേഷിഗോത്രം. മുഹമ്മദ് ഈ ഗോത്രത്തിലെ അംഗമാണ്. അവരുടെ മുഖ്യ ആരാധനാകേന്ദ്രമായ മക്കായിലെ കാബായിൽ 360 ദേവതകളെ പ്രതിഷ്ഠിച്ച് ആരാധിച്ചിരുന്നു. അതിൽ ഏറ്റം പ്രധാനപ്പെട്ടതു ചന്ദ്രദേവനായിരുന്നു. ആ ദേവന്റെ പേരാണത്രെ "അള്ളാഹ്". മുഹമ്മദിനു മുമ്പും ഈ പേരുണ്ടായിരുന്നു എന്നു വ്യക്തം. മുഹമ്മദിന്റെ പിതാവിന്റെ പേര് അബദുള്ളാ - "അള്ളായുടെ ദാസൻ" എന്നായിരുന്നു. മുഹമ്മദ് ആധിപത്യം ഏറ്റെടുത്തപ്പോൾ മറ്റു ദേവതകളെയെല്ലാം ഉന്മൂലനം ചെയ്ത് അള്ളായെ ഏകദൈവമായി പ്രതിഷ്ഠിച്ചു. അതിനാലാണ് മുസ്ലീമുകൾക്കു ചന്ദ്രൻ ഏറ്റം പ്രധാനപ്പെട്ട, അവരുടെ തനിമയെ സൂചിപ്പിക്കുന്ന അടയാളമായിത്തീരുന്നത്. ആരാധനാലയങ്ങളുടെ മുകളിലും ദേശീയപതാകകളിലും എല്ലാം പ്രത്യക്ഷപ്പെടുന്ന ചന്ദ്രൻ

തന്നെയാണ് അള്ളാ എന്ന വ്യാഖ്യാനം കൂടുതൽ സ്വീകാര്യമായി കരുതണം. ദൈവത്തെക്കുറിച്ച് തങ്ങൾക്കു സ്വീകാര്യമെന്നു തോന്നിയ ഗുണവിശേഷങ്ങളെല്ലാം ആരോപിച്ച്, ഏകദൈവമായി പ്രതിഷ്ഠിച്ച ചന്ദ്രൻ ആണ് അള്ളാ എങ്കിൽ ബൈബിളിലെ ദൈവവും അള്ളായും തമ്മിലുള്ള വ്യത്യാസം വിശദീകരണം ആവശ്യപ്പെടുന്നില്ല.

"അള്ളാ" എന്ന പേരിന്റെ ഉപയോഗവും ശ്രദ്ധേയമാണ്. "അള്ളാഹു അക്ബർ" അള്ളാ കൂടുതൽ വലിയവർ (Allah is greator) എന്നത് ഒരു വിശ്വാസ പ്രഖ്യാപനം മാത്രമല്ല, അത് ഒരു മുദ്രാവാക്യവും കൊലവിളിയുമാണ്. അടുത്ത ദിവസങ്ങളിൽ പല ക്രിസ്തീയ ദേവാലയങ്ങളിലും കയറി വിശ്വാസികളെ കഴുത്തറുത്തും വെടിവച്ചും കൊന്നവർ വിളിച്ചുകൂവിയതും "അള്ളാഹു അക്ബർ" എന്നായിരുന്നു. അപ്പോൾ ആരാണ് ഈ അള്ളാ? നിരപരാധികളെ നിഷ്കരുണം കൊന്നൊടുക്കാൻ കല്പിക്കുന്നത് ദൈവമാകാൻ സാധ്യതയില്ല. ഈ അള്ളായുടെ പേരിൽ ലോകമാസകലം തീവ്രവാദസംഘടനകൾ അക്രമം അഴിച്ചുവിടുകയും നിരപരാധികളായ ലക്ഷക്കണക്കിന് അന്യമതസ്ഥരെ കൊന്നൊടുക്കുകയും ചെയ്യുമ്പോൾ യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട കാരുണ്യവാനും സ്നേഹനിധിയും ജാതിമത, വർണ്ണവർഗ്ഗ വ്യത്യാസമെന്യേ സകല മനുഷ്യരെയും തന്റെ മക്കളായി സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുന്ന, അതിനായി സ്വന്തം പുത്രനെ ഈ ലോകത്തിലേക്കയച്ച ദൈവമല്ല അത് എന്നു വ്യക്തമാകുന്നു.

**2. ത്രിത്വം**

ഏകദൈവവിശ്വാസം ഏറ്റു പറയുകയും പ്രഘോഷിക്കുകയും ചെയ്യുമ്പോഴും ബൈബിളിലെ ദൈവ സങ്കല്പത്തിൽ ഒരു ബഹുത്വം ദൃശ്യമാണ്. പഴയ നിയമത്തിൽ ചില സൂചനകളിൽ ഒതുങ്ങുന്ന ഈ വിശ്വാസം പുതിയ നിയമത്തിൽ വ്യക്തത പ്രാപിക്കുന്നു; തുടർന്നുള്ള ക്രിസ്തീയതയുടെ അടിസ്ഥാനശിലയായി മാറുന്നു. **ത്രിയേകദൈവം എന്ന വിശ്വാസ പ്രഖ്യാപനം ക്രിസ്ത്യാനികൾ ഏറ്റു പറയുന്ന വിശ്വാസ പ്രമാണത്തിൽ ഏകദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന മൂന്നു വ്യക്തികളാണ് എന്ന് വ്യക്തമാക്കുന്നു. ഇവിടെത്തന്നെയാണ് ക്രിസ്ത്യാനികളുടെയും മുസ്ലീമുകളുടെയും വിശ്വാസങ്ങൾ തമ്മിലുള്ള ഏറ്റം വലിയ വ്യത്യാസം.**

ത്രിത്വത്തെക്കുറിച്ച് ബൈബിളിൽ വേരൂന്നിയ കത്തോലിക്കാസഭയുടെ പ്രബോധനം നാലാം അധ്യായത്തിൽ അവതരിപ്പിക്കുന്നുണ്ട് (പേജ് 75-120). അതിനാൽ ബൈബിളിൽനിന്ന് ചുരുക്കം ചില സൂചനകൾ മാത്രമേ ഇവിടെ നല്കുന്നുള്ളു. പഴയനിയമത്തിലെ സൂചനകൾ: (1). ഉൽപ 1, 1-3. ദൈവം, ആത്മാവ്, വചനം. (2). ഏലോഹിം എന്ന പേര്. (3). മൂന്നാളുകൾ = ഒന്ന് ഉൽപ 18, 1-33. (4). കർത്താവ് എന്റെ കർത്താവിനോടരുളിച്ചെയ്തു. സങ്കീ. 110, 1 (5). ശിശു, പുത്രൻ, ശക്തനായ ദൈവം ഏശ 9, 6. (6). വാനമേഘങ്ങളിൽ വരുന്ന മനുഷ്യപുത്രൻ ദാനി 7, 13. (7). വരുന്ന വചനം ജറെ 1,4. (8). ജ്ഞാനം പ്രഭാ 24,3; (9). ആത്മാവ് - റൂവാഹ് - പ്നെവുമാ ഏശ 61, 1; മിക്കാ 5,8. (10). കർത്താവിന്റെ ദാസൻ ഏശ 42, 1; (11). പുത്രൻ സങ്കീ 2,7.

പുതിയ നിയമത്തിൽ ത്രിത്വത്തെക്കുറിച്ചുള്ള സൂചനകൾ കൂടുതൽ വ്യക്തമാകുന്നു. യേശുക്രിസ്തുവിനു ദൈവത്തോടുള്ള തുല്യതയിലാണ് തുടക്കം. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വ്യക്തമായ പ്രബോധനങ്ങളും പുതിയനിയമത്തിൽ ഉടനീളമുണ്ട്. ചുരുക്കം ചില സൂചനകൾ മാത്രം താഴെ കൊടുക്കുന്നു. (1). യേശു ദൈവപുത്രൻ. മർക്കോ 1,2 (2). ത്രിത്വത്തിന്റെ വെളിപ്പെടുത്തൽ; മാമ്മോദീസാ -മത്താ 3,16-17 (3). യേശുവിന്റെ കല്പന: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനം നല്കുവിൻ. മത്താ 24,20 (4). പൗലോസ് അപ്പസ്തോലന്റെ ആശംസ. 2 കോറി 13, 14.

മുസ്ലീമുകളുടെ വിശ്വാസം അനുസരിച്ച് ദൈവം ഏകനാണ്, ഏകവ്യക്തി. ഖുർ 4,171 ൽ ക്രിസ്ത്യാനികൾക്കെതിരേ നല്കുന്ന ശക്തമായൊരു താക്കീതിൽ ഇപ്രകാരം കാണുന്നു: *"അല്ലയോ വേദക്കാരേ, സ്വമതത്തിൽ അതിരുകവിയാതിരിക്കുവിൻ. സത്യമല്ലാത്തതൊന്നും അള്ളാഹുവിന്റെ പേരിൽ ആരോപിക്കാതിരിക്കുവിൻ... നിങ്ങളും അള്ളാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക; ത്രിത്വം വാദിക്കാതിരിക്കുക. അതിൽനിന്നു വിരമിക്കുക. അതാണ് നിങ്ങൾക്കുത്തമം. അള്ളാഹു ഏകനാകുന്നു. പുത്രനുണ്ടായിരിക്കുന്നതിൽനിന്ന് എത്രയോ അതീതമാംവണ്ണം അവൻ പരിശുദ്ധനാകുന്നു".*

ത്രിത്വം എന്ന പദത്തിന് ഖുർആൻ വിവർത്തകൻ ടി.കെ. ഉബൈദ് നല്കിയിരിക്കുന്ന വിശദീകരണം പ്രത്യേക ശ്രദ്ധയർ

ഹിക്കുന്നു. അടിക്കുറിപ്പ് 101, P. 137-138: *"ത്രിത്വം, അതായത് ത്രിയേക ദൈവവിശ്വാസം വെടിയുക, അതു നിങ്ങളിൽ ഏതു രൂപത്തിൽ കുടികൊള്ളുന്നതായാലും ശരി. ക്രിസ്ത്യാനികൾ ഒരേ സമയം ഏകദൈവത്വവും അംഗീകരിക്കുന്നു; ബഹുദൈവ ത്വവും അംഗീകരിക്കുന്നു എന്നതാണ് വാസ്തവം. പുതിയനിയ മത്തിൽ കാണപ്പെടുന്ന ഈസാ (അ) യുടെ ഖണ്ഡിതമായ പ്ര സ്താവനകളുടെ അടിസ്ഥാനത്തിൽ, ദൈവം ഏകൻ മാത്രമാ ണെന്നും അവനല്ലാതെ വേറൊരു ദൈവമില്ലെന്നും ഉള്ള യാഥാർത്ഥ്യം ക്രിസ്ത്യാനിക്കും നിഷേധിക്കാൻ കഴിയുകയില്ല. ഏകദൈവത്വമാണ് മതത്തിന്റെ അസ്തിവാരമെന്ന സംഗതിയും അവർക്ക് അംഗീകരിക്കാതിരിക്കാൻ നിർവ്വാഹമില്ല. വസ്തുത ഇതാണെങ്കിലും മസീഹിന്റെ വ്യക്തിത്വത്തോടുള്ള അതിരുക വിഞ്ഞ ഭ്രമം മൂലം അവർ ത്രിത്വവാദികളുമാണ്. ഈ പരസ്പര വിരുദ്ധമായ രണ്ടു വിശ്വാസങ്ങളും എങ്ങനെ ഒത്തു ചേരുമെന്ന് തീരുമാനിക്കാൻ ഇതുവരെ കഴിഞ്ഞിട്ടുമില്ല".*

ഖുർആനിൽ അടിസ്ഥിതമായ മുസ്ലീം വിശ്വാസത്തിൽ ദൈവത്തെ സംബന്ധിച്ച കാഴ്ചപ്പാട് ക്രിസ്ത്യാനികളുടേതിൽ നിന്നു തികച്ചും വ്യത്യസ്തമാണെന്ന് ഇതു സംശയരഹിതമായി വ്യക്തമാക്കുന്നു. ചെറിയ 4 വാക്യങ്ങൾ മാത്രമുള്ള 112-ാം അധ്യായം നിർണ്ണായകവും സുവ്യക്തവുമായ രീതിയിൽ ഇസ്ലാ മിന്റെ ദൈവവിശ്വാസം അവതരിപ്പിക്കുന്നു: *"പ്രഖ്യാപിക്കുക: അവൻ അള്ളാഹുവാകുന്നു. ഏകൻ. അള്ളാഹു ആരുടെയും ആശ്രയം വേണ്ടാത്തവനും എല്ലാവരാലും ആശ്രയിക്കപ്പെടുന്ന വനുമാകുന്നു. അവനു സന്തതി ഏതുമില്ല. അവൻ ആരുടേയും സന്താനവുമല്ല. അവനു തുല്യനായും ആരുമില്ല."*

## 3. ദൈവം സ്നേഹനിധിയായ പിതാവ്

ബൈബിളിൽ ഉടനീളം തെളിഞ്ഞുനില്ക്കുന്ന ദൈവത്തിന്റെ ചിത്രം സ്നേഹത്തിന്റേതാണ്. പഴയനിയമത്തിന്റെ ഉപരിപ്ലവമായ ഒരു വായനയിൽ ദൈവം കർക്കശനും കഠിനഹൃദയനുമായ ഒരു വിധിയാളനാണെന്നു തോന്നാം. എന്നാൽ ഈ ചിത്രം ഭാഗിക മാണ്. അടുത്തു പരിശോധിക്കുമ്പോൾ പഴയനിയമത്തിലും, അതി ലുപരി പുതിയനിയമത്തിലും തെളിയുന്നത് സ്നേഹത്തിന്റെ ഉറ വിടമായ പിതാവിന്റേതാണ്.

സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടി

ക്കുന്ന, പാപത്തിനു ശിക്ഷിക്കുമ്പോഴും കൈവിടാത്ത, നിലവിളികേട്ട് ഇറങ്ങിവന്ന് സഹായിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് പഴയനിയമത്തിൽ നാം കാണുന്നത് "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു... അവരുടെ രോദനം ഞാൻ കേട്ടു... അവരെ മോചിപ്പിക്കാനും..." (പുറ 3, 7-8). "ഭയപ്പെടേണ്ടാ, ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്... ഭയപ്പെടേണ്ടാ, ഞാൻ നിന്നോടു കൂടെയുണ്ട്" (ഏശ 43, 1-5). വെള്ളത്തിൽ മുങ്ങിപ്പോകാതെ, അഗ്നിയാൽ പൊള്ളലേല്ക്കാതെ, കൈപിടിച്ചു കൂടെ നടക്കുന്ന ദൈവം. പിതാവു പുത്രനെയെന്നപോലെ (നിയ 1, 31) ഇസ്രായേൽ ജനത്തെ സുരക്ഷിതരായി മരുഭൂമിയിലൂടെ വഹിച്ച ദൈവം.

ആ സ്നേഹത്തിന്റെ പാരമ്യമാണ് പുതിയനിയമത്തിൽ നാം കാണുന്നത്. യേശുവിന്റെ ജീവിതവും പ്രബോധനവും സർവ്വോപരി മരണവും ഉത്ഥാനവും എല്ലാം പ്രകടമാക്കുന്നത് ദൈവത്തിന്റെ അനിർവ്വചനീയമായ സ്നേഹമാണ്. "... തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3, 16) എന്ന സാക്ഷ്യം ഈ സ്നേഹത്തിന്റെ പാരമ്യം വ്യക്തമാക്കുന്നു. യേശു പറഞ്ഞതും പഠിപ്പിച്ചതും എല്ലാം സ്നേഹത്തിന്റെ ഉറവിടമായ പിതാവിനെക്കുറിച്ചാണ്. എല്ലാം നല്കുന്ന, എല്ലാം ക്ഷമിക്കുന്ന, സ്വന്തം മക്കളായി സ്വീകരിക്കുന്ന, വഴിതെറ്റിപ്പോയവരെ തേടിവരുന്ന, മടങ്ങിവരുന്ന ധൂർത്തപുത്രനെ കാത്തിരിക്കുന്ന, മകൻ മടങ്ങിവരുമ്പോൾ സന്തോഷിച്ച് ആഘോഷിക്കുന്ന ഒരു പിതാവ്. അതാണ് ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം. പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന മൂന്നു വ്യക്തികളുടെ സ്നേഹ കൂട്ടായ്മ. അതിനാലാണ് ഒരു നിർവ്വചനമെന്നപോലെ യോഹന്നാൻ എഴുതുന്നത്: "ദൈവം സ്നേഹമാകുന്നു" (1 യോഹ 4, 8).

ഈ ദൈവം നമ്മിൽനിന്നകലെയല്ല. "എന്തെന്നാൽ അവിടുന്നിൽ നാം ജീവിക്കുന്നു, ചരിക്കുന്നു, നിലനില്ക്കുന്നു" (അപ്പ 17, 28). മാത്രമല്ല, ദൈവകല്പനകൾ പാലിച്ചുകൊണ്ട് ദൈവത്തെ സ്നേഹിക്കുമ്പോൾ ദൈവം നമ്മിൽ വസിക്കും (യോഹ 14, 23); എന്നും സഹായകനായി നമ്മോടുകൂടെ ഉണ്ടായിരിക്കും (യോഹ 14, 16). മരണത്തോടെ ഈ സാന്നിധ്യം ഇല്ലാതാവുകയല്ല, നാം എന്നേക്കും ദൈവത്തോടൊന്നിച്ചായിരിക്കും. പിതാവിന്റെ ഭവ

നത്തിലേക്ക്, അഥവാ ദൈവത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാനായി യേശു ഓരോ വ്യക്തിയുടെയും അടുക്കലേക്ക് വരുന്നതാണ് ക്രിസ്തീയ വിശ്വാസിക്ക് മരണം. ദൈവത്തെ കാണുകയും (1 യോഹ 3, 2) എന്നും ദൈവത്തോടൊന്നിച്ച് സന്തോഷത്തിൽ കഴിയുകയും ചെയ്യുന്നതാണ് സ്വർഗ്ഗീയജീവിതം.

എന്നാൽ ഇസ്ലാം വിശ്വാസത്തിലെ അള്ളാ ഇതിൽനിന്നും എത്രയോ വിഭിന്നം! ഏകനും കരുണാമയിയും എന്നു പറയുമ്പോഴും മനുഷ്യനോടുള്ള അള്ളായുടെ സമീപനം അടിമയോട് യജമാനന്റേതുപോലെയാണ്. ഇവിടെ സ്നേഹമല്ല, കല്പനയും അനുസരണവും മാത്രം. ഖുർ ആൻ അള്ളാഹുവിന് അനേകം വിശേഷണങ്ങൾ നല്കുന്നുണ്ട്. എന്നാൽ ഒരിക്കൽപോലും "പിതാവ്" എന്നു വിശേഷിപ്പിക്കുന്നില്ല. മക്കളായി പരിഗണിക്കുന്നതും ധൂർത്തനെ സ്വീകരിക്കുന്നതും അചിന്ത്യം. സ്വർഗ്ഗത്തിന് അർഹരാകുന്നവർക്കുപോലും അള്ളായെ കാണാനാവില്ല. എങ്ങോ വിദൂരതയിൽ ഇരുന്നു കല്പനകൾ നല്കുന്നു; വിധിക്കുന്നു. എന്നാൽ സ്നേഹിക്കുന്ന പിതാവിന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമെന്നു മാത്രമല്ല ഘടകവിരുദ്ധമാണ് ഖുർ ആൻ വരച്ചുകാട്ടുന്ന അള്ളാഹുവിന്റെ ചിത്രം. അതിനാൽ ഖുർ ആനിലെ അള്ളായും ബൈബിളിലെ ദൈവവും ഒന്നാണെന്നു പറയാനാവില്ല.

### 4. മനുഷ്യസ്വഭാവം

ബൈബിളിന്റെ കാഴ്ചപ്പാടിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് (ഉൽപ 1, 26-28). സ്ത്രീയും പുരുഷനും ദൈവത്തിന്റെ പ്രതിഛായ ഭൂമിയിൽ പ്രകടമാക്കുന്നു എന്നു പറയുമ്പോൾ ദൈവത്തിൽ ഒരേസമയം പുരുഷഭാവവും സ്ത്രൈണഭാവവും ബൈബിൾ കാണുന്നു എന്നു പറയാനാകും. മനുഷ്യസൃഷ്ടിയുടെ രണ്ടാം വിവരണത്തിൽ, മണ്ണുകൊണ്ടു മെനഞ്ഞ രൂപത്തിൽ ദൈവം തന്റെ ജീവശ്വാസം നിശ്വസിക്കുമ്പോഴാണ് മനുഷ്യൻ ജീവനുള്ളവനായിത്തീരുന്നത് എന്നു പ്രസ്താവിക്കുന്നു (ഉൽപ 2, 7). കഥാരൂപത്തിലുള്ള ഒരു വിവരണമാണിത് എന്നംഗീകരിക്കുമ്പോഴും മനുഷ്യനിൽ ഒരു ദൈവികാംശം ദൈവം തന്നെ നിക്ഷേപിച്ചിരിക്കുന്നു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നതെന്നു നിഷേധിക്കാനാവില്ല. ഈ രണ്ടു വിവരണങ്ങളും മനുഷ്യമഹത്വത്തെ ഊന്നിപ്പറയുന്നു.

എന്നാൽ ഇസ്ലാം മതവിശ്വാസമനുസരിച്ച് മനുഷ്യൻ ദൈവത്തിന്റെ ദാസനും ദൈവത്തിന് അടിമവേല ചെയ്യാനായി സൃഷ്ടിക്കപ്പെട്ടവനുമാണ്. ദൈവത്തിന്റെ ഛായയും ശ്വാസവും മനുഷ്യനിൽ ഉണ്ട് എന്നംഗീകരിക്കുന്നില്ല. മനുഷ്യനിൽനിന്നും അപ്രാപ്യമാം വിധം അകന്നു നില്ക്കുന്ന ഉന്നതനാണ് ദൈവം.

## 5. സ്ത്രീപുരുഷ തുല്യത

അതോടൊപ്പം ശ്രദ്ധേയമായ മറ്റൊരു കാര്യം ബൈബിൾ ഊന്നിപ്പറയുന്ന സ്ത്രീ-പുരുഷ തുല്യതയാണ്. സൃഷ്ടിയെക്കുറിച്ചുള്ള രണ്ടു വിവരണങ്ങളിലും ഈ തുല്യത എടുത്തു കാട്ടുന്നുണ്ട്. ദൈവം തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചത് പുരുഷനെയും സ്ത്രീയെയുമാണ്. ഇരുവരും തമ്മിൽ ശരീരഘടനയിലും മാനസികപ്രവണതകളിലും വ്യത്യാസങ്ങൾ ഉണ്ടെങ്കിലും മനുഷ്യൻ എന്ന നിലയിൽ അവർ തുല്യമഹത്വമുള്ളവരാണ്; തുല്യമായ അവകാശങ്ങളും അവർക്കുണ്ട്. ഇരുവരും തുല്യ ആദരവ് അർഹിക്കുന്നു.

മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ള രണ്ടാം വിവരണത്തിലും ഇതേ പ്രബോധനം തന്നെ നല്കുന്നു. പുരുഷന് ഇണയും തുണയുമായി നല്കുന്നു എന്നു പറയുമ്പോൾ പുരുഷന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ ഒരു ഉപകരണം എന്ന അർത്ഥമല്ല ഉള്ളത്. പുരുഷന്റെ വാരിയെല്ലിൽനിന്ന് സ്ത്രീക്കു രൂപം നല്കി എന്ന കഥാരൂപത്തിലുള്ള അവതരണം തന്നെ ഇരുവരും തമ്മിലുള്ള തുല്യതയ്ക്കും ബന്ധത്തിനും പരസ്പര പൂരകത്വത്തിനും ഊന്നൽ നല്കുന്നതു കാണാതെ പോകരുത്. "എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും" (ഉൽപ 2, 23) എന്ന ആദ്യത്തെ പ്രേമഗാനത്തിലും ഇതേ ആശയം തെളിഞ്ഞുകാണാം. പുരുഷൻ സ്ത്രീയുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നത് പാപത്തിനു ലഭിച്ച ശിക്ഷയായിട്ടാണ് ബൈബിൾ അവതരിപ്പിക്കുന്നത് (ഉൽപ 3, 16).

തുല്യത മാത്രമല്ല, ***ഏക ഭാര്യ-ഭർതൃത്വവും*** ബൈബിൾ എടുത്തു പറയുന്നുണ്ട്. ഒരു പുരുഷനും ഒരു സ്ത്രീയും പരസ്പരം ഇണയും തുണയുമായി, കുഞ്ഞുങ്ങൾക്ക് ജന്മം നല്കി, മാതാപിതാക്കന്മാരായി ജീവിതാന്ത്യംവരെ ഒരുമിച്ചു കഴിയണം. അതാണ് ബൈബിൾ അവതരിപ്പിക്കുന്ന സ്ത്രീ-പുരുഷ ബന്ധത്തിന്റെയും വിവാഹത്തിന്റെയും ചിത്രം. ***ഏകത്വവും അവിഭാ***

*ജ്യതയും* വിവാഹത്തിന്റെ അടിസ്ഥാനസ്വഭാവങ്ങളെ സൂചിപ്പിക്കുന്ന രണ്ടു ഘടകങ്ങളാണ്. പുരുഷന് ഒന്നിലധികം ഭാര്യമാരോ, സ്ത്രീക്ക് ഒന്നിലധികം ഭർത്താക്കന്മാരോ പാടില്ല. വിവാഹമോചനം അനുവദനീയവുമല്ല.

കാലക്രമത്തിൽ ഈ കാഴ്ചപ്പാടിൽ മാറ്റംവരുന്നതായി തോന്നാം. അബ്രാഹത്തിന് ഉപനാരി ഹാഗാർ. എന്നാൽ അതു ദൈവം അംഗീകരിച്ചതല്ല. യാക്കോബിന് രണ്ടു ഭാര്യമാരും രണ്ട് ഉപനാരിമാരും. മുന്നോട്ടുപോകുംതോറും ബഹുഭാര്യാത്വം ഒരംഗീകൃതശൈലിയായി പരിഗണിക്കപ്പെടുന്നതുപോലെ തോന്നാം. ദാവീദിന് പത്തിലേറെ ഭാര്യമാരുണ്ടായിരുന്നു. മകൻ സോളമന് 700 ഭാര്യമാരും 300 ഉപനാരിമാരും ഉണ്ടായിരുന്നു (1 രാജാ 11, 3). ദൈവികപദ്ധതിക്കു ഘടകവിരുദ്ധമായ പാപമായിത്തന്നെയാണ് ബൈബിൾ ബഹുഭാര്യാത്വം കണക്കാക്കുന്നത്.

പിതാവ്-മാതാവ്-സന്തതി എന്നീ ത്രിവിധ ബന്ധങ്ങൾ മനുഷ്യപ്രകൃതിയുടെ തന്നെ അടിസ്ഥാന ഘടകമായി ബൈബിൾ അവതരിപ്പിക്കുന്നു. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നു പറയുമ്പോൾ ഈ ത്രിവിധ ബന്ധങ്ങളിലേക്കു സൂചന നല്കുന്നുണ്ട്. ദൈവത്തിനു ഭാര്യയും മകനും ഉണ്ടെന്നല്ല, എന്നാൽ മനുഷ്യനിൽ പ്രകടമാകുന്ന ഈ കുടുംബബന്ധം ആത്യന്തികമായി ദൈവസ്വഭാവത്തിലേക്കു തന്നെ വിരൽ ചൂണ്ടുന്നു എന്ന് പില്ക്കാല വെളിപാടുകളുടെ വെളിച്ചത്തിൽ വ്യക്തമാകും. ദൈവം സ്നേഹമാകുന്നു എന്ന ആത്യന്തികമായ വെളിപാട് (1 യോഹ 4, 8) ഒരു ബന്ധത്തിലേക്കാണ് വിരൽചൂണ്ടുന്നത്. സ്വാർത്ഥസ്നേഹമല്ല, സ്വയം ദാനം ചെയ്യുന്ന, പങ്കുവയ്ക്കുന്ന സ്നേഹം. ഈ സ്നേഹമാണ് ത്രിയേകദൈവം എന്ന, മനുഷ്യബുദ്ധിക്ക് അതീതവും യുക്തിക്ക് നിരക്കാത്തതും എന്നു തോന്നാവുന്ന സത്യത്തിൽ വെളിപ്പെടുന്നത്.

ഇസ്ലാം വിശ്വാസത്തിലേക്കു കടക്കുമ്പോൾ ദൈവത്തെക്കുറിച്ചുള്ള അവരുടെ ചിത്രം മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലും പ്രതിഫലിക്കുന്നതായി കാണാം. ദൈവം എല്ലാറ്റിന്റെയും സ്രഷ്ടാവും അധിപനുമാണ് - പരമകാരുണികനും ദയാലുവും ആണ്. എന്നാൽ മനുഷ്യരോടുള്ള സമീപനത്തിൽ ഒരു വ്യത്യാസം ഉള്ളതുപോലെ തോന്നും. സ്ത്രീപുരുഷ തുല്യത അംഗീകരിക്കുന്നില്ല. സ്ത്രീ പുരുഷനുവേണ്ടിയാണ്; പുരുഷൻ

സ്ത്രീക്കു വേണ്ടിയല്ല. ഒരു പുരുഷന് ഒന്നിൽ കൂടുതൽ ഭാര്യമാരാകാം. ഒരേ സമയം നാലുവരെ. വിവാഹമോചനം അനുവദനീയമാണ്; പുനർവിവാഹവും. അതിനാൽ ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മരണംവരെ നിലനിർത്തേണ്ട ബന്ധമായി വിവാഹത്തെ കാണുന്നില്ല.

പ്രവാചകനും ഇസ്ലാം മതസ്ഥാപകനും അനുയായികൾക്കു മാതൃകയുമായി പരിഗണിക്കപ്പെടുന്ന മുഹമ്മദിന്റെ ജീവിതം തന്നെ ഇവിടെ ശ്രദ്ധേയമാകുന്നു. 25-ാം വയസിൽ തന്നെക്കാൾ 15 വയസ് കൂടുതൽ പ്രായമുള്ള കദീജാ എന്ന സ്ത്രീയെ വിവാഹം കഴിക്കാൻ യാതൊരു മനശ്ചാഞ്ചല്യവുമില്ല. തുടർന്നു നടത്തിയ വിവാഹങ്ങളിലൂടെ മുഹമ്മദിന് ഒരേസമയം പതിനൊന്നു ഭാര്യമാരുണ്ടായിരുന്നത്രെ! അതിൽ വെറും ആറുവയസ് മാത്രം പ്രായമുള്ളവളും മറ്റൊരാൾക്കു വിവാഹവാഗ്ദാനം ചെയ്യപ്പെട്ടിരുന്നവളുമായ അയിഷായെ വിവാഹം ചെയ്യുകയും അവൾക്ക് ഒമ്പതുവയസായപ്പോൾ അവളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയും ചെയ്തു എന്നു പറയുമ്പോൾ സ്ഥാപകനേതാവ് കാത്തുസൂക്ഷിച്ചിരുന്ന ലൈംഗിക ധാർമ്മികതയെക്കുറിച്ച് ഒരു ഏകദേശരൂപം കിട്ടും.

തന്നെയുമല്ല, എല്ലാ ദിവസവും തന്റെ പതിനൊന്നു ഭാര്യമാരുമായി ലൈംഗികവൃത്തിയിൽ ഏർപ്പെട്ടിരുന്നു എന്നു മുഹമ്മദിനെക്കുറിച്ചു പറയപ്പെടുന്നു. അള്ളാ പ്രത്യേക ലൈംഗികശക്തി അദ്ദേഹത്തിനു കൊടുത്തിരുന്നുവെന്നും തന്മൂലം സാധാരണ മുപ്പതു പുരുഷന്മാരുടെ ലൈംഗികശേഷി മൂഹമ്മദിനുണ്ടായിരുന്നുവെന്നും വിശ്വസിക്കപ്പെടുന്നു. ഖുർആന്റെ പ്രബോധനത്തിലും സ്ഥാപകന്റെ മാതൃകയിലും വിശ്വസിക്കുന്ന ഇസ്ലാം മതം അനുസരിച്ച് സ്ത്രീകൾ പുരുഷന്റെ സുഖാസക്തികളുടെ പൂർത്തീകരണത്തിനായി അള്ളാ സൃഷ്ടിച്ചു നല്കിയ ഉപകരണം മാത്രമാണെന്ന് ഈ വസ്തുതകളുടെ വെളിച്ചത്തിൽ അനുമാനിക്കുന്നത് തെറ്റാണെന്ന് പറയാനാവുമോ?

### 6. ദൈവ-മനുഷ്യബന്ധം

**മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ കാണുന്ന വിധത്തിലും ബൈബിളും ഖുർആനും തമ്മിൽ സാമ്യങ്ങളുണ്ടെങ്കിലും കാതലായ വ്യത്യാസങ്ങളുമുണ്ട്.** മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണെന്ന കാര്യത്തിൽ രണ്ടും ഒരേ അഭിപ്രാ

യമാണ് രേഖപ്പെടുത്തുന്നത്. ദൈവത്തിന്റെ കല്പനകളനുസരിച്ച്, അവിടുത്തെ ആരാധിച്ച് സന്തോഷമായി കഴിയുക എന്ന മനുഷ്യസൃഷ്ടിയുടെ ലക്ഷ്യത്തിലും സാമ്യമുണ്ട്.

എന്നാൽ ദൈവ-മനുഷ്യബന്ധത്തെക്കുറിച്ച് യേശുക്രിസ്തുവിലൂടെ നല്കപ്പെട്ട അറിവും ഖുർആൻ നല്കുന്ന പ്രബോധനവും തമ്മിൽ കാതലായ അന്തരമുണ്ട്. ദൈവം മനുഷ്യനെ സ്ത്രീപുരുഷന്മാരായി സൃഷ്ടിച്ചത് അവരെ തന്റെ മക്കളായി സ്വീകരിച്ച്, തന്റെ ആന്തരികജീവനിൽ പങ്കുകാരാക്കി തന്നോടൊപ്പം എന്നേക്കും സന്തോഷമായി ജീവിക്കാൻ വേണ്ടിയാണ്. മനുഷ്യരെ ദൈവമക്കളുടെ സ്ഥാനത്തേക്ക് ഉയർത്തുക, അഥവാ ദത്തെടുക്കുക.

ദൈവത്തെ ഒരേസമയം പിതാവും മാതാവുമായി കാണുന്ന ബൈബിളിൽ മനുഷ്യർ ദൈവമക്കളാകാൻ വിളിക്കപ്പെട്ടവരും, യേശുക്രിസ്തുവിലൂടെ അതിനായി ശാക്തീകരിക്കപ്പെട്ടവരുമാണ്. *"തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നല്കി"* (യോഹ 1, 12) എന്ന പ്രസ്താവന ഈ സത്യം വ്യക്തമാക്കുന്നു. *"ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്... ഈ ആത്മാവു മൂലമാണ് നാം ആബാ-പിതാവേ എന്നു വിളിക്കുന്നത്... നാം മക്കളെങ്കിൽ അവകാശികളുമാണ്"* (റോമാ 8, 14-17). മക്കൾ, അവകാശികൾ, യേശുക്രിസ്തുവിന്റെ കൂട്ടവകാശികൾ - ഇതാണ് ബൈബിൾ വരച്ചുകാട്ടുന്ന ദൈവ-മനുഷ്യബന്ധം; കൊച്ചുകുട്ടിയുടെ സ്വാതന്ത്ര്യത്തോടെ ദൈവത്തെ അപ്പാ എന്നു വിളിക്കാനുള്ള അവകാശം. ഇവിടെ സ്നേഹമാണ് പ്രധാനം.

**ഖുർആന്റെ അടിസ്ഥാന കാഴ്ചപ്പാടുതന്നെ ദൈവത്തെ ഉടമയും മനുഷ്യനെ അടിമയുമായി കരുതുന്നതാണ്. അടിമയുടെ അനുസരണമാണ് ദൈവം മനുഷ്യനിൽനിന്ന് ആവശ്യപ്പെടുന്നത്**. "ഇബാദത്" എന്നാണ് ആരാധിക്കുക എന്നതിന് സാധാരണമായി ഉപയോഗിക്കുന്ന അറബി വാക്ക്. ഹീബ്രുവിലെ "അബാദ്" എന്ന വാക്കും ഇതേ ആശയം ഉൾക്കൊള്ളുന്നു. അടിസ്ഥാനപരമായി അടിമയ്ക്ക് ഉടമയോടുള്ള അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും ഭാവമാണിത്. ദാസൻ, ദാസ്യവേല എന്നും ഈ ബന്ധത്തെ വിശേഷിപ്പിക്കാം. കരുണാമയനും ദയാലുവും എങ്കിലും ഉടമയുടെ സ്ഥാനമാണ് ഖുർആനിൽ ദൈവ

ത്തിനുള്ളത്. ദൈവത്തിന് 99 വിശേഷണങ്ങൾ ഖുർആൻ നല്കുന്നുണ്ടെങ്കിലും "പിതാവ്" എന്ന വിശേഷണം ഒരിക്കൽപോലും നല്കുന്നില്ല.

ദാസൻ എന്ന് മനുഷ്യനെ, പ്രത്യേകിച്ചും ഇസ്രായേൽ ജനത്തെ വിശേഷിപ്പിക്കുന്നതായി ബൈബിളിലും കാണാം. ഇവിടെ ദൈവത്തിന്റെ തിരഞ്ഞെടുപ്പ്, പരിപാലന, പ്രത്യേക സംരക്ഷണം മുതലായവയ്ക്കാണ് ഊന്നൽ നല്കുന്നത്, *"ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ, ഞാൻ തിരഞ്ഞെടുത്ത എന്റെ പ്രീതിപാത്രം"* (ഏശ 43, 1-2); *"ഇതാ നിന്റെ പേര് എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു"* (ഏശ 49, 15). ഇതിന്റെയെല്ലാം ഉച്ചകോടി എന്ന നിലയിൽ വേണം യേശു ശിഷ്യന്മാർക്ക് നല്കുന്ന അന്തിമോപദേശത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു വാഗ്ദാനം: ***"ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല... ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചു"*** (യോഹ 15, 15).

## ചുരുക്കത്തിൽ

ബൈബിളിലെ ദൈവവും ഖുർആനിലെ അള്ളായും ഒരാൾ തന്നെയോ എന്ന ചോദ്യത്തിന് പ്രത്യക്ഷത്തിൽ അതേ എന്ന ഉത്തരമാണ് നല്കേണ്ടത് എന്നു തോന്നാം. ഇപ്രകാരം ഒരു ഉത്തരം നല്കാൻ പ്രേരിപ്പിക്കുന്ന വിവിധ കാരണങ്ങളുണ്ട്. ഇരു കൂട്ടരും ഏറ്റുപറയുന്ന ഏകദൈവ വിശ്വാസം, കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങൾ, ജോൺപോൾ II, ഫ്രാൻസിസ് മാർപ്പാപ്പാമാരുടെ ചില പ്രസ്താവനകൾ എന്നിവയാണ് അതേ എന്നു പറയാൻ പ്രേരണ നല്കാവുന്ന കാരണങ്ങൾ. അതോടൊപ്പം ദൈവത്തിന് നല്കുന്ന സ്രഷ്ടാവ്, പരിപാലകൻ, കരുണാമയൻ, നീതിപൂർവ്വം വിധിക്കുന്ന ന്യായാധിപൻ എന്നിങ്ങനെയുള്ള വിശേഷണങ്ങളും ഇരു കൂട്ടരും വിശ്വസിക്കുന്നത് ഒരേ ദൈവത്തിൽത്തന്നെയാണെന്ന പ്രതീതി ജനിപ്പിക്കുന്നു.

ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ ഇരു മതങ്ങളും തമ്മിൽ സമാനത ഏറെ ഉണ്ടെങ്കിലും അതിനേക്കാൾ കൂടുതൽ വ്യത്യാസങ്ങളുമുണ്ട്. ഖുർആനിൽ അടിയുറപ്പിച്ച ഇസ്ലാമികവിശ്വാസം അനുസരിച്ച് ദൈവം ഏകനാണ്; അവനു തുല്യനായി ആരുമില്ല; അവൻ ജനിക്കുന്നില്ല, ജനിപ്പിക്കുന്നുമില്ല. ത്രിത്വം

എന്നതു ക്രിസ്ത്യാനികൾ കണ്ടുപിടിച്ചതും ഏറ്റു പറയുന്നതുമായ ഒരന്ധവിശ്വാസമാണ്, ദൈവദൂഷണത്തിനു തുല്യമായ നുണ.

എന്നാൽ ക്രിസ്ത്യാനികളെ സംബന്ധിച്ച് ഏകദൈവം, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന തുല്യരായ മൂന്നു വ്യക്തികളുടെ കൂട്ടായ്മയാണ്. സ്വഭാവത്തിൽ ഏകത്വം, വ്യക്തിത്വത്തിൽ ത്രിത്വം. അത് ഏതെങ്കിലും ഒരു ക്രിസ്തുശിഷ്യന്റെ വികലമായ ഭാവനയിൽ ഉദിച്ച ഒരു വ്യർത്ഥസ്വപ്നമല്ല, മനുഷ്യനായി ജനിച്ച്, ജീവിച്ച്, മരിച്ച്, ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിലൂടെ നല്കപ്പെട്ട ഒരു ദൈവിക വെളിപ്പെടുത്തലാണ്. ഏതാണ്ട് ഏഴുനൂറ്റാണ്ടുകാലത്തെ, പരിശുദ്ധാത്മാവിന്റെ പ്രകാശനത്തോടെ നടത്തപ്പെട്ട, നിരന്തരമായ ചർച്ചയുടെയും പഠനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി ഏകദേശ വ്യക്തത ലഭിച്ച ചിത്രമാണ് ത്രിത്വം അഥവാ ത്രിയേകദൈവം എന്ന പേരിൽ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതും പ്രഘോഷിക്കുന്നതും.

## ഉപസംഹാരം

അബ്രാഹത്തെ വിശ്വാസികളുടെ പിതാവും മോശയെ നിയമദാതാവുമായി അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന ഏകദൈവ വിശ്വാസികളാണ് യഹൂദരും ക്രിസ്ത്യാനികളും മുസ്ലീമുകളും. എന്നാൽ യഹൂദരും മുസ്ലീമുകളും ദൈവത്തിന്റെ ഏകത്വത്തിൽ മാത്രം വിശ്വസിക്കുമ്പോൾ ക്രിസ്ത്യാനികൾ ഏകത്വത്തിലും അതേസമയം ത്രിത്വത്തിലും വിശ്വസിക്കുന്നു. ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള വിശ്വാസത്തിൽ പഴയനിയമത്തിൽ കാണുന്ന ദൈവചിത്രത്തോടാണ് മുസ്ലീമുകളുടെ വിശ്വാസത്തിനു കൂടുതൽ സാമ്യം. എന്നാലും അവിടെയും വ്യത്യാസങ്ങളുണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവും എന്ന ത്രിയേകദൈവത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികൾക്ക് ദൈവം സ്രഷ്ടാവും പരിപാലകനും വിധിയാളനും മാത്രമല്ല, രക്ഷകനും പിതാവും അതേസമയം മാതാവുമാണ്; പോരാ, ജ്യേഷ്ഠസഹോദരനും സ്നേഹിതനുമാണ്. ദൈവത്തിന്റെ ത്രിയേകസ്വഭാവം മനുഷ്യരോടുള്ള ബന്ധത്തിൽ പ്രതിഫലിക്കുന്നു; മനുഷ്യർ തമ്മിലുള്ള പരസ്പരബന്ധത്തിലും പ്രതിഫലിക്കണം. "ദൈവം സ്നേഹമാകുന്നു" എന്ന ആത്യന്തികമായ വെളിപാടാണ് ത്രിത്വം എന്ന സത്യത്തിലൂടെ ലഭിക്കുന്നത്.

അതിനാൽ ക്രിസ്ത്യാനികളും മുസ്ലീമുകളും ഒരേ ദൈവ

ത്തിലാണ് വിശ്വസിക്കുന്നത്; നമ്മുടെ വിശ്വാസങ്ങൾ തമ്മിൽ വ്യത്യാസമില്ല എന്ന സമീപനത്തിൽ പതിയിരിക്കുന്ന അപകടം തിരിച്ചറിഞ്ഞേ മതിയാകൂ. തന്നെയുമല്ല, ദൈവത്തെ സംബന്ധിച്ച വ്യക്തിയുടെ കാഴ്ചപ്പാട് അയാളുടെ ജീവിതശൈലിയിലും മനുഷ്യബന്ധങ്ങളിലും എല്ലാം പ്രകടമാകും. ഇതാണല്ലോ ക്രിസ്ത്യാനി കുരിശ് വിശ്വാസത്തിന്റെ അടയാളമായി സ്വീകരിക്കുമ്പോൾ മുസ്ലീമുകൾ വാൾ അടയാളമായി കരുതുന്നത്! എങ്ങനെയാണ് ക്രിസ്ത്യാനികൾ യുക്തിക്കു നിരക്കാത്ത ഈ ത്രിത്വവിശ്വാസത്തിലേക്കു വന്നത്? ഈ ചോദ്യത്തിനുത്തരം ആരാണ് യേശു ക്രിസ്തു എന്ന ചോദ്യത്തിനുള്ള ഉത്തരത്തെ ആശ്രയിച്ചിരിക്കുന്നു. അതിലേക്കാണ് നാം അടുത്തതായി ശ്രദ്ധ തിരിക്കുന്നത്. ആരാണ് യേശു? ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന യേശുവും മുസ്ലീമുകൾ പറയുന്ന ഈസാനബിയും ഒരാൾ തന്നെയോ? യേശു ക്രിസ്തു = ഈസാനബി?

# 3

## യേശു = ഈസാ?

### ചോദ്യം

ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന യേശുക്രിസ്തുവും ഖുർആൻ ആധാരമാക്കി മുസ്ലീമുകൾ ആദരിക്കുന്ന ഈസാ നബിയും ഒരാൾതന്നെയോ? ഒരാൾതന്നെ എന്നു കരുതുന്ന അനേകരുണ്ട്. അല്ല എന്നു കരുതുന്നവരുമുണ്ട്. ഇതിൽ ഏതഭിപ്രായമാണ് ബൈബിളിന്റെയും കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ ശരി? ഏതഭിപ്രായമാണ് ഒരു കത്തോലിക്കാവിശ്വാസിക്കു സ്വീകാര്യം?

### ഉത്തരം

ഇരുകൂട്ടരും വിശ്വസിച്ച് ഏറ്റുപറയുന്നത് ഒരേ വ്യക്തിയെത്തന്നെയാണ് എന്ന് അനുമാനിക്കാൻ അനേകം കാരണങ്ങളുണ്ട്. എന്നാൽ ഇരുകൂട്ടരുടെയും യേശുക്രിസ്തുവിനെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിലും വിശ്വാസത്തിലും കാതലായ വ്യത്യാസങ്ങളുമുണ്ട്. അതിനാൽ സാമ്യങ്ങളും വ്യത്യാസങ്ങളും ഏവയെന്ന് അന്വേഷിക്കണം.

## A സാമ്യങ്ങൾ

ബൈബിളിലും ഖുർആനിലും പ്രത്യക്ഷപ്പെടുന്ന യേശുവിന്റെ ചിത്രത്തിൽ അനേകം സാമ്യങ്ങളുണ്ട്. അവയെ ഒന്നൊന്നായി അടുത്തു പരിശോധിക്കണം.

### 1. പേര്: യേശു - ഈസാ

ഇസ്ലാം മതസ്ഥാപകനായ മുഹമ്മദിന്റെ പേരു കഴിഞ്ഞാൽ ഖുർആനിൽ ഏറ്റം കൂടുതൽ തവണ പരാമർശവിഷയമാകുന്ന

താണ് ഈസാ എന്ന പേര്. പുതിയനിയമത്തിന്റെ കേന്ദ്രമായി നില്ക്കുന്നതും യേശുതന്നെ. ബൈബിളിൽ യേശു എന്നും ഖുർ ആനിൽ ഈസാ എന്നും കാണുന്നത് ഒരാളിന്റെ തന്നെ പേരാണ് എന്നുകരുതാൻ ന്യായമുണ്ട്. രണ്ടു ഭാഷകളിലുള്ള അവതരണ മായതിനാൽ വരുന്ന വ്യത്യാസം മാത്രമേ രണ്ടുപേരുകളും തമ്മി ലുള്ളൂ. "യേശു" എന്ന് മലയാളത്തിൽ പറയുന്ന പേരിന്റെ മൂല രൂപം ഹീബ്രുവിൽ നിന്നാണ്. ബൈബിൾ, പഴയനിയമം, എഴു തപ്പെട്ട ഹീബ്രുഭാഷയിൽ ഈ പേരിന്റെ ഉത്ഭവം അറിഞ്ഞിരി ക്കുന്നത് അർത്ഥവും ധ്വനികളും ഗ്രഹിക്കാൻ സഹായിക്കും.

സീനായ് മലയുടെ അടിവാരത്തുവച്ച്, എരിയുന്ന മുൾപ്പടർ പ്പിൽനിന്ന് മോശയ്ക്കു ദൈവം സ്വയം വെളിപ്പെടുത്തിയ പേരാണ് "യാഹ്വേ" (പുറ 3, 14). ആ പേരിനോടുകൂടെ "രക്ഷ" എന്നർത്ഥ മുള്ള "ഷ്വാ" എന്ന വാക്കും കൂട്ടിച്ചേർക്കുമ്പോൾ "യാഹ്വേഷ്വാ" എന്നാകും. യാഹ്വേ എന്നത് "യെഹോവാ" എന്നും ഉച്ചരിക്കാം. അതു ലോപിച്ച് "യെഹോഷ്വാ" എന്നും വീണ്ടും ലോപിച്ച് "യെഷ്വാ'" എന്നും "യോഷ്വാ" എന്നും പേരുകളുണ്ടായി. യാഹ് വേ എന്ന പേരിന്റെ ഹ്രസ്വരൂപം "യോ" എന്നും "യാ" എന്നും ഉച്ചരിക്കാറുണ്ട്. ഹെബ്രായ ഭാഷയിൽ "ജ" എന്നൊരക്ഷരമോ തത്തുല്യമായ ശബ്ദമോ ഇല്ല; യ, യെ എന്നാണ് എഴുതുക. അതി നാൽ ജോഷ്വാ എന്നും യോഷ്വാ എന്നും പറയാം.

"യെഷ്വാ" എന്ന പേര് ഗ്രീക്കിലേക്കു വിവർത്തനം ചെയ്ത പ്പോൾ "യേസൂസ്" (Jesus) എന്നായി. ലത്തീനിലും യേസൂസ് എന്നുതന്നെ. ആ പേര് ഇംഗ്ലീഷിൽ എഴുതിയപ്പോൾ "ജീസസ്" എന്ന ഉച്ചാരണമുണ്ടായി. ഈ പേര് മലയാളത്തിലേക്കാക്കിയ പ്പോൾ "യേശു" എന്നു രൂപം പ്രാപിച്ചു. എന്നാൽ ഈ പേരുതന്നെ സുറിയാനിയിൽ "ഈശോ" എന്നാണുച്ചരിക്കുക. "ഈശോ"യിൽ നിന്ന് "ഈസാ"യിലേക്ക് അധികം ദൂരമില്ലല്ലോ. അതിനാൽ യേശു-ഈസാ എന്ന രണ്ടു രൂപങ്ങളും ഒരേ പേരിനെത്തന്നെ യാണ് സൂചിപ്പിക്കുന്നത് എന്നനുമാനിക്കുന്നതിൽ തെറ്റില്ല.

എന്നാൽ പേരിന്റെ അർത്ഥം ഇരുകൂട്ടരും ഒരുപോലെയല്ല മനസിലാക്കുന്നത് എന്ന കാര്യം മറക്കാനാവില്ല. യേശു എന്ന് ക്രിസ്ത്യാനികൾ പറയുമ്പോൾ "രക്ഷകൻ" എന്ന അർത്ഥമാണ തിനു പിന്നിലുള്ളത്. രക്ഷാചരിത്രത്തിന്റെ മുഴുവൻ ധ്വനിയും ഉൾക്കൊള്ളുന്നതാണ് യേശു എന്ന പേര്. എന്നാൽ മുസ്ലീമുകൾക്ക്

ഇപ്രകാരം ഒരർത്ഥമില്ല. ഉത്ഭവപാപം അംഗീകരിക്കാത്തവർക്ക് ഒരു രക്ഷകന്റെ ആവശ്യം അനുഭവപ്പെടുന്നില്ല. തന്നെയുമല്ല ആരുടെയെങ്കിലും മാധ്യസ്ഥ്യം വഴി നേടിയെടുക്കുന്നതല്ല, ദൈവകല്പനകൾ വിശ്വസ്തതയോടെ അനുസരിക്കുന്നവർക്കു ദൈവം നല്കുന്ന വേതനവും, അതേസമയം ദാനവും സമ്മാനവുമാണ് രക്ഷ. അതിനാൽ പേര് ഒന്നുതന്നെയെങ്കിലും അതിനു നല്കുന്ന അർത്ഥതലങ്ങൾ തമ്മിൽ ഏറെ വ്യത്യാസങ്ങളുണ്ട്

## 2. ക്രിസ്തു - മസീഹ്

ക്രിസ്ത്യാനികൾ "യേശുക്രിസ്തു" എന്നത് ഒരേ വ്യക്തിയെ സൂചിപ്പിക്കുന്ന ഒറ്റപ്പേരുപോലെയാണ് സാധാരണ കരുതുക. എന്നാൽ യേശു എന്നത് പേരും ക്രിസ്തു എന്നത് ഒരു സ്ഥാനപ്പേര്, അല്ലെങ്കിൽ വിശേഷണവും ആണെന്നതും ഓർക്കണം. ക്രിസ്തു എന്ന സ്ഥാനപ്പേരാണ് ഇവിടെ ചർച്ചാവിഷയം. യേശു എന്നപേരിലെന്നതുപോലെ ഇവിടെയും മൂലഭാഷയിലെ അർത്ഥം പ്രത്യേക പരിഗണന അർഹിക്കുന്നു.

ക്രിസ്തു എന്നത് ഗ്രീക്കു ഭാഷയിൽ നിന്നുവരുന്ന നാമമാണ്. അഭിഷേകം ചെയ്യുക എന്നർത്ഥമുള്ള "ക്രിയോ" (Chrio) എന്ന മൂലത്തിൽ നിന്നുത്ഭവിക്കുന്ന വിശേഷണമാണ് "ക്രിസ്തോസ്" (Christos). അഭിഷേകം ചെയ്യപ്പെട്ടവൻ എന്നർത്ഥം. ഇത് ഹീബ്രുഭാഷയിലുള്ള "മ്ശീഹാ" എന്ന വാക്കിന്റെ വിവർത്തനമാണ് "മ്ശഹ്" എന്ന് ക്രിയാരൂപം. "മ്ശഹ് - മ്ശീഹാ". ഇതിൽ നിന്നാണ് ഇംഗ്ലീഷിലെ മെസിയാ(Messiah)യും മലയാളത്തിലെ മിശിഹായും വരുന്നത്. ക്രിസ്തുവും മിശിഹായും ഒരേ അർത്ഥമുള്ള വാക്കുകൾ തന്നെ. യേശുവിന്റെ ഒരു സ്ഥാനപ്പേരും വിശേഷണവുമായി പുതിയ നിയമത്തിൽ അനേകം തവണ ഈ വാക്ക് പ്രത്യക്ഷപ്പെടുന്നുണ്ട്. ഖുർആനിൽ "മസീഹ്" എന്നു പറയുന്നതും ഇതേ വാക്കുതന്നെ എന്ന് കരുതാനാവും. അതിനാൽ യേശുക്രിസ്തു എന്നും ഈസാമസീഹ് എന്നു പറയുന്നതും ഒരാളെക്കുറിച്ചുതന്നെ എന്നും അനുമാനിക്കാം. എന്നാൽ പേരിന്റെ അർത്ഥത്തിലേക്കു കടക്കുമ്പോൾ വ്യത്യാസങ്ങൾ ഏറെയുണ്ട് എന്നു കാണാനാവും.

അഭിഷിക്തൻ എന്നാണ് ക്രിസ്തു-മിശിഹാ എന്ന വാക്കിന്റെ അർത്ഥം എന്നു പറഞ്ഞുവച്ചു. എന്നാൽ എന്താണ് ഇതു സൂചിപ്പിക്കുന്നത്? ഏതർത്ഥത്തിലാണ് യേശുവിനെ അഭിഷിക്തൻ

എന്നു വിശേഷിപ്പിക്കുന്നത്? ഉത്തരം തേടി ബൈബിളിലേക്കു തന്നെ തിരിയണം, പ്രത്യേകിച്ച് പഴയനിയമത്തിലേക്ക്.

ബൈബിളിൽ മൂന്നുവിധത്തിലുള്ള അഭിഷേകങ്ങളെക്കുറിച്ചു പരാമർശമുണ്ട്, പുരോഹിതൻ, രാജാവ്, പ്രവാചകൻ. ആദ്യത്തെ രണ്ടും തലയിൽ തൈലം പൂശിക്കൊണ്ടു നടത്തുന്ന അഭിഷേകത്തെയാണ് സൂചിപ്പിക്കുന്നത്. ഉദാ: മോശ *"പിന്നീട് ശിരസ്സിൽ തൈലാഭിഷേകം ചെയ്തു. അഹറോനെ വിശുദ്ധീകരിച്ചു"* (ലേവ്യർ 8, 12). ദൈവത്തിനായി മാറ്റിനിർത്തുക അഥവാ പ്രതിഷ്ഠിക്കുക എന്നാണ് വിശുദ്ധീകരിച്ചു എന്നതിനർത്ഥം. സാമുവേൽ പ്രവാചകൻ സാവൂളിനെയും ദാവീദിനെയും, പുരോഹിതൻ സാദോക്ക് സോളമനെയും രാജാവായി അഭിഷേകം ചെയ്തതും തലയിൽ തൈലം പൂശിയാണ് (1, സാമു 10,1; 16, 12; 1 രാജാ 1, 39). ഇതിൽനിന്നു തികച്ചും വ്യത്യസ്തമാണ് പ്രവാചകാഭിഷേകം. ഇവിടെ തൈലം പൂശുന്നില്ല; അഭിഷേകം ചെയ്യാൻ പുരോഹിതനുമില്ല. ദൈവം നേരിട്ട് തന്റെ ആത്മാവിനെ നല്കിക്കൊണ്ടാണ് ഒരാളെ പ്രവാചകനായി അഭിഷേകം ചെയ്യുന്നത്. ഉദാ: *"ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്... അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു"* (ഏശ 61, 1). കർത്താവിന്റെ ആത്മാവിനാൽ നിറഞ്ഞിരിക്കുന്നു എന്ന് അവകാശപ്പെടുന്ന മിക്കായും (3, 8) ഇപ്രകാരം ഒരു പ്രവാചകാഭിഷേകത്തിലേക്കു വിരൽ ചൂണ്ടുന്നു.

ഈസാ മെസിഹ് ആണെന്ന് പറയുമ്പോഴും ഏതർത്ഥത്തിലാണീപദം ഉപയോഗിക്കുന്നത് എന്നു ഖുർആൻ വ്യക്തമാക്കുന്നില്ല. എന്നാൽ ബൈബിളിന്റെ പൊതുവായ കാഴ്ചപ്പാടനുസരിച്ച് യേശുവിൽ ഈ മൂന്നുവിധം അഭിഷേകങ്ങളും യാഥാർത്ഥ്യമാകുന്നു. അഭിഷിക്തനായ പുരോഹിതനും രാജാവും പ്രവാചകനുമാണ് യേശു (ഹെബ്രാ 8, 1-6; യോഹ 18, 33-37; ലൂക്കാ 4, 21;13, 32-33). അതിനാൽ പേരിൽ സാമ്യമുണ്ടെങ്കിലും പേരുകൾ സൂചിപ്പിക്കുന്ന അർത്ഥതലങ്ങളിൽ വ്യത്യാസമുണ്ട് എന്നംഗീകരിച്ചേ മതിയാവൂ.

### 3. പ്രവാചകൻ

യേശുവിന് ഖുർആനിൽ ഏറ്റം അധികം നല്കപ്പെടുന്ന ഒരു വിശേഷണമാണ് പ്രവാചകൻ - "നബി". ദൈവത്തിന്റെ സന്ദേശം അറിയിക്കുന്നവനാണ് പ്രവാചകൻ. ഈ അർത്ഥത്തിൽ നബി

എന്ന വിശേഷണത്തോടൊപ്പം, ഒരുപക്ഷേ അതിനേക്കാൾ കൂടുതൽ ഉപയോഗിക്കുന്ന ഒരു വിശേഷണമാണ് "റസൂൽ". ദൂതൻ എന്നാണ് ഈ പദം അധികവും വിവർത്തനം ചെയ്യപ്പെടുക. തന്റെ വചനസന്ദേശം ജനത്തെ അറിയിക്കാനായി ദൈവം അയച്ച ദൂതനാണ് ഖുർആന്റെ കാഴ്ചപ്പാടിൽ ഈസാ. നബി, റസൂൽ എന്ന രണ്ടുപദങ്ങളും ഏറെ വ്യത്യാസമില്ലാതെ, ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നതായി കരുതുന്നവരുണ്ട്. എന്നാൽ ചുരുക്കം ചില അവസരങ്ങളിൽ വ്യത്യസ്ത അർത്ഥസൂചനകൾ ഉള്ളതായി കരുതുന്നവരുമുണ്ട്. ആദം, നോഹ, അബ്രാഹം, മോശ, ദാവീദ്, സോളമൻ, ഈസാ, മുഹമ്മദ് എന്നിവരാണ് മുഖ്യപ്രവാചകന്മാരായി ഖുർആൻ കരുതുന്നത്. അതിൽ മൂസക്ക് തൗറാത്തും, ഈസായ്ക്ക് ഇഞ്ചിലും നല്കപ്പെട്ടു; ദാവീദിന് സങ്കീർത്തനങ്ങളും എന്ന് ഖുർആൻ പഠിപ്പിക്കുന്നു.

സമാനമായ ഒരു കാഴ്ചപ്പാട് ബൈബിളിലും ദൃശ്യമാണ്. യേശുവിനെ പ്രവാചകനായി കാണുന്ന പല അവസരങ്ങളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സിക്കാർ എന്ന പട്ടണത്തിനുപുറത്ത്, കിണറ്റിൻകരയിൽ വച്ചു കണ്ടുമുട്ടിയ സമരിയാക്കാരി യേശുവിനെ പ്രവാചകനായി ഏറ്റു പറയുന്നു (യോഹ 4, 19). കാഴ്ച ലഭിച്ച ജറുസലെമിലെ കുരുടനും അതേ അഭിപ്രായമാണുള്ളത് (യോഹ 9, 17). യേശുവിന്റെ പരസ്യജീവിതം ഏതാണ്ട് പാതിവഴി പിന്നിട്ടപ്പോൾ ഒരു അഭിപ്രായന്വേഷണം യേശു തന്നെ നടത്തുന്നുണ്ട്. ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത് എന്ന ചോദ്യത്തിന് ശിഷ്യന്മാർ നല്കിയ ഉത്തരം വ്യക്തമാണ്: *"ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റുചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയാ അല്ലെങ്കിൽ പ്രവാചകന്മാരിൽ ഒരുവൻ എന്നും പറയുന്നു"* (മത്താ 16, 14). ഒരു കാര്യത്തിൽ ജനങ്ങൾ ഏകാഭിപ്രായക്കാരാണ്: യേശു ഒരു പ്രവാചകൻ തന്നെ. ജറുസലെമിലേക്കു നടത്തിയ രാജകീയ പ്രവേശനത്തിന്റെ അവസരത്തിൽ *"ജനക്കൂട്ടം പറഞ്ഞു: ഇവൻ ഗലീലിയിലെ നസ്രത്തിൽ നിന്നുള്ള പ്രവാചകനാണ്"* (മത്താ 21, 11).

ജനക്കൂട്ടം മാത്രമല്ല ശിഷ്യന്മാരും യേശുവിനെ ഒരു പ്രവാചകനായിട്ടാണ് കരുതിയിരുന്നത് എന്നതിനും സുവിശേഷം സാക്ഷി. കുരിശുമരണത്തിനുശേഷം നിരാശരായി ജെറുസലെം വിട്ടുപോയ രണ്ടുപേർ തങ്ങളുടെ ഗുരുവിനെക്കുറിച്ച് മനസിൽ

സൂക്ഷിച്ചിരുന്ന ചിത്രം മുഖ്യമായും പ്രവാചകന്റേതാണ്: *"അവൻ ദൈവത്തിന്റെയും ജനത്തിന്റെയും മുമ്പിൽ പ്രവൃത്തിയിലും വാക്കിലും ശക്തനായ പ്രവാചകനായിരുന്നു"* (ലൂക്കാ 24, 19). യേശുവിനെ പ്രവാചകനായി അവതരിപ്പിക്കുന്നത് ശിഷ്യന്മാർ നടത്തിയ സുവിശേഷ പ്രഘോഷണത്തിന്റെ ഭാഗമായിരുന്നു. വിജാതീയനായ റോമൻ ശതാധിപൻ കൊർണേലിയൂസിന്റെ വീട്ടിൽ വച്ച് പത്രോസ് നടത്തിയ പ്രസംഗത്തിൽ അതു വ്യക്ത മാകുന്നു: *"നസ്രായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തു എന്നും... നിങ്ങൾക്ക് അറിയാം"* (അപ്പ 10, 38). പരിശുദ്ധാത്മാവിനാൽ അഭി ഷിക്തനായ പ്രവാചകൻ. അതാണ് യേശു.

യേശുവിന്റെ തന്നെ വാക്കുകളിലും യേശുവിന്റെ പ്രവാച കത്വം നിഴലിക്കുന്നുണ്ട്. തന്റെ ദൗത്യം ആരംഭിച്ചുകൊണ്ട് സ്വന്തം പട്ടണമായ നസ്രത്തിലെ സിനഗോഗിൽ വച്ചു നടത്തിയ പ്രസംഗം ആരംഭിക്കുന്നതുതന്നെ ഇപ്രകാരം ഒരു സൂചന നല്കിക്കൊ ണ്ടാണ്. *"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെ യ്തിരിക്കുന്നു... അയച്ചിരിക്കുന്നു"* (ലൂക്കാ 4, 18-19). പരിശുദ്ധാ ത്മാവിനാൽ അഭിഷിക്തനും സുവിശേഷം അറിയിക്കാൻ അയ യ്ക്കപ്പെട്ടവനുമാണ് താൻ എന്ന് പ്രവാചകവചനം ഉദ്ധരിച്ചു കൊണ്ട് യേശു തന്നെ പ്രഖ്യാപിക്കുന്നു. വചനം പ്രഘോഷി ക്കാൻ അയയ്ക്കപ്പെട്ടവൻ; പ്രവാചകനും ഒപ്പം ദൂതനും. ഖുർആ നിൽ ഈസായ്ക്കു നല്കപ്പെടുന്ന വിശേഷണങ്ങൾ - നബി, റസൂൽ. രണ്ടും സുവിശേഷങ്ങളിലും പ്രത്യക്ഷപ്പെടുന്നു എന്ന് കരുതാം. "അയയ്ക്കപ്പെട്ടവൻ" എന്നതിന് ഗ്രീക്കിൽ *അപ്പോ സ്തൊലോസ്* എന്ന വാക്കാണ് ഉപയോഗിക്കുക. അതിന് തുല്യ മാണ് അറബിയിലെ റസൂൽ. എന്നാൽ ഈ വാക്ക് യേശുവിന്റെ ഒരു വിശേഷണമായി സുവിശേഷങ്ങൾ സ്വീകരിച്ചിട്ടില്ല. എന്നാലും ദൈവത്താൽ (പിതാവിനാൽ) അയയ്ക്കപ്പെട്ടവനാണ് താൻ എന്ന് യേശു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട് (മത്താ. 10,40; 15,24; 21,37; യോഹ 3,17; 4,34; 5,23.36).

സുവിശേഷം പ്രഘോഷിക്കുകയും അത്ഭുതങ്ങൾ പ്രവർ ത്തിക്കുകയും ചെയ്യുന്നതിൽ മാത്രമല്ല സ്വന്തം ജനത്താൽ തിര സ്കരിക്കപ്പെടുന്നതിലും പഴയ നിയമ പ്രവാചകന്മാരുമായി

സാധർമ്മ്യം യേശുവിൽ കാണാം; യേശുതന്നെ അത് എടുത്തു കാട്ടിയിട്ടുമുണ്ട്. തന്നെ വധിക്കാൻ പദ്ധതി ഒരുക്കുന്ന ഹേറോദേസ് അന്തിപ്പാസ് രാജാവിനു കൊടുത്ത മറുപടിയിലാണ് ഈ സൂചന: *"നിങ്ങൾ പോയി ആ കുറുക്കനോടു പറയുവിൻ: ഞാൻ... ജറുസലെമിനു പുറത്തുവച്ച് ഒരു പ്രവാചകൻ നശിക്കുക സാധ്യമല്ല"* (ലൂക്കാ 13, 32-33). യഹൂദ നേതാക്കന്മാർക്കെതിരേ നടത്തിയ അതിശക്തമായ പ്രഭാഷണമധ്യേ യേശു തിരസ്കരിക്കപ്പെടുന്ന പ്രവാചകരുടെ ഗണത്തിൽ സ്വയം ഉൾപ്പെടുത്തുന്നതും പ്രവാചകത്വത്തിലേക്കു വിരൽ ചൂണ്ടുന്നു: *"പ്രവാചകന്മാരുടെ ശവകുടീരങ്ങൾ പണിയുകയും... നിങ്ങൾ പ്രവാചകന്മാരെ വധിച്ചവരുടെ സന്താനങ്ങളാണെന്ന് നിങ്ങൾക്കുതന്നെ എതിരായി സാക്ഷ്യം നല്കുന്നു. നിങ്ങളുടെ പിതാക്കന്മാരുടെ ചെയ്തികൾ നിങ്ങൾ പൂർത്തിയാക്കുവിൻ"* (മത്താ 23, 29-32).

സംശയമില്ല, ബൈബിൾ, പ്രത്യേകിച്ചും സുവിശേഷങ്ങൾ, യേശുവിനെ പ്രവാചകനായി ചിത്രീകരിക്കുന്നു. അതിനാൽ ഖുർആനിലും ബൈബിളിലും പ്രത്യക്ഷപ്പെടുന്ന യേശു - ഈസാ ഒന്നുതന്നെ എന്ന അനുമാനത്തിന് ഇതും ശക്തി പകരുന്നു. എന്നാൽ എപ്രകാരമുള്ള പ്രവാചകനായിരുന്നു യേശു എന്ന ചോദ്യം അല്പം കൂടി ആഴത്തിൽ അപഗ്രഥിക്കുമ്പോൾ വലിയ വ്യത്യാസങ്ങൾ പ്രകടമാകും. സുവിശേഷങ്ങളിലെ യേശു പ്രവാചകൻ സ്വന്തം ജീവൻ കൊടുത്ത് വചനത്തിനു സാക്ഷ്യം നല്കിയവനാണ്. രക്തസാക്ഷിയായ പ്രവാചകൻ. എന്നാൽ ഖുർആനിലെ ഈസായ്ക്കു മരണമില്ല. അതു വഴിയേ കാണാം.

**4. കന്യാജനനം**

ഖുർആനിലും ബൈബിളിലും കാണുന്ന യേശു ചിത്രത്തിലെ ശ്രദ്ധാർഹമായ മറ്റൊരു സാമ്യമാണ് യേശുവിന്റെ കന്യാജനനം. മർയമിന്റെ പുത്രൻ എന്ന് അനേകം തവണ ഖുർആൻ ഈസായെ വിശേഷിപ്പിക്കുന്നുണ്ട്. അതിൽ ഏറ്റം പ്രധാനമാണ് കന്യകയായ മർയമിനു ദൈവദൂതനിൽ നിന്നു ലഭിക്കുന്ന സന്ദേശവും യേശുവിന്റെ കന്യാജനനവും. സുവിശേഷങ്ങളിൽ, പ്രത്യേകിച്ചും ലൂക്കാ എഴുതിയ സുവിശേഷത്തിൽ കാണുന്ന വിവരണത്തോട് (ലൂക്കാ 1, 26-38) ഏറെ സാമ്യമുണ്ട് ഖുർആൻ നല്കുന്ന വിവരണത്തിന്.

ഖുർആൻ 19-ാം അധ്യായം "മർയം" എന്ന പേരിലാണ് അറിയപ്പെടുന്നത്. 98 വാക്യങ്ങളുള്ള ഈ അധ്യായത്തിന്റെ ഏതാണ്ട് മൂന്നിൽ ഒരു ഭാഗം മർയമിനെയും മകനെയും കുറിച്ചു പ്രതിപാദിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നു. ശിശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പു മുതൽ ഈ സാമ്യം ദൃശ്യമാണ്.

*"അവൾ സ്വജനത്തിൽ നിന്നകന്ന് കിഴക്കു വശത്ത്, ഏകാന്തയായി കഴിഞ്ഞ സന്ദർഭം. അവൾ ഒരു തിരശ്ശീലയിട്ട്, അവരിൽനിന്ന് മറഞ്ഞിരിക്കുകയായിരുന്നു. ഈ അവസരത്തിൽ നാം നമ്മുടെ* ***റൂഹിനെ*** *(അഥവാ മലക്കിനെ) അവളിലേക്കയച്ചു. മലക്ക് ഒരു തികഞ്ഞ മനുഷ്യരൂപത്തിൽ അവൾക്കു പ്രത്യക്ഷനായി... അയാൾ പറഞ്ഞു: ഞാനോ നിന്റെ റബ്ബിന്റെ ദൂതനാകുന്നു. നിനക്കൊരു വിശുദ്ധനായ പുത്രനെ തരുന്നതിനുവേണ്ടി നിയുക്തനായവൻ. മർയം പറഞ്ഞു: എനിക്കു പുത്രനുണ്ടാകുന്നതെങ്ങനെ? എന്നെ യാതൊരു പുരുഷനും സ്പർശിച്ചിട്ടുപോലുമില്ല... മലക്ക് പറഞ്ഞു. അവ്വിധം തന്നെ സംഭവിക്കും. അപ്രകാരം പ്രവർത്തിക്കുക എനിക്കു വളരെ നിസ്സാരമാണെന്ന് നിന്റെ റബ്ബു പറയുന്നു. ആ കുഞ്ഞിനെ ജനങ്ങൾക്കൊരു* ***ദൃഷ്ടാന്തവും*** *നമ്മുടെ പക്കൽ നിന്നുള്ള* ***കാരുണ്യവും*** *ആകേണ്ടതിനത്രേ നാം ഇങ്ങനെ ചെയ്യുന്നത്. അതു സംഭവിക്കുകതന്നെ ചെയ്യും"* (ഖുർ 19, 21-25).

മാനുഷികവീക്ഷണത്തിൽ അസാധ്യമെന്നു തോന്നുന്ന ഒരു കാര്യമാണ് ഇവിടെ അറിയിക്കുന്നത്. സുവിശേഷം നല്കുന്ന വിവരണത്തിന്റെ സ്വാധീനം ഖുർആൻ വിവരണത്തിൽ വ്യക്തമാണ്. മറിയത്തിന്റെ കന്യകാത്വം, ദൂതന്റെ സന്ദേശം, മറിയത്തിന്റെ പ്രതികരണം, ദൂതൻ നല്കുന്ന വിശദീകരണം ഇവയിലെല്ലാം വ്യക്തമായ സാമ്യങ്ങളുണ്ട്. ഇവയ്ക്കു പുറമേ ദൂതൻ നല്കുന്ന വിശദീകരണത്തിൽ മൂന്നു കാര്യങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

1. ദൈവം അയച്ച റൂഹ്, 2 ദൃഷ്ടാന്തം, 3. കാരുണ്യം. "അഥവാ മലക്കിനെ" എന്നു വിവർത്തകൻ വിശദീകരിക്കുന്നത് റൂഹ് എന്ന വാക്കാണ്. ആത്മാവ് എന്നാണിതിനർത്ഥം. ഒരുപക്ഷേ ഖുർആൻ വിവർത്തകരും വ്യാഖ്യാതാക്കളും, എന്തിനേറെ, എഴുതിയവർ പോലും അറിയാത്ത ആഴം ഈ വാക്കിനില്ലേ എന്നു സംശയിക്കണം. ദൈവത്തിന്റെ ആത്മാവ് എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധിക്കണം. ദൃഷ്ടാന്തം, കാരുണ്യം എന്നീ വാക്കുകളിൽ ദൈ

വാലയത്തിൽ ദൈവത്തിനു സമർപ്പിക്കാൻ കൊണ്ടുവന്ന ശിശു വിനെ കൈകളിലെടുത്ത് വൃദ്ധനായ ശിമയോൻ പറഞ്ഞ വാക്കു കൾ പ്രതിഫലിക്കുന്നതു കാണാം. *"സകല ജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു. അത് വിജാതീയർക്കു വെളിപാടിന്റെ പ്രകാശവും..."* (ലൂക്കാ 2, 31-32). "ദൃഷ്ടാന്തം" എന്നു വിവർത്തനം ചെയ്തിരിക്കുന്ന അറ ബിവാക്കിന് "അടയാളം" എന്നും "വെളിപാടെ"ന്നും അർത്ഥ മുണ്ട്. യേശുവിനെ ദൈവത്തിന്റെ കരുണയുടെ വെളിപ്പെടുത്ത ലായി ഖുർആനും ബൈബിളും ഒരുപോലെ ചിത്രീകരിക്കുന്നു എന്നു പറയാനാവും.

ശിശുവുമായി വീട്ടിൽ മടങ്ങിയെത്തിയ മർയമിനെതിരേ നാട്ടു കാർ വ്യഭിചാരക്കുറ്റം ആരോപിച്ചപ്പോൾ തൊട്ടിലിൽ കിടന്ന ശിശു തന്നെ അമ്മയുടെ കന്യകാത്വത്തിനു സാക്ഷ്യം നല്കുന്ന തായി ഖുർആൻ രേഖപ്പെടുത്തിയിരിക്കുന്നു. *"ശിശു പറഞ്ഞു: ഞാൻ അള്ളാഹുവിന്റെ ദാസനാകുന്നു. എനിക്കവൻ വേദം നല് കുകയും എന്നെ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു... അ വൻ എന്നെ സ്വമാതാവിനെ നന്നായി പരിചരിക്കുന്നവനുമാക്കി യിരിക്കുന്നു"* (ഖുർ 19, 30). മാതാപിതാക്കന്മാരെ എന്നു പറ യാതെ മാതാവിനെ പരിചരിക്കുന്നവൻ എന്നു മാത്രം പറയു ന്നതും യേശുവിന് ഒരു ശാരീരിക പിതാവില്ലെന്നും കന്യകയിൽ നിന്നാണ് ജനിച്ചതെന്നും വീണ്ടും സൂചിപ്പിക്കുന്നു.

### 5. പ്രബോധനം - പ്രവർത്തനങ്ങൾ

ദൈവം ഈസായ്ക്ക് ഇഞ്ചീൽ നല്കിയെന്നു ഖുർആൻ അനേകം തവണ ആവർത്തിച്ചു പറയുന്നുണ്ട്. എവൻഗേലിയോൺ എന്ന ഗ്രീക്കു വാക്കിന്റെ തത്സമരൂപമായ ലത്തീനിലെ "എവ ൻജേലിയും" എന്ന വാക്കിൽനിന്നാണ് "ഇഞ്ചീൽ" എന്ന അറ ബിവാക്കിന്റെ നിഷ്പത്തി എന്ന് അനുമാനിക്കാനാവും. മോശ യ്ക്ക് തൌറാത്തും ഈസായ്ക്ക് ഇഞ്ചീലും നല്കി എന്നു പലത വണ പറയുന്നുണ്ടെങ്കിലും എന്താണ് ഇഞ്ചീലിന്റെ ഉള്ളടക്കം എന്നു വിശദീകരിക്കുന്നില്ല. തൗറാത് എന്നാൽ തോറാ (നിയമം)യും ഇഞ്ചീൽ സുവിശേഷവുമാണ്.

പ്രബോധനത്തിന്റെ ഉള്ളടക്കത്തെക്കാൾ കൂടുതൽ യേശു വിന്റെ പ്രവർത്തനങ്ങൾക്ക് ഖുർആൻ പ്രാധാന്യം നല്കുന്നതായി കാണാം. ഈ പ്രവർത്തനങ്ങൾ അധികപങ്കും അത്ഭുതപ്രവർത്ത

നങ്ങളായിരുന്നു. ബാല്യകാലം മുതൽ പ്രവർത്തിച്ച അത്ഭുതങ്ങൾ ഖുർആൻ 5,110-ൽ വിവരിക്കുന്നുണ്ട്. *"... നീ തൊട്ടിലിൽ വച്ച് ജനങ്ങളോടു സംസാരിച്ചു... കളിമണ്ണുകൊണ്ട് പക്ഷിയുടെ രൂപമുണ്ടാക്കി ഊതിയപ്പോൾ എന്റെ ഹിതത്താൽ അതു പക്ഷിയായിത്തീർന്ന സന്ദർഭം; ജന്മനാ അന്ധനായവനെയും പാണ്ടുരോഗിയെയും... നീ സുഖപ്പെടുത്തിയ സന്ദർഭം; എന്റെ ഹിതത്താൽ നീ മൃതരെ ഉയർപ്പിച്ച സന്ദർഭം...."*

ബാല്യകാലത്തിൽ ചെയ്തതായി പറയുന്ന അത്ഭുതങ്ങളെല്ലാം കത്തോലിക്കാസഭ അപ്രമാണികങ്ങളായി കരുതുന്ന ചില ബാല്യകാല സുവിശേഷങ്ങളിൽ നിന്ന് എടുത്തതാണെന്നു കരുതാൻ ന്യായമുണ്ട്. ഉദാ. തോമായുടെ ബാല്യകാല സുവിശേഷം 2, 1-5 കളിമൺ പക്ഷികൾ പറക്കുന്നു. മറ്റ് അത്ഭുതങ്ങളെല്ലാം സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളവയാണ്. ഈ അത്ഭുതങ്ങളെല്ലാം യേശു ദൈവത്തിന്റെ പ്രത്യേകമായ വരവും ശക്തിയും കൊണ്ടാണ് പ്രവർത്തിച്ചതെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. യേശു ബാല്യകാലത്ത് എന്തെങ്കിലും അത്ഭുതം പ്രവർത്തിച്ചതായി സുവിശേഷങ്ങൾ പറയുന്നില്ല. തന്നെയുമല്ല, സുവിശേഷങ്ങൾ രേഖപ്പെടുത്തുന്ന അത്ഭുതങ്ങളെല്ലാം തന്നെ അടയാളങ്ങളാണ്, ദൈവത്തിന്റെ കാരുണ്യത്തിന്റെയും യേശുവിന്റെ ദൈവികതയുടെയും ദൈവരാജ്യസാന്നിധ്യത്തിന്റെയും അടയാളങ്ങൾ.

ഇത്രയും കാര്യങ്ങളിൽ ഖുർആനിലെ ഈസായും ബൈബിളിലെ യേശുവും തമ്മിൽ സാമ്യങ്ങളുണ്ട്; സാമ്യങ്ങൾ പൂർണ്ണമല്ലെങ്കിൽത്തന്നെ. അതിനാൽ ഈസായും യേശുവും ഒരാൾതന്നെയെന്നു പറയാൻ കഴിയുമോ? ബാഹ്യമായി മാത്രം കാണുമ്പോൾ ഒരാൾ തന്നെ എന്നു തോന്നാം. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ പരസ്പരവിരുദ്ധമായ അനേകം സവിശേഷതകൾ രണ്ടു വിവരണങ്ങളിലും കാണാം. സാമ്യങ്ങൾ അപഗ്രഥിച്ചപ്പോൾ കണ്ടതിനേക്കാൾ ആഴമേറിയ വ്യത്യാസങ്ങൾ ഇരുവരും തമ്മിലുണ്ട്. അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

## B വ്യത്യാസങ്ങൾ

പേരും സാഹചര്യങ്ങളും പ്രവർത്തനങ്ങളും പരിഗണിച്ചാൽ ഇരുവരും തമ്മിൽ സാമ്യങ്ങളുണ്ടെങ്കിലും അവ ഉപരിപ്ലവമായ

സാമ്യങ്ങൾ മാത്രമാണെന്നു കാണാൻ കഴിയും. ഈസായും യേശുവും ഒരാൾ തന്നെ എന്നു പറയുമ്പോഴും ആ വ്യക്തിയെ മനസിലാക്കുന്ന കാര്യത്തിൽ ബൈബിളും ഖുർആനും തമ്മിൽ കാതലായ വ്യത്യാസങ്ങളുണ്ട്.

## 1. യേശു - ചരിത്രപുരുഷൻ

ബൈബിളും ഖുർആനും അവതരിപ്പിക്കുന്ന യേശു-ഈസാ ചിത്രങ്ങളിൽനിന്ന് ഏറ്റം ആദ്യം ശ്രദ്ധയിൽപ്പെടുന്ന വ്യത്യാസം ഇരു വ്യക്തികളുടെയും ചരിത്രപരതയാണ്. ബൈബിളിലെ യേശു ഒരു നിശ്ചിതകാലത്ത്, ഒരു പ്രത്യേകസ്ഥലത്തു ജനിച്ച്, ജീവിച്ച്, മരിച്ച ഒരു ചരിത്രപുരുഷനാണ്. പുതിയ നിയമം മുഴുവൻ, പ്രത്യേ കിച്ചും സുവിശേഷങ്ങൾ ഈ വസ്തുതയ്ക്കു സാക്ഷ്യം വഹി ക്കുന്നു; സമകാലികചരിത്രരേഖകൾ ഈ സാക്ഷ്യം സ്ഥിരീകരി ക്കുന്നു (ചരിത്രരേഖകൾ നാം കണ്ടുകഴിഞ്ഞു).

അഗസ്റ്റസ് സീസർ റോമാ ഭരിക്കുമ്പോൾ, ഹേറോദേസ് മഹാ രാജാവ് പലസ്തീനായിൽ രാജാവായി വാഴുമ്പോഴാണ് നസ്രെ ത്തിലെ ഒരു തച്ചന്റെ മകൻ എന്ന നിലയിൽ യേശു ജനിച്ചത്. ചക്രവർത്തിയുടെ കല്പന അനുസരിച്ച്, ജനസംഖ്യാകണക്കെ ടുപ്പിൽ പേരു ചേർക്കാൻ, പൂർണ്ണ ഗർഭിണിയായ ഭാര്യ മറിയ ത്തെയും കൂട്ടി ജോസഫ് ബേത്‌ലെഹെമിലേക്കു പോയി. അവി ടെവച്ചാണ് യേശു ജനിച്ചത്, തന്റെ പൂർവ്വികനായ ദാവീദിന്റെ പട്ടണത്തിൽവച്ച്. ഏകദേശം മുപ്പതുവർഷം ദീർഘിച്ച നസ്രെ ത്തിലെ സാധാരണ ജീവിതത്തിനുശേഷം പരസ്യജീവിതം ആരം ഭിച്ചു. അന്ന് ഗലീലി ഭരിച്ചിരുന്നത് ഹേറോദേസ് അന്തിപ്പാസും യുദയായിലെ ഭരണാധികാരി റോമൻ പ്രൊക്യുറേറ്റർ പൊന്തി യോസ് പിലാത്തോസുമായിരുന്നു. പീലാത്തോസിന്റെ കല്പന പ്രകാരമാണ് ജറുസലെമിൽവച്ച് യേശുവിനെ കുരിശിൽ തറച്ചു കൊന്നത്. ഇത്രയും അനിഷേധ്യമായ ചരിത്രസത്യങ്ങൾ.

എന്നാൽ ഖുർആനിലെ ഈസായുടെ സ്ഥിതിയോ? എന്ന്, എവിടെ ജനിച്ചു, എവിടെ, എത്രകാലം ജീവിച്ചു എന്നൊന്നും ഖുർആനു പറയാനില്ല. പറയാനുള്ള കഥകളാകട്ടെ, സുവിശേഷം അവതരിപ്പിക്കുന്ന ചരിത്രവസ്തുതകളുമായി പൊരുത്തപ്പെടുന്ന തുമല്ല. ഇതിൽനിന്ന് തന്നെ വ്യക്തമാകുന്ന ഒരു സത്യമുണ്ട്. ഖുർ ആനിലെ ഈസാ ഒരു ചരിത്രപുരുഷനല്ല, ചിലരുടെ ഭാവനാ സൃഷ്ടിമാത്രം. ചരിത്രപരുഷനായ യേശുവിനെക്കുറിച്ച് സുവിശേ

ഷങ്ങളും വിശ്വസനീയമല്ലാത്ത അപ്രാമാണിക ഗ്രന്ഥങ്ങളും നല്കുന്ന വിവരണങ്ങളിൽനിന്ന് തങ്ങൾക്ക് ഉപകാരപ്രദം എന്നു തോന്നിയ ചില കാര്യങ്ങൾ പെറുക്കിയെടുത്ത് രൂപപ്പെടുത്തിയ ഒരു സങ്കല്പസൃഷ്ടിയാണ് ഖുർആനിലെ ഈസാ.

**2. ജനനം, ജീവിതം**

യേശു കന്യകയായ മറിയത്തിൽനിന്നു ജനിച്ചു എന്ന് ബൈബിളും ഈസാ കന്യകയായ മർയമിൽനിന്നു ജനിച്ചു എന്ന് ഖുർആനും രേഖപ്പെടുത്തുന്നതിനാൽ രണ്ടും ഒന്നുതന്നെ എന്നു തോന്നാം. എന്നാൽ ആരാണീ കന്യകാമാതാവ്, അവൾ ശിശുവിനെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്ത സാഹചര്യങ്ങൾ എന്ത്, ജനനത്തിനുശേഷം യേശു - ഈസാ എങ്ങനെ ജീവിച്ചു, എന്തൊക്കെ ചെയ്തു എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുമുമ്പിൽ യേശുവും ഈസായും തമ്മിൽ ഒരിക്കലും യോജിപ്പിക്കാനാവാത്ത അകലം പ്രത്യക്ഷപ്പെടുന്നതായി കാണാം.

നസ്രത്തിലെ മരപ്പണിക്കാരനായ ജോസഫ് എന്ന പുരുഷനുമായി വിവാഹ നിശ്ചയം ചെയ്തിരുന്ന ഒരു കന്യകയാണ് ബൈബിളിലെ മറിയം (ലൂക്കാ 1, 26-27; മത്താ 1, 18-25). അവളുടെ മാതാപിതാക്കൾ ആരെന്നു ബൈബിൾ പറയുന്നില്ല. യൊവാക്കിം - അന്ന എന്ന ദമ്പതികളായിരുന്നു അവർ എന്ന് സഭാപാരമ്പര്യം പഠിപ്പിക്കുന്നു. അനേകം അപ്രാമാണികഗ്രന്ഥങ്ങളും ഇവരെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ആരാണ് ഖുർആനിലെ മർയം?

ഇമ്രാം ആണ് അവളുടെ പിതാവ്; അഹറോനും മോശയും സഹോദരർ (ഖുർ 19, 28; 3, 35-36). ഇത് നസ്രത്തിലെ മരപ്പണിക്കാരൻ ജോസഫിന്റെ ഭാര്യയല്ല, അവർക്ക് ഏകദേശം 1300 വർഷങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന മിരിയാമാണ്. ഖുർആൻ ഗ്രന്ഥകർത്താവിനു തെറ്റു പറ്റിയതോ, അതോ ഖുർആനിൽ പരാമർശ വിഷയമാകുന്ന ഈസാ നബി അഹറോന്റെയും മോശയുടെയും സഹോദരി പുത്രനോ? ഇതു രണ്ടുമല്ല, "അഹറോന്റെ സഹോദരി" എന്ന വിശേഷണം പ്രതീകാത്മകമായി മാത്രം എടുക്കണം എന്നു ഖുർആൻ വ്യാഖ്യാതാക്കൾ പഠിപ്പിക്കുമ്പോഴും എന്തിന്റെ പ്രതീകം എന്നു വ്യക്തമാകുന്നില്ല.

മർയാമിനു ദൈവദൂത സന്ദേശം ലഭിക്കുമ്പോൾ അവൾ *"തിരശ്ശീലയിട്ട് അന്യരിൽ നിന്നു മറഞ്ഞിരിക്കുകയായിരുന്നു"*.

പ്രാർത്ഥനാനിരതയായിരുന്നു എന്നാവാം അർത്ഥം. എന്നാൽ ദൈവദൂതസന്ദേശം ലഭിച്ച ഉടനെ അവൾ മരുഭൂമിയിലേക്ക് ഓടുന്നു - എന്തിന്? പ്രസവവേദനയാൽ നിലവിളിക്കുന്നു. മരിക്കാൻ ആഗ്രഹിക്കുന്നു. ദൂതൻ ആശ്വസിപ്പിക്കുന്നു: ഖുർആനിൽ നിന്നുതന്നെ കേൾക്കാം.

*"അങ്ങനെ മർയം കുഞ്ഞിനെ ഗർഭം ധരിച്ചു. ഗർഭവുമായി അവൾ അകലെയുള്ള ഒരു സ്ഥലത്ത് ചെന്നെത്തി. പിന്നെ പ്രസവവേദന അവളെ ഒരു ഈന്തപ്പനയുടെ ചുവട്ടിൽ എത്തിച്ചു. അവൾ കേണുകൊണ്ടിരുന്നു: ഹാ കഷ്ടം! ഇതിനുമുമ്പ് ഞാൻ തന്നെ മരിക്കുകയും എന്റെ പേരും കുറിയും വിസ്മൃതമാവുകയും ചെയ്തിരുന്നെങ്കിൽ! അപ്പോൾ താഴെനിന്ന് മലക്ക് വിളിച്ചറിയിച്ചു. വ്യസനിക്കാതിരിക്കുക. നിന്റെ റബ്ബ് നിനക്കുതാഴെ ഒരു അരുവി പ്രവഹിപ്പിച്ചിരിക്കുന്നു. നീ ആ ഈന്തപ്പനയുടെ തടിയൊന്നു കുലുക്കി നോക്കുക. അതു നിനക്ക് പുതിയ ഈന്തപ്പഴം തുടരെ വീഴ്ത്തിത്തരും. അതു തിന്നുകയും കുടിക്കുകയും കൺകുളിർക്കുകയും ചെയ്തുകൊള്ളുക..."* (ഖുർ 19, 26-27).

അങ്ങനെ മരുഭൂമിയിൽ ഒഴുകുന്ന വെള്ളം കുടിച്ചും ഈന്തപ്പഴം തിന്നും മർയം ജീവിച്ചു. കുഞ്ഞിനെ മരുഭൂമിയിൽ പ്രസവിച്ചു. പിന്നീട് കൈക്കുഞ്ഞുമായി നാട്ടിൽ തിരിച്ചെത്തിയപ്പോൾ നാട്ടുകാർ അവളിൽ വ്യഭിചാരക്കുറ്റം ആരോപിച്ചു. തൊട്ടിലിൽ കിടന്ന ശിശുവാണ് മറുപടി പറഞ്ഞ് അമ്മയുടെ ചാരിത്ര്യശുദ്ധി തെളിയിച്ചത്.

ഇതുതന്നെയാണ് ബൈബിളിൽ കാണുന്ന യേശുവിന്റെ അമ്മയായ മറിയം എന്നു ഒരു കാരണവശാലും വിശ്വസിക്കാനാവില്ല. ഗർഭധാരണത്തിനുശേഷം തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിക്കാൻ പോയതായി ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കാ 1, 39-45). അത് മരുഭൂമിയിലെ ഏകാന്തവാസമല്ല. എലിസബത്തും സഖറിയായും ജീവിച്ചിരുന്ന, നസ്രത്തിൽ നിന്നും ഏകദേശം 130 കിലോമീറ്റർ തെക്ക്, ജറുസലെമിൽനിന്ന് 7 കിലോമീറ്റർ തെക്കുപടിഞ്ഞാറുള്ള "ഐൻകരീം" എന്ന ഗ്രാമത്തിലേക്കാണ് അവൾ പോയത്. അവിടെ പട്ടിണിയും ദാരിദ്ര്യവും ഒന്നും അനുഭവിച്ചില്ല. മൂന്നു മാസത്തോളം സ്വന്തക്കാരുടെ കൂടെ വസിച്ച്, സ്നാപകന്റെ ജനനത്തിലൂടെ സംഭവിച്ച ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തനത്തിനു സാക്ഷ്യം വഹിച്ചതിനു

ശേഷം അവൾ നസ്രത്തിലേക്കു മടങ്ങി; കൈക്കുഞ്ഞുമായിട്ടല്ല, ഗർഭിണിയായി.

പ്രതിശ്രുത വരനായ ജോസഫ് സംശയിച്ചെങ്കിലും ദൈവ ദൂതനിൽ നിന്നു ലഭിച്ച സന്ദേശം വിശ്വസിച്ചു; വിവാഹം ചെയ്ത് മറിയത്തെ സ്വന്തം ഭാര്യയായി സ്വീകരിച്ചു. ശിശു ജനിക്കുന്നത് ഏതോ മരുഭൂമിയിലെ ഈന്തപ്പന ചുവട്ടിലല്ല, മറിച്ച്, ദാവീദിന്റെ പട്ടണമായ ബേത്‌ലെഹെമിലാണ്. നഗരത്തിൽ വീടു കിട്ടാഞ്ഞ തിനാൽ പുറത്ത്, കന്നുകാലികൾ രാപാർക്കുന്ന ഒരു ഗുഹയി ലാണ് ശിശു ജനിച്ചത് എന്ന് ലൂക്കാ എടുത്തു പറയുന്നു (ലൂക്കാ 2, 6-7). ഇതൊന്നും ഖുർആനിലില്ല. മറിയം ഇരിക്കുന്നിടത്തിനു താഴെ നിന്നു മുഴങ്ങുന്ന മലക്കിന്റെ ശബ്ദം, താഴെ ഒഴുകുന്ന ജലം, ഈന്തപ്പന പിടിച്ചുകുലുക്കുന്ന മറിയം, പഴം വീഴ്ത്തിക്കൊ ടുക്കുന്ന പന എല്ലാം ഭാവനാസൃഷ്ടികൾ എന്നേ തോന്നൂ. തന്നെ യുമല്ല, താഴെ നിന്ന് വരുന്ന ശബ്ദം ആരുടേതാണെന്ന സംശ യവും നിലനില്ക്കുന്നു. ബൈബിളിന്റെ കാഴ്ചപ്പാടിൽ ദൈവം മുകളിലാണ്. താഴെ അധോലോകം, സാത്താന്റെ വാസസ്ഥലമാ യിട്ടാണ്, പ്രതീകാർത്ഥത്തിൽ, പരിഗണിക്കപ്പെട്ടിരുന്നത്.

ഏകയായി ഒളിച്ചോടിയ മറിയം കൈക്കുഞ്ഞുമായി തിരി ച്ചുവരുമ്പോൾ നാട്ടുകാർ പരിഹസിക്കുക സ്വാഭാവികം. അതിനു ശിശു തന്നെ മറുപടി കൊടുക്കുന്നത് അത്ഭുതാവഹം. എന്നാൽ ഇതും യേശുവിന്റെ ബാല്യകാലത്തെക്കുറിച്ച് ഭാവനാസമ്പന്നരായ എഴുത്തുകാർ രചിച്ച ശൈശവ സുവിശേഷങ്ങൾ (Infancy Gos-pels) നല്കുന്ന വിവരണങ്ങളിൽ നിന്നു കടമെടുത്തതാണെന്നു കാണാൻ വലിയ ഗവേഷണമൊന്നും വേണ്ടാ; ഒന്നു താരതമ്യം ചെയ്താൽ മതി. യൊവാക്കിം, ഹന്ന എന്ന വൃദ്ധദമ്പതികൾക്കു ദൈവത്തിന്റെ പ്രത്യേകമായ ഇടപെടൽ വഴി ജനിച്ച ശിശുവാണ് മറിയം. ശിശു ആണായിരിക്കും എന്നു കരുതി അമ്മ കുഞ്ഞിനെ ദൈവത്തിനു നല്കാൻ നേർന്നു. പക്ഷേ ജനിച്ചതു പെൺകു ഞ്ഞായി. എന്നാലും വാഗ്ദാനം നിറവേറ്റാനായി കുഞ്ഞിനെ ദേവാ ലയത്തിൽ സമർപ്പിച്ചു. അപ്പോൾ കുഞ്ഞിന് മൂന്നുവയസ് പ്രായ മായിരുന്നു.

വന്ധ്യയായ ഹന്നാ ഒരു കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചതും നേർച്ചനേർന്നതും ജനിച്ച ശിശുവിന് സാമുവേൽ എന്നു പേരി ട്ടതും, അവനു മൂന്നുവയസായപ്പോൾ ദേവാലയത്തിൽ ദൈവ

ശുശ്രൂഷയ്ക്കായി സമർപ്പിച്ചതും 1 സാമു, 19-28 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരണങ്ങളെ അനുകരിച്ചാണ് അപ്രാമാണിക ഗ്രന്ഥങ്ങൾ മറിയത്തിന്റെ ജനനവും സമർപ്പണവും വിവരിക്കുന്നത്. മറിയത്തിന്റെ വിവാഹവും ഗർഭധാരണവും ശിശുവിന്റെ ജനനവുമെല്ലാം ബാല്യകാല സുവിശേഷങ്ങൾ എന്നറിയപ്പെടുന്ന അപ്രമാണിക ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യാക്കോബിന്റെ ആദ്യസുവിശേഷം (Proto Evangelium of James), തോമ്മായുടെ ബാല്യകാല സുവിശേഷം (Infancy story of Thomas), ബാലനായ യേശു ഈജിപ്തിൽ (Legends of the Child Jesus in Egypt) മുതലായവ കാണുക. ഈ അപ്രാമാണിക ഗ്രന്ഥങ്ങളിലെ വിവരണങ്ങളുടെ സ്വാധീനം ഖുർആനിലും തുടർന്നുവരുന്ന പല മുസ്ലീം പണ്ഡിതന്മാരുടെയും വിവരണങ്ങളിലും ദൃശ്യമാണ്.

എന്നാൽ സുവിശേഷങ്ങളിൽ കാണുന്ന യേശുവും അമ്മയായ മറിയവും ഇതിൽനിന്നെല്ലാം തികച്ചും വേറിട്ടു നില്ക്കുന്നു. യേശുവിന്റെ ജനനത്തെയും ബാല്യകാലത്തെയും കുറിച്ച് സുവിശേഷങ്ങളും ഖുർആനും നല്കുന്ന വിവരണങ്ങളിൽ സാമ്യങ്ങളേക്കാൾ ഏറെ വ്യത്യാസങ്ങളുണ്ട്. ബാല്യം പിന്നിട്ട യേശുവിനെക്കുറിച്ച് ഖുർആന് ഒന്നും തന്നെ പറയാനില്ല. അവൻ ഒരു പ്രവാചകനായിരുന്നു, അത്ഭുതങ്ങൾ പ്രവർത്തിച്ചു എന്നല്ലാതെ അവൻ എത്രകാലം ജീവിച്ചു, എവിടെ എന്തു ചെയ്തു, എന്തു പഠിപ്പിച്ചു എന്നൊന്നും ഖുർആൻ പറയുന്നില്ല, അള്ളാഹുവിന്റെ ദാസനാണ്, അള്ളാഹുവിനു സേവനം ചെയ്യണം എന്നു പൊതുവായ പ്രബോധമല്ലാതെ.

ദൈവം ഏകനാണ് എന്ന പഴയ നിയമ വെളിപാടിനപ്പുറത്ത് ഖുർആൻ ഒന്നും പറയുന്നില്ല. പഴയനിയമത്തിൽത്തന്നെ ദൈവത്തെക്കുറിച്ചു പറയുന്ന ചില കാര്യങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിക്കുന്നതല്ലാതെ, ആ വെളിപാടുകളുടെ ആഴങ്ങളിലേക്കു കടക്കാനും ഖുർആൻ ശ്രമിക്കുന്നില്ല. യേശുവിനെക്കുറിച്ച് സുവിശേഷങ്ങളും ഖുർആനും തമ്മിലുള്ള വ്യത്യാസങ്ങൾ ഇവിടെ അവസാനിക്കുന്നില്ല, തുടങ്ങുന്നതേ ഉള്ളൂ.

### 3. മരണം - രക്ഷ

ബൈബിളിൽ അടിസ്ഥാനമുറപ്പിച്ച കത്തോലിക്കാവിശ്വാസത്തിന്റെ കേന്ദ്രമാണ് യേശു ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും മഹത്വീകരണവും വഴി മനുഷ്യവർഗ്ഗത്തിനു മുഴുവൻ

ലഭ്യമായ രക്ഷ. യേശുവിന്റെ സ്വർഗ്ഗാരോഹണവും പരിശുദ്ധാത്മാവിന്റെ ആഗമനവും കഴിഞ്ഞ ഉടനെ യേശു ശിഷ്യന്മാർ സുവിശേഷപ്രഘോഷണം ആരംഭിച്ചു. അപ്പസ്തോലപ്രവർത്തനങ്ങളിലും ലേഖനങ്ങളിലും ഈ സുവിശേഷത്തിന്റെ രത്നച്ചുരുക്കം കാണാം.

പന്തക്കുസ്താ ദിവസം ശിഷ്യപ്രധാനനായ പത്രോസ് നടത്തിയ ആദ്യ സുവിശേഷപ്രഘോഷണത്തിൽത്തന്നെ ഇക്കാര്യങ്ങൾ വ്യക്തമാകുന്നു. അസാധാരണമായ ആരവം കേട്ട് വീടിനു ചുറ്റും തടിച്ചുകൂടിയ ഇസ്രായേൽ ജനത്തോട് പത്രോസ് പറഞ്ഞു: *"യഹൂദജനങ്ങളേ... നിങ്ങൾക്കറിയാവുന്നതുപോലെ ദൈവം നസ്രായനായ യേശുവിനെ... നിങ്ങളുടെ കൈകളിൽ ഏല്പിക്കപ്പെട്ടു. അധർമ്മികളുടെ കൈകളാൽ നിങ്ങൾ അവനെ കുരിശിൽ തറച്ചുകൊന്നു. എന്നാൽ ദൈവം അവനെ... ഉയിർപ്പിച്ചു... നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി"* (അപ്പ 2, 14-35). ഈ യേശുവാണ് ഏകരക്ഷകൻ. തങ്ങളെ വിചാരണ ചെയ്ത സാൻഹദ്രിൻ സംഘത്തിനു മുമ്പിൽ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പത്രോസ് നിർഭയനായി പ്രസ്താവിച്ചു. *"മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴേ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല"* (അപ്പ 4, 11).

എല്ലാ ശിഷ്യന്മാരും സുവിശേഷമായി പ്രഘോഷിച്ചത് യേശുവിന്റെ മരണവും മഹത്വീകരണവും വഴി ലഭിച്ച നിത്യരക്ഷയാണ്. ഇക്കാര്യത്തിൽ ഏറ്റം വ്യക്തമായൊരു പ്രസ്താവന പൗലോസിന്റെ ലേഖനങ്ങളിൽ കാണാം. ഉദാ: *"യഹൂദർ അടയാളങ്ങൾ ആവശ്യപ്പെടുന്നു; ഗ്രീക്കുകാർ വിജ്ഞാനം അന്വേഷിക്കുന്നു. ഞങ്ങളാകട്ടെ യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"* (1 കോറി, 1, 22-24). ഒരുപടികൂടി കടന്ന് പൗലോസ് തന്റെ ബോധ്യവും വിശ്വാസവും ഏറ്റം ശക്തമായി പ്രഘോഷിക്കുന്നു: *"നിങ്ങളുടെ ഇടയിൽ ആയിരുന്നപ്പോൾ യേശുക്രിസ്തുവിനെക്കുറിച്ചല്ലാതെ, അതും ക്രൂശിതനായവനെക്കുറിച്ചല്ലാതെ, മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചു"* (1 കോറി 2, 2).

കൂടുതൽ വിശദീകരണത്തിന്റെ ആവശ്യമില്ല. കത്തോലിക്കാ

വിശ്വാസത്തിന്റെ അടിസ്ഥാനവും കേന്ദ്രവും യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവും വഴി മനുഷ്യവർഗ്ഗത്തിനു നല്കപ്പെട്ട രക്ഷ യാണ്. എന്നാൽ ഖുർആനിലെ വിവരണമനുസരിച്ച് ഈസാ മരി ച്ചിട്ടില്ല. രണ്ടു വിശദീകരണങ്ങളാണ് ഖുർആൻ നല്കുന്നത്. 1. ഈസായുടെ മരണം ഒരു വെറും തോന്നലായിരുന്നു, യാഥാർ ത്ഥ്യമല്ലാത്ത തോന്നൽ. 2. മരണത്തിനുമുമ്പ് ഈസാ സ്വർഗ്ഗത്തി ലേക്കു എടുക്കപ്പെട്ടു. കുരിശിൽ തറയ്ക്കപ്പെട്ടത് കുരിശു വഹി ക്കാൻ സഹായിച്ചു എന്നു സുവിശേഷം സാക്ഷ്യപ്പെടുത്തുന്ന (ലൂക്കാ 23, 26) ശിമയോനാണ്.

*"അവർ സ്വയം പറഞ്ഞു: മസീഹ് ഈസ്ബ്നു മർയമിനെ, ദൈവദൂതനെ, (റസൂൽ) ഞങ്ങൾ വധിച്ചു. സത്യത്തിലോ അവർ അദ്ദേഹത്തെ വധിച്ചിട്ടില്ല; ക്രൂശിച്ചിട്ടുമില്ല. പിന്നെയോ സംഭവം അവർക്ക് അവ്യക്തമാവുകയത്രെ ഉണ്ടായത്... അവർ മസിഹിനെ ഉറപ്പായും വധിച്ചിട്ടില്ല. പ്രത്യുത അദ്ദേഹത്തെ അള്ളാഹു അവ ങ്കലേക്ക് ഉയർത്തിയതാകുന്നു"* (ഖുർ 4, 157). യേശുവിന്റെ മരണം വെറും ഒരു തോന്നൽ മാത്രമായിരുന്നു. യഥാർത്ഥത്തിൽ മരണ ത്തിനുമുമ്പേ യേശു സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു. യഹൂ ദർ വധിച്ചത് മറ്റാരെയോ ആണെന്ന് ഈ വാക്യത്തിന്റെ അടി ക്കുറിപ്പായി വിവർത്തകൻ വ്യാഖ്യാനിക്കുന്നു (note 93; page 135).

യേശുവിനെ യഹൂദർ വധിച്ചില്ല; യേശു മരിച്ചിട്ടുമില്ല എന്നു തറപ്പിച്ചു പറയുന്ന ഖുർആൻ തന്നെ ശിശുവായ യേശുവിന്റെ സാക്ഷ്യമായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: *"എന്റെ ജന നനാളിലും മരണനാളിലും ഉയിർത്തെഴുന്നേല്പിക്കപ്പെടുന്ന നാളിലും എനിക്കു സമാധാനം"* (ഖുർ 19, 33).

പരസ്പരവിരുദ്ധമായ ഈ പ്രസ്താവനകൾ എങ്ങനെ പൊരു ത്തപ്പെടും? തന്നെയുമല്ല, കൂടെ നടക്കുകയും കുരിശുമരണ ത്തിനും ഉത്ഥാനത്തിനും സാക്ഷികളാവുകയും ചെയ്തവർ പറ യുന്നതും എഴുതിവച്ചിരിക്കുന്നതുമാണോ, അതോ സംഭവങ്ങൾ കഴിഞ്ഞ് ആറു നൂറ്റാണ്ടുകൾക്കുശേഷം തനിക്കു ദൈവം വെളി പ്പെടുത്തി എന്നു പറയുന്ന ഒരാളുടെ വാക്കുകളാണോ സ്വീകാര്യം?

*"യേശു മരിച്ചിട്ടില്ല; യേശുവിന്റെ കുരിശുമരണം വെറും ഒരു തോന്നൽ മാത്രമായിരുന്നു"* എന്ന ഖുർആന്റെ നിലപാട് പുതി യൊരു വെളിപാടൊന്നുമല്ല. എ.ഡി. രണ്ടാം നൂറ്റാണ്ടിന്റെ ആരം ഭത്തിൽ പ്രചാരത്തിൽ വന്ന ഡൊസേറ്റിസം (Docetism) എന്ന

ചിന്താഗതിക്കാർ അവതരിപ്പിച്ച ഒരു കാഴ്ചപ്പാടാണിത്. "ഡൊക്കേയിൻ" എന്ന ഗ്രീക്കുവാക്കിൽ നിന്നുത്ഭവിച്ച "ഡോക്കേ" എന്ന നാമമാണ് ഈ പേരിനു പിന്നിലുള്ളത്. തോന്നുക, തോന്നൽ എന്നർത്ഥം. ഒന്നാം നൂറ്റാണ്ടിൽ പ്രചാരത്തിൽ വന്ന ഗ്നോസ്റ്റിസിസ (gnosticism ജ്ഞാനവാദം)ത്തിന്റെ ഒരു ഉപോൽപ്പന്നമാണ് ഡൊസേറ്റിസം (Docetism).

അവരുടെ കാഴ്ചപ്പാടനുസരിച്ച് യേശുവിന്റെ മനുഷ്യത്വം തന്നെ ഒരു തോന്നലായിരുന്നു. റോമാക്കാർ യേശുവിനെ കുരിശിൽ തറച്ചു എന്നുപറയുന്നതും ഒരു തോന്നലായിരുന്നു എന്നു കരുതുന്നവരുണ്ട്. അല്ല, തോട്ടത്തിൽ വന്നു പടയാളികൾ ബന്ധിച്ചതും പിന്നീട് കുരിശിൽ തറച്ചുകൊന്നതും യൂദാസിനെ ആയിരുന്നു എന്നു വാദിക്കുന്നവരുണ്ട്. മറ്റൊരു കൂട്ടരുടെ കാഴ്ചപ്പാടിൽ കുരിശു ചുമക്കാൻ യേശുവിനെ സഹായിച്ച ശിമയോനാണ് കുരിശിൽ തറയ്ക്കപ്പെട്ടത്; അവസാനനിമിഷം യേശു അപ്രത്യക്ഷനാകുകയായിരുന്നു. ഈ വാദഗതി ഉന്നയിച്ചത് ബസിലിദസ് എന്നറിയപ്പെടുന്ന ഒരു ഡൊസെറ്റിസ്റ്റ് നേതാവാണ്. കത്തോലിക്കാ സഭ ഈ വാദങ്ങൾ എല്ലാം പാഷണ്ഡതയായി മുദ്രകുത്തി തള്ളിക്കളഞ്ഞു. എ.ഡി. 325 ൽ നിക്യാ സൂനഹദോസാണ് ഈ പ്രബോധനങ്ങളെ വിശ്വാസ വൈപരീത്യമായി തള്ളിപ്പറഞ്ഞത്.

യേശു മരിച്ചിട്ടില്ലെങ്കിൽ പിന്നെ എന്തേ ഇങ്ങനെ ഒരു കള്ളകഥ രചിക്കാൻ ശിഷ്യർ തയ്യാറായി? സമകാലികചരിത്ര രേഖകൾ നാം കണ്ടുകഴിഞ്ഞതാണ്. അതിനാൽ ഈസാ മരിച്ചിട്ടില്ല എന്നു പറയുന്ന ഖുർആൻ വചനം വിശ്വസിക്കണമെങ്കിൽ അതു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതും ബൈബിൾ വിവരിക്കുന്നതുമായ യേശുക്രിസ്തുവല്ല, മറ്റാരോ ആണെന്നു സമ്മതിച്ചേ മതിയാകൂ! ഒന്നുകിൽ യേശുവിനെക്കുറിച്ച് ഖുർആൻ രേഖപ്പെടുത്തിയിരിക്കുന്നതു തെറ്റാണെന്നു സമ്മതിക്കുക; അല്ലെങ്കിൽ ഈസായും യേശുവും രണ്ടു വ്യക്തികളാണെന്ന് കരുതുക. എന്നാൽ ഇതു മാത്രമല്ല വ്യത്യാസം.

**4. ദൈവപുത്രൻ**

യേശുവും ഈസായും തമ്മിലുള്ള ഏറ്റം അടിസ്ഥാനപരമായ വ്യത്യാസം ഇരുവരുടെയും വ്യക്തിത്വങ്ങളെ സംബന്ധിക്കുന്നതാണ്. യേശുക്രിസ്തു ദൈവമാണ്; മനുഷ്യനായി അവതരിച്ച ദൈവപുത്രനാണ്. പിതാവിനോടും പരിശുദ്ധാത്മാവിനോടും

തുല്യനും, ആരംഭവും അവസാനവും ഇല്ലാത്തവനും പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമാളും മനുഷ്യനായി അവതരിച്ച ദൈവവചനവുമാണ് യേശു. എന്നാൽ ഖുർആൻ ഈ സത്യം കട്ടായം നിഷേധിക്കുന്നു. ത്രിത്വത്തെക്കുറിച്ചു ചർച്ച ചെയ്യുന്ന അടുത്ത അധ്യായത്തിൽ ഇക്കാര്യം വിശദമായി പഠിക്കുന്നതാണ്. അതിനാൽ ചുരുക്കം ചില വാക്യങ്ങൾ മാത്രം ഖുർ ആനിൽ നിന്ന് ഉദ്ധരിക്കട്ടെ.

മറിയത്തിനു ലഭിക്കുന്ന ദൂതന്റെ സന്ദേശത്തിൽ ജനിക്കാൻ പോകുന്ന ശിശു ആരായിരിക്കും എന്നു വ്യക്തമാക്കുന്നു. *"അവന്റെ നാമം മസീഹ് ഈസ്ബ്നു മർയം എന്നായിരിക്കും. അവൻ... ദൈവത്തിന്റെ ഉറ്റ ദാസന്മാരിൽ എണ്ണപ്പെട്ടവനുമായിരിക്കും"* (ഖുർ 3, 45).

ഈസായ്ക്ക് അള്ളാഹുവിനോടുള്ള സാദൃശ്യം ആദത്തിനും അള്ളാഹുവിനോടുള്ളതുപോലെയാകുന്നു, മണ്ണിൽ നിന്നു സൃഷ്ടിക്കപ്പെട്ടവനാണ് ആദം. അതുപോലെ തന്നെ ഈസായും ദൈവത്തിന്റെ സൃഷ്ടി മാത്രം (ഖുർ 3, 59). *''മർയമിന്റെ പുത്രൻ ഈസാ മസിഹ് ഒരു ദൂതനും ദൈവം മർയമിലേക്കയച്ച ഒരു വചനവുമല്ലാതെ മറ്റൊന്നുമല്ല"* (ഖുർ 4, 171). *"മർയമിന്റെ പുത്രൻ മസീഹ് തന്നെയാകുന്നു അള്ളാ എന്നു പറഞ്ഞവർ തീർച്ചയായും നിഷേധികളായിരിക്കുന്നു"* (ഖുർ 5, 17). ഇതേ ആശയം വീണ്ടും 5, 72 ൽ ആവർത്തിക്കുന്നു. ഈസാ ദൈവമല്ല, ദൈവത്തിന്റെ സൃഷ്ടിയും ദാസനും ദൂതനും മാത്രമാണ്.

മർയം എന്ന പേരിൽ രചിക്കപ്പെട്ടിരിക്കുന്ന 19-ാം അധ്യായത്തിന്റെ അവസാനഭാഗത്ത് യേശു ദൈവവുമല്ല, ദൈവപുത്രനുമല്ല, അങ്ങനെ പറയുന്നതു ഭീകരമായ ശിക്ഷ വിളിച്ചുവരുത്തുന്ന മാരകമായ പാപമാണെന്ന് തറപ്പിച്ചു പറയുന്നു. *"കാരുണികനായ തമ്പുരാൻ പുത്രനെ വരിച്ചിട്ടുണ്ട് എന്ന് അവർ പറയുന്നുണ്ടല്ലോ. അതിമൂഢമായ വർത്തമാനമാകുന്നു നിങ്ങൾ ജല്പിച്ചിട്ടുള്ളത്. ജനം കാരുണികനായ തമ്പുരാന് പുത്രനുണ്ടെന്നു വാദിച്ചതു മൂലം ആകാശം പൊട്ടിപ്പൊളിയുകയും ഭൂമി പിളർന്നുപോവുകയും പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്യാവുന്നതാണ്. ആരെയെങ്കിലും പുത്രനായി വരിക്കുക എന്നത് കാരുണികനായ തമ്പുരാനു ചേർന്നതേ അല്ല. ആകാശഭൂമികളിലുള്ളവരൊക്കെയും ആ കരുണാവാരിധിയുടെ സമക്ഷത്തിൽ അടിമകളായി വരേണ്ടവ*

*രാകുന്നു"* (19, 88-93). ഈ വിശ്വാസത്തിന്റെ ഏറ്റം വ്യക്തമായ പ്രഖ്യാപനമാണ് ഖുർആൻ 112-ാം അധ്യായം: *"അവൻ അള്ളാഹുവാകുന്നു, ഏകൻ... അവനു സന്തതിയേതുമില്ല. അവൻ ആരുടെയും സന്താനവുമല്ല. അവനു തുല്യനായി ആരുമില്ല"* (112,1-4).

ഈസാ ഒരു മനുഷ്യനാണ്. ആദത്തെപ്പോലെ ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ. മോശയെപ്പോലെ ദൈവത്തിന്റെ സന്ദേശവുമായി അയയ്ക്കപ്പെട്ട പ്രവാചകൻ. അതിലുപരി ഖുർആന് യേശുവിനെക്കുറിച്ചൊന്നും പറയാനില്ല എന്നുമാത്രമല്ല, ഏതെങ്കിലും തരത്തിൽ യേശുവിനെ ദൈവതുല്യനായി പരിഗണിക്കുന്നതും ദൈവത്തോടു താദാത്മ്യപ്പെടുത്തുന്നതും അക്ഷന്തവ്യമായ, ഭീകരമായ ശിക്ഷ വിളിച്ചുവരുത്തുന്ന, പാപമാണ്; ദൈവദൂഷണം!

ഇത്രയും വ്യക്തമായ നിലപാടിന്റെ വെളിച്ചത്തിൽ യേശുക്രിസ്തുവും ഈസാ നബിയും ഒരാൾ തന്നെ എന്നു പറയുന്നത് അർദ്ധസത്യമായിരിക്കും, പാതിസത്യം നുണയേക്കാൾ ദോഷകരമാകാം.

### 5. നിത്യസാന്നിധ്യം

ഖുർആൻന്റെ കാഴ്ചപ്പാടിൽ ഈസാ മരിച്ചിട്ടില്ല. കൊല്ലാൻ തുനിഞ്ഞ യഹൂദരുടെ ഇടയിൽനിന്ന് ഈസായെ അള്ളാഹു തന്റെ അടുക്കലേക്ക് എടുത്തു. *"പിന്നെ ഇസ്രായേൽ വംശം (മസീഹിനെതിരായി) ഗൂഢതന്ത്രങ്ങളിൽ ഏർപ്പെട്ടു. അള്ളാഹു തന്റേതായ ഗുഢതന്ത്രങ്ങളും ഒരുക്കി. ഇവ്വിധമുള്ള തന്ത്രങ്ങളിൽ സകലരേക്കാളും മികച്ചവൻ അള്ളാഹു അത്രേ! അള്ളാഹു ഈവിധം പ്രഖ്യാപിച്ചപ്പോൾ (ഇത് അള്ളാഹുവിന്റെ രഹസ്യതന്ത്രം തന്നെ ആയിരുന്നു). ഓ ഈസാ, ഇപ്പോൾ ഞാൻ താങ്കളെ മടക്കിവിളിക്കുന്നതും എന്നിലേക്ക് ഉയർത്തുന്നതും ആകുന്നു"* (ഖുർ 3, 54-55).

മനുഷ്യരെ തോല്പിക്കുന്നത്ര ഗൂഢതന്ത്രവിദഗ്ധനാണ് അള്ളാഹു എന്ന പരാമർശം പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥം ഉൾക്കൊള്ളുന്നുണ്ടാവാം. എന്നാൽ ഈസായെ മരിക്കാതെ തന്റെ അടുക്കലേക്കെടുത്തു എന്നും ഇനി അന്ത്യനാൾവരെ ഈസാ അള്ളായുടെ അടുത്തായിരിക്കും എന്നും ഇവിടെ വ്യക്തമായി പറയുന്നുണ്ട്. ചുരുങ്ങിയ ഒരു

കാലഘട്ടം മാത്രം ഭൂമിയിൽ ജീവിച്ച്, അള്ളാഹു തന്നെ ഏല്പി ച്ചിരുന്ന ദൗത്യം പൂർത്തിയാക്കി, തന്നെ അയച്ചവന്റെ അടുക്ക ലേക്കു തിരിച്ചുപോയവനാണ് ഈസാ. ഇനി ഈ ഭൂമിയിൽ അയാൾക്കു ഒന്നും ചെയ്യാനില്ല; അന്ത്യനാളിലൊഴികെ. എന്നാൽ ബൈബിളിലെ യേശു തികച്ചും വ്യത്യസ്ഥനാണ്. ആ വ്യത്യാസ ത്തിന്റെ ഒരു ഘടകമാണ് യേശുവിന്റെ സ്ഥിരസാന്നിധ്യം.

ജനനത്തിനു മുമ്പുതന്നെ ദൂതൻ വഴി യേശുവിനു നല്ക പ്പെട്ട ഒരു പേരാണ് ***"എമ്മാനുവേൽ"***. ദൈവം നമ്മോടുകൂടെ എന്നാണ് പേരിനർത്ഥം. ഇം(കൂടെ)+അനു(നമ്മോട്)+ ഏൽ(ദൈവം) എന്ന മൂന്നു ഹീബ്രു വാക്കുകൾ കൂടിച്ചേർന്ന താണ് എമ്മാനുവേൽ എന്ന പേര്. ഇത് ഏശ 7, 14 ൽ കാണുന്ന പ്രവചനത്തിന്റെ പൂർത്തീകരണമായിരിക്കും എന്നും ദൂതൻ അറി യിക്കുന്നു (മത്താ 1, 22-23). ഈ പേരും പ്രവചനവും യാഥാർ ത്ഥ്യമാക്കുന്നതാണ് സുവിശേഷങ്ങൾ വിവരിക്കുന്ന യേശുവിന്റെ ജീവിതവും വാക്കും പ്രവൃത്തിയും. *"വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു"* (യോഹ 1, 14) എന്ന പ്രസ്താവനയും ഈ ശാശ്വത സാന്നിധ്യത്തിലേക്കു വിരൽ ചൂണ്ടുന്നു.

യേശുവിന്റെ തന്നെ അനേകം വാഗ്ദാനങ്ങൾ ഈ സത്യം ഊന്നിപ്പറയുന്നു. നമ്മിൽ ഒരുവനെപ്പോലെ, മനുഷ്യനായി, നമ്മുടെ ഇടയിൽ വസിച്ചവനാണ് യേശു. മരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും കഴിഞ്ഞിട്ടും എന്നും നമ്മോടുകൂടെ ഉണ്ടാ യിരിക്കും എന്ന് യേശു വാഗ്ദാനം ചെയ്തിരുന്നു. ആ വാഗ് ദാനം നിറവേറിയതായി പുതിയ നിയമഗ്രന്ഥങ്ങൾ സാക്ഷ്യപ്പെ ടുത്തുന്നു; ഇന്നും അനേകർ തങ്ങളുടെ ജീവിതാനുഭവങ്ങളിലൂടെ യേശുവിന്റെ സാന്നിധ്യം അനുഭവിച്ചറിയുന്നു.

മറ്റാർക്കും നല്കാൻ കഴിയാത്ത ഒരു വാഗ്ദാനമാണ് യേശു നല്കുന്നത്: *"അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങ ളെ ആശ്വസിപ്പിക്കാം"* (മത്താ 11, 28). വിശ്വസിക്കുന്ന ആർക്കും സമീപിക്കാൻ കഴിയുന്നത്ര അടുത്തുണ്ട് യേശു. ഒറ്റപ്പെട്ട വ്യക്തി കൾക്കു മാത്രമല്ല, കൊച്ചുകൊച്ചു സമൂഹങ്ങൾക്കും അവന്റെ സാ ന്നിധ്യം അനുഭവിക്കാം:

*"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുകൂടു ന്നിടത്ത് അവരുടെ മധ്യേ ഞാനുണ്ടായിരിക്കും"* (മത്താ 19, 20).

യേശുവിന്റെ സ്വർഗ്ഗാരോഹണം രണ്ടു സുവിശേഷങ്ങളേ വിവരിക്കുന്നുള്ളൂ, മർക്കോസും ലൂക്കായും. മത്തായി എഴുതിയ സുവിശേഷം സമാപിക്കുന്നത് യേശുവിന്റെ സ്ഥിരസാന്നിധ്യം എടുത്തു പറഞ്ഞുകൊണ്ടാണ്: *"യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും"* (മത്താ 28, 20). യോഹന്നാന്റെ സുവിശേഷവും ശിഷ്യന്മാരോടുകൂടെയുള്ള യേശുവിന്റെ സാന്നിധ്യം എടുത്തു പറയുന്നു: *"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും"* (യോഹ 14, 23). *"എന്നേക്കും നിങ്ങളോടു കൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ നിങ്ങൾക്കു തരും"* (യോഹ 14, 18). കൂടെ വസിക്കുന്ന ദൈവം - അതാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുകയും അനുഗമിക്കുകയും ചെയ്യുന്ന യേശു.

സ്വർഗ്ഗാരോഹണം വിവരിക്കുന്ന സുവിശേഷങ്ങളും ശിഷ്യരോടൊത്തുള്ള യേശുവിന്റെ സാന്നിധ്യം ഊന്നിപ്പറയുന്നുണ്ട്. മഹത്വീകരിക്കപ്പെട്ട കർത്താവായ യേശു *"അവരോടുകൂടെ പ്രവർത്തിക്കുകയും അടയാളങ്ങൾകൊണ്ട് വചനം സ്ഥിരീകരിക്കുകയും ചെയ്തു"* (മർക്കോ 16, 20). നിരാശരായി എമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യരുടെ കൂടെ നടന്ന്, അവർക്കു ശക്തി പകർന്ന്, അവരെ പുതിയ മനുഷ്യരാക്കിയത് ഉത്ഥിതനായ യേശുവാണ് (ലൂക്കാ 24, 13-35). കൂടെ നടക്കുന്ന ദൈവം, ശക്തി പകരുന്ന ദൈവം, അതാണ് യേശു.

അപ്പസ്തോലപ്രവർത്തനങ്ങളിലും പൗലോസിന്റെ ലേഖനങ്ങളിലും ഈ നിത്യസാന്നിധ്യത്തെക്കുറിച്ച് അനേകം തവണ വിവരിക്കുന്നുണ്ട് (അപ്പ 1, 6-11; 9, 6;18,9;22,68; ഗലാ 1,12). ഇന്നും കത്തോലിക്കാസഭയിൽ ആചരിക്കുന്ന വിശുദ്ധ കുർബ്ബാനയിൽ യേശു വിശ്വാസികൾക്കു ഭക്ഷണമായി സ്വയം നല്കുന്നു. എത്രയോ വിശ്വാസികൾ അവന്റെ സാന്നിധ്യം അനുഭവിച്ചു നിർവൃതിയടയുന്നു. ദൗത്യം പൂർത്തിയാക്കി അള്ളാഹുവിന്റെയടുക്കൽ വിശ്രമിക്കുന്ന ഈസായും മനുഷ്യരുടെ മധ്യേ വസിക്കുന്ന യേശുവും തമ്മിൽ ഏറെ അന്തരമുണ്ട്.

## ഉപസംഹാരം

മുസ്ലീമുകൾ ആദരിക്കുന്ന ഈസാ നബിയും ക്രിസ്ത്യാനികൾ ആരാധിക്കുന്ന യേശുക്രിസ്തുവും തമ്മിൽ പ്രത്യക്ഷത്തിൽ

അനേകം സാമ്യങ്ങളുണ്ട്. പേരുകൾ ഒന്നുതന്നെ. ഈസായും യേശുവും ഒരേ അർത്ഥമുള്ള ഒരേ പേരിന്റെ രണ്ടു രൂപങ്ങൾ മാത്രമാണ്. മസീഹ്, നബി എന്നീ വിശേഷണങ്ങൾ തന്നെയാണ് യേശുവിനു നല്കുന്ന ക്രിസ്തു, പ്രവാചകൻ എന്നീ സ്ഥാനപ്പേരുകൾ (titles) അഥവാ വിശേഷണങ്ങൾ. കന്യാജനനം, അത്ഭുതപ്രവർത്തനങ്ങൾ, സുവിശേഷ പ്രഘോഷണം എന്നിവയിലും ഇരുവരും തമ്മിൽ വ്യക്തമായ സാമ്യമുണ്ട്. സ്വർഗ്ഗാരോഹണത്തെക്കുറിച്ചും രണ്ടാം വരവിനെക്കുറിച്ചും ഇരുകൂട്ടരുടെയും കാഴ്ചപ്പാടിൽ സാമ്യമുണ്ട്. എന്നാൽ സാമ്യങ്ങൾ ഇവിടെ അവസാനിക്കുന്നു.

വ്യക്തിത്വത്തിന്റെ കാതലിനോടടുക്കുമ്പോൾ രണ്ടും രണ്ടു വ്യക്തികളാണെന്ന് വ്യക്തമാകുന്നു. യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണ്; മാംസം ധരിച്ച്, യഥാർത്ഥ മനുഷ്യനായി അവതരിച്ച ദൈവവചനം. മുസ്ലീമുകൾക്ക് ഈസാ അള്ളാഹുവിന്റെ സൃഷ്ടിയും ദാസനും മാത്രമാണ്. ദൈവപുത്രൻ എന്ന പ്രയോഗം തന്നെ ഭീകരശിക്ഷ വിളിച്ചുവരുത്തുന്ന കഠിനമായ ദൈദൂഷണമാണ്. ഖുർആനിലെ ഈസാ മരിച്ചിട്ടില്ല, ജീവനോടെ അള്ളാഹുവിങ്കലേക്ക് ഉയർത്തപ്പെടുകയാണ് ചെയ്തത്. യേശുക്രിസ്തുവാകട്ടെ, അതികഠിനമായ പീഡനങ്ങൾ സഹിച്ച്, കുരിശിൽ മരിച്ച്, സംസ്കരിക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, പിതാവിന്റെ സന്നിധിയിലേക്കു പ്രവേശിച്ചു. മനുഷ്യാവതാരവേളയിൽ മാറ്റിവച്ച ദൈവമഹത്വം വീണ്ടും സ്വീകരിച്ചു (ഫിലി 2, 6-11).

സ്വർഗ്ഗാരോഹണം വഴി യേശു ഈ ഭൂമിയിൽ നിന്നും മനുഷ്യരിൽനിന്നും അകന്നുപോയിട്ടില്ല. അദൃശ്യമെങ്കിലും യാഥാർത്ഥ്യമായി അവൻ നമ്മുടെ മധ്യേ വസിക്കുന്നു. അധ്വാനിക്കുന്നവർക്ക് താങ്ങായി, കരയുന്നവർക്കാശ്വാസമായി, നിരാശയിൽപ്പെട്ടുപോകുന്നവർക്ക് പ്രത്യാശയുടെ പ്രകാശമായി. അവൻ ഒരിക്കൽ മരിച്ചു. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപത്തിനു പരിഹാരമായി. അവൻ ഉയിർത്തെഴുന്നേറ്റു, നിത്യജീവനിലേക്കു നയിക്കുന്നവനായി.

ദൈവത്തിന്റെ സൃഷ്ടിയും ദാസനും മാത്രമാണ് ഈസാ എന്നു ഖുർആൻ ആവർത്തിച്ചു പറയുമ്പോഴും അത്രതന്നെ വ്യക്തമല്ലാത്ത മൂന്നു പരാമർശങ്ങൾ ഖുർആനിൽത്തന്നെ

കാണാം. *“മർയാമിലേക്കയച്ച തന്റെ വചനവും ആത്മാവും”* (ഖുർ 4, 171) എന്ന് വിശേഷിപ്പിക്കുമ്പോൾ ഈസായെക്കുറിച്ച് ആഴമേറിയ എന്തോ ഒരു സൂചന നല്കുന്നു എന്ന് അനുമാനിക്കേണ്ടിവരും. വീണ്ടും 9, 19ൽ മർയമിനു ജനിക്കാൻ പോകുന്ന ശിശുവിനെ *“വിശുദ്ധനായ പുത്രൻ”* എന്നു വിശേഷിപ്പിക്കുമ്പോഴും ഈ നിഗൂഢത നിലനില്ക്കുന്നതായി കാണാം. മറ്റെല്ലാ ശിശുക്കളിൽനിന്നും ഈസായെ വ്യത്യസ്തനാക്കുന്നതാണ് വചനം, ആത്മാവ്, വിശുദ്ധൻ എന്നീ മൂന്നു വിശേഷണങ്ങൾ. ഒരുപക്ഷേ മുസ്ലീമുകൾ തന്നെ വേണ്ടത്ര മനസിലാക്കുകയോ അംഗീകരിക്കുകയോ ചെയ്യാത്ത ചില സത്യങ്ങൾ ഈസായെക്കുറിച്ചുള്ള ഖുർആന്റെ വിവരണങ്ങളിൽ നിഗൂഢമായി നിലനില്ക്കുന്നു എന്ന നിഗമനം ആവശ്യമായി വന്നേക്കാം.

ഇതുവരെ കണ്ടതിന്റെ വെളിച്ചത്തിൽ ബൈബിളിലെ യേശു (ഈശോ)യും ഖുർആനിലെ ഈസായും ഒരാൾതന്നെ എന്നു പറയാനാവില്ല. യേശുവിന്റെ ഐഹിക ജീവിതത്തിനുശേഷം ഏതാണ്ട് ഏഴു നൂറ്റാണ്ടുകൾ കഴിഞ്ഞ് എഴുതപ്പെട്ട ഖുർആനിൽ പ്രത്യക്ഷപ്പെടുന്നത് ചില പ്രത്യേക ലക്ഷ്യങ്ങൾക്കുവേണ്ടി വികലമാക്കപ്പെട്ട ഒരു യേശു ചിത്രമാണെന്നു പറയാതിരിക്കാനാവില്ല.

യേശുവിന്റെ യഥാർത്ഥ വ്യക്തിത്വത്തെയും ദൗത്യത്തെയും വ്യക്തമാക്കുന്ന കാര്യങ്ങൾ വെട്ടിമാറ്റി, സ്വകാര്യതാൽപര്യങ്ങൾക്കനുയോജ്യമായ രീതിയിൽ മെനഞ്ഞെടുത്ത ഒരു രൂപമാണ് ഖുർആനിലെ ഈസാ. ക്രിസ്ത്യാനികൾ ദൈവപുത്രനായി വിശ്വസിക്കുകയും ആരാധിക്കുകയും അനുഗമിക്കുകയും ചെയ്യുന്ന യേശുവിന്റെ വേഷമണിയിച്ച ഒരു കൃത്രിമസൃഷ്ടി, അഥവാ വ്യാജൻ, അതാണ് ഈസാ. ഈ അവതരണത്തിനു പിന്നിൽ പതിയിരിക്കുന്ന കാപട്യവും വഞ്ചനയും തിരിച്ചറിയണം. അല്ലെങ്കിൽ വേഷം മാത്രം കണ്ട് സാത്താനെ മാലാഖയായി തെറ്റിദ്ധരിക്കുന്ന (2 കോറി 11, 14) ദുരന്തമായിരിക്കും സംഭവിക്കുക.

ശാരീരികമായ കണ്ണുകൾക്കു കാണാനാവാത്ത ആത്മീയ യാഥാർത്ഥ്യങ്ങളുണ്ട്. സ്ഥലകാലങ്ങളുടെ ത്രിമാനങ്ങളിൽ നിന്നു വ്യത്യസ്തമായൊരു അവസ്ഥയുണ്ട് - ആത്മീയ സാന്നിധ്യം. ശരീരത്തോടെയാണ് യേശു ഉയിർത്തെഴുന്നേറ്റതെങ്കിലും സ്ഥലത്തിന്റെയും കാലത്തിന്റെയും പരിമിതികൾക്കതീതമായി രൂപാന്തരീകരണം സംഭവിച്ചതാണ് യേശുവിന്റെ ഉത്ഥതിതവും മഹ

ത്വീകൃതവുമായ ശരീരം. അവൻ ഇന്നും എന്നും നമ്മുടെ കൂടെയുണ്ട്. വിശ്വാസത്തിന്റെ ഉൾക്കണ്ണു തുറന്നാൽ കാണാൻ കഴിയും ആശ്വാസദായകവും പ്രത്യാശാഭരിതവും സന്തോഷപ്രദവുമായ ആ ദൈവികസാന്നിധ്യം.

അവൻ ഒന്നേ ആവശ്യപ്പെടുന്നുള്ളൂ: അവൻ നമ്മെ സ്നേഹിച്ചതുപോലെ നാമും പരസ്പരം സ്നേഹിക്കണം; സ്നേഹിതർക്കുവേണ്ടി ജീവൻ സമർപ്പിക്കുന്നതുവരെ എത്തിനില്ക്കുന്ന ആഴമേറിയ സ്നേഹം. അടിമയുടെ അനുസരണവും ദാസ്യവൃത്തിയുമല്ല, മക്കളുടെ സന്തോഷപ്രദമായ സ്നേഹമാണ് യേശുക്രിസ്തുവിലൂടെ സ്വയം വെളിപ്പെടുത്തിയ ത്രിയേക ദൈവം തന്റെ മുഖഛായ വഹിക്കുന്ന മനുഷ്യനിൽ നിന്നാവശ്യപ്പെടുന്നത്. അതാണ് ക്രൈസ്തവൻ അടയാളമായി സ്വീകരിച്ചിരിക്കുന്ന കുരിശ് വ്യക്തമായ ഭാഷയിൽ വിളംബരം ചെയ്യുന്നതും. *"എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രൻ"* (ഗലാ 2, 30). അതാണ് ക്രിസ്ത്യാനിക്ക് യേശു. അവനെ തിരിച്ചറിയാൻ കാരുണ്യവാനും ദയാപരനുമായ ത്രിയേകദൈവം നമ്മുടെ കണ്ണു തുറന്നു തരട്ടെ!

4

# ത്രിയേകദൈവം

## ചോദ്യം

ഏകദൈവത്തിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുന്ന ക്രിസ്ത്യാനികൾ യഥാർത്ഥത്തിൽ ബഹുദൈവാരാധകരല്ലേ? പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നു വിളിക്കുന്ന മൂന്നു ദൈവങ്ങളിലല്ലേ അവർ വിശ്വസിക്കുന്നത്? മൂന്നാളെങ്കിൽ പിന്നെ എങ്ങനെ ദൈവം ഏകനാണെന്നു പറയാൻ കഴിയുക? യുക്തിക്കു നിരക്കാത്ത ഒരന്ധവിശ്വാസമല്ലേ ത്രിയേകദൈവം എന്ന പ്രയോഗം തന്നെ? യുക്തിവാദികൾ മാത്രമല്ല, ബൈബിൾ ദൈവവചനമായി അംഗീകരിക്കുന്ന യഹോവാസാക്ഷികളെപ്പോലെ പലരും ഈ ചോദ്യം ഉന്നയിക്കുന്നുണ്ട്.

ത്രിയേകദൈവം അഥവാ ത്രിത്വം എന്ന പദം ബൈബിളിൽ ഒരിടത്തുമില്ല. അതേസമയം ദൈവം ഏകനാണ് എന്ന സത്യം അനേകം തവണ ആവർത്തിച്ചുറപ്പിക്കുന്നുമുണ്ട്. ദൈവ-മനുഷ്യബന്ധത്തിന്റെ അടിസ്ഥാനമായി ബൈബിൾ അവതരിപ്പിക്കുന്ന ഉടമ്പടിയുടെ പത്തുപ്രമാണത്തിൽ ആദ്യത്തേതുതന്നെ ഏകദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നതാണ്. അതിനാൽ ത്രിത്വം എന്ന ആശയം തന്നെ ബൈബിളിന്റെ പ്രബോധനങ്ങൾക്കു വിരുദ്ധമല്ലേ? പിന്നെ എന്തടിസ്ഥാനത്തിലാണ് കത്തോലിക്കാസഭ ഇപ്രകാരമൊരു വിശ്വാസം സ്വീകരിക്കുന്നതും പ്രഘോഷിക്കുന്നതും?

## ഉത്തരം

ഒന്നെങ്കിൽ എങ്ങനെ മൂന്നാകും? മൂന്നെങ്കിൽ എങ്ങനെ ഒന്നാകും? തികച്ചും യുക്തിഭദ്രമായ ചോദ്യം. അതേസമയം

കത്തോലിക്കാസഭയുടെ മാത്രമല്ല, യേശുവിനെ ദൈവപുത്രനും രക്ഷകനുമായി ഏറ്റുപറയുന്ന സകല ക്രിസ്ത്യാനികളുടെയും വിശ്വാസത്തിന്റെ അടിസ്ഥാനമാണ് പരിശുദ്ധ ത്രിത്വം അഥവാ ത്രിയേകദൈവം എന്ന വിശ്വാസസത്യം. കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളായി കോടാനുകോടി വിശ്വാസികളും പതിനായിരക്കണക്കിനു ദൈവശാസ്ത്രജ്ഞരും സഭാധികാരികളും വിശ്വാസികളും ഏറ്റുപറയുകയും ക്രിസ്തീയവിശ്വാസത്തിന്റെ ഒരു മാനദണ്ഡമായി കരുതുകയും ചെയ്യുന്നതാണ് ത്രിയേകദൈവം എന്ന വിശ്വാസസത്യം. അവരെല്ലാം ബുദ്ധിഹീനരും യുക്തിരഹിതരുമായ വെറും അന്ധവിശ്വാസികളായിരുന്നു എന്ന് ഒറ്റയടിക്ക് എഴുതിത്തള്ളുന്നതിനുമുമ്പേ എന്തുകൊണ്ടാണ് ഇപ്രകാരം ഒരു ദുർഗ്രഹസത്യം അവർ ഏറ്റുപറയുന്നതും പഠിപ്പിക്കുന്നതും എന്ന് അന്വേഷിക്കണം.

പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ഔദ്യോഗിക പ്രബോധനം കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC) 26 - 748 ഖണ്ഡികകളിൽ കാണാം.

### 1. ത്രിത്വം ഒരു രഹസ്യം

നിഗൂഢമായ, ഒളിഞ്ഞിരിക്കുന്ന, അഥവാ ഒളിച്ചുവച്ചിരിക്കുന്ന കാര്യം എന്നാണ് രഹസ്യം എന്ന പദംകൊണ്ട് നാം അർത്ഥമാക്കുക. മനുഷ്യൻ സ്വന്തമായി കാത്തുസൂക്ഷിക്കുന്ന രഹസ്യങ്ങളുണ്ട്; മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്ക് അതീതവുമായ രഹസ്യങ്ങളുമുണ്ട്. ഇതിൽ രണ്ടാമത്തേതിനെ (Mystery) എന്നാണ് ഇംഗ്ലീഷിൽ വിളിക്കുക; പരിശുദ്ധ ത്രിത്വം എന്നത് ഇപ്രകാരമുള്ള ഒരു രഹസ്യമാണ്. ദൈവം ഒരുവനേയുള്ളൂ. ആ ദൈവത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നാളുകൾ. മൂവരും ഒരുപോലെ ആരംഭവും അവസാനവും ഇല്ലാത്തവർ; അറിവിലും ശക്തിയിലും മഹത്വത്തിലും തുല്യർ. എന്നാൽ മൂവരും കൂടി മൂന്നു ദൈവങ്ങളല്ല, ഒരു ദൈവം മാത്രം – സത്തയിൽ ഏകത്വം, വ്യക്തിത്വത്തിൽ ത്രിത്വം. ഒരേ ദൈവിക സത്തയിൽ തുല്യമായി പങ്കുചേരുന്ന മൂന്നു വ്യക്തികൾ. ഇതാണ് പരിശുദ്ധത്രിത്വത്തെക്കുറിച്ചുള്ള കത്തോലിക്കാവിശ്വാസത്തിന്റെ രത്നച്ചുരുക്കം.

ഒരേ ദൈവത്തിന്റെ മൂന്നു ഭാവങ്ങളല്ല മൂന്നാളുകൾ. വെള്ളമായും മഞ്ഞുകട്ടയായും നീരാവിയായും കാണപ്പെടുന്ന ജല

ത്തിന്റെ മൂന്നുഭാവങ്ങൾപോലെയല്ല ഇത്. ദൃശ്യവും സുഗ്രാഹ്യവുമായ ഉദാഹരണങ്ങൾകൊണ്ട് പൂർണ്ണമായും മനസിലാക്കാനാവാത്ത ഒരു ദൈവികരഹസ്യമാണ് പരിശുദ്ധത്രിത്വം. ചിന്തയും ചിന്തയിൽനിന്ന് പുറപ്പെടുന്ന വാക്കും വാക്കിന്റെ അർത്ഥവും എന്നിങ്ങനെ ഒരു ഉദാഹരണം സഭാപിതാക്കന്മാർ അവതരിപ്പിക്കുകയുണ്ടായി. ഉറവ, അരുവി, ജലം എന്നതു മറ്റൊരുദാഹരണം. എന്നാൽ ഇവയൊന്നും ദൈവമെന്ന മഹാരഹസ്യത്തെ പൂർണ്ണമായും മനസിലാക്കാൻ പര്യാപ്തമല്ല.

പരിഹാരം കണ്ടെത്തേണ്ട, അല്ലെങ്കിൽ അപഗ്രഥിച്ച് വിശദാംശങ്ങളും വിശദീകരണവും ഏവയെന്നു നിശ്ചയിക്കേണ്ട ഒരു പ്രശ്നം (Problem) അല്ല ദൈവം, മറിച്ച് ഹൃദയം തുറന്നു സ്വീകരിക്കേണ്ട, വിശ്വസിക്കേണ്ട ഒരു രഹസ്യം (Mystery) ആണത്. അതിനെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യാനാവില്ല. ശാസ്ത്രീയ ഗവേഷണങ്ങളും ബൗദ്ധികാപഗ്രഥനങ്ങളും വഴിയല്ലല്ലോ വ്യക്തിബന്ധങ്ങൾ മനസിലാക്കുക; അനുഭവം വഴിയല്ലേ? മാതൃത്വം, പിതൃത്വം, സാഹോദര്യം, സൗഹൃദം എന്നൊക്കെ ബന്ധങ്ങളെ വിശേഷിപ്പിക്കാമെങ്കിലും മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സുഹൃത്തുക്കളുടെയും സ്നേഹം അനുഭവിക്കുമ്പോൾ ഉണ്ടാകുന്ന അറിവ് തികച്ചും വ്യത്യസ്തമായിരിക്കും, ഉപ്പിനെക്കുറിച്ച് ശാസ്ത്രീയഗവേഷണങ്ങൾ നടത്തി പ്രബന്ധം അവതരിപ്പിക്കുന്നതും ഒരുതരി ഉപ്പ് നാവിൽ വയ്ക്കുന്നതും തമ്മിലുള്ള വ്യത്യാസംപോലെ

## 2. വെളിപാട്

ആഴമളക്കാനാവാത്ത, ബുദ്ധികൊണ്ടു ഗ്രഹിക്കാനാവാത്ത ത്രിയേകദൈവം എന്ന രഹസ്യം ദൈവംതന്നെ വെളിപ്പെടുത്തിയാലേ മനസിലാക്കാൻ കഴിയൂ. മനുഷ്യൻ സ്വന്തം ബുദ്ധി ഉപയോഗിച്ചു കണ്ടെത്തിയതല്ല, ചരിത്രത്തിലൂടെ, സംഭവങ്ങളും അനുഭവങ്ങളും വഴി ദൈവം വെളിപ്പെടുത്തിയതാണ് പരിശുദ്ധ ത്രിത്വം എന്ന രഹസ്യം. ഇപ്രകാരമൊരു വെളിപ്പെടുത്തലിന്റെ ചരിത്രമാണ് ബൈബിളിൽ ഇതൾ വിടരുന്നത്. ദൈവത്തെക്കുറിച്ചുള്ള അറിവ് പടിപടിയായി വ്യക്തത പ്രാപിക്കുന്നതിന്റെ വിവരണം ബൈബിളിൽ കാണാം.

*"നന്മ സ്വരൂപിയും ബുദ്ധിതന്നെയുമായ ദൈവം സ്വയം വെളിപ്പെടുത്താനും നമുക്ക് അജ്ഞാതമായ അവിടുത്തെ തിരുവിഷ്ടം*

*നമ്മെ അറിയിക്കാനും തിരുമനസ്സായി"* (DV 2 ). രണ്ടാം വത്തിക്കാൻ സൂനഹദോസ് പുറപ്പെടുവിച്ച, ദൈവിക വെളിപാടിനെ സംബന്ധിച്ച ദൈവവചനം (Dei Verbum) എന്ന സുപ്രധാന രേഖയിൽ ഈ ദൈവിക വെളിപാടിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ദൈവം ആരെന്നും അവിടുത്തെ ഹിതവും പദ്ധതിയും എന്തെന്നും നമുക്കു വെളിപ്പെടുത്തിത്തരുന്ന ആധികാരിക രേഖയാണു ബൈബിൾ, അഥവാ ലിഖിതമായ ദൈവവചനം.

പ്രവർത്തനങ്ങളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ ചിത്രമാണ് ബൈബിളിൽ ഇതൾ വിടരുന്നത്. ഈ വെളിപ്പെടുത്തൽ പ്രപഞ്ചസൃഷ്ടിയിൽ ആരംഭിച്ചു; ദൈവം മനുഷ്യനായി അവതരിച്ച യേശുക്രിസ്തുവിലൂടെ പൂർണ്ണമായി. പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകുന്ന പുതിയ സൃഷ്ടികർമ്മത്തോടെ ഈ വെളിപ്പെടുത്തലിന്റെ ലക്ഷ്യം പൂർത്തിയാകും. ദൈവം മനുഷ്യനോടൊത്തു വസിക്കുന്ന, ദൈവംതന്നെ മനുഷ്യനു വസിക്കാനുള്ള കൂടാരമായി മാറുന്നതുവരെ (വെളി 2:22-27) ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കും.

### 3. ദൈവം പഴയനിയമത്തിൽ

യേശുവിൽ പൂർത്തിയാകുന്ന രക്ഷാചരിത്രത്തിന്റെ ആദ്യഘട്ടമായ പഴയനിയമത്തിൽ ദൈവത്തെക്കുറിച്ചുള്ള അറിവ് സാവകാശം വ്യക്തമാകുന്നതു കാണാം. മനസ്സിലാക്കാൻ എളുപ്പമുള്ള നിരവധി ചിത്രങ്ങൾ ഒന്നിനു പിറകെ ഒന്നായി കടന്നുവരുന്നു.

**a. ദൈവം സ്രഷ്ടാവ്:** സ്രഷ്ടാവായ ദൈവം എന്ന സത്യമാണ് ഏറ്റം ആദ്യം പ്രകടമാകുന്നത്. സൃഷ്ടിയുടെ വിവരണം കൊണ്ടു തുടങ്ങുന്നതിനാൽ മാത്രമല്ല, എല്ലാ മനുഷ്യർക്കും കാണാനും സ്വീകരിക്കാനും കഴിയുന്ന ഒരു യാഥാർത്ഥ്യമായതിനാലും, ഏറ്റം ആദ്യം ദൈവം സ്വയം വെളിപ്പെടുത്തുന്നത് സൃഷ്ടികർമ്മത്തിലൂടെ ആയതിനാലും ഇതിനെ ആദ്യത്തെ വെളിപാടായി ബൈബിൾ അവതരിപ്പിക്കുന്നു എന്നു പറയാനാകും. *"ആകാശം ദൈവമഹത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേല വിളംബരം ചെയ്യുന്നു... അവയുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തികളോളം എത്തുന്നു"* (സങ്കീ 19, 1-4). ഇതേ ആശയം തന്നെ പൗലോസ് അപ്പസ്തോലൻ എടുത്തുകാട്ടുന്നുണ്ട്: *"ലോകസൃഷ്ടിമുതൽ ദൈവത്തിന്റെ ആ ദൃശ്യപ്രകൃതി,*

*അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ട വസ്തുക്കളിലൂടെ പ്രസ്പഷ്ടമായിട്ടുണ്ട്"* (റോമാ 1, 20).

**b. പിതാക്കന്മാരുടെ ദൈവം:** സകലത്തിന്റെയും സ്രഷ്ടാവും പരിപാലകനും എന്നതിലുപരി, ഒരു വ്യക്തിയെ പേരുചൊല്ലി വിളിച്ച്, വാഗ്ദാനങ്ങൾ നല്കി, വഴിനടത്തുന്ന ഒരു വ്യക്തിയായി ദൈവത്തെ ഉൽപത്തി പുസ്തകം തുടർന്ന് അവതരിപ്പിക്കുന്നു (ഉൽപ 12, 1-3). അതാണ് അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം. ഇടയന്മാരായിരുന്ന ഇസ്രായേൽ ജനത്തിന്റെ പൂർവ്വപിതാക്കന്മാർക്ക് വഴിനടത്തുന്ന, കാത്തുപാലിക്കുന്ന ഇടയനായി ദൈവം പ്രത്യക്ഷപ്പെട്ടു. ആ വിശ്വാസമാണ് *"കർത്താവ് എന്റെ ഇടയൻ"* എന്ന സങ്കീർത്തകൻ ഉദ്ഘോഷിക്കുന്നത് (സങ്കീ 23).

**c. വിമോചകനായ ദൈവം:** അബ്രാഹത്തിന്റെ മക്കളായ ഇസ്രായേൽക്കാർ ഈജിപ്തിൽ അടിമകളായിത്തീർന്നപ്പോൾ ദൈവം അവർക്കു സ്വയം വെളിപ്പെടുത്തിയത് വിമോചകനായിട്ടാണ്; നിലവിളി കേൾക്കുന്ന, അടിമകളെ മോചിപ്പിക്കുന്ന ദൈവം. അവിടെ ദൈവം തന്റെ പേരും വെളിപ്പെടുത്തുന്നു: **യാഹ്വേ. "ഞാൻ"** എന്നാണ് പേരിനർത്ഥം. പ്രവൃത്തികളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവമാണ് മോശയെ വിളിച്ച്, ദൗത്യം നല്കി അയയ്ക്കുന്ന യാഹ്വേ. ദൈവത്തോടുള്ള ആദരവുമൂലം ഇസ്രായേൽക്കാർ ഈ പേര് ഉച്ചരിക്കുകയില്ല. പകരം ***കർത്താവ് (അദോനായ്)*** എന്നാണവർ പറയുക. *"ഈജിപ്തുകാരുടെ ദാസ്യത്തിൽനിന്ന് നിങ്ങളെ മോചിപ്പിച്ച ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ് എന്നു നിങ്ങൾ അറിയും"* (പുറ 6, 7).

**d. ഉടമ്പടിയുടെ ദൈവം:** അടിമത്തത്തിൽനിന്നുള്ള മോചനവുമായി ബന്ധപ്പെട്ട നിരവധി അത്ഭുതങ്ങളിലൂടെ ജനം ദൈവത്തിന്റെ കരുത്തും കരുതലും കണ്ടു, അനുഭവച്ചറിഞ്ഞു. സീനായ് മലയിൽ അവർ അവിടുത്തെ മഹത്വം ദർശിച്ചു. ഒരു ഉടമ്പടിയിലൂടെ തങ്ങളെ സ്വന്തം ജനമായി തിരഞ്ഞെടുക്കുന്ന ദൈവത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരായി. ഈ ബോധ്യത്തെ ഊട്ടി ഉറപ്പിക്കുന്നതാണ് ഉടമ്പടിയുടെ പ്രമാണങ്ങൾ. അതിൽ ആദ്യത്തെ പ്രമാണം തന്നെ ദൈവം ആരെന്നു വ്യക്തമാക്കുന്നു: *"ദാസ്യഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്"* (പുറ 20, 2-3).

ഇസ്രായേലിന്റെ വിമോചകനായ ദൈവം എന്നു സ്വയം വെളിപ്പെടുത്തുന്ന ഈ പ്രമാണത്തിൽ മറ്റു ദൈവങ്ങളുടെ സാധ്യത തള്ളിക്കളയുന്നില്ല. ബഹുദൈവാരാധന നിലനിന്ന സാഹചര്യമാണത്. ഓരോ ജനതയ്ക്കും ഓരോ ദൈവം എന്ന കാഴ്ചപ്പാട് ഇവിടെ അന്തർലീനമായി സ്ഥിതി ചെയ്യുന്നു. ഫറവോയെയും അവനെ സംരക്ഷിക്കുന്ന അവന്റെ ദൈവത്തെയുംകാൾ ശക്തനാണ് ഇസ്രായേലിന്റെ ദൈവമായ യാഹ്‌വേ. ഇസ്രായേൽക്കാർ മറ്റു ദൈവങ്ങളെ ആരാധിക്കരുത്. അതു വിശ്വാസത്യാഗത്തിന് തുല്യമാകും.

**e. ദൈവം യോദ്ധാവ്:** മോശയുടെ മരണത്തിനുശേഷം ഇസ്രായേൽക്കാർ ജോഷ്വായുടെ നേതൃത്വത്തിൽ യുദ്ധം ചെയ്ത് കാനാൻദേശം കയ്യടക്കി വാസമുറപ്പിച്ചു. ഈ പ്രക്രിയയിൽ ഉടനീളം ദൈവം അവർക്ക് അനുഭവപ്പെടുന്നത് യുദ്ധം നയിക്കുന്ന സൈന്യാധിപനായിട്ടാണ്. ദൈവമാണ് ഇസ്രായേൽ ജനത്തിനു മുമ്പേ പോയി ജോർദാൻ വറ്റിച്ചതും ജെറിക്കോ കോട്ട തകർത്തതും തുടർന്ന് ദേശം കീഴടക്കിക്കൊടുത്തതും എന്നു ജനം കണ്ടു, അനുഭവിച്ചു, വിശ്വസിച്ചു. ഇവിടെയും യാഹ്‌വേ ഇസ്രായേൽ ജനത്തിന്റെ ദൈവമാണ്; മറ്റു ജനതകളുടെ ദൈവങ്ങളെക്കാൾ ശക്തൻ. ന്യായാധിപന്മാരുടെ കാലത്തും ഈ കാഴ്ചപ്പാട് നിലനിന്നു.

**f. ദൈവം രാജാവ്:** രാജഭരണത്തിന്റെ ആവിർഭാവത്തോടെ പ്രത്യേകിച്ചും ദാവീദിന്റെയും സോളമന്റെയും കാലത്ത്, ദൈവം രാജാവായി അനുഭവപ്പെട്ടു. ദൈവമാണ് യഥാർത്ഥ രാജാവ്. മാനുഷിക രാജാക്കന്മാർ ദൈവത്തിന്റെ സ്ഥാനപതികൾ മാത്രം. എന്നാൽ കാലക്രമത്തിൽ മാനുഷിക രാജാക്കന്മാർ ഈ സത്യം മറന്നു, അവഗണിച്ചു, സർവ്വാധിപതികളാകാൻ ശ്രമിച്ചു. മാത്രമല്ല, തങ്ങൾ മാത്രമാണ് ദൈവത്തിന്റെ ജനം; ഇതര ജതനകളേക്കാൾ മെച്ചപ്പെട്ടവർ എന്ന ഒരു ചിന്തയും ജനമനസിൽ ശക്തിയാർജ്ജിച്ചു. അപ്പോഴും യാഹ്‌വേ അനേകം ദൈവങ്ങൾക്കിടയിൽ ഒരുവൻ, പക്ഷേ ഏറ്റം ശക്തൻ, എന്ന കാഴ്ചപ്പാടു നിലനിന്നു. ഈ കാഴ്ചപ്പാടിനെ തിരുത്തിക്കുറിക്കുന്നതാണ് പ്രവാസാനുഭവം.

**g. യാഹ്‌വേ മാത്രം ദൈവം:** ബാബിലോണിന്റെ ആക്രമണത്തിൽ എല്ലാം നഷ്ടപ്പെട്ട ഇസ്രായേൽ ജനം അടിമത്തത്തിലായി. നബുക്കദ്നേസറിന്റെ സൈന്യം ജറുസലെം കീഴടക്കി.

മതിലുകൾ തകർത്തു; ദേവാലയം അഗ്നിക്കിരയാക്കി. രാജാവും പുരോഹിതന്മാരും പ്രഭുക്കന്മാരും സാധാരണ ജനങ്ങളും അടങ്ങുന്ന പതിനായിരങ്ങൾ ബാബിലോണിലേക്ക് അടിമകളായി നാടുകടത്തപ്പെട്ടു. വിഷാദമൂകവും നിരാശാഭരിതവുമായ ഈ സാഹചര്യത്തിൽ ദൈവത്തെക്കുറിച്ചുള്ള പുതിയ വെളിപാടുകൾ നല്കപ്പെട്ടു; പ്രത്യേകിച്ചും എസെക്കിയേൽ, രണ്ടാം ഏശയ്യാ എന്നീ പ്രവാചകന്മാരിലൂടെ.

ഓരോ ജനതയ്ക്കും താന്താങ്ങളുടെ ദൈവം; ഇസ്രായേലിന്റെ ദൈവം യാഹ്‌വേ; മറ്റെല്ലാ ദൈവങ്ങളേക്കാളും ശക്തൻ, എന്ന ഒരു കാഴ്ചപ്പാടാണ് അധികപേർക്കും ഇതുവരെ നിലന്നത്, ചുരുക്കം ചില അപവാദങ്ങൾ ഒഴികെ (ഉദാ. ആമോ 9,7) എന്നാൽ പ്രവാസകാലത്ത് പുതിയ അറിവ് ലഭിച്ചു: ദൈവം ഒരുവൻ മാത്രം, ആ ദൈവമാണ് എല്ലാ ജനതകളുടെയും ദൈവം, സർവ്വശക്തൻ. ഇതര ജനതകൾ ദൈവമെന്നു കരുതി ആരാധിക്കുന്നതു ദൈവമല്ല. മനുഷ്യന്റെ ഭാവനാസൃഷ്ടികളായ വിഗ്രഹങ്ങൾ മാത്രം. അതിനാൽ ഇസ്രായേൽ ജനത്തിനു വലിയൊരു ദൗത്യമുണ്ട്. ഏക സത്യദൈവമായ യാഹ്‌വേയ്ക്കു ജനതകളുടെ ഇടയിൽ സാക്ഷികളാവുക. അതിനുവേണ്ടിയാണ് ദൈവം അബ്രാഹത്തെ തിരഞ്ഞെടുത്തതും, ഇസ്രായേലിനെ മോചിപ്പിച്ച് ഒരു ജനമായി വളർത്തിയതും.

*"എനിക്കുമുമ്പ് മറ്റൊരു ദൈവം ഉണ്ടായിട്ടില്ല, എനിക്കു ശേഷം മറ്റൊരു ദൈവം ഉണ്ടാവുകയുമില്ല. ഞാൻ, അതേ ഞാൻ തന്നെയാണ് കർത്താവ്. ഞാനല്ലാതെ മറ്റൊരു രക്ഷകനില്ല"* (ഏശ 43, 10-11). ഏകദൈവം, ഏകരക്ഷകൻ. സകല ജനതകളുടെയും സ്രഷ്ടാവും രക്ഷകനും നാഥനുമാണ് യാഹ്‌വേ. ഈ സത്യം ജനതകൾക്കിടയിൽ പ്രഘോഷിക്കാൻ വേണ്ടിയാണ് ഇസ്രായേൽ ജനത്തെ ബാബിലോണിലേക്ക് അയച്ചിരിക്കുന്നത്. കർത്താവിന്റെ ദാസൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന ഇസ്രായേൽജനത്തെ *"ജനതകൾക്കു പ്രകാശമായി നല്കിയിരിക്കുന്നു"* (ഏശ 42-7).

**h. ഏകത്വത്തിൽ ബഹുത്വം**: ദൈവം ഒരുവൻ മാത്രം എന്ന സത്യമാണ് ഇതുവരെ പഴയനിയമത്തിന്റെ വെളിച്ചത്തിൽ കണ്ടത്. എന്നാൽ ഏകദൈവം എന്ന ഈ കാഴ്ചപ്പാടിൽത്തന്നെ ചിലപ്പോഴൊക്കെ ബഹുത്വത്തെക്കുറിച്ചുള്ള സൂചനകൾ കാണാം. അതിൽത്തന്നെ വ്യക്തമല്ലെങ്കിലും, പുതിയനിമയത്തിന്റെ വെളി

ച്ചത്തിൽ നോക്കുമ്പോൾ ത്രിത്വത്തിലേക്കുള്ള അവ്യക്തമായ ചില സൂചനകൾ ദൃശ്യമാകും.

**i. "ഏലോഹിം"** എന്ന ഹീബ്രുവാക്കാണ് *ദൈവം* എന്നു വിവർത്തനം ചെയ്യുന്നത്. ഹെബ്രായഭാഷയിൽ ഇതൊരു ബഹുവചനമാണ്. ദൈവങ്ങൾ എന്നാണ് കൃത്യമായി വിവർത്തനം ചെയ്യേണ്ടത്. എന്നാൽ പല ദൈവങ്ങളില്ല, ദൈവം ഒരുവൻ മാത്രം എന്ന പൊതുവായ പഠനത്തിന്റെ വെളിച്ചത്തിൽ ദൈവം എന്നു ഏകവചനമായി വിവർത്തനം ചെയ്യുന്നു. വേണമെങ്കിൽ ഇതിനെ പൂജക ബഹുവചനം എന്ന് വിശേഷിപ്പിക്കാം. എന്നാലും പേരിന്റെ പിന്നിൽ വ്യക്തമല്ലാത്ത ഒരു ബഹുത്വത്തിന്റെ നിഴൽ കാണാം.

**ii. ആത്മാവ് – ചൈതന്യം**: ബൈബിളിന്റെ ആദ്യത്തെ പുസ്തകമായ ഉൽപത്തിയുടെ ആദ്യവാക്യത്തിൽത്തന്നെ ദൈവത്തിന്റെ ബഹുത്വത്തെക്കുറിച്ചുള്ള സൂചന രണ്ടുതവണ പ്രത്യക്ഷപ്പെടുന്നുണ്ട്. *"ഏലോഹിം"* എന്ന ബഹുവചനത്തിനുശേഷം വരുന്ന *"റുവാഹ്"* എന്ന വാക്കും ഈ ദിശയിലേക്കാണ് വിരൽ ചൂണ്ടുന്നത്. കാറ്റ്, ശക്തി, ചൈതന്യം എന്നൊക്കെ വിവർത്തനം ചെയ്യുമ്പോഴും അത്രതന്നെ വ്യക്തമല്ലാത്ത എന്തോ ഒന്ന് ഈ വാക്കിലും ഒളിഞ്ഞിരിക്കുന്നു എന്നു കാണാൻ കഴിയും. "ആത്മാവ്" എന്നാണ് റുവാഹ് എന്ന വാക്കിന്റെ ഏറ്റം ആദ്യത്തെ അർത്ഥം. *"റൂഹാ"* എന്നു സുറിയാനിയിൽ പറയുന്നത് ഈ വാക്കുതന്നെ. ഇതാണ് പിന്നീട് *"പരിശുദ്ധാത്മാവ്"* എന്ന ത്രിത്വത്തിലെ മൂന്നാം ആളായി വെളിപ്പെടുന്നത്.

**iii. മൂന്നുപേർ – ഒരാൾ**: അബ്രാഹത്തിന്റെയടുക്കൽ വിരുന്നുകാരായി കടന്നുവരുകയും ഇസഹാക്കിന്റെ ജനനം അവസാനമായി ആവർത്തിച്ചു വാഗ്ദാനം ചെയ്യുകയും ചെയ്തത് മൂന്നാളുകളായിരുന്നു. എന്നാൽ സാവകാശം അത് ഒരാൾ മാത്രമാണെന്നും അതു ദൈവംതന്നെ ആയിരുന്നു എന്നുമുള്ള പ്രതീതി നല്കുന്നതാണ് വിവരണം (ഉൽപ 18, 1–33).

**iv. എന്റെ കർത്താവ്:** "കർത്താവ് എന്റെ കർത്താവിനോടരുളിച്ചെയ്തു" (സങ്കീ 110, 1) എന്നു തുടങ്ങുന്ന രാജകീയ സങ്കീർത്തനത്തിൽ "എന്റെ കർത്താവ്" എന്നു വിശേഷിപ്പിക്കുന്നത് ആരെയെന്ന സംശയം ഉണ്ടാകാം. പ്രത്യക്ഷത്തിൽ അഭിഷിക്തനായ രാജാവിനെയാണ് സൂചിപ്പിക്കുന്നത് എന്നു തോന്നാമെങ്കിലും ഈ വിശേഷണത്തിനു പിന്നിൽ ദൈവതുല്യനായ

മറ്റാരോ നില്ക്കുന്നു എന്ന പ്രതീതിയാണ്, പ്രത്യേകിച്ചും *"ദാവീദുതന്നെ അവനെ കർത്താവ് എന്നു വിളിക്കുന്നു. പിന്നെ എങ്ങനെയാണവൻ ദാവീദിന്റെ പുത്രനാകുന്നത്?"* (മർക്കോ 12, 37) എന്ന യേശുവിന്റെ തന്നെ ചോദ്യത്തിൽനിന്നും ലഭിക്കുന്നത്.

**v. ശിശു, പുത്രൻ, ശക്തനായ ദൈവം:** വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള ഏശയ്യായുടെ ഒരു പ്രവചനത്തിൽ ഇപ്രകാരം ഒരു സൂചന കൂടുതൽ വ്യക്തമായി കാണാം. *"നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു. നമുക്കൊരു പുത്രൻ നല്കപ്പെട്ടിരിക്കുന്നു... ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും"* (ഏശ 9, 6). ഇസ്രായേൽ ജനം സ്രഷ്ടാവും വിമോചകനുമായി വിശ്വസിച്ച് ആരാധിച്ചിരുന്ന യാഹ്‌വേയിൽ നിന്നു വ്യത്യസ്തനാണ് ഈ ശിശു; അതേസമയം ദൈവം എന്നു വിളിക്കപ്പെടുകയും ചെയ്യുന്നു. ആരാണയാൾ? ഉത്തരം ഇവിടെ വ്യക്തമല്ല.

**vi. മനുഷ്യപുത്രൻ:** ദാനിയേൽ നിശാദർശനത്തിൽ കണ്ട മനുഷ്യപുത്രൻ എന്ന ചിത്രവും ദൈവികതയിലേക്കു വിരൽചൂണ്ടുന്നു. *"ഇതാ വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു... ആധിപത്യവും മഹത്വവും രാജത്വവും അവനു നല്കി. അവന്റെ ആധിപത്യം ശാശ്വതമാണ്... അവന്റെ രാജത്വം അനശ്വരമാണ്"* (ദാനി 7, 13-14). ആരാണീ മനുഷ്യപുത്രൻ? അന്തിയോക്കസ് നാലാമന്റെ മതപീഡനകാലത്ത് വിശ്വാസം കാത്തുസൂക്ഷിക്കാൻവേണ്ടി രക്തസാക്ഷിത്വം വരിച്ച വിശ്വസ്തരായ ദൈവജനത്തിന്റെ പ്രതീകമാണ് മനുഷ്യപുത്രൻ എന്നു ദാനിയേൽ തന്നെ തുടർന്നു സൂചിപ്പിക്കുന്നുണ്ട് (7, 27). എന്നാലും അതിനപ്പുറം ഒരു പ്രത്യേക വ്യക്തിയിലേക്ക് ഈ പ്രവചനവും വിരൽചൂണ്ടുന്നു എന്ന് പുതിയനിയമത്തിന്റെ വെളിച്ചത്തിൽ കാണാനാവും. യേശുതന്നെത്തന്നെ വിശേഷിപ്പിച്ചത് മനുഷ്യപുത്രൻ എന്നാണ്. സാൻഹദ്രിന്റെ മുമ്പിൽ വിചാരണ ചെയ്യപ്പെട്ടപ്പോൾ തന്റെ വ്യക്തിത്വം നിർണ്ണയിക്കാനായി യേശുതന്നെ ഈ പ്രവചനം ഉദ്ധരിച്ചു (മർക്കോ 14, 62). ഇതു ദൈവദൂഷണമായിക്കണ്ട കോടതി വധശിക്ഷ വിധിച്ചു. കാരണം താൻ ദൈവതുല്യനെന്ന് യേശു പ്രഖ്യാപിക്കുന്നതായി സാൻഹദ്രിൻ സംഘത്തിനു ബോധ്യപ്പെട്ടു.

**vii. ദൈവവചനം - ആത്മാവ്:** പഴയനിയമത്തിൽ അനേകം

തവണ കാണുന്നതാണ് *"കർത്താവ് അരുളിച്ചെയ്തു"* എന്ന പ്രയോഗം. പ്രവാചകന്മാരിലൂടെ ദൈവം സംസാരിക്കുമ്പോഴാണ് ഇപ്രകാരം ഒരാമുഖവാക്യം അധികപങ്കും കാണുന്നത്. മൂലഭാഷയായ ഹീബ്രുവിൽ *"കർത്താവിന്റെ വചനം വന്നു"* (the Word of the Lord came to) എന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. ദൈവം നല്കുന്ന ആന്തരിക പ്രചോദനമായി ഇതിനെ വ്യാഖ്യാനിക്കാം. എന്നാൽ അതുമാത്രം ആകണമെന്നില്ല.

*"മഴയും മഞ്ഞും ആകാശത്തുനിന്നു വരുന്നു... എന്റെ അധരങ്ങളിൽനിന്നു പുറപ്പെടുന്ന വാക്കും അങ്ങനെ തന്നെ. ഫലരഹിതമായി അതു തിരിച്ചുവരില്ല; എന്റെ ഉദ്ദേശ്യം അത് നിറവേറ്റും, ഞാൻ ഏല്പിക്കുന്ന കാര്യം വിജയപ്രദമായി ചെയ്യും"* (ഏശ 55, 10). ഇവിടെ വചനം എന്നത് ഏതെങ്കിലും പ്രവാചകനു ലഭിക്കുന്ന ആന്തരിക പ്രചോദനത്തേക്കാൾ വലിയ എന്തോ ഒന്നാണെന്ന പ്രതീതി ലഭിക്കുന്നു; പറയുന്ന ദൈവത്തിൽനിന്നു പുറപ്പെടുന്ന, സ്വന്തമായി അസ്തിത്വമുള്ള എന്തോ ഒന്ന്. ഒരു വ്യക്തി എന്നു തറപ്പിച്ചു പറയാനാവില്ലെങ്കിലും, അപ്രകാരം ഒരു സൂചന ഇവിടെ കാണാം.

സൃഷ്ടിയുടെ വിവരണത്തിൽ *"ദൈവം അരുളിച്ചെയ്തു"* എന്നു പറയുന്നത് വചനം കൊണ്ടാണ് സൃഷ്ടി നടന്നത് എന്നു സൂചിപ്പിക്കുന്നുണ്ട്. *"കർത്താവിന്റെ വചനത്താൽ ആകാശം നിർമ്മിക്കപ്പെട്ടു; അവിടുത്തെ കല്പനയിൽ ആകാശഗോളങ്ങളും"* (സങ്കീ 33, 6). ഇവിടെ സൃഷ്ടികർമ്മത്തിൽ വചനത്തിന്റെ പങ്ക് വ്യക്തമാകുന്നു. *"കല്പന"* എന്നു വിവർത്തനം ചെയ്യുന്നത് *റുവാഹ്* എന്ന വാക്കാണ്. ആത്മാവ് എന്നാണതിനർത്ഥം. ഉൽപ: 1,2-3ൽ കണ്ട അതേ സൂചനകൾ ഇവിടെയും കാണാം, വചനവും ആത്മാവും സൃഷ്ടികർമ്മത്തിൽ വഹിക്കുന്ന പങ്ക്. ഇതൊന്നും ദൈവത്തിൽനിന്നു വ്യത്യസ്തമായ വ്യക്തിത്വങ്ങളായി അവതരിപ്പിക്കുന്നില്ലെങ്കിലും അങ്ങനെ ഒരു സൂചന ഈ വാക്കുകളുടെ ഉപയോഗത്തിൽ കാണാം. പുതിയ നിയമത്തിൽ *വചനം (ലോഗോസ്)* എന്നു വിശേഷിപ്പിക്കുന്ന യാഥാർത്ഥ്യം തന്നെയാണ് പഴയനിമയത്തിൽ *"ദാബാർ"* എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്, ആത്മാവ് എന്ന യാഥാർത്ഥ്യം റുവാഹ് എന്ന വാക്കുകൊണ്ടും.

**viii. ജ്ഞാനം:** പ്രവാചകന്മാർ വചനത്തിനു നല്കിയ സ്ഥാന

മാണ് പ്രവാചകന്മാരുടെ കാലത്തിനുശേഷം ഇസ്രായേലിൽ ജ്ഞാനത്തിന് നല്കപ്പെട്ടത്. മനുഷ്യബുദ്ധിക്കു ദൈവം നല്കുന്ന പ്രകാശനവും നന്മയിൽ വളരാനുള്ള പ്രചോദനവുമായി ജ്ഞാനത്തെ വ്യാഖ്യാനിക്കാം. അതു ദൈവത്തിന്റെ സൃഷ്ടിയാണെന്നു ബൈബിൾതന്നെ വ്യക്തമായി പറയുന്നുമുണ്ട് (സുഭാ 8, 22). എന്നാലും കേവലം ഒരു സൃഷ്ടി എന്ന ആശയത്തിൽ ഒതുങ്ങുന്നതല്ല ജ്ഞാനത്തിന്റെ ഉത്ഭവത്തെയും സ്വഭാവത്തെയും കുറിച്ച് ബൈബിളിൽ കാണുന്ന വിവരണങ്ങൾ.

എല്ലാ സൃഷ്ടികൾക്കും മുമ്പ് ദൈവത്തിൽ ജനിച്ചതാണ് ജ്ഞാനം (ജ്ഞാനം 8, 26). അത്യുന്നതന്റെ നാവിൽനിന്നു പുറപ്പെട്ട ജ്ഞാനം (പ്രഭാ 26, 3) ദൈവശക്തിയുടെ ശ്വാസവും ദൈവമഹത്വത്തിന്റെ ശുദ്ധമായ നിസ്സരണവുമാണ്... നിത്യ തേജസിന്റെ പ്രതിഫലനം... അവിടുത്തെ നന്മയുടെ പ്രതിരൂപം (ജ്ഞാനം 7, 25–26). ഉന്നതങ്ങളിൽ വസിക്കുന്ന ജ്ഞാനം (പ്രഭാ 24, 4) ദൈവത്തോടൊത്ത് (ജ്ഞാനം 8, 3) അവിടുത്തെ സിംഹാസനത്തിൽ (ജ്ഞാനം 9, 4) ഇരിക്കുന്നു. സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയും (സുഭാ 8, 27–31) പ്രപഞ്ചത്തെ ഭരിക്കുകയും (ജ്ഞാനം 8, 1) ചെയ്യുന്നു. ഭൂമിയിലേക്ക് അയയ്ക്കപ്പെട്ട ജ്ഞാനം പ്രമാണത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു (പ്രഭാ 23, 23–34). മനുഷ്യരോടൊത്തു വസിച്ച് (സുഭാ 8, 31) അവർക്കു രക്ഷ പ്രദാനം ചെയ്യുന്നു (ജ്ഞാനം 9, 18–19).

ഇപ്രകാരമുള്ള വിവരണങ്ങൾ ജ്ഞാനത്തെ ഒരു സൃഷ്ടിയെന്നതിലുപരി ദൈവികതയുടെ തന്നെ ഭാഗമായി ചിത്രീകരിക്കുന്നതുപോലെ തോന്നും. ദൈവത്തിൽനിന്നു പുറപ്പെടുന്നതും ദൈവികസ്വഭാവത്തിൽ പങ്കുചേരുന്നതും അതേസമയം ദൈവത്തിൽനിന്നു വ്യതിരിക്തവും സ്വന്തമായ ഇച്ഛാശക്തിയും തീരുമാനമെടുക്കാൻ കഴിവുമുള്ള ഒരു വ്യക്തി എന്ന ധാരണ ഉളവാക്കുന്നതുമാണ് ഈ വിവരണങ്ങൾ.

**ix. ഛായ – സാദൃശ്യം:** മനുഷ്യസൃഷ്ടിയുടെ വിവരണത്തിൽ ശ്രദ്ധേയമായൊരു സവിശേഷതയുണ്ട്. *“ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു”* (ഉൽപ 1, 26–27). ദൈവത്തിന്റെ “ഛായയും സാദൃശ്യവും” എന്ന പ്രയോഗം ശാരീരികമായ ഒരു സാമ്യത്തെയല്ല സൂചിപ്പിക്കുന്നത് എന്നു വ്യക്തം, കാരണം ദൈവത്തിനു ശരീര

മില്ല എന്നതുതന്നെ. എന്നാൽ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു എന്നു പറയുമ്പോൾ ദൈവത്തിൽ ഈ രണ്ടു സ്വഭാവങ്ങളും അഥവാ ഗുണങ്ങളും ഒന്നുചേർന്നിരിക്കുന്നു എന്ന് അനുമാനിക്കാം.

ജ്ഞാനത്തെ സ്ത്രൈണഭാവത്തിലാണ് ബൈബിൾ അവതരിപ്പിക്കുന്നത് എന്നതും ചേർത്തു വായിക്കുമ്പോൾ വീണ്ടും ഏകത്വത്തിനുള്ളിൽത്തന്നെ ഒരു ബഹുത്വം ഉള്ളതായി തോന്നും. മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതിനുശേഷം നല്കുന്ന സന്താനശേഷിയുള്ളവരായി പെരുകുവിൻ എന്ന അനുഗ്രഹവും കൂടിയാവുമ്പോൾ വീണ്ടും ഒരു ത്രിത്വത്തിന്റെ നിഴൽ വീഴുന്നതു കാണാം. ഇതൊന്നും അക്ഷരാർത്ഥത്തിൽ എടുക്കേണ്ട വിവരണങ്ങളല്ല എന്ന് അംഗീകരിക്കുമ്പോഴും പ്രഥമ ദൃഷ്ട്യാ കാണാത്ത എന്തോ ചില നിഗൂഢതകൾ ഇവിടെയും ഉണ്ട് എന്ന ധാരണ ലഭിക്കുന്നു.

**X. കർത്താവിന്റെ ദാസൻ:** ഏശയ്യായുടെ പുസ്തകത്തിൽ ദാസഗീതികൾ എന്നപേരിൽ അറിയപ്പെടുന്ന നാലു കീർത്തനങ്ങളുണ്ട് (42, 1-9; 49, 1-6; 50, 4-11; 52, 13-53, 12). ഇതേ സ്വഭാവമുള്ള വേറെയും കീർത്തനങ്ങളുണ്ട് എന്നു മാത്രമല്ല, രണ്ടാം ഏശയ്യാ എന്നറിയിപ്പെടുന്ന 40-55 അധ്യായങ്ങൾ മുഴുവൻ ഒരു കീർത്തന സമാഹാരമായി കരുതുന്നവരുമുണ്ട്. ഈ കീർത്തനങ്ങളിൽ ഉപയോഗിക്കുന്ന *"ദാസൻ"* എന്ന പ്രതീകം, ബാബിലോൺ പ്രവാസത്തിൽ കഴിഞ്ഞ ഇസ്രായേൽ ജനത്തെ മുഴുവനും സൂചിപ്പിക്കുന്നു എന്നാണ് പണ്ഡിതമതം. എന്നാലും ഈ കീർത്തനങ്ങളിൽ പറയുന്ന പല കാര്യങ്ങളും ഒരു ജനസമൂഹത്തിലോ മറ്റേതെങ്കിലും മനുഷ്യവ്യക്തികളിലോ മാത്രം ഒരുക്കിനിർത്താവുന്നതല്ല.

*"നമ്മുടെ ദുഃഖങ്ങളാണവൻ ചുമന്നത്... നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി അവൻ ക്ഷതമേല്പിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നല്കി. അവന്റെ ക്ഷതങ്ങളിൽ നാം സൗഖ്യം പ്രാപിച്ചു... അനേകരുടെ പാപഭാരം അവൻപേറി; അതിക്രമങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു"* (ഏശ 53, 4-12). ഇപ്രകാരമുള്ള വിവരണങ്ങൾ ഒരു സാധാരണ മനുഷ്യന്റെ പരിമിതികൾക്കതീതമാണ്. പാപിയായ ഒരു മനുഷ്യന് എങ്ങനെ മറ്റു പാപികൾക്കുവേണ്ടി പരിഹാരം അനുഷ്ഠിക്കാൻ കഴിയും? യാതൊരു

പാപവും ഇല്ലാത്ത പരമപരിശുദ്ധനായ ഒരു വ്യക്തിയാണ് ഈ ദാസൻ എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് വിവരണം.

ദാസൻ എന്ന വാക്കും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. *"ഏബെദ്"* എന്നാണ് ഹീബ്രുമൂലം. *പയിസ്* (Pais) എന്നു ഗ്രീക്കു വിവർത്തനം. പ്രത്യക്ഷത്തിൽ ദാസൻ, അടിമ എന്നൊക്കയാണു ഈ വാക്കിന്റെ അർത്ഥം എന്നു തോന്നിയാലും അടിമയുടെ അവസ്ഥയല്ല, പുത്രന്റെ സ്വഭാവമാണ് ഈ ദാസനിൽ പ്രതിഫലിക്കുന്നത്, മലയാളത്തിൽ "പയ്യൻ" എന്ന പദംപോലെ. പുത്രസമാനം ദൈവത്തോടു ചേർന്നുനില്ക്കുന്ന ഒരു വ്യക്തിത്വത്തെക്കുറിച്ചുള്ള സൂചന ഈ പദത്തിലും കാണാം.

## ചുരുക്കത്തിൽ

പഴയനിയമത്തിൽ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിൽ നിന്നു ലഭിക്കുന്ന ചിത്രം ഇതാണ്. ദൈവം ഒരുവനേയുള്ളൂ, ഒരുവൻ മാത്രം. പല പേരുകളിൽ അറിയപ്പെടുമ്പോഴും ദൈവത്തിന്റെ ഏകത്വമാണ് മുന്നിൽ നില്ക്കുന്ന സത്യം. മറ്റു ജനതകൾ ആരാധിക്കുന്നതൊന്നും ദൈവമല്ല. ഏകദൈവത്തെക്കുറിച്ചുള്ള തെറ്റായ ചിത്രങ്ങളാണ് ബഹുദൈവാരാധനകളിൽ പ്രതിഫലിക്കുന്നത്. യാഹ്വേ എന്നപേരിൽ ഇസ്രായേലിനു സ്വയം വെളിപ്പെടുത്തുന്നത് സ്രഷ്ടാവും വിമോചകനും പരിപാലകനുമായ ഏകദൈവമാണ്, എല്ലാ ജനതകളുടെയും ദൈവം. ഈ ഏകദൈവത്തിന്റെ സാക്ഷികളായി, സകല ജനതകളെയും ദൈവത്തിലേക്ക് ആകർഷിക്കാൻ, ലോകത്തിന്റെ പ്രകാശമാകാൻ വിളിക്കപ്പെട്ടവരാണ് ഇസ്രായേൽ ജനം.

ദൈവത്തിന്റെ ഏകത്വത്തിന് ഊന്നൽ നല്കുമ്പോഴും അത്രതന്നെ വ്യക്തമാകാത്ത ചില സൂചനകൾ പഴയ നിയമത്തിന്റെ ഏടുകളിൽ കാണാം. ആദ്യപുസ്തകമായ ഉൽപത്തി മുതൽ, ചരിത്രപരമായി നോക്കുമ്പോൾ അവസാനം രചിക്കപ്പെട്ട ജ്ഞാനത്തിന്റെ പുസ്തകം വരെ ഈ സൂചനകൾ ചിതറികിടക്കുന്നു. ദൈവം ഏകനാണ്, എന്നാൽ സാധാരണ മനസിലാക്കുന്നതു പോലുള്ള ഒരു ഏകാകിത്വമല്ല ഇത് എന്ന് അനേകം പ്രതീകങ്ങളിലൂടെ ലഭിക്കുന്ന സൂചനകൾ കാണാം. പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ മാത്രമേ മൂന്നു വ്യക്തികളെക്കുറിച്ചാണ് ഈ സൂചനകൾ എന്നു ഗ്രഹിക്കാനാവൂ, പ്രവചനങ്ങളുടെ അർത്ഥം പൂർത്തീകരണത്തോടെ മാത്രം വ്യക്തമാകുന്നതുപോലെ.

### 4. പുതിയ അനുഭവം

പുതിയനിയമത്തിൽ വെളിപ്പെടുന്ന ദൈവത്തിന്റെ ചിത്രം അപ്പസ്തോല സമൂഹത്തിന്റെ ഭാവനയിൽ രൂപം കൊണ്ടതല്ല; പഴയനിയമ പാരായണത്തിൽ നിന്നു ലഭിച്ച യുക്തിപൂർവ്വകമായ ഒരു നിഗമനവുമല്ല. പുതിയനിയമ ഗ്രന്ഥകർത്താക്കൾ എല്ലാവരുംതന്നെ യഹൂദരായിരുന്നു. വിട്ടുവീഴ്ചയില്ലാത്ത ഏകദൈവ വിശ്വാസികൾ. *'ഒരേ ദൈവത്തിൽ തുല്യരായ മൂന്നാളുകൾ'* എന്ന ചിന്ത പഴയനിയമത്തിൽനിന്നു മാത്രം ലഭിക്കുകയില്ല. മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും യുക്തിക്ക് അതീതവുമാണിത്. പിന്നെ എങ്ങിനെയാണ് ഈ വിശ്വാസം ക്രൈസ്തവ സമൂഹത്തിലേക്കു കടന്നുവന്നത്?

യേശുവുമായുള്ള കണ്ടുമുട്ടലിലൂടെ ശിഷ്യസമൂഹം തങ്ങളുടെ പരമ്പരാഗതമായ വിശ്വാസത്തെ പുതുതായി വിലയിരുത്തേണ്ടിവന്നു. ഏകദേശം മുപ്പതു വയസ്സുവരെ ആശാരിപ്പണി ചെയ്ത് ഉപജീവനം കഴിച്ചിരുന്ന ആ നസ്രത്തുകാരൻ അവരുടെ മുമ്പിൽ ഉത്തരം കിട്ടാത്ത ഒരു ചോദ്യചിഹ്നമായി. മനുഷ്യത്വം ഇത്രമാത്രം അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ട മറ്റൊരു മനുഷ്യനില്ല. മനുഷ്യരെയും പ്രകൃതിയെയും ആഴമായി സ്നേഹിച്ച ഒരു മനുഷ്യൻ. ശിശുക്കളെ വാത്സല്യത്തോടെ ലാളിച്ചു. മുതിർന്നവരുമായി ഗാഢമായ സ്നേഹബന്ധം സ്ഥാപിച്ചു. തന്റെ സഹജീവികളുടെ സന്തോഷത്തിൽ അവൻ സന്തോഷിച്ചു; ദുഃഖത്തിൽ അവൻ ദുഃഖിച്ചു. വിരുന്നുകളിൽ പങ്കെടുത്തു. വിലാപങ്ങളിൽ കണ്ണീർ പൊഴിച്ചു. സ്നേഹവും സന്തോഷവും, കോപവും ദുഃഖവും, ഭയവും ധൈര്യവും തീവ്രമായി അവനിൽ പ്രത്യക്ഷപ്പെട്ടിരുന്നു. “കുഞ്ഞുമക്കളേ” എന്നു വിളിച്ചുകൊണ്ട് തങ്ങളോട് അന്ത്യയാത്ര പറഞ്ഞ ഗുരുവിന്റെ സ്നേഹവായ്പ് അമ്മയ്ക്കു തന്റെ കുഞ്ഞിനോടുള്ള സ്നേഹത്തെ മറികടക്കുന്നതായിരുന്നു. മനുഷ്യന്റേതായ വേദനകൾ അതിന്റെ തീവ്രതയിൽ അവൻ അനുഭവിച്ചു. തലചായ്ക്കാനിടമില്ലാതെ, വിശപ്പും ദാഹവും സഹിച്ച്, ദരിദ്രരിൽ ദരിദ്രനായി ജീവിച്ചു. ക്രൂരമായ മരണത്തിനു മുമ്പിൽ ഭയന്നു. കുരിശിൽ കഠിനമായ വേദനയുടെ മധ്യേ ഉച്ചത്തിൽ നിലവിളിച്ച് ജീവൻ വെടിഞ്ഞു. സംശയമില്ല, നസ്രത്തിലെ യേശു ഒരു മനുഷ്യനായിരുന്നു. താൻ പൂർണ്ണമായും മനുഷ്യനാണെന്ന് തറപ്പിച്ചുപറയാൻ എന്നു തോന്നത്തക്കവണ്ണം “മനുഷ്യപുത്രൻ”

എന്നാണ് അവൻ സ്വയം വിശേഷിപ്പിച്ചത്. ആരെയും വശീകരിക്കുന്ന അഗാധമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു യേശു എന്ന മനുഷ്യൻ.

എന്നാൽ അതേസമയം ആ മനുഷ്യന്റെ വാക്കുകളും പ്രവൃത്തികളും ശിഷ്യന്മാരെ അമ്പരിപ്പിക്കുന്നതായിരുന്നു. അവന്റെ ഒറ്റവാക്കാൽ തളർവാതരോഗികൾ എണീറ്റുനടന്നു. കുരുടന്മാരുടെ കണ്ണുതെളിഞ്ഞു. മൂകരുടെ നാവിന്റെ കെട്ടഴിഞ്ഞു. കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെട്ടു. പ്രകൃതി മുഴുവൻ അവന്റെ ചൊല്പടിക്കുനിന്നു. വെള്ളം വീഞ്ഞായി മാറി; അപ്പം അത്ഭുതകരമായി വർദ്ധിച്ച് അനേകായിരങ്ങളുടെ വിശപ്പടക്കി; കൊടുങ്കാറ്റും അലയാഴിയും അവന്റെ ആജ്ഞയനുസരിച്ച് അടങ്ങിനിന്നു. സംഹാരരുദ്രമായി അലറിയടുക്കുന്ന പൈശാചികശക്തികൾ അവന്റെ മുമ്പിൽ മുട്ടുകുത്തി പ്രണമിച്ചു. മരിച്ച മനുഷ്യൻ അവന്റെ കല്പനകേട്ട് ശവക്കല്ലറയിൽനിന്നു പോലും പുറത്തുവന്നു. പാപഭാരംപേറി തകർന്ന മനുഷ്യർ അവന്റെ സന്നിധിയിൽ പൂർണ്ണമോചനം നേടി. "നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" എന്ന വാക്ക് അവരിൽ ശാന്തിയും സമാധാനവും നിറച്ചു. അവർ പുതിയ മനുഷ്യരായിമാറി.

ആരാണിവൻ? വെറും ഒരു മനുഷ്യനോ? അല്ല എന്ന് ശിഷ്യന്മാർക്കു പൂർണ്ണബോധ്യമായിരുന്നു. യേശു മനുഷ്യനാണെന്ന് അടുത്തറിഞ്ഞ് അംഗീകരിച്ചപ്പോൾ തന്നെയും അവൻ വെറും ഒരു മനുഷ്യൻ മാത്രമല്ല എന്ന് അവർ സമ്മതിക്കേണ്ടിവന്നു. "ഇവൻ ആര്?" എന്ന ചോദ്യം എല്ലായിടത്തുനിന്നും ഉയർന്നു. നാട്ടുകാരും അധികാരികളും ഈ ചോദ്യം ഉന്നയിച്ചു. ഫരിസേയരും ഹേറോദോസ് രാജാവും ചോദിച്ചു: ഇവൻ ആര്? ശിഷ്യന്മാരും ഈ ചോദ്യം ആവർത്തിച്ചു.

യേശുവിന്റെ വ്യക്തിത്വത്തെ സംബന്ധിച്ച നിഗൂഢത അവന്റെ അന്ത്യത്തോടെ വർദ്ധിച്ചതേയുള്ളു. അന്ത്യത്താഴവേളയിൽ *'ഇത് നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു; ഇതു നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു'* എന്നു പറഞ്ഞ് അപ്പവും വീഞ്ഞും അവർക്കു നല്കിയപ്പോൾ അതിന്റെ അർത്ഥം ശിഷ്യർക്കു പൂർണ്ണമായി ഗ്രഹിക്കാനായില്ല. പിറ്റേദിവസം *"എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തേ എന്നെ നീ കൈവെടിഞ്ഞു?"* എന്നു നിലവിളിച്ചുകൊണ്ട് തങ്ങ

ളുടെ ഗുരുവും നാഥനുമായ യേശു ജീവൻ വെടിഞ്ഞപ്പോൾ ലോകം അവർക്കു മുന്നിൽ അന്ധകാരത്തിലമർന്നു; തങ്ങൾ ചവുട്ടിനില്ക്കുന്ന ഭൂമി കാല്ക്കീഴിൽ പിളർന്നു പോകുന്നതായി അവർക്ക് അനുഭവപ്പെട്ടു.

എല്ലാം അവസാനിച്ചു എന്നു വിചാരിച്ച് ദുഃഖാർത്തരായ അവർ, അവന്റെ ശരീരം തിടുക്കത്തിൽ സംസ്കരിച്ചശേഷം തങ്ങളുടെ ഒളിസ്ഥലത്തേക്കു മടങ്ങി. ഗുരുവിനെ വധിച്ചവർ തങ്ങളെയും അന്വേഷിക്കും എന്ന് അവർ ഭയന്നു. ഈ മരണം അവസാനമല്ല, ഒരു തുടക്കം മാത്രമായിരുന്നു എന്ന് അപ്പോൾ അവർ മനസ്സിലാക്കിയില്ല. യഹൂദരെ ഭയന്ന് ഒളിച്ചിരുന്ന തങ്ങളുടെ മധ്യത്തിൽ പൊടുന്നനേ പ്രത്യക്ഷപ്പെട്ടത് ഒരു യാഥാർത്ഥ്യമോ മിഥ്യയോ എന്നു തിരിച്ചറിയാൻ അവർക്കു സമയം വേണ്ടിവന്നു. ഉണങ്ങാത്ത മുറിപ്പാടുകൾ തങ്ങളുടെ ഗുരുവിന്റേതുതന്നെ എന്ന് അവർ തിരിച്ചറിഞ്ഞു. പഴയനിയമത്തിൽ ഒതുങ്ങിനിന്ന ആ സാധു ഗ്രാമീണരുടെ അറിവിന്റെയും വിശ്വാസത്തിന്റെ ചക്രവാളങ്ങൾ അതോടെ വലിച്ചു കീറപ്പെട്ടു. *"എന്റെ കർത്താവേ, എന്റെ ദൈവമേ"* എന്നുപറഞ്ഞ് അവന്റെ മുമ്പിൽ കമിഴ്ന്നു വീണ് അവനെ ആരാധിക്കുന്ന തോമസ് ബുദ്ധിക്ക് അഗ്രാഹ്യമായ ഒരു സത്യം ഏറ്റുപറഞ്ഞു: യേശുക്രിസ്തു ദൈവമാണ്; അവൻ മരണത്തെ ജയിച്ചിരിക്കുന്നു. ഇതിന്റെ ആഴവും അർത്ഥവും ധ്വനികളും അവർ ഇനിയും മനസ്സിലാക്കാനിരിക്കുന്നതേയുള്ളു. യേശുവിന്റെ ശിഷ്യന്മാരുടെ ജീവിതത്തിൽ ആശ്ചര്യങ്ങൾക്കും ആകസ്മിതകൾക്കും അറുതിയില്ല എന്നു തോന്നത്തക്കതായിരുന്നു അടുത്ത സംഭവം.

പന്തക്കുസ്താ ദിവസമാണതുണ്ടായത്. യേശുവിന്റെ ഉത്ഥാനത്തിൽ വിശ്വസിച്ചെങ്കിലും യഹൂദരോടുള്ള ഭയം വിട്ടുമാറിയിരുന്നില്ല; ഇതുവരെ സംഭവിച്ചതിന്റെയൊക്കെ അർത്ഥം എന്താണെന്ന് ഇനിയും അവർക്കു പൂർണ്ണമായി മനസ്സിലായിട്ടുമില്ല. തങ്ങളുടെ ജീവിതത്തെ തകിടം മറിക്കുന്ന എന്തോ ഒന്ന് ഇനിയും സംഭവിക്കാൻ പോകുന്നു എന്ന ചിന്ത അവരിലെല്ലാമുണ്ട്. ഏകാഗ്രചിത്തരായി, പ്രാർത്ഥനാനിരതരായി, ശിഷ്യസമൂഹം ദിവസങ്ങൾ ചിലവഴിച്ചു. കൊടുങ്കാറ്റടിക്കുന്നതു പോലെയുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള

നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നുനില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു (അപ്പ 2,2-3). ഭയത്താൽ അടച്ചിട്ടിരുന്ന വാതായനങ്ങളും ജാലകങ്ങളും മലർക്കെ തുറക്കപ്പെട്ടു.

സകലപ്രതിബന്ധങ്ങളെയും തകർത്തു മുന്നേറുന്ന അജയ്യമായ ഒരു അജ്ഞാതശക്തി ആ സാധു മനുഷ്യരിൽ നിറഞ്ഞു. തങ്ങൾക്ക് എന്താണു സംഭവിക്കുന്നത് എന്നറിയുന്നതിനുമുമ്പേ അവർ പുതിയ മനുഷ്യരായി മാറിക്കഴിഞ്ഞു. സൂര്യപ്രകാശത്തിൽ മൂടൽമഞ്ഞുപോലെ അവരെ ഗ്രസിച്ചിരുന്ന ഭയത്തിന്റെ വലയം ഉരുകി അപ്രത്യക്ഷമായി. തങ്ങൾ കണ്ടതും അനുഭവിച്ചറിഞ്ഞതുമായ കാര്യങ്ങൾ പുരമുകളിൽ കയറിനിന്നു വിളിച്ചുപറയാൻ അപ്രതിഹതമായ ഒരു ശക്തി അവരെ ഉള്ളിൽ നിന്നു തള്ളിവിട്ടു. *"നിങ്ങൾ കുരിശിൽ തറച്ചുകൊന്ന യേശുവിനെ ദൈവം ഉയിർപ്പിച്ചു. അവനാണ് സകലത്തിന്റെയും നാഥൻ. അവനിലൂടെയല്ലാതെ രക്ഷയില്ല''.* താഴെ കൂടിനിന്ന യഹൂദജനതയോട് പത്രോസ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഒരു വേലക്കാരിയുടെ ചോദ്യത്തിനുമുമ്പിൽ ചൂളിപ്പോയ പത്രോസ്, ഞാൻ അവനെ അറിയില്ല എന്നു മൂന്നു തവണ ആണയിട്ടു നുണപറഞ്ഞ ഗലീലിയിൽനിന്നുള്ള ആ സാധുമുക്കുവൻ, എങ്ങനെ ഇത്ര വാചാലനായി? എവിടെനിന്നു കിട്ടി അയാൾക്ക് ഈ ധൈര്യം?

അവരുടെ ചുറ്റുപാടുകളിൽ യാതൊരു മാറ്റവുമുണ്ടായില്ല. അവരെ ശത്രുക്കളായി കരുതിയിരുന്നവർ കൂടുതൽ ശക്തിയോടെ ജറുസലെമിൽത്തന്നെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അവർക്ക് അതൊരു പ്രശ്നമല്ല. സ്വന്തം ജീവന് എന്തു സംഭവിക്കും എന്ന് അവർ ചിന്തിച്ചില്ല. തങ്ങൾ പറയുന്ന കാര്യങ്ങൾ യഹൂദരുടെ വിശ്വാസത്തിനും ആധികാരികമായ പ്രബോധനത്തിനും അനുയോജ്യമാണോ എന്ന് അവർ പരിശോധിച്ചില്ല. ഉള്ളിൽ തുളുമ്പിനിന്ന സന്തോഷം, സ്തുതിപ്പുകളും ആർപ്പുവിളികളുമായി നിർഗ്ഗളിച്ചു. ഹൃദയത്തിൽ നിറഞ്ഞുതിങ്ങിയ വിശ്വാസം വാക്കുകളായി പ്രവഹിച്ചു.

പഠിച്ചൊരുങ്ങിയ പ്രസംഗമായിരുന്നില്ല അത്. തങ്ങളിലൂടെ സംസാരിക്കുന്നത് ദൈവമാണ് എന്നവർക്കു ബോധ്യമായി. തങ്ങൾക്കു മുകളിൽ തീനാവുകളുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധാത്മാവ് തങ്ങളുടെ നാവിന്റെ കെട്ടുകൾ അഴിച്ചതായി അവർക്ക് അനുഭവപ്പെട്ടു. ഇതു വെറും ഒരു ആന്തരികപ്രചോദ

നമോ ശക്തിയോ മാത്രമായി അവർ കരുതിയില്ല. തങ്ങളുടെ ഉൾക്കണ്ണുകൾ തുറക്കുകയും ദൈവത്തിന്റെ അനന്തമായ മേഖലകളിലേക്കു തങ്ങളെ ഉയർത്തുകയും ചെയ്യുന്നത്, തങ്ങൾക്ക് ഇതുവരെ അജ്ഞാതമായിരുന്ന കാര്യങ്ങൾ വ്യക്തവും ലളിതവുമായി വിളിച്ചുപറയാൻ വാക്കുകളും ഏറ്റുപറയാൻ ധൈര്യവും നല്കുന്നത് തങ്ങളോടൊത്തു വസിക്കുന്ന ദൈവത്തിന്റെ ആത്മാവാണ് എന്നവർ മനസ്സിലാക്കി.

നാളുകൾ കഴിയുന്തോറും ഈ ആന്തരികാനുഭവത്തിന്റെ ശക്തി ക്ഷയിക്കുകയല്ല, വർദ്ധിക്കുകയാണു ചെയ്തത്. ആത്മാവിന്റെ പ്രവർത്തനം അപ്പസ്തോലന്മാർക്കു ധൈര്യവും പ്രചോദനവും നല്കുക മാത്രമല്ല ചെയ്തത്. അത്ഭുതങ്ങളിലൂടെ അത് എല്ലാവർക്കും പ്രകടമായി. ഭാഷാവരവും പ്രവചനവും അത്ഭുതകരമായ രോഗശാന്തികളും, സർവ്വോപരി സ്നേഹത്തിലും പ്രാർത്ഥനയിലും പങ്കുവയ്ക്കലിലും ഒന്നുചേർന്ന ഒരു സമൂഹത്തിന്റെ ജീവിതവും ആത്മാവിന്റെ പ്രവർത്തനങ്ങൾക്കു സാക്ഷ്യം വഹിച്ചു. ലോകദൃഷ്ട്യാ ഭോഷന്മാരായിരുന്നവരിലൂടെ പ്രവഹിച്ച ജ്ഞാനത്തിന്റെ വചസ്സുകളെ എതിർത്തുനില്ക്കാൻ ജ്ഞാനികൾക്കു കഴിഞ്ഞില്ല; അവരുടെ സാക്ഷ്യത്തിനു വിലങ്ങുവയ്ക്കാൻ തടവറകൾക്കും പീഡനങ്ങൾക്കും സാധിച്ചില്ല.

പഴയനിയമത്തിൽ അഗാധപാണ്ഡിത്യം നേടിയ തീക്ഷ്ണമതിയും തീവ്രവാദിയുമായ ഒരു ഫരിസേയ യുവാവായിരുന്നു സാവൂൾ. ക്രിസ്ത്യാനികളെ തടവറയിലടച്ച് ക്രിസ്തുവിശ്വാസം ഉന്മൂലനം ചെയ്യാൻ ശപഥംചെയ്ത് ഇറങ്ങിത്തിരിച്ച ആ നിയമജ്ഞൻ ഡമാസ്കസിലേക്കുള്ള വഴിയിൽ ക്രിസ്തുവുമായി കണ്ടുമുട്ടി. അതോടെ അയാളുടെ ജീവിതം ആകെ തകിടം മറിഞ്ഞു. വലിയ ജ്ഞാനിയാണ് താൻ എന്നു കരുതിയിരുന്ന അയാൾക്ക് ഇന്നുവരെ താൻ നേടിയ ജ്ഞാനമെല്ലാം വെറും മിഥ്യയായി അനുഭവപ്പെട്ടു. പൂർണ്ണമായ അന്ധകാരത്തിൽ മൂന്നുദിവസം കഴിഞ്ഞ സാവൂളിന്റെ കണ്ണു തുറന്നത് പരിശുദ്ധാത്മാവണ് (അപ്പ 9,17). അതോടെ അയാളൊരു പുതിയ മനുഷ്യനായി മാറി. പുതുതായി ലഭിച്ച പ്രകാശത്തിൽ ലോകത്തെയും ദൈവത്തെയും അയാൾ കണ്ടു. യേശുക്രിസ്തു മരിച്ചുമണ്ണടിഞ്ഞ ഒരു മനുഷ്യനല്ല, ഇന്നും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയാണെന്ന് അയാൾക്കു ബോധ്യമായി. യേശുക്രിസ്തു

വിന്റെ മരണത്തിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ, മാത്രമല്ല ഈ പ്രപഞ്ചത്തിനു മുഴുവൻ, രക്ഷ കൈവന്നിരിക്കുന്നെന്നും ആ രക്ഷ ഇന്ന് ഒരു യാഥാർത്ഥ്യമാക്കി മാറ്റുന്നത് ദൈവത്തിന്റെ ആത്മാവാണെന്നും സാവൂൾ ഗ്രഹിച്ചു. അന്ധകാരത്തിൽ അമർന്നിരുന്ന തന്റെ അന്തരാത്മാവിലേക്ക് ഇടിമിന്നൽപോലെ കടന്നുവന്ന ഈ പുതിയ അറിവാണ് ആ ഫരിസേയപണ്ഡിതനെ ക്രിസ്തുവിന്റെ അപ്പസ്തോലനാക്കി മാറ്റിയത്.

ഉത്ഥിനായ യേശുവുമായി കണ്ടുമുട്ടിയ വ്യക്തികളുടെ എല്ലാം അനുഭവം ഇതായിരുന്നു. അവർ ആത്മാവിനാൽ പൂരിതരായി. സന്തോഷവും സമാധാനവും അവരുടെ ഉള്ളിൽ നിറഞ്ഞു. തങ്ങൾ ദൈവത്തിന്റെ സ്നേഹവലയത്തിലേക്കു സ്വീകരിക്കപ്പെട്ടിരിക്കുന്നു എന്ന സന്തോഷവാർത്ത അവർ ഉച്ചത്തിൽ പ്രഘോഷിച്ചു. ആന്തരിക പരിവർത്തനവും അതിൽനിന്നുള്ളവായ ജീവിതസാക്ഷ്യവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനഫലമായി വിശ്വാസികൾ കണ്ടു. ഈ പുതിയ അനുഭവത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ വിശ്വാസത്തെ മനസ്സിലാക്കാൻ അവർ ശ്രമിച്ചു. പഴയനിയമത്തിൽ തഴങ്ങിയവർ എങ്ങനെ ഈ പുതിയ അനുഭവത്തെ തങ്ങളുടെ പരമ്പരാഗത വിശ്വാസവുമായി പൊരുത്തപ്പെടുത്തും? യേശുവിനെയും പരിശുദ്ധാത്മാവിനെയുംകുറിച്ചുള്ള വിശ്വാസം തങ്ങളുടെ പൈതൃകമായ ഏകദൈവവിശ്വാസവുമായി എങ്ങനെ രമ്യതപ്പെടുത്താൻ ആവും? ഉത്തരംതേടി അവർ പഴയനിയമത്തിലേക്കു തിരിഞ്ഞു.

## 5. പഴയനിയമം പുതിയ വെളിച്ചത്തിൽ

പെസഹാ - പന്തക്കുസ്താ സംഭവങ്ങളിലൂടെ ലഭിച്ച പുതിയ വെളിച്ചത്തിൽ യേശുവിന്റെ ശിഷ്യസമൂഹം പഴയനിയമത്തെ നോക്കിക്കണ്ടു. തങ്ങൾ വായിച്ചു പഠിക്കുകയും ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന പല പ്രവചനങ്ങളും സങ്കീർത്തനങ്ങളും അതുവരെ അജ്ഞാതമായിരുന്ന അർത്ഥം ഉൾക്കൊള്ളുന്നതായി അവർ ഗ്രഹിച്ചു. ഒറ്റപ്പെട്ട വാക്യങ്ങൾ മാത്രമല്ല, പഴയനിയമം മുഴുവൻ തങ്ങൾ സാക്ഷികളായിരിക്കുന്ന സംഭവങ്ങളിലേക്കു നയിക്കുന്നതായി അവർ മനസ്സിലാക്കി. പറുദീസായിൽനിന്നു പുറത്താക്കപ്പെടുന്നതിനുമുമ്പ് ആദ്യ മനുഷ്യനു ദൈവം നല്കിയ വാഗ്ദാനം മുതൽ പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും നല്കപ്പെട്ട വാഗ്ദാനങ്ങൾ മുഴുവൻ ഈ

സംഭവങ്ങളിൽ പൂർത്തിയായിരിക്കുന്നു എന്ന് അവർക്കു ബോധ്യമായി.

സർപ്പത്തിന്റെ തല തകർക്കുന്ന സ്ത്രീയുടെ സന്തതി (ഉൽപ 3,15) യഥാർത്ഥത്തിൽ യേശുക്രിസ്തുവാണ്. ഭൂമിയിലെ സകല ജനതകൾക്കും രക്ഷ പ്രദാനം ചെയ്യുന്ന അബ്രാഹത്തിന്റെ സന്തതിയും (ഉൽപ 12,3; അപ്പ 3,25; ഗലാ 3,8) അവൻ തന്നെ. കന്യകയിൽ നിന്നു ജനിച്ചവനും ദാവീദിന്റെ സിംഹാസനം പുനഃസ്ഥാപിച്ച് നിത്യമായി ഭരണം നടത്തുന്നവനും യേശുവല്ലാതെ മറ്റാരുമല്ല (2 സാമു 7,12-13; ലൂക്കാ 1,32-33). മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെടുകയും (സങ്കീ 16,8-11; അപ്പ 2,24-32) ദൈവത്തിന്റെ വലതുഭാഗത്ത് കർത്താവായി ഉപവിഷ്ഠനാവുകയും (സങ്കീ 110,1; അപ്പ 2, 34-36) ചെയ്തത് തങ്ങളുടെ ഗുരുവും നാഥനുമായ യേശു തന്നെ എന്നു ശിഷ്യന്മാർ ഗ്രഹിച്ചു.

ഈ പ്രവചനങ്ങൾ ഉപയോഗിച്ച് യേശുവിന്റെ പ്രബോധനവും വ്യക്തിത്വവും, സർവ്വോപരി യേശുവിലൂടെ ലോകത്തിനു ലഭിച്ച രക്ഷയും അവർ വിശദീകരിക്കാൻ ശ്രമിച്ചു. വചനം, ജ്ഞാനം, ദാസൻ, മോശയെപ്പോലൊരു പ്രവാചകൻ, മനുഷ്യപുത്രൻ, ഇടയൻ, ദാവീദിന്റെ പുത്രൻ, മുതലായ നാമങ്ങൾ യേശുവിനായി ഉപയോഗിച്ചുകൊണ്ട് പഴയനിയമം മുഴുവൻ യേശുവിലേക്കു നയിക്കുന്നു എന്നും അതിനാൽ പഴയനിയമത്തെ ദൈവവചനമായി സ്വീകരിക്കുന്നവർ യേശുവിനെ സ്വീകരിച്ചേ മതിയാവൂ എന്നും അവർ വാദിച്ചു. ശിഷ്യന്മാർക്കും അവരെ ശ്രവിച്ച യഹൂദർക്കും ഒരേ ഒരു ബൈബിളായിരുന്നു ഉണ്ടായിരുന്നത്. അതിനെയാണ് നാം പഴയനിയമം എന്നു വിളിക്കുന്നത്.

പഴയനിയമത്തെ മനസ്സിലാക്കാൻ പരിശുദ്ധാത്മാവിന്റെ ആഗമനവും പ്രകാശവും ശിഷ്യസമൂഹത്തെ സഹായിച്ചു. ദൈവം വാഗ്ദാനം ചെയ്ത പുതിയ ഉടമ്പടി പൂർത്തിയായിരിക്കുന്നു എന്നതിനു തെളിവാണ് പന്തക്കുസ്താസംഭവം. ദൈവം തന്റെ ആത്മാവിനെ തങ്ങളിൽ നിവേശിപ്പിച്ചിരിക്കുന്നു എന്നും (എസെ 36,27) രക്ഷയുടെ പുതുയുഗം പിറന്നിരിക്കുന്നു എന്നും (ജോയേൽ 2,28-32) പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനം വെളിപ്പെടുത്തി. സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ, രൂപരഹിതവും അന്ധകാരാവൃതവുമായ ആഴങ്ങൾക്കു മുകളിൽ ചലിച്ച ദൈവത്തിന്റെ ചൈതന്യം പരിശുദ്ധാത്മാവു

തന്നെ. ന്യായാധിപന്മാരിലും രാജക്കന്മാരിലും പ്രവാചകന്മാരിലും ആവസിച്ചതും ഈ ആത്മാവു തന്നെ ആയിരുന്നു. അന്ന് വ്യംഗ്യമായും അവ്യക്തമായും വെളിപ്പെടുത്തപ്പെട്ടവ ഇന്ന് പുതിയ അനുഭവത്തിന്റെ പ്രകാശധോരണിയിൽ പ്രസ്പഷ്ടമായി.

ദൈവത്തിനു മാറ്റം വരുകയല്ല, ദൈവം തന്നെത്തന്നെ കൂടുതൽ വ്യക്തമായി വെളിപ്പെടുത്തുകയും ആ വെളിപ്പെടുത്തൽ ഗ്രഹിക്കാൻ മനുഷ്യരെ ശക്തിപ്പെടുത്തുകയും ആണ് ചെയ്തത്. പഴയനിയമത്തിൽ സൂചിപ്പിക്കുകമാത്രം ചെയ്തിരുന്ന ദൈവത്തിന്റെ ബഹുത്വം ഇവിടെ കൂടുതൽ വ്യക്തമാകുന്നു. ഇതിലൂടെ ഏകദൈവവിശ്വാസത്തോടു വിടപറയുകയല്ല, ഏകദൈവത്തെ കൂടുതലായി അടുത്തറിയുകയാണ് യേശുവിന്റെ ശിഷ്യസമൂഹം ചെയ്തത്.

പഴയനിയമത്തിലേക്ക് ആഴമായ ഉൾക്കാഴ്ചകൾ ലഭിച്ചതോടൊപ്പം യേശുവിന്റെ ജീവിതവും പഠനങ്ങളും അവർക്കു പുതിയ വെളിച്ചത്തിൽ കാണാൻ കഴിഞ്ഞു. നാഥന്റെ വാക്കുകളും പ്രവൃത്തികളും ഒന്നൊന്നായി അവരുടെ മനസ്സിൽ തെളിഞ്ഞുവന്നു. അവയുടെ അന്തരാർത്ഥത്തിലേക്കു പരിശുദ്ധാത്മാവ് അവരെ നയിച്ചു. സത്യത്തിന്റെ ആത്മാവ് സത്യത്തിന്റെ പൂർണ്ണതയിലേക്ക് അവരെ കൈപിടിച്ചു നടത്തിയപ്പോൾ ശിഷ്യസമൂഹത്തിൽ നിന്ന് ആദ്യ വിശ്വാസപ്രഖ്യാപനം ഉയർന്നുവന്നു: "ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവും ആണ്". ജീവിതവുമായി ബന്ധമില്ലാത്ത, ബൗദ്ധികമാത്രമായ ഒരു പ്രസ്താവനയല്ല, അനുഭവത്തിന്റെ ആഴങ്ങളിൽ നിന്നുരുത്തിരിഞ്ഞ സത്യത്തിന്റെ പ്രകാശനമാണിത്. ദൈവത്തെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായി ഏറ്റുപറഞ്ഞ ശിഷ്യന്മാർക്ക് ഈ വിശ്വാസം ജീവശ്വാസമായിരുന്നു. തങ്ങളുടെ നിത്യജീവൻ ഇതിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന ഉത്തമബോധ്യത്തിൽ നിന്നുവാർന്നുവീണ പ്രഖ്യാപനമാണിത്. ഈ പ്രഖ്യാപനത്തിൽ പഴയനിയമവും പുതിയനിയമവും അവതരിപ്പിക്കുന്ന രക്ഷാചരിത്രം, അഥവാ ദൈവാവിഷ്ക്കരണചരിത്രം മുഴുവൻ ഉൾക്കൊണ്ടിരിക്കുന്നു.

### 6. ആഴങ്ങളിലേക്ക്

പെസഹാ - പന്തക്കുസ്താ അനുഭവങ്ങളിലൂടെ ത്രിയേക ദൈവത്തെക്കുറിച്ചു ലഭിച്ച പുതിയ വെളിപാടിന്റെ വെളിച്ചം ലോക

ത്തെല്ലായിടത്തും എത്തിക്കുക തങ്ങളുടെ ദൗത്യമായി അപ്പസ്തോല സമൂഹം ഗ്രഹിച്ചു. ഉത്ഥിതനായ നാഥൻ തങ്ങളോടോപ്പമുണ്ടെന്നുള്ള ബോധ്യം അവർക്കു ശക്തി നല്കി. പന്തക്കുസ്താദിനത്തിൽ തങ്ങളുടെമേൽ വന്ന പരിശുദ്ധാത്മാവ് അവരെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ടിരുന്നു. തങ്ങളുടെ അനുഭവങ്ങളും ബോധ്യങ്ങളും മറ്റുള്ളവരെ അറിയിക്കാൻ ശ്രമിക്കുമ്പോൾ അവ അപഗ്രഥിക്കുകയും വിശദീകരിക്കുകയും ആവശ്യമായി വന്നു. യേശുവിന്റെ അനുയായി ആകാൻ എന്താണ് വിശ്വസിക്കേണ്ടതെന്ന് നിർവ്വചിക്കുകയും ഒരു ആവശ്യമായി. *സുവിശേഷപ്രഘോഷണവും (Kerygma) വിശ്വാസപ്രഖ്യാപനവും (Confession of faith)* അനുഭവങ്ങളുടെ ആഴങ്ങളിലേക്കും വെളിപാടിന്റെ ഉള്ളറകളിലേക്കും അവരെ നയിച്ചു. പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദൈവികജീവന്റെ ആന്തരികതയിലേക്കു നയിക്കപ്പെട്ട അപ്പസ്തോല സമൂഹമാണ് സഭയുടെ വിശ്വാസ പ്രമാണത്തിന് അടിത്തറയിട്ടത്.

**a. ആദിമപ്രഘോഷണം**

ഔപചാരികമായ വിചാരണകൾക്കുശേഷം യഹൂദർ ദൈവദൂഷകനെന്നും റോമാക്കാർ കലാപകാരിയെന്നും വിധിച്ച് കുരിശിൽ തറച്ചുകൊന്ന യേശുവിനെക്കുറിച്ചു പ്രസംഗിക്കുക എളുപ്പമായിരുന്നില്ല. യഹൂദനിയമപ്രകാരം ശാപമേറ്റവനാണ് ക്രൂശിതൻ(നിയ 21,23). യേശുവിനെ രക്ഷകനായി പ്രഘോഷിക്കാൻ ആദ്യത്തെ പ്രതിബന്ധം കുരിശുമരണം തന്നെ ആയിരുന്നു. യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ കുരിശിനെത്തന്നെ അപ്പസ്തോലന്മാർ തങ്ങളുടെ ആദിമ പ്രഘോഷണത്തിന്റെ കേന്ദ്രബിന്ദുവാക്കി (1 കോറി 1,23; 2,2). യേശുവിന്റെ കുരിശുമരണം ഒരു ആകസ്മിക സംഭവമല്ല, ദൈവം മുൻകൂട്ടി തയ്യാറാക്കുകയും പ്രവാചകന്മാരിലൂടെ അറിയിക്കുകയും ചെയ്ത രക്ഷാകരപദ്ധതിയുടെ പൂർത്തീകരണമായിരുന്നു എന്ന് അവർ ഉറക്കെ പ്രഘോഷിച്ചു. കുരിശുമരണം പരാജയമല്ല, മരണത്തിന്മേലുള്ള വിജയമാണ് എന്ന് യേശുവിന്റെ ഉത്ഥാനം തെളിയിച്ചു. അങ്ങനെ യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും രക്ഷയുടെ ഉറവിടവും വിശ്വാസത്തിന്റെ കേന്ദ്രവുമായി.

ഈ കേന്ദ്രബിന്ദുവിൽ നിന്നുകൊണ്ടാണ് അപ്പസ്തോലന്മാർ യേശുവിലൂടെ കൈവന്ന പുതിയ വെളിപാടിനെക്കുറിച്ചു

പ്രഘോഷിക്കുന്നത്. ആദിമ സുവിശേഷ പ്രഘോഷണത്തിന്റെ ചില മാതൃകകൾ അപ്പസ്തോല പ്രവർത്തനങ്ങളിൽ കാണാം: (അപ്പ 2,14-36; 3,11-26; 4,8-22; 5,29-32; 7,1-53;10,34-43;13,17-41;17,22 -31). പന്തക്കുസ്താദിവസം ജറുസലെമിൽവച്ചു പത്രോസ് നടത്തിയ പ്രസംഗത്തിൽ ക്രിസ്തീയ വിശ്വാസത്തിന്റെ സംക്ഷിപ്തമായ ഒരു രൂപം നമുക്കു ലഭിക്കുന്നുണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള ഗാഢമായ ബന്ധവും അവരിൽ ഓരോ വ്യക്തികളുടെയും പ്രത്യേകതകളും ഈ പ്രസംഗത്തിൽ എടുത്തുകാട്ടുന്നു. യേശുവിലൂടെ പ്രവർത്തിച്ചതു ദൈവമാണ്. യേശുവിന്റെ അത്ഭുതപ്രവൃത്തികൾ ദൈവത്തിന്റെ പ്രവർത്തനങ്ങളായിരുന്നു. യേശുവിന്റെ മരണത്തിന് യഹൂദനേതാക്കൾ ഉത്തരവാദികളാണെങ്കിലും അതു ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണമായിരുന്നു. യേശുവിനെ മരണത്തിൽനിന്ന് ഉയിർപ്പിച്ചതും കർത്താവായി മഹത്വപ്പെടുത്തിയതും ദൈവം തന്നെ. പരിശുദ്ധാത്മാവ് പിതാവിന്റെ വാഗ്ദാനമാണ്. ഈ വാഗ്ദാനം സ്വീകരിച്ച് ആത്മാവിനെ വർഷിച്ചത് യേശുവാണ്. യേശുക്രിസ്തുവിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിക്കുന്നവർക്കു പാപമോചനം ലഭിക്കുന്നു.

പരിശുദ്ധ ത്രിത്വം എന്ന ദൈവിക രഹസ്യത്തിലേക്കുള്ള ആദ്യത്തെ ഉൾക്കാഴ്ചയാണിത്. ഇവിടെ പിതാവിനെ മാത്രമേ ദൈവം ***(ഹോ തെയോസ്)*** എന്നു വിളിക്കുന്നുള്ളു. യഹൂദർ ***"യാഹ്വേ"*** എന്നു വിളിച്ചിരുന്ന ദൈവം തന്നെയാണിത്. പിതാവായ ദൈവമാണ് എല്ലാ പ്രവൃത്തികളുടെയും മൂലകാരണം. പിതാവിൽ കേന്ദ്രീകൃതമായൊരു വിശ്വാസപ്രഖ്യാപനമാണ് പത്രോസ് നടത്തുന്നത്. അതേസമയം *"യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി"* (അപ്പ 3,26) എന്ന പ്രഖ്യാപനം യേശുവിന്റെ ദൈവത്വത്തിലേക്കു വിരൽ ചൂണ്ടുന്നതാണ്. യഹൂദർ ദൈവത്തെ മാത്രമേ *"കർത്താവ്"* എന്നു വിളിച്ചിരുന്നുള്ളു. *യാഹ്വേ* എന്ന പേരിന്റെ വിവർത്തനമാണിത്. യേശുവിനെ 'കർത്താവ്' എന്നു വിളിക്കുകവഴി അവിടുത്തെ ദൈവത്വത്തെ പരോക്ഷമായി ഏറ്റുപറയുകയാണിവിടെ. പരിശുദ്ധാത്മാവിനെ അയയ്ക്കുന്നത് യേശുവാണ്. യേശുവിന്റെ നാമത്തിൽ മാത്രമേ പാപമോചനം ലഭിക്കൂ. ഈ പ്രഖ്യാപനങ്ങളും യേശു ദൈവമാണ് എന്ന അപ്പസ്തോലിക വിശ്വാസത്തിന്റെ സൂചനകൾ ഉൾക്കൊള്ളുന്നു.

യഹൂദനേതാക്കൾ തള്ളിപ്പറയുകയും മരണത്തിന് ഏല്പിച്ചുകൊടുക്കുകയും ചെയ്ത യേശുവിനെ ദൈവം തന്റെ മകനായി ഏറ്റുപറയുകയും മഹത്വപ്പെടുത്തുകയും ചെയ്തു എന്നു പ്രഘോഷിച്ചുകൊണ്ടാണ് പത്രോസ് തന്റെ രണ്ടാമത്തെ പ്രസംഗം ആരംഭിക്കുന്നത്. *'ദാസൻ'* എന്നു വിവർത്തനം ചെയ്യുന്ന ***'പയിസ്'*** എന്ന ഗ്രീക്കുപദത്തിന് *'മകൻ'* എന്നും അർത്ഥമുണ്ട്. പരിപൂർണ്ണമായ അനുസരണവും വിധേയത്വവും സൂചിപ്പിക്കുന്നതാണ് ഈ പദം. യേശുവിനെ ഇവിടെ *"ജീവന്റെ നാഥൻ"* എന്നാണ് പത്രോസ് വിശേഷിപ്പിക്കുന്നത്. യഹൂദരെ സംബന്ധിച്ചിടത്തോളം ജീവന്റെ നാഥൻ ദൈവം മാത്രമാണ്. തങ്ങളുടെ അനുഭവത്തിന്റെ ആഴങ്ങൾ തുറന്നുകാണിക്കാൻ ശ്രമിക്കുന്ന അപ്പസ്തോലന്മാർ യേശു ദൈവമാണ് എന്നു വ്യക്തമായി ഇനിയും പറയുന്നില്ല. അതിലേക്കു സൂചനകൾ നല്കുക മാത്രമേ ചെയ്യുന്നുള്ളു.

യേശുക്രിസ്തുവിന്റെ നാമത്തിൽ സംഭവിക്കുന്ന അത്ഭുതങ്ങൾ അവന്റെ ഉത്ഥാനത്തിനു സാക്ഷ്യം വഹിക്കുന്നു. *"മറ്റാരിലും രക്ഷയില്ല. ആകാശത്തിനുകീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കായി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല"* (അപ്പ 4,12). മൂന്നാം പ്രസംഗത്തിലെ ഈ പ്രഖ്യാപനം യേശുവിനെ ഏകരക്ഷകനായി ഏറ്റുപറയുമ്പോൾ അവിടുത്തെ ദൈവിക സ്വഭാവത്തിലേക്കു വിരൽചൂണ്ടുന്നു. യഹൂദരുടെ വിശ്വാസത്തിൽ ദൈവം മാത്രമാണ് രക്ഷകൻ.

കർത്താവ്, രക്ഷകൻ, ജീവന്റെ നാഥൻ, പാപമോചനം നല്കുന്നവൻ എന്നിങ്ങനെയുള്ള നാമങ്ങളിലൂടെ യേശുവിന്റെ ദൈവിക വ്യക്തിത്വത്തെ അപ്പസ്തോലന്മാർ പ്രഘോഷിച്ചു. യേശുവിനെ ദൈവം ഉയിർപ്പിച്ചു, മഹത്വീകരിച്ചു, സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്ത് ഇരുത്തി തുടങ്ങിയ പ്രസ്താവനകളിലൂടെ എല്ലാറ്റിന്റെയും ഉറവിടവും ആദികാരണവും പിതാവായ ദൈവമാണെന്നും അവർ ഏറ്റുപറഞ്ഞു. തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കാൻ സാധ്യമല്ലാത്തവിധം തങ്ങളെ ഉള്ളിൽനിന്നു തള്ളിവിടുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് എന്നും അവർ വ്യക്തമാക്കി. ഭീഷണികളുടെയും പീഡനങ്ങളുടെയും മധ്യത്തിൽ നിർഭയരായി യേശുവിനു സാക്ഷ്യം നല്കാൻ ശക്തിപ്പെടുത്തുന്ന ആത്മാവ് ദൈവംതന്നെയാണ്. കാരണം ഈ ആത്മാവിന്റെ പ്രചോദനത്തിനു വഴങ്ങുന്നത് ദൈവത്തെ അനുസരിക്കലാണ് (അപ്പ 4,19).

വിജാതീയനായ കൊർണേലിയൂസിന്റെ വീട്ടിൽവച്ചു പത്രോസ് നടത്തിയ പ്രസംഗത്തിൽ സുവിശേഷ പ്രഘോഷണ ത്തിന്റെ മറ്റൊരു സംക്ഷിപ്തരൂപം കാണാം. ജോർദ്ദാനിൽ വച്ചുള്ള സ്നാനം പരസ്യജീവിതത്തിനൊരുക്കമായുള്ള യേശുവിന്റെ അഭിഷേകമായിരുന്നു. പിതാവായ ദൈവം പരിശു ദ്ധാത്മാവിനെ നല്കിയാണ് യേശുവിനെ അഭിഷേചിച്ചത്. നന്മ പ്രവർത്തിച്ചു ചുറ്റിനടന്ന യേശുവിനെ യഹൂദർ കുരുശിൽ തറ ച്ചുകൊന്നു. ദൈവം അവനെ മൂന്നാംദിവസം ഉയിർപ്പിച്ചു; എല്ലാ വരുടെയും വിധികർത്താവായി നിയോഗിച്ചു. അവനിൽ വിശ്വ സിക്കുന്നവർ അവന്റെ നാമംവഴി പാപമോചനം പ്രാപിക്കും.

ഈ പ്രസംഗങ്ങളിലെല്ലാം കേന്ദ്രബിന്ദുവായി നില്ക്കുന്നത് യേശുവിന്റെ ഉത്ഥാനമാണ്. അതുവഴിയാണ് മനുഷ്യചരിത്രത്തിൽ ദൈവം നിർണ്ണായകമായി ഇടപെട്ടതും ആ ചരിത്രത്തിനു പുതിയ മാനവും ലക്ഷ്യവും നല്കിയതും. യേശുക്രിസ്തു യഥാർത്ഥ ത്തിൽ ദൈവപുത്രനാണെന്ന് ഉത്ഥാനത്തിലൂടെ ദൈവംതന്നെ പ്രഖ്യാപിക്കുന്നു. ദൈവത്തിന്റേതായ നാമങ്ങൾ യേശുവിനു നല്കുന്നതിലൂടെ യേശുവിനെ ദൈവമായി ശിഷ്യസമൂഹം ഏറ്റു പറയുന്നു. പിതാവായ ദൈവം ആത്മാവിനെ അയച്ച് യേശുവിനെ അഭിഷേകം ചെയ്തു; ആത്മാവിന്റെ ശക്തിയാൽ നിറഞ്ഞ യേശു നന്മ പ്രവർത്തിച്ചു കടന്നുപോയി; പിതാവ് യേശുവിനെ മരണ ത്തിൽനിന്നുയർപ്പിച്ച് രക്ഷകനും വിധികർത്താവുമാക്കി മഹത്വീ കരിച്ചു. മഹത്വീകൃതനായ യേശു പരിശുദ്ധാത്മാവിനെ അയച്ചു. പരിശുദ്ധാത്മാവ് ശിഷ്യസമൂഹത്തിൽ വസിച്ച് യേശുവിനു സാക്ഷ്യം നല്കാൻ അവർക്കു പ്രചോദനവും ശക്തിയും ധൈര്യവും നല്കുന്നു. യേശുവിന്റെ മരണവും ഉത്ഥാനവുംവഴി മനുഷ്യ വർഗ്ഗത്തിനു മുഴുവൻ പാപമോചനം സാധ്യമായി. യേശു വിൽ വിശ്വസിച്ച് മാമ്മോദീസാ സ്വീകരിക്കുന്നവർക്കു പരിശു ദ്ധാത്മാവിനെ ലഭിക്കുകയും അവർ പാപങ്ങൾ മോചിക്കപ്പെട്ട് ദൈവവുമായി ഐക്യപ്പെടുകയും ചെയ്യുന്നു. പരിശുദ്ധ ത്രിത്വ ത്തിലെ മൂന്നാളുകളെയും അവരുടെ പ്രവൃത്തികളെയും കുറി ച്ചുള്ള ആദിമ സുവിശേഷ പ്രഘോഷണത്തിന്റെ രത്നച്ചുരുക്ക മാണിത്. ക്രിസ്തീയ വിശ്വാസത്തിന്റെ കാതൽ ഇവിടെ കാണാം. ഈ വിശ്വാസം കാലക്രമത്തിൽ കൂടുതലായി വിശദീകരിക്കപ്പെട്ടു; കൂടുതൽ വ്യക്തമായി നിർവചിക്കപ്പെട്ടു. വിശ്വാസത്തിന്റെ ഈ

വളർച്ചയ്ക്ക് വി. പൗലോസിന്റെ ലേഖനങ്ങൾ സാക്ഷ്യം വഹിക്കുന്നു.

**b. വി. പൗലോസിന്റെ ലേഖനങ്ങളിൽ:**

പരിശുദ്ധത്രിത്വം എന്ന ദൈവിക രഹസ്യത്തിലേക്ക് വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലൂടെ നമുക്ക് കൂടുതൽ ഉൾക്കാഴ്ച ലഭിക്കുന്നു. താൻ സ്ഥാപിച്ച സഭകൾക്ക് വിവിധ സാഹചര്യങ്ങളിൽ പൗലോസ് എഴുതിയതാണ്, റോമാക്കാർക്കുള്ളതൊഴികെ, മറ്റെല്ലാ ലേഖനങ്ങളും. ഇവയൊന്നും പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള സുചിന്തിതവും ക്രമീകൃതവുമായ പഠനങ്ങളല്ല. താൻ പ്രസംഗിച്ച സുവിശേഷം സഭകളെ ഓർമ്മിപ്പിക്കുകയും അതിന്റെ വെളിച്ചത്തിൽ സഭാജീവിതത്തെ ക്രമീകരിക്കാൻ ഉപദേശിക്കുകയുമാണ് പൗലോസ് തന്റെ ലേഖനങ്ങളിലൂടെ ചെയ്യുന്നത്. ഏ. ഡി. 50–64 വർഷങ്ങൾക്കിടയിൽ എഴുതപ്പെട്ട ഈ ലേഖനങ്ങൾ സശ്രദ്ധം വായിച്ചാൽ പ. ത്രിത്വത്തിലുള്ള വിശ്വാസത്തിന്റെ വളർച്ചയും ഈ രഹസ്യത്തെക്കുറിച്ചു സാവധാനം ലഭിക്കുന്ന വ്യക്തതയും കാണാനാവും.

പിതാവായ ദൈവം, കർത്താവായ യേശുക്രിസ്തു, പരിശുദ്ധാത്മാവ് എന്നിങ്ങനെയാണ് ത്രിയേകദൈവത്തെക്കുറിച്ച് ലേഖനങ്ങളിൽ കാണുക. ഡമാസ്കസിലേക്കുള്ള വഴിയിൽ വച്ച് ഉത്ഥിതനായ യേശുക്രിസ്തുവിനെ കണ്ടുമുട്ടിയതിലൂടെ ആരംഭിച്ച പൗലോസിന്റെ വിശ്വാസജീവിതത്തിൽ നിറഞ്ഞു നിന്നത് യേശുവിന്റെ മരണവും ഉത്ഥാനവുമായിരുന്നു. ഇതിന്റെ വെളിച്ചത്തിലാണ് പൗലോസ് തന്റെ വിശ്വാസത്തെ വിശദീകരിച്ചതും സുവിശേഷം പ്രസംഗിച്ചതും. *"നിങ്ങളുടെ ഇടയിലായിരുന്നപ്പോൾ യേശുക്രിസ്തുവിനെക്കുറിച്ചല്ലാതെ, അതും ക്രൂശിതനായവനെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ലെന്നു ഞാൻ തീരുമാനിച്ചു"* (1 കോറി 2,2). പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിച്ച് ലേഖനങ്ങളിൽ കാണുന്ന കാര്യങ്ങൾ, ലേഖനങ്ങളുടെ കാലപരിഗണനകൂടാതെ വിശദീകരിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

*'നമ്മുടെ പിതാവായ ദൈവത്തിൽനിന്നു കൃപയും സമാധാനവും'* ആശംസിച്ചുകൊണ്ടാണ് ലേഖനങ്ങൾ എല്ലാംതന്നെ ആരംഭിക്കുക. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവി

ന്റെയും പ്രവർത്തനങ്ങൾ ലേഖനങ്ങളിൽ പലേടത്തായി വിശദീകരിച്ചിട്ടുണ്ട്. *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ"* എന്ന സമാപനാശീർവ്വാദത്തോടെ മിക്ക ലേഖനങ്ങളും അവസാനിക്കുന്നു. *"കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ"* എന്ന ആശീർവ്വാദം ഒരിക്കൽ മാത്രമേ (2 കോറി 13,14) കാണുന്നുള്ളു. എന്നാലും പരിശുദ്ധത്രിത്വത്തെയും, ത്രിത്വത്തിലെ ഓരോ വ്യക്തിയുടെയും പ്രവൃത്തികളെയും സംബന്ധിച്ച് ഏറ്റം സംക്ഷിപ്തമായൊരു വിശ്വാസ പ്രഖ്യാപനമാണിത്.

**i പിതാവായ ദൈവം:** *"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവും"* (റോമ 15,6; 2 കോറി 1,3; എഫേ 1,3) എന്നാണ് ലേഖനങ്ങൾ ദൈവത്തെ വിശേഷിപ്പിക്കുന്നത്. ഈ വിശേഷണമില്ലാതെ "പിതാവായ ദൈവം" എന്നോ "ദൈവം" (*ഹൊതെയോസ്*) എന്നോ വിളിക്കുന്നതും യേശുക്രിസ്തു "പിതാവേ" എന്നു വിളിച്ച ദൈവത്തെത്തന്നെയാണ്. അവിടുന്ന് യുഗങ്ങളുടെ രാജാവും അനശ്വരനും, അദൃശ്യനും, ഏകനുമാണ് (1 തിമോ 1,17). പിതാവായ ദൈവം യേശുക്രിസ്തുവിലൂടെ എല്ലാം സൃഷ്ടിച്ചു (എഫേ 2,10). എല്ലാ പിതൃത്വങ്ങൾക്കും ആദികാരണവും അടിസ്ഥാനവുമായ പിതാവ് (എഫേ 3,15) ലോകസ്ഥാപനത്തിനു മുമ്പുതന്നെ നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു (എഫേ 1,4). പാപികളായ നമ്മുടെ രക്ഷയ്ക്കുവേണ്ടി സ്വപുത്രനെ ഏല്പിച്ചുതന്ന ദൈവം (റോമാ 8,32) ആ പുത്രന്റെ മരണത്തിലൂടെ നമ്മോടുള്ള തന്റെ അനന്തമായ സ്നേഹം വെളിപ്പെടുത്തി (റോമ 5,8). നമ്മുടെ നീതികരണത്തിനുവേണ്ടി *"പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി"* (2 കോറി 5,21).

പാപത്തിന്റെ അടിമത്തത്തിൽനിന്ന് യേശുക്രിസ്തുവഴി പിതാവായ ദൈവമാണു നമ്മെ സ്വതന്ത്രരാക്കുന്നത് (റോമാ 7,25). നമുക്ക് യഥാർത്ഥമായ മോചനം നല്കാൻവേണ്ടി യേശുക്രിസ്തു തന്നെത്തന്നെ ബലിയർപ്പിക്കണം എന്നത് പിതാവിന്റെ അഭീഷ്ടമായിരുന്നു (ഗലാ 1,4). ഇതു ക്രൂരതയോ സ്വാർത്ഥതയോ അല്ല, നമ്മോടുള്ള പിതാവിന്റെ അനന്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. തന്റെ അഭീഷ്ടത്തിനു പൂർണ്ണമായി കീഴ്വഴങ്ങിയ യേശു

വിനെ പിതാവായ ദൈവം മരണത്തിൽനിന്നുയിർപ്പിച്ച് (റോമാ 10,9) എല്ലാ സൃഷ്ടികൾക്കുംമേൽ കർത്താവും നാഥനുമായി ഉയർത്തി (ഫിലി 2,9–10). യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവുംവഴി ദൈവം നമ്മുടെ പാപം ക്ഷമിച്ച് (എഫേ 4,32) നമ്മെ തന്നോടു രമ്യപ്പെടുത്തി (2 കോറി 5,18).

രക്ഷകനായ യേശുക്രിസ്തുവിലൂടെ ദൈവം പരിശുദ്ധാത്മാവിനെ നമ്മുടെമേൽ സമൃദ്ധമായി വർഷിച്ച് (തീത്തോ 3,6) തന്നെ "അബ്ബാ", പിതാവേ എന്നു വിളിക്കാൻ (റോമാ 8,15) നമ്മെ ശക്തിപ്പെടുത്തി. ദൈവം തന്റെ പുത്രനിലൂടെ നമ്മെ സ്വന്തം മക്കളും അവകാശികളുമായി സ്വീകരിച്ചു. നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മിൽ വസിച്ചുകൊണ്ട് (1 കോറി 3,16) എല്ലാ ക്ലേശങ്ങളിലും നമ്മെ ആശ്വസിപ്പിക്കുകയും എല്ലാ സൽപ്രവൃത്തികളും ചെയ്യാൻ നമ്മെ ശക്തരാക്കുകയും ചെയ്യുന്നു. (2 തെസ 2,16–17). അവിടുന്നു നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന നിത്യഭാഗ്യം മനുഷ്യഭാവനയുടെ സകല അതിരുകളെയും അതിശയിക്കുന്നതാണ് (1 കോറി 2,9).

പിതാവായ ദൈവം നമ്മെ, പാപങ്ങൾ ക്ഷമിച്ച്, മക്കളായി സ്വീകരിച്ചിരിക്കുന്നതിനാൽ മക്കൾക്കു യോജിച്ചവിധം നാം വ്യാപരിക്കണം. നമ്മൾ ദൈവത്തെ അനുകരിക്കുന്നവരാകണം (എഫേ 5,1). ക്രിസ്തീയ ധാർമ്മികതയുടെ അടിസ്ഥാനമായി വി.പൗലോസ് എടുത്തുകാട്ടുന്നത് നമ്മുടെ ദൈവപുത്രസ്ഥാനമാണ്. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കാനുള്ള (എഫേ 4,24) ശ്രമമാണ് നമ്മെ വിശുദ്ധജീവിതത്തിനു പ്രേരിപ്പിക്കേണ്ടത്.

എല്ലാ പ്രാർത്ഥനകളും യാചനകളും കൃതജ്ഞതാസ്തോത്രങ്ങളും യേശുക്രിസ്തുവഴി പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കണം (ഫിലി 4,6; കൊളോ 3,17). നമ്മുടെ എല്ലാ പ്രവൃത്തികളും പിതാവായ ദൈവത്തിന്റെ മഹത്വത്തിനായിട്ടാണ് നാം ചെയ്യേണ്ടത്. യേശുക്രിസ്തുവിനെ കർത്താവായി ഏറ്റുപറയുന്നതുപോലും അതിനുവേണ്ടിയാണ് (ഫിലി 2,11).

**ii ദൈവപുത്രൻ:** യേശുക്രിസ്തു എന്ന പേര് മനുഷ്യനായി അവതരിച്ച ദൈവപുത്രൻ സ്വീകരിച്ചതാണ്. എന്നാൽ മനുഷ്യനായി അവതരിക്കുന്നതിനുമുമ്പ് ദൈവപുത്രൻ പിതാവായ ദൈവ

ത്തോടു സമനായിരുന്നു. അവൻ *"അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും"* ആണ് (കൊളോ 1,15; 2 കോറി 4,4). ദൈവത്തിൽനിന്നു ജനിച്ചവ നാകയാൽ അവനെ പുത്രൻ എന്നു വിളിക്കുന്നു. എന്നാൽ മാനു ഷികമോ ശാരീരികമോ ആയ ഒരു പ്രത്യുൽപാദനമല്ല അത്. അനാ ദിമുതലേ ദൈവം പിതാവും പുത്രനുമായിരുന്നു എന്ന സൂചന യാണ് "എല്ലാ സൃഷ്ടികൾക്കും മുമ്പ്" എന്ന പ്രയോഗത്തിൽ നിന്നു ലഭിക്കുക. സമയം ഉണ്ടാകുന്നതിനുമുമ്പ് പുത്രൻ പിതാ വിൽനിന്നു ജനിച്ചു. പുത്രൻ സൃഷ്ടികളിൽനിന്നു തികച്ചും വ്യത്യ സ്തനാണ്. കാരണം മറ്റെല്ലാം സൃഷ്ടിക്കപ്പെട്ടു എന്നു പറയു മ്പോൾ പുത്രനെക്കുറിച്ച് "ആദ്യജാതൻ" എന്നാണു പറയുന്നത്. മനുഷ്യനായി അവതരിച്ച ദൈവപുത്രനിലൂടെ നമുക്കും പുത്ര സ്ഥാനം ലഭിക്കുകയും അങ്ങനെ മനുഷ്യരെല്ലാം ദൈവമക്കളാ യിത്തീരുകയും ചെയ്യുന്നതിനാലാണ് 'ആദ്യജാതൻ' എന്നു വിളി ക്കുന്നത്. 'ആദ്യജാതൻ' എന്നതിന് ഏകജാതൻ എന്നും അർത്ഥ മുണ്ട്. നമ്മുടെ ദൈവപുത്രസ്ഥാനം സ്വഭാവികമല്ല, ദാനമായി ലഭിച്ച ദത്തുപുത്രസ്ഥാനമാണ്; ദൈവപുത്രന്റേതോ സ്വഭാവി കവും.

പുത്രൻ പിതാവിനോടു സമനായിരുന്നു എന്നു വ്യക്തമാ ക്കുന്നതാണ് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിലെ ക്രിസ്തു കീർത്തനം (ഫിലി 2,6-11). *"ദൈവത്തിന്റെ രൂപത്തിൽ ആയിരു ന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കി ക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തി ലായിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ - അതെ കുരിശുമരണംവരെ - അനുസരണമുള്ളവ നായി അവൻ തന്നെത്തന്നെ താഴ്ത്തി"*. ദൈവത്തിന്റെ സ്വയം ശൂന്യവത്ക്കരണമാണ് മനുഷ്യവതാരത്തിൽ സംഭവിക്കുന്നത്; ഈ ശൂന്യവല്ക്കരണത്തിനുള്ള പ്രേരകശക്തിയാകട്ടെ മനുഷ്യ രോടുള്ള സ്നേഹവും. മനുഷ്യാവതാരത്തിലെ ശൂന്യവത്ക്കര ണത്തിലൂടെയാണ് ദൈവം നമുക്ക് സ്വയം വെളിപ്പെടുത്തിയത്. ഈ വെളിപ്പെടുത്തലിൽ ദൈവം പിതാവും പുത്രനുമായി തന്റെ ആന്തരീക ജീവൻ തുറന്നുകാട്ടുന്നു. ദൈവത്തിന്റെ പുത്രൻ *"ജഢ പ്രകാരം ദാവീദിന്റെ സന്തതിയിൽനിന്നു ജനിച്ചവനാണ്"* (റോമാ

1,3) എന്നു പറയുമ്പോൾ മനുഷ്യവതാരത്തിനു മുമ്പുള്ള അവസ്ഥയിലേക്ക് പൗലോസ് വിരൽചൂണ്ടുന്നു.

തനിക്കു വെളിപ്പെടുത്തപ്പെട്ട *"ദൈവത്തിന്റെ രഹസ്യമായ ക്രിസ്തുവിനെ"* (കൊളോ 2,2) ആണ് പൗലോസ് പ്രസംഗിക്കുന്നത്. നിത്യതയിൽ തന്നോടൊത്തായിരുന്ന തന്റെ പുത്രനെ കാലത്തിന്റെ സമ്പൂർണ്ണതയിൽ ദൈവം ഭൂമിയിലേക്കയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി, നിയമത്തിനധീനനായി ജീവിച്ചു (ഗലാ 4,4). ദൈവത്വത്തിന്റെ പൂർണ്ണത മുഴുവൻ ആരിൽ കുടികൊണ്ടിരിക്കുന്നുവോ (കൊളോ 2,9) ആ പുത്രൻ ഇസ്രായേലിന്റെ നിയമപ്രകാരം ശപിക്കപ്പെട്ടവനായി കുരിശുമരണത്തിന് സ്വയം ഏല്പിച്ചുകൊടുത്തു (ഗലാ 3.13).

മനുഷ്യവർഗ്ഗത്തെ മുഴുവനായും, ഓരോ മനുഷ്യനെയും വ്യക്തിപരമായും താൻ എത്രമാത്രം സ്നേഹിക്കുന്നു എന്ന് കുരിശുമരണത്തിലൂടെ ദൈവപുത്രൻ വ്യക്തമാക്കി (ഗലാ 2,20). പാപികളായ നമ്മെ പാപത്തിന്റെ ദാസ്യത്തിൽനിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കും മരണത്തിന്റെ അടിമത്തത്തിൽ നിന്ന് നിത്യജീവനിലേക്കും മോചിപ്പിക്കാൻവേണ്ടിയാണ് ദൈവത്തോടു സമനായ ദൈവപുത്രൻ അടിമയുടെ ശിക്ഷയായ കുരിശുമരണം ഏറ്റെടുത്തത്. ഇത് ഒരു ആത്മബലിയായിരുന്നു, പിതാവിനു സ്വീകാര്യമായ സമ്പൂർണ്ണ സമർപ്പണം.

ദൈവഹിതം നിരസിച്ച് സ്വയം ദൈവമാകാൻ ശ്രമിച്ച ആദ്യമനുഷ്യനിൽ തുടങ്ങി, മനുഷ്യവർഗ്ഗത്തെ മുഴുവൻ അടിമയാക്കിയ പാപത്തിന്റെമേൽ ദൈവഹിതത്തിനു സ്വയം പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് യേശുക്രിസ്തു വിജയം വരിച്ചു. അങ്ങനെ ആദം എന്ന ഒരു മനുഷ്യനിലൂടെ കടന്നുവന്ന പാപത്തിൽനിന്ന് മനുഷ്യനായ ദൈവപുത്രൻ മനുഷ്യനെ മോചിപ്പിച്ചു (റോമാ 5,12-21).

അനുസരണത്തിന്റെയും ഒപ്പം അനന്തമായ സ്നേഹത്തിന്റെയും പരമമായ പ്രകടനമാണ് കുരിശുമരണം. പിതാവായ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ ആഴം തന്റെ ഏകജാതനെ നമുക്കുവേണ്ടി മരണത്തിന് ഏല്പിച്ചു കൊടുത്തതിൽ പ്രകടമായതുപോലെ (റോമാ 8,32) പുത്രനായ ദൈവത്തിന് നമ്മോടുള്ള സ്നേഹം മനുഷ്യാവതാരവും കുരിശുമരണവുംവഴി വെളിവാക്കപ്പെട്ടു.

പ്രവാചകന്മാർവഴി മുൻകൂട്ടി അറിയിക്കപ്പെട്ടിരുന്ന രക്ഷാകരപദ്ധതിയുടെ പൂർത്തീകരണമായിരുന്നു യേശുവിന്റെ മരണം. നമ്മുടെ പാപത്തിനു പരിഹാരമായി സ്വയം സമർപ്പിച്ച യേശു നമ്മുടെ നീതികരണത്തിനായി മരണത്തിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു (റോമാ 4,24–25). അവനിലൂടെയാണ് നമുക്കു പിതാവുമായി രമ്യതയിലെത്താൻ കഴിയുന്നത്; അവനിലൂടെയാണ് നമുക്ക് ദൈവമക്കളുടെ സ്ഥാനം ലഭിക്കുന്നത്; അവനിലൂടെയാണ് നാം ദൈവിക ജീവനിൽ പങ്കുകാരാകുന്നത്. ഉത്ഥിതനായ യേശുക്രിസ്തു തന്റെ മഹത്വത്തിലേക്കു പ്രവേശിച്ച് പിതാവായ ദൈവത്തിന്റെ സന്നിധിയിൽ മനുഷ്യവർഗ്ഗം മുഴുവനും വേണ്ടി നിരന്തരം മാധ്യസ്ഥ്യം വഹിക്കുന്നു (1 തിമോ 2,5). അങ്ങനെ കുരിശുമരണവും ഉത്ഥാനവുംവഴി യേശു നിത്യപുരോഹിതനായി (ഹെബ്രാ 8.1–6) എന്ന ഹെബ്രായർക്കുള്ള ലേഖനത്തിലെ പ്രഖ്യാപനം വി.പൗലോസിന്റെ പഠനത്തിൽനിന്ന് ഉരുത്തിരിയുന്നതാണ്. സ്വർഗ്ഗത്തിൽ പിതാവിനോടൊപ്പം ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തുവിലാണ് നമ്മുടെ ജീവൻ (കൊളോ 3,4).

മഹത്വീകൃതനായ ദൈവപുത്രൻ നമ്മിൽ നിന്നകലെയല്ല. *"യേശുക്രിസ്തു നിങ്ങളിലുണ്ട് എന്ന് നിങ്ങൾക്കു ബോധ്യമായിട്ടില്ലേ?"* (2 കോറി 13,5). *"വിശ്വാസംവഴി ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരുപാകി അടിയുറയ്ക്കണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു"* (എഫേ 3,17). വിശ്വാസവും ജ്ഞാനസ്നാനവും വഴിയാണ് നാം ക്രിസ്തുവിനോട് ഐക്യപ്പെടുന്നത്. അതുവഴി അവന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുകാരാകുന്നവർ (റോമാ 6,3–5) കഴുകി ശുദ്ധീകരിക്കപ്പെട്ടവരാണ് (എഫേ 5,26). ഇപ്രകാരം ക്രിസ്തുവിനോട് ഐക്യപ്പെട്ടവർ സഭയാകുന്ന ശരീരത്തിലെ അംഗങ്ങളാകുന്നു. ആ ശരീരത്തിന്റെ ശിരസ്സ് ക്രിസ്തു തന്നെയാണ് (കൊളോ 1,18). മനുഷ്യനും ദൈവവും തമ്മിലും, മനുഷ്യർ തമ്മിൽത്തമ്മിലും പരിപൂർണ്ണ ഐക്യം പുനഃസ്ഥാപിതമാകുന്നതും ഈ ഐക്യം നിരന്തരം വളരുന്നതും യേശുക്രിസ്തു വഴിയാണ് (എഫേ 2,14–16).

മനുഷ്യവർഗ്ഗത്തിന്റെ വിമോചകനും അനുരഞ്ജകനുമായ ക്രിസ്തു യുഗാന്ത്യത്തിൽ വീണ്ടും വരും. അന്ന് വിധി കർത്താ

വായിട്ടായിരിക്കും അവൻ വരുക (1 തെസ 2,19; 3,13; 4,15-17). സ്വർഗ്ഗത്തിൽ നിന്ന് കർത്താവായ യേശു വീണ്ടും വരുമ്പോൾ മരിച്ചവരെല്ലാം ഉയിർത്തെഴുന്നേല്ക്കും. അത് ഒരു പുതിയ സൃഷ്ടിക്കു തുല്യമായിരിക്കും (1കോറി 15,52). അതോടെ മനുഷ്യവർഗ്ഗത്തിന്റെ അവസാന ശത്രുവായ മരണവും പൂർണ്ണമായി നശിപ്പിക്കപ്പെടും (1കോറി 15,54). അങ്ങനെ മനുഷ്യന്റെ വിമോചനം പൂർണ്ണമാക്കുന്നതും ക്രിസ്തുവാണ്.

യേശുക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ആഴമേറിയ അവബോധമാണ് വിശ്വാസികളുടെ ശക്തികേന്ദ്രം. *"എനിക്കു ജീവിതം ക്രിസ്തുവാണ്; മരണം നേട്ടവും"* (ഫിലി 1,21). ക്രിസ്തുവിനുവേണ്ടി സർവ്വതും നഷ്ടമാക്കുകയും അവന്റെ സഹനത്തിൽ പങ്കുചേരുകയും (ഫിലി 3,8-10) അവനോടുകൂടെ ക്രൂശിതനാവുകയും (ഗലാ 2,20) ചെയ്യുന്നത് ഈ സ്നേഹത്തിന്റെ അനുഭവത്തിൽ നിന്നു ലഭിക്കുന്ന ശക്തിയാലത്രെ. ക്രിസ്തീയ ജീവിതത്തിന്റെ ശക്തികേന്ദ്രം ക്രിസ്തുവിന്റെ സ്നേഹമാണ്; ക്രിസ്തീയ ധാർമ്മികതയുടെ മാനദണ്ഡവും ഈ സ്നേഹംതന്നെ.

**iii പരിശുദ്ധാത്മാവ്:** ദൈവപുത്രന്റെ മരണവും ഉത്ഥാനവുംവഴി ലഭ്യമായ മോചനത്തിലും ദൈവിക ജീവനിലും നമ്മെ പങ്കുകാരാക്കുന്നത് ദൈവത്തിന്റെ ആത്മാവാണ്. യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിനെ ദൈവം നമ്മുടെമേൽ സമൃദ്ധമായി വർഷിച്ചു (തീത്തോ 3,6). ദൈവത്തിന്റെ ആത്മാവ് വിശ്വാസവും ജ്ഞാനസ്നാനവും വഴി നമ്മെ കഴുകി ശുദ്ധീകരിച്ച് (തീത്തോ 3,5) നമ്മെ ദൈവത്തിന്റെ മക്കളായി മുദ്രകുത്തുന്നു (എഫേ 1,13; 4,30). ആത്മാവ് നമ്മിൽ നിരന്തരം വസിക്കുന്നതിനാൽ നമ്മൾ ദൈവത്തിന്റെ ആലയങ്ങളാണ് (1 കോറി 6,19). ഈ ആത്മാവാണ് ദൈവത്തെ "അബ്ബാ" എന്നു വിളിക്കാൻ നമ്മെ പ്രാപ്തരാക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്നു സാക്ഷ്യം നല്കുന്ന ആത്മാവ് (റോമാ 8,16) ദൈവമക്കളുടേതായ സ്വാതന്ത്ര്യം നമുക്കു പ്രദാനം ചെയ്യുന്നു.

ദൈവത്തിന്റെ നിഗൂഢ രഹസ്യങ്ങൾ ദൈവാത്മാവ് നമുക്ക് വെളിപ്പെടുത്തിത്തരുന്നു (1 കോറി 2,10). യേശുവിനെ കർത്താവായി ഏറ്റുപറയാൻ പരിശുദ്ധാത്മാവിന്റെ സഹായത്താൽ മാത്രമേ നമുക്കു സാധിക്കുകയുള്ളു (1 കോറി 12,3). വിവിധങ്ങ

ളായ വരങ്ങളും ദാനങ്ങളും നല്കി യേശുക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതും (1 കോറി 12,4-11; ഗലാ 5,22-23) അങ്ങനെ ദൈവത്തിന്റെ ആലയമാകുന്ന സഭയെ പണിതുയർത്തുന്നതും (എഫേ 2,22) ദൈവത്തിന്റെ ആത്മാവാണ്. വ്യക്തികളുടെയും സഭാസമൂഹം മുഴുവന്റെയും വിശുദ്ധീകരണം (റോമാ 15,16) ദൈവാത്മാവിന്റെ പ്രവർത്തനമാണ്. യേശുവിനു സാക്ഷ്യം വഹിക്കുകയും സുവിശേഷം പ്രഘോഷിക്കുകയും ചെയ്ത ശിഷ്യന്മാരിലൂടെ പ്രകടമായത് ആത്മാവിന്റെ ശക്തിയാണ് (1 കോറി 2,4; 1തെസ. 1,5-6). ക്രിസ്തുവഴി നമ്മിലേക്ക് ദൈവം സമൃദ്ധമായി ചൊരിഞ്ഞ ആത്മാവാണ് ദൈവത്തിനു പ്രീതികരമായവിധം ജീവിക്കാനും പ്രാർത്ഥിക്കാനും നമ്മെ ശക്തരാക്കുന്നത് (റോമാ 8,26).

ഇപ്രകാരമുള്ള പ്രവൃത്തികളിൽനിന്ന് ദൈവാത്മാവിനെ ഒരു ശക്തിമാത്രമായിട്ടല്ല വി.പൗലോസ് മനസ്സിലാക്കിയതെന്ന് വ്യക്തമാകുന്നു. നമ്മിൽ വസിച്ചുകൊണ്ട് സത്യത്തിന്റെ പൂർണ്ണതയിലേക്കു നമ്മെ നയിക്കുകയും, യേശുവിനു സാക്ഷ്യം വഹിക്കാൻ ശക്തിയും ധൈര്യവും നമുക്കു പ്രദാനം ചെയ്യുകയും, നന്മയിൽ വളരാൻ നമ്മെ പ്രോത്സാഹിപ്പിക്കുകയും, പുനരുത്ഥാനത്തിന്റെ പ്രതീക്ഷ നമ്മിൽ വളർത്തുകയും (റോമാ 8,11) ചെയ്യുന്ന ദൈവത്തിന്റെ ആത്മാവ് ഒരു വ്യക്തിയാണെന്ന നിഗമനത്തിലേക്ക് പൗലോസിന്റെ ലേഖനങ്ങൾ നമ്മെ നയിക്കുന്നു.

**c. സുവിശേഷങ്ങളിൽ:**

ഏ.ഡി. 65-നും 100-നും മധ്യേ ആണ് സുവിശേഷങ്ങൾ നാലും എഴുതപ്പെട്ടത്. അപ്പോഴേക്കും അന്നറിയപ്പെട്ടിരുന്ന ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും സുവിശേഷം പ്രഘോഷിക്കപ്പെട്ടു കഴിഞ്ഞിരുന്നു. അനേകായിരങ്ങൾ യേശുക്രിസ്തുവിനെ കർത്താവും ദൈവവുമായി ഏറ്റു പറഞ്ഞു. അതേസമയം യഹൂദരുടെയും വിജാതീയരുടെയും ഭാഗത്തുനിന്ന് ശക്തമായ എതിർപ്പും കഠിനമായ പീഡനങ്ങളും ശിഷ്യസമൂഹം നേരിടേണ്ടിവന്നു. സഭയുടെ നടുത്തൂണുകളായിരുന്ന പത്രോസും പൗലോസും റോമൻ ചക്രവർത്തിയുടെ ക്രൂരമായ പ്രഹരമേറ്റു നിലംപതിച്ചു. യേശുവിന്റെ പീഡാസഹനത്തിൽ പങ്കുചേരുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവന്നു. അവരെല്ലാം

ഉത്ഥിതനായ നാഥന്റെ മഹത്വത്തിൽ പങ്കുചേരാമെന്ന പ്രതീക്ഷയോടെയാണ് ജീവൻ വെടിഞ്ഞത്.

യേശുവിനെ നേരിട്ടു കണ്ടറിഞ്ഞവർ നല്കിയ സാക്ഷ്യം വിശ്വസ്തതയോടെ പിൻതലമുറകൾക്കു കൈമാറുക ആവശ്യമായിരുന്നു. ആരിലാണ് തങ്ങൾ വിശ്വാസമർപ്പിക്കുന്നത്, ആരുടെ നാമമാണു തങ്ങൾ ധരിക്കുന്നത് എന്ന് ക്രിസ്ത്യാനികൾ എല്ലാക്കാലത്തും അറിയണം. പീഡനങ്ങൾക്കുമധ്യേ പതറാതെ, പ്രത്യാശയിൽനിന്നുളവാകുന്ന ധൈര്യത്തോടെ, ശിഷ്യന്മാർ തങ്ങളുടെ നാഥനുവേണ്ടി ജീവൻ അർപ്പിക്കാൻ തയ്യാറാകണം. ഉറവിടങ്ങളിൽനിന്ന് സ്ഥലകാലസാഹചര്യങ്ങളാൽ അകന്നകന്നു പോകുമ്പോൾ കടന്നുകൂടാവുന്ന തെറ്റായ പഠനങ്ങളിൽ നിന്ന് വിശ്വാസത്തെ കാത്തുസൂക്ഷിക്കണം. ഏതാദൃശമായ ആവശ്യങ്ങളെ മുൻനിർത്തിയാണ് സുവിശേഷങ്ങൾ രചിക്കപ്പെട്ടത്.

**i പിതാവും പുത്രനും:** സുവിശേഷകർത്താക്കളെല്ലാം ക്രിസ്ത്യാനികളായിരുന്നു - യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നവർ, സഭയിൽ നിരന്തരം പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തി അനുഭവിച്ചറിഞ്ഞവർ, ദൈവത്തെ "അബ്ബാ"എന്നു വിളിച്ചപേക്ഷിക്കുന്നവർ. വ്യക്തിപരമായ വിശ്വാസാനുഭവവും ക്രിസ്തീയ സമൂഹത്തിന്റെ അരനൂറ്റാണ്ടുകാലത്തെ വിശ്വാസ പാരമ്പര്യവും സുവിശേഷ പ്രഘോഷണ മാതൃകകളും, ആരാധനാസമൂഹങ്ങളിൽ ആവർത്തിച്ചുരുവിട്ട വാചിക പാരമ്പര്യങ്ങളായും ലിഖിതങ്ങളായും രൂപംകൊണ്ടു കഴിഞ്ഞിരുന്നു. ഉത്ഥിതനായ നാഥനെ വർഷങ്ങളായി അനുഭവിച്ചറിഞ്ഞവരാണ് സുവിശേഷങ്ങൾ എഴുതിയത്. ആത്മാവിന്റെ പ്രവർത്തനത്തിനു നിരന്തരം വഴിപ്പെട്ടവരായിരുന്നു അവർ. അതിനാൽ സുവിശേഷങ്ങൾ വെറും ചരിത്ര സംഭവങ്ങളുടെ വിവരണങ്ങളല്ല, യേശുവിലുള്ള വിശ്വാസത്തിന്റെ സമഗ്രമായ പ്രഘോഷണങ്ങളാണ്; യേശുക്രിസ്തുവിലൂടെ ദൈവം എപ്രകാരമാണു സ്വയം വെളിപ്പെടുത്തിയത് എന്നതിന്റെ അവതരണമാണ്.

നസ്രത്തിലെ യേശു എന്ന മനുഷ്യൻ ഒരു യഹൂദനായിരുന്നു. യഹൂദനായി യഹൂദരുടെ മധ്യേ അവൻ ജീവിച്ചു. പലസ്തീനായിലെ യഹൂദരോട് അവൻ സുവിശേഷം പ്രസംഗിച്ചു. എന്നാൽ യഹൂദരുടെ വിശ്വാസങ്ങളെയും പ്രതീക്ഷകളെയും മറി

കടക്കുന്നതായിരുന്നു അവന്റെ വാക്കും പ്രവൃത്തിയും. സമകാലികർക്ക് അവൻ ഒരു ചോദ്യചിഹ്നമായി; യഹൂദനേതാക്കൾക്ക് അവൻ അപകടകാരിയായ ദൈവദൂഷകനായി. ദൈവത്തെക്കുറിച്ച് അവൻ പറഞ്ഞ കാര്യങ്ങൾ, ദൈവത്തിന്റെ നാമത്തിൽ അവൻ ചെയ്ത പ്രവൃത്തികൾ, ദൈവവുമായി തനിക്കുണ്ടെന്ന് അവൻ അവകാശപ്പെട്ട പ്രത്യേകബന്ധം - ഇതെല്ലാം അദൃശ്യനും അഗ്രാഹ്യനും പരമപരിശുദ്ധനും ഏകദൈവവുമായ യാഹ്‌വേയിൽ വിശ്വസിക്കുകയും ആ വിശ്വാസം ജനങ്ങളെ പഠിപ്പിക്കുകയും ചെയ്ത യഹൂദനേതാക്കന്മാർക്ക് കഠിനമായ ദൈവദൂഷണങ്ങളായിട്ടാണ് അനുഭവപ്പെട്ടത്. പരമ്പരാഗതമായി തങ്ങൾ കാത്തുസൂക്ഷിച്ചുപോന്ന ദൈവചിത്രത്തെ നസ്രത്തിൽ നിന്നുള്ള ആ തച്ചന്റെ മകൻ വലിച്ചുകീറുന്നതായി അവർ കരുതി. തങ്ങളുടെ പാരമ്പര്യങ്ങളിൽ മുറുകെപ്പിടിച്ച അവർക്ക് ദൈവം നല്കുന്ന പുതിയ വെളിപാടു ഗ്രഹിക്കാനോ സ്വീകരിക്കാനോ കഴിയാതെ പോയി. യേശുവിലൂടെയുള്ള ദൈവാവിഷ്ക്കരണത്തിന്റെയും പുതിയ വെളിപാടിനുമുമ്പിൽ പ്രകടമാകുന്ന യഹൂദനേതൃത്വത്തിന്റെ ഹൃദയ കാഠിന്യത്തിന്റെയും ഉദ്വേഗജനകമായ ചരിത്രമാണ് സുവിശേഷങ്ങൾ അനാവരണം ചെയ്യുന്നത്.

*"അപ്പോൾ പ്രധാന പുരോഹിതൻ വസ്ത്രം വലിച്ചു കീറിക്കൊണ്ടു പറഞ്ഞു: ഇനി സാക്ഷികളെക്കൊണ്ട് നമുക്ക് എന്താവശ്യം? ദൈവദൂഷണം നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾക്ക് എന്തു തോന്നുന്നു? അവൻ മരണത്തിന് അർഹനാണെന്ന് അവരെല്ലാവരും വിധിച്ചു"* (മർക്കോ 14,63-64). സ്വജീവിതത്തിന്റെ അവസാനം, യഹൂദമതത്തിന്റെ പരമാധികാരം കയ്യാളുന്ന സാൻഹെദ്രിൻ സംഘത്തിനുമുമ്പിൽ, സംശയത്തിനു പഴുതടച്ചുകൊണ്ട് യേശു ചെയ്ത ഒരു പ്രഖ്യാപനത്തിന്റെ പ്രതികരണമായിരുന്നു ഇത്. ഏകദേശം മൂന്നുവർഷക്കാലത്തെ പഠനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഒളിഞ്ഞും തെളിഞ്ഞും പ്രകടമായ ഒരു സത്യത്തിന്റെ ഔദ്യോഗികവും പരസ്യവുമായ പ്രഖ്യാപനമാണ് യേശു നടത്തിയത്. അതു തന്റെ വ്യക്തിത്വത്തെയും പിതാവുമായുള്ള ബന്ധത്തെയും സംബന്ധിക്കുന്നതായിരുന്നു. എന്താണ് ഈ ബന്ധം? എന്താണീ വ്യക്തിത്വം? എങ്ങിനെയാണ് യേശു ഇതു പ്രകടമാക്കിയത്? പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച സത്യം യേശുവിന്റെ വാക്കുകളിലും പ്രവൃത്തികളിലും സാവ

ധാനം വെളിപ്പെടുന്നത് സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

യഹൂദരെല്ലാം *"കർത്താവ്" "സ്വർഗ്ഗസ്ഥൻ"* എന്നൊക്കെ വിളിച്ച ദൈവത്തെ *"അബ്ബാ"* എന്നാണ് യേശു വിളിച്ചിരുന്നത്. കൊച്ചുകുഞ്ഞ് സ്വന്തം പിതാവിനെ വിളിക്കാൻ ഉപയോഗിച്ചിരുന്ന ഒരു പദമാണിത്. അപ്പാ, അപ്പച്ചാ, ചാച്ചാ, ഇച്ചാച്ചാ എന്നൊക്കെ കുഞ്ഞുങ്ങൾ വിളിക്കുന്നതുപോലുള്ള ഒരു പദം. ദൈവത്തോടുള്ള യേശുവിന്റെ അനന്യമായ അടുപ്പം വ്യക്തമാക്കുന്നതാണ് ഈ അഭിസംബോധനാരൂപം. പ്രാർത്ഥനകളിലാണ് യേശു ദൈവത്തെ ഇങ്ങനെ വിളിച്ചിരുന്നത്. ഗ്രീക്കുഭാഷയിൽ സുവിശേഷം എഴുതിയവർ ഈ പദം *"പിതാവേ" (ഹോ പത്തേർ)* എന്നു വിവർത്തനം ചെയ്തു. എന്നാൽ ഒരു തവണ വിവർത്തനത്തോടൊപ്പം അരമായ മൂലവും രേഖപ്പെടുത്തിയിരിക്കുന്നു: ***അബ്ബാ*** (മർക്കോ. 14,36). ദൈവത്തെ *''അബ്ബാ''* എന്നു വിളിക്കുന്നത് യഹൂദർക്കു ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. എന്നാൽ യേശു ദൈവത്തെ 'അബ്ബാ' എന്നു വിളിക്കുക മാത്രമല്ല അങ്ങനെ വിളിച്ചു പ്രാർത്ഥിക്കാൻ ശിഷ്യരെ പരിശീലിപ്പിക്കുകയും ചെയ്തു. കർത്താവു പഠിപ്പിച്ച പ്രാർത്ഥനയുടെ രണ്ടു രൂപങ്ങൾ സുവിശേഷങ്ങളിൽ കാണാം. മത്തായി (6,9–15) *"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"* എന്നു വിളിച്ചു തുടങ്ങുമ്പോൾ ലൂക്കാ (11,2–4) *"പിതാവേ"* എന്നു വിളിച്ചാണ് പ്രാർത്ഥന ആരംഭിക്കുന്നത്. ഇതിൽ രണ്ടാമത്തേത് ''അബ്ബാ'' എന്നതിന്റെ വിവർത്തനമാണെന്നും യേശു പഠിപ്പിച്ച പ്രാർത്ഥന അതിന്റെ ആദിമ രൂപത്തിൽ ലൂക്കാ സുവിശേഷകനാണു രേഖപ്പെടുത്തിയിരിക്കുന്നതെന്നും കരുതുന്ന ബൈബിൾ പണ്ഡിതന്മാർ ഏറെയുണ്ട്.

ദൈവത്തെ *"പിതാവേ"* എന്നു വിളിക്കാൻ യേശു ശിഷ്യന്മാരെ പഠിപ്പിച്ചെങ്കിലും അവർക്കു ദൈവത്തോടുള്ള ബന്ധത്തിൽനിന്നു തികച്ചും വിത്യസ്തമാണ് തനിക്കുള്ളത് എന്ന് യേശു വ്യക്തമാക്കി. *"എന്റെ പിതാവും നിങ്ങളുടെ പിതാവും"* (യോഹ 20,17) എന്നു വ്യവച്ഛേദിച്ചു പറയുന്നത് ഇതിനുദാഹരണമാണ്. *"നമ്മുടെ പിതാവ്"* എന്ന് യേശു ഒരിക്കലും പറഞ്ഞിട്ടില്ല. *"എന്റെ പിതാവ്", "നിങ്ങളുടെ പിതാവ്"* എന്നു വേർതിരിച്ച് അനേകം തവണ പറയുകയും ചെയ്തു. ഈ വ്യത്യാസം ദൈവത്തോടുള്ള തന്റെ പ്രത്യേക ബന്ധത്തെ എടുത്തു കാട്ടുന്നതാണ്.

യേശു ആരെന്ന് പിതാവിനും പിതാവ് ആരെന്നു പുത്രനും മാത്രമേ അറിയൂ. പ്രത്യേകമായൊരു വെളിപാടിലൂടെയല്ലാതെ പിതാവിനെയോ പുത്രനെയോ ആർക്കും അറിയാൻ സാധിക്കുകയില്ല (ലൂക്കാ 10,22). ജോർദ്ദാനിലും രൂപാന്തരീകരണത്തിന്റെ മലയിലുംവച്ച് ഈ വെളിപ്പെടുത്തൽ നടന്നു. *"ഇവൻ എന്റെ പ്രിയ പുത്രനാകുന്നു"* (മത്താ 3,17;17,5). യേശുവിന്റെ പ്രവൃത്തികൾ ഈ സത്യം വെളിപ്പെടുത്തുന്നതായിരുന്നു. എന്നാൽ സത്യത്തിനു ഹൃദയം തുറക്കാൻ വിസമ്മതിച്ച യഹൂദനേതാക്കൾക്ക് ഇതു ദൈവദൂഷണമായേ കാണാൻ കഴിഞ്ഞുള്ളു.

സാൻഹെദ്രിന്റെ മുമ്പിലെ പരസ്യപ്രഖ്യാപനവും ഇതേ ഫലമാണുളവാക്കിയത്. *"നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണോ"* എന്ന ചോദ്യത്തിന് യേശു വ്യക്തമായി ഉത്തരം നല്കി: *"അതെ. മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും"* (മത്താ 26,64; മർക്കോ 14,62). *'ദൈവത്തിന്റെ പുത്രനായ ക്രിസ്തു'* എന്ന പദപ്രയോഗം ഇസ്രായേലിലെ രാജാക്കന്മാരെക്കുറിച്ചും ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന രക്ഷകനെക്കുറിച്ചും ഉപയോഗിച്ചിരുന്നു. അതിനാൽ താൻ ദൈവത്തിന്റെ പുത്രനാണ് എന്ന് ഏറ്റുപറയുന്നത് മരണാർഹമായ കുറ്റമായി കരുതപ്പെടണമായിരുന്നില്ല. എന്നാൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുകയും വിധിയാളനായി വരുകയും ചെയ്യും എന്നു കൂട്ടിച്ചേർക്കുന്നതിലൂടെ ദൈവപുത്രൻ ദൈവതുല്യനാണെന്ന് യേശു വ്യക്തമാക്കുകയായിരുന്നു. അതുതന്നെയാണ് സാൻഹെദ്രിൻ സംഘം ഒന്നടങ്കം യേശുവിന് മരണശിക്ഷ വിധിക്കാൻ കാരണം. ഉത്ഥിതനായ യേശു ശിഷ്യന്മാർക്കു നല്കുന്ന കല്പന പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് ഏറ്റം വ്യക്തമായ പ്രസ്താവനയാണ്: *"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ"* (മത്താ 28,19).

ദൈവത്തിന്റെ പിതൃത്വവും യേശുവിന്റെ ദൈവപുത്രസ്ഥാനവും ഏറ്റം വ്യക്തമായി വെളിപ്പെടുന്നത് യോഹന്നാൻ എഴുതിയ സുവിശേഷത്തിലാണ്. പിതാവും പുത്രനും തമ്മിൽ പരിപൂർണ്ണമായ ഐക്യം നിലനില്ക്കുന്നു. പിതാവ് ഏല്പിച്ച ജോലികൾ മാത്രമാണ് പുത്രൻ ചെയ്യുന്നത് (യോഹ 5,19-21.36). പിതാവു

പുത്രനിലും പുത്രൻ പിതാവിലും വസിക്കുന്നു (10,38;14,10-11). പിതാവു പുത്രനെയും പുത്രൻ പിതാവിനെയും പൂർണ്ണമായി അറിയുന്നു (യോഹ 10,15). പുത്രൻ പിതാവിനെയും പിതാവു പുത്രനെയും മഹത്വപ്പെടുത്തുന്നു (യോഹ 12,28; 13,31; 17,1). പിതാവും പുത്രനും തമ്മിലുള്ള ഗാഢമായ ഈ ബന്ധം യേശുവിന്റെ ദൈവത്വത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഇതിനുംപുറമെ, യേശുവിന്റെ പല പ്രഖ്യാപനങ്ങളും ദൈവവുമായുള്ള തുല്യത അവകാശപ്പെടുന്നതാണ്. *"അബ്രാഹം ഉണ്ടാകുന്നതിനു മുമ്പ് ഞാനുണ്ട്"* (യോഹ 8,58); *"ഞാനും പിതാവും ഒന്നാകുന്നു"* (യോഹ 10,30); പഴയനിയമത്തിൽ യാഹ്‌വേയെക്കുറിച്ചു മാത്രം ഉപയോഗിച്ചിരുന്ന *"ഞാൻ ആകുന്നു"* എന്ന പ്രയോഗങ്ങൾ (I AM SAYINGS: യോഹ 4,26;8,24;9,9); *"ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു"* (യോഹ. 9,5) *"വഴിയും സത്യവും ജീവനും ഞാനാകുന്നു"* (യോഹ 14.6) മുതലായ വെളിപ്പെടുത്തലുകൾ; *"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു"* എന്നുതുടങ്ങുന്ന ആധികാരിക പ്രഖ്യാപനങ്ങൾ ഇവയെല്ലാം ഉദാഹരണങ്ങളാണ്.

ഈ പ്രഖ്യാപനങ്ങൾ കേട്ടപ്പോൾ യഹൂദർ യേശുവിനെ കല്ലെറിഞ്ഞുകൊല്ലാൻ ശ്രമിച്ചത് അവർക്ക് ഈ അവകാശവാദം ശരിക്കും മനസ്സിലായി എന്നതിനു തെളിവാണ്. *"ദൈവദൂഷണം മൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്. കാരണം മനുഷ്യനായിരിക്കെ നീ നിന്നെത്തന്നെ ദൈവമാക്കുന്നു"* (യോഹ 10,33). യോഹന്നാൻ സുവിശേഷം എഴുതിയതുതന്നെ *"യേശു ദൈവപുത്രനായ ക്രിസ്തു ആണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ നിത്യജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്"* (യോഹ 20,31).

സുവിശേഷത്തിന്റെ ആമുഖത്തിൽത്തന്നെ യേശുവിന്റെ ദൈവപുത്രസ്ഥാനവും ദൈവത്വവും യോഹന്നാൻ വ്യക്തമായി ഏറ്റുപറയുന്നുണ്ട്. ആദിയിൽ ദൈവത്തോടൊന്നിച്ചുണ്ടായിരുന്ന, ദൈവമായ, വചനമാണ് മാംസമായി നമ്മുടെ ഇടയിൽ വസിച്ചത് (യോഹ 1,1-14). *"പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവം തന്നെയായ ഏകജാതനാണ്"* (യോഹ 1,18) അദൃശ്യനും അജ്ഞാതനുമായ ദൈവത്തെ വെളിപ്പെടുത്തിയത്.

**ii പരിശുദ്ധാത്മാവ്:** *"പരിശുദ്ധാത്മാവു നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ നിന്നിൽനിന്നു ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും"* (ലൂക്കാ 1,35). ദൈവപുത്രന്റെ മനുഷ്യാവതാരം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. പഴയ നിയമത്തിൽ പരോക്ഷമായിമാത്രം പരാമർശിക്കപ്പെടുന്ന പരിശുദ്ധാത്മാവ് പുതിയ നിയമത്തിന്റെ ആരംഭം മുതൽ പ്രത്യക്ഷമായി കർമ്മനിരതനാവുന്നു. യേശുവിന്റെ ജനനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണെന്ന് മത്തായി സുവിശേഷകനും (മത്താ 1,20) എടുത്തുകാട്ടുന്നുണ്ട്. ജോർദ്ദാനിൽവച്ച് യേശുവിനെ അഭിഷേകം ചെയ്ത ദൈവത്തിന്റെ ആത്മാവ് പരസ്യജീവിതകാലം മുഴുവൻ അവന്റെകൂടെ ഉണ്ടായിരുന്നു. യേശു പ്രലോഭകന്റെമേൽ വിജയം വരിച്ചതും (ലൂക്കാ 4,1-14) ദരിദ്രരെ സദ്വാർത്ത അറിയിച്ചതും (ലൂക്കാ 4,18-19) ആത്മാവിന്റെ ശക്തിയാലാണ്. പരിശുദ്ധാത്മാവിനാൽ പൂരിതനായാണ് അവൻ ദൈവത്തെ "അബ്ബാ" എന്നു വിളിച്ചപേക്ഷിച്ചത് (ലൂക്കാ 10,21). യേശുവിൽ വസിക്കുകയും യേശുവിനെ നിരന്തരം നയിക്കുകയും ചെയ്ത ആത്മാവ് പിതാവിന്റെ വാഗ്ദാനവും ഉന്നതത്തിൽനിന്നുള്ള ശക്തിയുമാണ് (ലൂക്കാ 24,49).

പിതാവിനോടു നിരന്തരം പ്രാർത്ഥിക്കുന്നവർക്ക് യേശു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു (ലൂക്കാ 11,13). ദേശാധിപതികളുടെയും രാജാക്കന്മാരുടെയും മുമ്പിൽ, പീഡനങ്ങൾക്കു മധ്യേ, യേശുവിനു സാക്ഷ്യം വഹിക്കാൻ പരിശുദ്ധാത്മാവ് ശിഷ്യന്മാരെ ശക്തിപ്പെടുത്തും എന്ന് യേശു അവർക്ക് ഉറപ്പു നല്കി (മത്താ 10,20). എന്നും ശിഷ്യരോടൊത്തു വസിച്ച് (യോഹ 14,16) അവരെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുകയും (യോഹ 16,13) അവർക്ക് സഹായകനായിരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് യേശുവിന്റെ മഹത്വീകരണത്തിനുശേഷം മാത്രമേ നല്കപ്പെടുകയുള്ളു (യോഹ 7,39). യേശുവിന്റെ കുരിശുമരണവും ഉത്ഥാനവും വഴിയാണ് പരിശുദ്ധാത്മാവ് നല്കപ്പെട്ടത് എന്നതിനാൽ പരിശുദ്ധാത്മാവിനെ അയയ്ക്കുന്നത് യേശുവാണ് (യോഹ 16,7) എന്നു പറയുന്നു.

പരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളും ശിഷ്യരിൽ

വസിക്കും എന്ന് യേശു വ്യക്തമായി ഉറപ്പു നല്കിയിട്ടുണ്ട്. *"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും"* (യോഹ 14,23). *"എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരും"* (യോഹ 14,16). ഒറ്റപ്പെട്ട വ്യക്തികളിൽ മാത്രമല്ല ശിഷ്യസമൂഹത്തിൽ മുഴുവ നായും ദൈവം വസിക്കുകയും അവരെ പൂർണ്ണമായ ഐക്യ ത്തിലേക്കു നയിക്കുകയും ചെയ്യുന്നു. യേശുവിന്റെ അന്ത്യ പ്രാർത്ഥനയിൽ ഇതിനെക്കുറിച്ചു വ്യക്തമായി പ്രതിപാദിക്കു ന്നുണ്ട്. *"പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയി രിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കുന്നതിന്... നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന്... അവർ പൂർണ്ണമായി ഒന്നാകേണ്ടതിന് ഞാൻ അവരിലും അവി ടുന്ന് എന്നിലും ആയിരിക്കുന്നു"* (യോഹ 17,21-23).

പിതാവ് പുത്രനിലും പുത്രൻ പിതാവിലും ആയിരിക്കുന്നു; പരിശുദ്ധാത്മാവ് പുത്രനാലും പിതാവിനാലും അയയ്ക്കപ്പെടുന്നു, എന്നിങ്ങനെയുള്ള പരാമർശങ്ങൾ ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള വ്യതിരിക്തതയും അതേസമയം പൂർണ്ണമായ ഐക്യവും വെളിപ്പെടുത്തുന്നു. ഈ ഐക്യമാണ് മനുഷ്യസ മൂഹത്തിനു ദൈവത്തോടും സമൂഹത്തിലെ അംഗങ്ങൾക്കു തമ്മിൽതമ്മിലും ഉണ്ടാകേണ്ട ഐക്യത്തിന്റെ നിദാനം.

**d. കാതോലിക ലേഖനങ്ങൾ - വെളിപാട്:** യേശുക്രിസ്തുവി നെക്കുറിച്ച് തങ്ങൾ പ്രസംഗിച്ചത് കെട്ടുകഥകളെ ആസ്പദമാ ക്കിയല്ല, സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിലാണ് എന്ന് വി. പത്രോസ് തന്റെ രണ്ടാം ലേഖനത്തിൽ വ്യക്തമായി പ്രഖ്യാപി ക്കുന്നു. പിതാവിൽനിന്നു ബഹുമാനവും മഹത്വവും സ്വീകരിച്ച യേശുക്രിസ്തുവിന്റെ ശക്തിപ്രഭാവത്തിനു ദൃക്സാക്ഷികളാണ് അപ്പസ്തോലന്മാർ. *"ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന്...സ്വർഗ്ഗത്തിൽ നിന്നുണ്ടായ ആ സ്വരം ഞങ്ങൾ കേട്ടു"* (2 പത്രോ 1,16-18).

*"ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും കണ്ണു കൊണ്ടു കണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും കൈകൊണ്ടു സ്പർശി*

*ച്ചതുമായ ജീ വന്റെ വചനത്തെ"* (യോഹ 1,1) യാണ് അപ്പസ്തോലന്മാർ പ്രഘോഷിച്ചത്. *"നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയായി സ്വപുത്രനെ അയച്ചതിലൂടെ ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തി"* (1 യോഹ 4,10). ഈ പുത്രനാണ് ശരീരം ധരിച്ചുവന്ന യേശുക്രിസ്തു എന്ന് ഏറ്റുപറയാൻ ദൈവത്തിന്റെ ആത്മാവാണ് നമ്മെ ശക്തിപ്പെടുത്തുന്നത് (1 യോഹ 4,2). യേശുക്രിസ്തു ദൈവപുത്രനാണെന്ന് പിതാവായ ദൈവവും അവിടുത്തെ ആത്മാവും സാക്ഷ്യപ്പെടുത്തുന്നു (1 യോഹ 4,6-12). യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കു മാത്രമേ നിത്യജീവൻ ലഭിക്കുകയുള്ളൂ. കാരണം ദൈവപുത്രനായ യേശുക്രിസ്തുവാണ് *"സത്യദൈവവും നിത്യജീവനും"* (1 യോഹ 5,20). യേശുക്രിസ്തുവിനെ ദൈവമായി ഏറ്റുപറയുന്ന ഏറ്റം വ്യക്തമായൊരു പ്രസ്താവനയാണിത്.

വെളിപാടിന്റെ പുസ്തകത്തിൽ യേശുവിന്റെ ദൈവത്വത്തെക്കുറിച്ച് അനേകം സൂചനകൾ കാണാം. പുസ്തകം മുഴുവൻ പ്രതീകങ്ങളിലൂടെ യാഥാർത്ഥ്യങ്ങൾ അവതരിപ്പിക്കുന്ന വെളിപാട് സാഹിത്യശൈലിയിലാണ് രചിക്കപ്പെട്ടിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ഓർക്കണം. യേശുവിന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വത്തെക്കുറിച്ചുള്ള സൂചനകളും പ്രതീകങ്ങളിലൂടെയാണ് നല്കിയിരിക്കുന്നത്.

ദൈവത്തെ വെളിപ്പെടുത്തുന്നവനാണ് യേശുക്രിസ്തു (1, 1). പുസ്തകത്തിന്റെ ആരംഭത്തിൽത്തന്നെ വെളിപാടുശൈലിയിൽ ഗ്രന്ഥകാരൻ പരിശുദ്ധ ത്രിത്വത്തെ സൂചിപ്പിക്കുന്നുണ്ട് (1, 4-5). ദൈവത്തിന്റെ വചനവും മാനവരക്ഷകനും അന്തിമവിധിയാളനുമാണ് യേശു (1, 6-9). മഹത്വീകൃതനായ മനുഷ്യപുത്രനായി പ്രത്യക്ഷപ്പെടുന്ന യേശു ദൈവത്തെപ്പോലെ തന്നെ "ആദിയും അന്തവുമാണ്" (1, 17; 2, 8). വെൺമഞ്ഞുപോലെ ധവളമായ അവന്റെ മുടിയും പെരുവെള്ളത്തിന്റേതുപോലുള്ള ശബ്ദവും (1, 14-18; ദാനി 7,9; എസെ 43, 2; സങ്കീ 29) ദൈവികതയെ സൂചിപ്പിക്കുന്നു. അവൻ പരിശുദ്ധനും സത്യവാനുമായ ദൈവപുത്രനാണ് (2,8; 3,7).

യേശുവിന്റെ പ്രതീകമായ കുഞ്ഞാടിനുമുമ്പിൽ ശ്രേഷ്ഠന്മാർ സാഷ്ഠാംഗം പ്രണമിച്ച് ആരാധിക്കുന്നു (വെളി 5,8). ദൈവ

ത്തിന്റേതായ ശക്തിയും ബഹുമാനവും മഹത്വവും സ്തുതിയും കുഞ്ഞാടിനു നല്കുന്നു (വെളി 5,12). ദൈവത്തിനും കുഞ്ഞാടിനും ഒരേ സ്തുതിയും ബഹുമാനവും നല്കുന്നു (വെളി 5,13). കുഞ്ഞാട് ദൈവത്തിന്റെ സിംഹാസനത്തിൽ ഇരുന്ന് (വെളി 7,17; 22,1) ദൈവത്തോടൊപ്പം ഭരണം നടത്തുന്നു (വെളി 11,15). കുഞ്ഞാട് ദൈവത്തെപ്പോലെ ആൽഫയും ഒമേഗയുമാണ്, ആദിയും അന്ത്യവും (വെളി 1,8;22,13).

പരിശുദ്ധാത്മാവിനെക്കുറിച്ചും ചില സൂചനകൾ വെളിപാടുപുസ്തകത്തിൽ കാണാം. "സപ്താത്മാക്കൾ" (1, 4) എന്ന പ്രയോഗം പരിശുദ്ധാത്മാവിനെയാണു സിചിപ്പിക്കുന്നത്. ഏഴ് പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഘമായതിനാൽ, ആത്മാവിന്റെ പൂർണ്ണത എന്നൊരു വിശേഷണവും ഇവിടെ കാണാം. സിംഹാസനത്തിനു മുമ്പിലെ ഏഴു തീപ്പന്തങ്ങളും (4, 5-6) പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു.

**7. ചുരുക്കത്തിൽ**

പരിശുദ്ധത്രിത്വത്തെ സംബന്ധിച്ച് ബൈബിളിന്റെ വെളിച്ചത്തിൽ ഇതുവരെ നടത്തിയ വിശകലനങ്ങളെ ഇങ്ങനെ സമാഹരിക്കാം. ദൈവം അദൃശ്യനും അഗ്രാഹ്യനും അപരിമേയനും പരമ പരിശുദ്ധനുമാണ്. ആരംഭവും അവസാനവുമില്ലാത്തവനായ ദൈവം അനാദിയിൽ തനിക്കു തുല്യനായ ഒരു പുത്രനു ജന്മം നല്കി. ദൈവത്തിന്റെ സത്തയുടെ പൂർണ്ണമായ ആവിഷ്ക്കാരവും പ്രതിരൂപവുമായ ആ പുത്രൻ ദൈവത്തിന്റെ വചനമാണ്. പുത്രൻ പിതാവിനെയും പിതാവു പുത്രനെയും പൂർണ്ണമായി അറിയുന്നു, അംഗീകരിക്കുന്നു, സ്നേഹിക്കുന്നു, മഹത്വപ്പെടുത്തുന്നു. പിതാവു തന്നെത്തന്നെ പുത്രനു പൂർണ്ണമായി നല്കുന്നു. പിതാവിൽ നിന്നു പുത്രനിലേക്കും പുത്രനിൽനിന്നു പിതാവിലേക്കും അനുസ്യൂതം നിർഗ്ഗളിക്കുന്ന സ്നേഹമാണ് പരിശുദ്ധാത്മാവ്. പിതാവിന്റെയും പുത്രന്റെയും സമ്പൂർണ്ണവും പരസ്പരവുമായ ആത്മദാനമാണ് അവൻ. ദൈവം ഏകനാണ്. എന്നാൽ ഈ ഏകത്വം ഏകാകിത്വമല്ല, മൂന്നു ദൈവിക ആളുകളുടെ സമ്പൂർണ്ണമായ ഐക്യത്തിന്റെ, പരസ്പര ദാനത്തിൽ പ്രകടമാകുന്ന സ്നേഹബന്ധത്തിന്റെ ദിവ്യമായ സമൂഹമാണത്. ഇവിടെ സ്വാർത്ഥത യില്ല. പരസ്പരം പൂർണ്ണമായി അറിയുന്നു, അംഗീകരിക്കുന്നു, ദാനം ചെയ്യുന്നു. നിരന്തരവും അനന്തവുമായ ദാനവും സ്വീകര

ണവുമാണിത്. ഈ ദാനത്തിലും സ്വീകരണത്തിലും ഐക്യമുണ്ട്, സമത്വമുണ്ട്, ശാന്തിയും സമാധാനവും സന്തോഷവുമുണ്ട്.

ദൈവം തന്റെ സന്തോഷത്തിൽ പങ്കുചേരാനായി തന്റെ തന്നെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനും തമ്മിലുള്ള നിസ്വാർത്ഥ സ്നേഹവും സമ്പൂർണ്ണ സമർപ്പണവും ദൈവത്തിന്റെ ആന്തരികജീവന്റെ പ്രതിഫലനമാകണമായിരുന്നു. ഈ സ്നേഹം വന്ധ്യമാകാതെ സന്താനങ്ങളിലൂടെ ഫലവത്താകണം. അങ്ങനെ ഭൂമി മുഴുവൻ ദൈവസ്നേഹത്താൽ, അവിടുത്തെ പ്രതിഛായയാൽ, നിറയണം. എന്നാൽ ഈ പദ്ധതിയിൽ മനുഷ്യൻ പരാജയപ്പെട്ടു. ദൈവം പതിച്ച പ്രതിഛായ അവനിൽ വികലമായി. ദൈവത്തെ അവൻ ധിക്കരിച്ചു. സ്നേഹത്തിനുപകരം സ്വാർത്ഥം തേടി; ഐക്യത്തിനുപകരം അസൂയയും വിദ്വേഷവും പകയും വളർന്നു. ജീവൻ നല്കി വളർത്തുന്നതിനുപകരം സഹോദരന്റെ ജീവൻ ഒടുക്കി. അവൻ ഭൂമിയിൽ മരണം വിതച്ചു. സ്രഷ്ടാവിനെ ഉപേക്ഷിച്ച അവൻ സൃഷ്ടികളെ ദൈവമായി ആരാധിച്ചു.

മനുഷ്യൻ പരാജയപ്പെട്ടിടത്ത് ദൈവം പരാജയപ്പെട്ടില്ല. മനുഷ്യൻ വികലമാക്കിയ ദൈവികപ്രതിഛായ പുനഃസ്ഥാപിക്കാൻ ദൈവത്തിന്റെ പുത്രൻ കാലത്തിന്റെ പൂർണ്ണതയിൽ മനുഷ്യനായി അവതരിച്ചു. പാപം മൂലം ബലഹീനമാക്കപ്പെട്ട മനുഷ്യപ്രകൃതി അവൻ സ്വന്തമായി സ്വീകരിച്ചു; മനുഷ്യന്റേതായ സകലവേദനകളും ദുഃഖങ്ങളും അവൻ ഏറ്റെടുത്തു. തന്റെ വാക്കും പ്രവൃത്തിയും, സർവ്വോപരി മനുഷ്യരോടൊത്തുള്ള ജീവിതവും വഴി ദൈവത്തിന്റെ ആന്തരികജീവൻ അവൻ തുറന്നുകാട്ടി. ശിശുസഹജമായ ലാളിത്യത്തോടെ, വിശ്വാസത്തോടെ, സ്നേഹത്തോടെ ദൈവത്തെ 'അബ്ബാ' എന്നു വിളിക്കാൻ പഠിപ്പിച്ചു. ഓരോ മനുഷ്യവ്യക്തിയും ദൈവത്തിനു വിലപ്പെട്ടതാണെന്ന് അവൻ വ്യക്തമാക്കി. ദൈവത്തിന്റെ മുമ്പിൽ വിലകെട്ടവനായി ഒരു മനുഷ്യനുമില്ല; എല്ലാവരിലും മുദ്രിതമായിരിക്കുന്നത് ദൈവത്തിന്റെ പ്രതിഛായ തന്നെയാണ്.

ദൈവത്തിന്റെ ആന്തരികജീവനായ സ്നേഹത്തിൽ പങ്കുചേരാൻ ദൈവപുത്രൻ മനുഷ്യരെ അഹ്വാനം ചെയ്തു; അതിനുവേണ്ട ശക്തി അവർക്കു പ്രദാനം ചെയ്തു. പരസ്പരം സ്നേഹിക്കുകയും ദാനം ചെയ്യുകയും സ്വീകരിക്കുകയും ചെയ്യുന്ന ദൈവ

ത്തിന്റെ പ്രതിഛായ മനുഷ്യസമൂഹത്തിൽ വീണ്ടും അവൻ മുദ്രിതമാക്കി. തന്റെ വാക്കുകൾ സത്യമാണെന്ന് അവൻ പ്രവൃത്തിയിലൂടെ പ്രകടമാക്കി. കുരിശിൽ സ്വന്തം രക്തം ചിന്തിയും ജീവൻ സമർപ്പിച്ചും ദൈവികജീവനിൽ നമ്മെ പങ്കുകാരാക്കി. കുരിശ് ത്രിയേകദൈവത്തിനു മനുഷ്യനോടുള്ള അനന്തമായ സ്നേഹത്തിന്റെ അവാച്യമായ പ്രകടനമാണ്. മനുഷ്യപുത്രനായവതരിച്ച ദൈവപുത്രന്റെ കുരിശുമരണം പാപത്തിന്റെയും അതിൽനിന്നുളവായ മരണത്തിന്റെയുംമേൽ ദൈവം നേടിയ വിജയമായിരുന്നു. മരണത്തിലൂടെ മരണത്തെ ജയിച്ചവൻ മരണമില്ലാത്തവനായി ഉയിർത്തെഴുന്നേറ്റു. അതോടെ മനുഷ്യസമൂഹം പുനരുദ്ധരിക്കപ്പെട്ടു. പാപപങ്കിലമായ മനുഷ്യചരിത്രം തിരുത്തിക്കുറിക്കപ്പെട്ടു.

ഉത്ഥിതനായവൻ പിതാവിന്റെ മഹത്വത്തിൽ വീണ്ടും പ്രവേശിച്ചു; അഥവാ ദൈവം തന്റെ പുത്രനെ മരണത്തിൽ നിന്നുയിർപ്പിച്ച് മഹത്വീകരിച്ചു. അതോടെ പരിശുദ്ധാത്മാവിന്റെ യുഗം ആരംഭിക്കുകയായി. മഹത്വീകൃതനായ ദൈവപുത്രൻ പിതാവിൽനിന്നു തങ്ങളുടെ സ്നേഹത്തിന്റെ ബന്ധമായ പരിശുദ്ധാത്മാവിനെ മനുഷ്യരിലേക്കയച്ചു. ആത്മാവുവഴി ത്രിയേകദൈവം മനുഷ്യഹൃദയങ്ങളിലും മനുഷ്യസമൂഹത്തിലും കൂടാരമടിച്ച് വാസമുറപ്പിച്ചു. ഹൃദയങ്ങളുടെ അഗാധതയിൽനിന്ന് ദൈവത്തെ 'അബ്വാ' എന്നു വിളിച്ചു പ്രാർത്ഥിക്കാൻ, തങ്ങളെത്തന്നെ ദൈവത്തിനു പൂർണ്ണമായി സമർപ്പിക്കാൻ, ദൈവാത്മാവ് മനുഷ്യരെ ശക്തിപ്പെടുത്തി.

മനുഷ്യജീവിതം സ്വാർത്ഥം തേടി, അസൂയയിലും വിദ്വേഷത്തിലും കലഹത്തിലും ശത്രുതയിലും തളർന്ന്, ആറടിമണ്ണിൽ അവസാനിക്കാനു ള്ളതല്ല എന്ന് ആത്മാവ് മനുഷ്യരുടെ ഹൃദയാന്തരങ്ങളിൽനിന്ന് നിരന്തരം നിമന്ത്രിക്കുന്നു. സ്നേഹത്തിലും സേവനത്തിലും പരസ്പരദാനത്തിലും ബഹുമാനത്തിലും വളർന്ന്, മരണത്തിനപ്പുറം നിത്യമായി ജീവിക്കാനുള്ളവനാണ് മനുഷ്യൻ. പൂഴിയിൽ അഴിഞ്ഞുതീരുന്ന മർത്യശരീരം അമർത്യത ധരിച്ച് വീണ്ടും ഉയിർത്തെഴുന്നേല്ക്കും. മനുഷ്യമുഖത്തുനിന്നു മങ്ങിമറഞ്ഞ ദൈവത്തിന്റെ പ്രതിഛായ വീണ്ടും പൂർവ്വോപരി പ്രശോഭിതമാകും.

പാപവും മരണവും എന്നേക്കുമായി ഉന്മൂലനം ചെയ്യപ്പെട്ടു കഴിയുമ്പോൾ, മരിച്ചവർ അമർത്യരായി ഉയിർത്തെഴുന്നേല്ക്കു

മ്പോൾ, ദൈവം മനുഷ്യരുടെ ഇടയിൽ എന്നേക്കുമായി കൂടാര മടിക്കും. അപ്പോൾ ദൈവികജീവനിൽ മനുഷ്യരെല്ലാം പൂർണ്ണ മായി പങ്കുചേരും. മനുഷ്യനായി അവതരിക്കുകയും മരണ ത്തിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ദൈവപുത്രൻ അപ്പോൾ കോടാനുകോടി ദൈവമക്കളുടെ ജ്യേഷ്ഠസഹോദരനും ദൈവത്തിന്റെ ആദ്യജാതനുമായിരിക്കും. പിതാവിന്റെയും പുത്ര ന്റെയും പരിശുദ്ധാത്മാവിന്റെയും ജീവനായിരിക്കും എല്ലാ മനു ഷ്യരിലും അന്നു സ്പന്ദിക്കുന്നത്.

ത്രിയേകദൈവത്തിന്റെ ആന്തരികജീവനിൽ പൂർണ്ണമാ യുള്ള പങ്കുചേരൽ യുഗാന്തത്തിലേ സംഭവിക്കൂ എങ്കിലും അതിന്റെ തുടക്കം ഈ ഭൂമിയിൽത്തന്നെയാണ്. വിശ്വാസവും മാമ്മോദീസായും വഴി യേശുവിന്റെ മരണത്തിലും ഉത്ഥാന ത്തിലും നമ്മൾ പങ്കുചേരുന്നു. സ്നേഹത്തിന്റെ ഏകകല്പന അനുസരിച്ചു ജീവിക്കുമ്പോൾ ത്രിയേകദൈവം നമ്മിൽ വാസ മുറപ്പിക്കുന്നു. ഇപ്രകാരം ദൈവികജീവനാൽ നയിക്കപ്പെടുന്ന സമൂഹം ദൈവത്തിന്റെ സ്നേഹത്തിനു സാക്ഷികളാകുന്നു. ഈ സമൂഹം വളരുന്നത് ആത്മാവിന്റെ ശക്തിയാലാണ്; ജീവിക്കു ന്നത് വിശ്വാസത്തിലാണ്; നയിക്കപ്പെടുന്നത് പ്രതീക്ഷയിലാണ്.

**8. ഉപസംഹാരം**

പരിശുദ്ധ ത്രിത്വം എന്ന വിശ്വാസസത്യത്തിലാണ് കത്തോ ലിക്കാസഭയുടെ മറ്റെല്ലാ വിശ്വാസസത്യങ്ങളും ഉറപ്പിച്ചിരിക്കു ന്നത്. ത്രിയേകദൈവം എന്ന സത്യം നിഷേധിച്ചാൽ മറ്റെല്ലാ വിശ്വാസസത്യങ്ങളും നിഷേധിക്കപ്പെടും. യേശുക്രിസ്തു ദൈവ മല്ലെങ്കിൽ മനുഷ്യരക്ഷ സാധിച്ചിട്ടില്ല. പാപിയായ ഒരു മനുഷ്യന് തന്നെപ്പോലെതന്നെ പാപികളായ മനുഷ്യരെ പാപത്തിൽ നിന്നു രക്ഷിക്കാനാവില്ല. യേശു ദൈവപുത്രനല്ലെങ്കിൽ മനുഷ്യർക്ക് ദൈവപുത്രസ്ഥാനം ലഭ്യമല്ല. യേശു ഒരു മനുഷ്യൻ മാത്രമാണെ ങ്കിൽ സഭ മറ്റേതു സമൂഹത്തേയുംപോലെ മനുഷ്യനിർമ്മിതമായ ഒരു സംഘടന മാത്രമായിത്തീരുന്നു. കൂദാശകൾ വെറും ആചാ രങ്ങൾ മാത്രമായി അധഃപതിക്കുന്നു. കാരണം നമ്മെ ദൈവിക ജീവനിൽ പങ്കുകാരാകാൻ അവയ്ക്കൊന്നും കഴിയുകയില്ല. പരി ശുദ്ധാത്മാവ് ദൈവമല്ലെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നില്ല. പഴയനിയമകാലഘട്ടത്തിന്റേതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല നമ്മുടെ അവസ്ഥ. പാപമോചനവും നിത്യരക്ഷയും പുനരുത്ഥാ

നവും പുതിയ സൃഷ്ടിയും എല്ലാം അർത്ഥശൂന്യമായ വാക്കുകൾ മാത്രമായി പരിണമിക്കും. പുതിയനിയമത്തെ മുഴുവനായി തള്ളിപ്പറഞ്ഞുകൊണ്ടേ പരിശുദ്ധത്രിത്വം എന്ന വിശ്വാസസത്യത്തെ തള്ളിപ്പറയാനാവൂ.

ദൈവത്തെ പിതാവും പുത്രനും പരിശുദ്ധാത്മാവുമായി ഏറ്റുപറയുന്നത് ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനമാണ്. ദൈവപുത്രന്റെ മനുഷ്യവതാരവും മനുഷ്യവർഗ്ഗത്തിന്റെ എന്നല്ല, ഈ പ്രപഞ്ചം മുഴുവന്റെയും രക്ഷയും ഈ സത്യത്തിലാണ് അടിയുറച്ചിരിക്കുന്നത്. ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ ക്രൈസ്തവർ തങ്ങളുടെ രക്തം ചിന്തിക്കൊണ്ടുപോലും കാത്തുസൂക്ഷിച്ച വിശ്വാസസത്യമാണ് പരിശുദ്ധത്രിത്വം എന്ന ദൈവരഹസ്യം.

ഒരു ദൈവം എങ്ങനെ മൂന്നാളുകളായിരിക്കുന്നു എന്ന ചോദ്യത്തിന് ബൗദ്ധികവും യുക്തിപരവുമായ ഉത്തരം നല്കുകയല്ല, യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ഈ സത്യം, വിശ്വാസത്തിൽനിന്നു ലഭിക്കുന്ന വിധേയത്വത്തോടെ, സ്വീകരിച്ച് ഏറ്റുപറയുകയാണ് ക്രൈസ്തവർ ചെയ്യുക. ആവിഷ്കൃതസത്യത്തിനുമുമ്പിൽ ഹൃദയം തുറക്കുകയും ശിരസ്സു നമിക്കുകയും ചെയ്യുന്നത് ബുദ്ധിയെയും യുക്തിയെയും അടിയറവെയ്ക്കലല്ല, ദൈവികപ്രകാശത്താൽ പ്രശോഭിതമാകാൻ അനുവദിക്കലാണ്. ജ്ഞാനികളിലും വിവേകമതികളിലുംനിന്നു മറച്ചുവയ്ക്കപ്പെട്ട ഈ രഹസ്യം ശിശുക്കൾക്കു വെളിപ്പെടുത്തപ്പെടുന്നു (ലൂക്കാ 10,20).

5

# മറിയം ദൈവമാതാവ്

### ചോദ്യം

യേശുവിന്റെ അമ്മയായ മറിയത്തിന് കത്തോലിക്കർ അമലോത്ഭവ, കന്യകാമാതാവ്, നിത്യകന്യക, സ്വർഗ്ഗാരോപിത, മധ്യസ്ഥ എന്നിങ്ങനെ മനസിലാക്കാനും സ്വീകരിക്കാനും ബുദ്ധിമുട്ടുള്ള അനേകം വിശേഷണങ്ങൾ നല്കാറുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതും ദൈവദൂഷണംപോലെ തോന്നാവുന്നതുമാണ് ദൈവമാതാവ് എന്ന വിശേഷണം. ദൈവത്തിന് ഒരു മാതാവുണ്ടെന്നു പറയുന്നത് യുക്തിക്കും വിശ്വാസത്തിനും വിരുദ്ധമല്ലേ? ദൈവത്തിനു മാതാവുണ്ടെങ്കിൽ ദൈവം ജനിക്കണമല്ലോ? സ്ത്രീയിൽ നിന്നു ജനിക്കുന്ന ഒരാളെ എങ്ങനെ ദൈവമായി കരുതാനാവും? ആ മാതാവ് ദൈവത്തിനുമുമ്പേ ഉള്ളവളും അതിനാൽത്തന്നെ ദൈവത്തെക്കാൾ വലിയവളും ആയിരിക്കുമല്ലോ? എന്തടിസ്ഥാനത്തിലാണ് കത്തോലിക്കാസഭ ഇത്തരം സാമാന്യബുദ്ധിക്കും യുക്തിക്കും നിരക്കാത്ത കാര്യങ്ങൾ വിശ്വാസസത്യങ്ങളായി പഠിപ്പിക്കുന്നത്?

### ഉത്തരം

തികച്ചും യുക്തിയുക്തവും അതിനാൽത്തന്നെ അടിയന്തിരമായി ഉത്തരം നല്കേണ്ടതുമാണ് ചോദ്യങ്ങൾ. യേശുവിന്റെ അമ്മയായ മറിയത്തെക്കുറിച്ച് ഉന്നയിക്കുന്ന ചോദ്യങ്ങൾക്കെല്ലാം യുക്തിഭദ്രമായ മറുപടി ബൈബിളിലും കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിലും കാണാനാവും. മാർപ്പാപ്പാമാരുടെ അനേകം ചാക്രികലേഖനങ്ങൾക്കു പുറമേ, കത്തോലിക്കാസഭയുടെ മതബോധനം (CCC) എന്ന ഔദ്യോഗിക പ്രബോ

ധനഗ്രന്ഥം 273, 411, 484–511, 721–26, 963–75, 2617–22; രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സഭയെ സംബന്ധിച്ച ജനതകളുടെ പ്രകാശം (lumen Gentium - LG) എന്ന ഔദ്യോഗികരേഖ 8–ാം അധ്യായം (52–69) എന്നിവയിൽ പരിശുദ്ധ അമ്മയെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ ആധികാരികപ്രബോധനത്തിന്റെ സംക്ഷിപ്തരൂപം കാണാം.

മാതാവിനെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ വിശ്വാസത്തിനും ആചാരങ്ങൾക്കും പ്രബോധനങ്ങൾക്കും എതിരേ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ ഒന്നൊന്നായി എടുത്ത് വിശകലനം ചെയ്ത് ഉത്തരം നല്കാനാണ് തുടർന്നു ശ്രമിക്കുന്നത്. ബൈബിളും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളും ആയിരിക്കും ഈ ചർച്ചയിൽ അടിസ്ഥാനമായി സ്വീകരിക്കുന്നത്. ബൈബിളിൽ കാണുന്ന മരിയൻ ചിത്രം ചുരുക്കമായി അവതരിപ്പിച്ചതിനുശേഷം മറിയത്തെ സംബന്ധിച്ച വിശ്വാസസത്യങ്ങളും മരിയൻ ഭക്തിയെക്കുറിച്ച് സഭയുടെ നിലപാടുകളും അവതരിപ്പിക്കുന്നു.

## A. മറിയം ബൈബിളിൽ

വെളിപ്പെടുത്തപ്പെട്ട ദൈവവചനവും അതിനാൽത്തന്നെ വിശ്വാസത്തിന്റെ അടിസ്ഥാനവുമായി ക്രിസ്ത്യാനികൾ ബൈബിളിനെ കാണുന്നു. അതിന്റെ ആദ്യഭാഗമായ പഴയനിയമത്തിൽ മറിയത്തെക്കുറിച്ച് പ്രതീകാത്മകമായ ചില സൂചനകൾ കാണാം. പുതിയ നിയമത്തിലെ നാലു സുവിശേഷങ്ങളിലും മറിയം പരാമർശവിഷയമാകുന്നുണ്ട്. അപ്പസ്തോല പ്രവർത്തനങ്ങളിലും ഗലാത്തിയർക്കുള്ള ലേഖനത്തിലും മറിയത്തെക്കുറിച്ചു പരാമർശമുണ്ട്. അവസാനത്തെ ഗ്രന്ഥമായ വെളിപാടു പുസ്തകത്തിൽ പ്രതീകങ്ങളിലൂടെ മറിയത്തെക്കുറിച്ചു സൂചനയുണ്ട്.

### 1. പഴയനിയമത്തിൽ

ആദിസുവിശേഷം (Proto Evangelium) എന്നറിയപ്പെടുന്ന ഉൽപ 3, 15 സർപ്പത്തിന്റെ തല തകർക്കുന്ന രക്ഷകനെക്കുറിച്ചുള്ള പ്രവചനത്തിലാണ് മറിയത്തെക്കുറിച്ചുള്ള ആദ്യസൂചന. പ്രലോഭനത്തിൽ വീണ്, ആദ്യപാപത്തിനു കാരണമായിത്തീർന്ന ഹവ്വായുടെ സ്ഥാനത്ത് രക്ഷകന്റെ അമ്മയാകുന്ന ഒരു പുതിയ ഹവ്വായെക്കുറിച്ചുള്ള സൂചന ഈ പ്രവചനത്തിലുണ്ട്. ആദത്തെ

പാപത്തിലേക്കു നയിച്ച ഹവ്വായുടെ തെറ്റു തിരുത്തുന്ന പുതിയ ഹവ്വായാണ് സർപ്പത്തിന്റെ തല തകർക്കുന്ന രക്ഷകനായ യേശുവിന്റെ മാതാവായ മറിയം. തിന്മയ്ക്ക് ഒരിക്കലും അധീനമാകാതെ ദൈവം തന്നെ അവളെ പ്രത്യേകം സംരക്ഷിച്ചു എന്ന ഈ പ്രവചനത്തിന്റെ വെളിച്ചത്തിൽ സഭ വിശ്വസിക്കുന്നു. ഈ വിശ്വാസമാണ് പിന്നീട് "അമലോത്ഭവ" എന്ന വിശ്വാസ സത്യത്തിലൂടെ സഭ ഏറ്റുപറയുന്നത്.

ഏശയ്യാ 7, 14 ൽ പറയുന്ന എമ്മാനുവേലിന്റെ അമ്മയെക്കുറിച്ചുള്ള പ്രവചനമാണ് മറിയത്തെക്കുറിച്ചുള്ള വ്യക്തമായ രണ്ടാമത്തെ സൂചന. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ എമ്മാനുവേൽ എന്നു വിളിക്കപ്പെടും എന്ന പ്രവചനം കന്യകയായ മറിയത്തിൽനിന്ന് ദൈവവചനം മനുഷ്യനായി അവതരിച്ചപ്പോൾ പൂർത്തിയായി (മത്താ 1, 22-23). സീയോൻ പുത്രി, ഉടമ്പടിയുടെ പേടകം, ഉത്തമഗീതത്തിലെ മണവാട്ടി, ജ്ഞാനം എന്നിങ്ങനെയുള്ള പ്രതീകങ്ങളിൽ മറിയത്തെക്കുറിച്ചുള്ള സൂചനകൾ കാണാം.

എന്നാൽ ഈ പ്രതീകങ്ങളൊന്നും അതേപടി യാഥാർത്ഥ്യങ്ങളായി കാണാൻ കഴിയില്ല. ദൈവജനത്തിന്റെ പ്രതീകമാണ് സീയോൻ പുത്രി. പഴയ സീയോൻ പുത്രി അവിശ്വസ്തയായി ത്തീർന്നിടത്ത് പുതിയ ദൈവജനത്തിന്റെ മാതാവും പ്രതീകവുമായ മറിയം ദൈവത്തോട് പൂർണ്ണ വിശ്വസ്തത പുലർത്തി. എഴുതപ്പെട്ട ദൈവകല്പനകൾ (വചനം) സൂക്ഷിച്ചിരുന്ന ഉടമ്പടിയുടെ പേടകത്തിനു സമാനമാണ് യഥാർത്ഥ ദൈവവചനത്തെ സ്വന്തം ഉദരത്തിൽ സ്വീകരിച്ച് ജന്മം നൽകിയ മറിയം. ഉത്തമഗീതത്തിലെ മണവാട്ടിയെ പരിശുദ്ധാത്മാവിന്റെ പ്രത്യേക പ്രവർത്തനത്താൽ ദൈവപുത്രനു ജന്മം നല്കിയ മറിയത്തിന്റെ പ്രതീകമായി കാണാൻ കഴിയും. ജ്ഞാനത്തിന്റെ അവതാരമാണ് മറിയം എന്നു ബൈബിൾ പറയുന്നില്ല. മറിച്ച് ജ്ഞാനത്തിന്റെ സിംഹാസനമായി സഭ മറിയത്തെ ചിത്രീകരിക്കുന്നു. ഇത്രയുമാണ് പഴയ നിയമത്തിൽ മറിയത്തെക്കുറിച്ചു കാണാനാകുന്ന പ്രതീകങ്ങൾ.

### 2. പുതിയനിയമത്തിൽ

സുവിശേഷങ്ങളിൽ മറിയത്തെക്കുറിച്ച് പടിപടിയായി കൂടുതൽ വ്യക്തത കൈവരുന്നതായി കാണാം. മർക്കോസിന്റെ സുവിശേഷത്തിൽ രണ്ടുതവണ മാത്രമേ മറിയം പ്രത്യക്ഷപ്പെടുന്നുള്ളൂ.

3, 31–35 ൽ മറിയത്തെ ദൈവഹിതം നിർവ്വഹിക്കുന്നവരുടെ പ്രതീകമായി യേശു തന്നെ അവതരിപ്പിക്കുന്നു. മർക്കോ 6, 3 ൽ യേശുവിനെ മറിയത്തിന്റെ മകനായി ചിത്രീകരിക്കുന്നു. അതേസമയം യേശുവിന്റെ സഹോദരങ്ങളെക്കുറിച്ചുള്ള പരാമർശം വിശദീകരണം ആവശ്യപ്പെടുന്നു.

മത്തായി, 1–2 അധ്യായങ്ങളിൽ മറിയത്തെ കന്യകാമാതാവും രക്ഷകനായ മിശിഹായുടെ മാതാവുമായി ചിത്രീകരിക്കുന്നു. ലൂക്കാ 1–2ൽ മറിയത്തെക്കുറിച്ചു വിശദമായ പരാമർശങ്ങളുണ്ട്. കന്യകാമാതാവ്, രക്ഷകന്റെ അമ്മ, വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും പ്രാർത്ഥനാജീവിതത്തിന്റെയും മാതൃക എന്നിങ്ങനെ വിവിധങ്ങളായ ചിത്രങ്ങൾ കാണാം.

രണ്ടുതവണ മാത്രമേ മറിയം യോഹന്നാന്റെ സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ, കാനായിലും കാൽവരിയിലും. രണ്ടുതവണയും സുവിശേഷകൻ മറിയത്തെ യേശുവിന്റെ അമ്മ എന്ന് വിശേഷിക്കുമ്പോൾ യേശു “സ്ത്രീയേ” എന്നു വിളിക്കുന്നു. കാനായിലെ സംഭവത്തിൽ (യോഹ 2, 1–11) മറിയം വിശ്വാസത്തിന്റെ മാതൃകയും മധ്യസ്ഥയുമായി പ്രത്യക്ഷപ്പെടുന്നു. കാൽവരിയിൽ (യോഹ 19, 25–27) യേശു സ്നേഹിച്ച ശിഷ്യൻ എന്ന പ്രതീകത്തിലൂടെ മറിയത്തെ സകല ശിഷ്യരുടെയും അമ്മയായി പ്രഖ്യാപിക്കുന്നു. തിരുസഭാമാതാവ് എന്ന വിശേഷണത്തിന്റെ തുടക്കം ഇവിടെ കാണാം.

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി പ്രാർത്ഥനാനിരതരായി കാത്തിരിക്കുന്ന ശിഷ്യഗണത്തിന്റെ കേന്ദ്രമായിട്ടാണ് അപ്പസ്തോലപ്രവർത്തനങ്ങളിൽ മറിയം പ്രത്യക്ഷപ്പെടുന്നത് (അപ്പ 1, 14). പുതിയനിയമത്തിലെ 21 ലേഖനങ്ങളിൽ ഒരിക്കൽ മാത്രമേ യേശുവിന്റെ അമ്മയായ മറിയം പരാമർശ വിഷയമാകുന്നുള്ളൂ; അതും ഒരു സൂചന മാത്രം: “സ്ത്രീയിൽനിന്നു ജാതനായി” (ഗലാ 4, 4).

വെളിപാടു പുസ്തകത്തിന്റെ കേന്ദ്രത്തിൽ നില്ക്കുന്ന സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കി, പന്ത്രണ്ടു നക്ഷത്രകിരീടമണിഞ്ഞു നില്ക്കുന്ന സ്ത്രീ മിശിഹായുടെ മാതാവാണ് (വെളി 12, 1–18). പ്രതീകങ്ങളുടെ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന വെളിപാടുപുസ്തകം ഈ സ്ത്രീയുടെ രണ്ടു ഘട്ടങ്ങൾ അവതരിപ്പിക്കുന്നു. ആദ്യഘട്ടത്തിൽ ഗർഭിണിയാണവൾ, പ്രസവക്ലേശ

ത്താൽ ഞെരുങ്ങുന്ന, പ്രസവവേദനയാൽ നിലവിളിക്കുന്ന സ്ത്രീ രക്ഷകനുവേണ്ടി കാത്തിരിക്കുന്ന ദൈവജനത്തിന്റെ പ്രതീകമാണ്. രക്ഷകന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം മരുഭൂമിയിൽ, ക്ലേശങ്ങൾക്കും പീഡനങ്ങൾക്കും മധ്യേ സംരക്ഷിക്കപ്പെടുന്ന സ്ത്രീ ക്രിസ്തുവിന്റെ മണവാട്ടി എന്നു വിശേഷിപ്പിക്കപ്പെടുന്ന സഭയാണ്. എന്നാൽ ഈ രണ്ടു പ്രതീകങ്ങളിലും യേശുവിന്റെ അമ്മയായ മറിയത്തെക്കുറിച്ചുള്ള ഒരു സൂചനയും കാണാം.

ഇത്രയുമാണ് ബൈബിളിൽ മറിയത്തെക്കുറിച്ചുള്ള പരാമർശങ്ങൾ. ഇവയെ ആധാരമാക്കി കത്തോലിക്കാ സഭ മറിയത്തെക്കുറിച്ചു പഠിപ്പിക്കുന്ന കാര്യങ്ങളാണ് അടുത്തതായി ചർച്ച ചെയ്യുന്നത്. എഴുതപ്പെട്ട ദൈവവചനത്തിൽ നിഗൂഢമായിരിക്കുന്ന സത്യങ്ങൾ പരിശുദ്ധാത്മാവിന്റെ സഹായത്താൽ വ്യക്തമായി തിരിച്ചറിഞ്ഞ് സഭ നല്കുന്ന പ്രബോധനങ്ങളാണ് വിശ്വാസസത്യങ്ങൾ.

## B. വിശ്വാസസത്യങ്ങൾ

ദൈവത്തെയും തിരുഹിതത്തെയും ദൈവിക പദ്ധതിയെയും കുറിച്ചുള്ള അറിവ് കത്തോലിക്കാസഭയ്ക്കു ലഭിക്കുന്നത് എഴുതപ്പെട്ട ദൈവവചനമായ ബൈബിളിലും, അതോടൊപ്പം എഴുതപ്പെടാത്ത ആധികാരിക പാരമ്പര്യങ്ങളിലും നിന്നാണ് എന്ന സഭയുടെ ഔദ്യോഗിക നിലപാട് ആദ്യമേ കണക്കിലെടുക്കണം (DV § 8). ദൈവവചനം ലിഖിത രൂപത്തിലാകുന്നതിനു മുമ്പേ സഭ രൂപപ്പെട്ടു. സഭയിലാണ് ബൈബിൾ രൂപം പ്രാപിച്ചത്. എല്ലാ കാര്യങ്ങളും എഴുതിയിട്ടില്ല; അതിനാൽ ലിഖിതവും വാചികവും അനുഷ്ഠാനബന്ധിയുമായ പാരമ്പര്യങ്ങളും ദൈവിക വെളിപാടിന്റെ മാർഗ്ഗങ്ങളായി സഭ പരിഗണിക്കുന്നു (യോഹ 20, 30-31; 2 തെസ 2, 2, 15). സഭാ പിതാക്കന്മാരുടെ പ്രബോധനം, പുരാതന ആരാധന ക്രമങ്ങളിലെ പ്രാർത്ഥനകൾ, സാർവ്വത്രിക സൂനഹദോസുകളുടെ ഔദ്യോഗിക പ്രഖ്യാപനങ്ങൾ, മാർപ്പാപ്പാമാരുടെ വിശ്വാസ സത്യ പ്രഖ്യാപനങ്ങൾ (Ex Cathedra Proclamations) എന്നിവയാണ് സഭയുടെ ഔദ്യോഗിക പാരമ്പര്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ തുടർന്നു ചർച്ചാവിഷയമാക്കുന്നു.

## 1. ദൈവമാതാവ്

പരിശുദ്ധ കന്യകാമറിയത്തെ സംബന്ധിച്ച ഏറ്റം പ്രധാനപ്പെട്ടതും അതേസമയം ഏറ്റം ദുർഗ്രഹവുമായ വിശ്വാസസത്യമാണ് ***"ദൈവമാതാവ്"*** എന്ന വിശേഷണത്തിൽ അടങ്ങിയിരിക്കുന്നത്. ദൈവത്തിനു മാതാവോ എന്ന ചോദ്യം തികച്ചും സ്വാഭാവികം; അതിനാൽത്തന്നെ വിശദീകരണം അത്യാവശ്യമാകുന്നു.

കത്തോലിക്കാസഭയുടെ ദൈവവിശ്വാസം തന്നെയാണ് ഇവിടെ ചോദ്യവിഷയമാകുന്നത്. ദൈവമാതാവ് എന്നു മറിയത്തെ വിശേഷിപ്പിക്കുമ്പോൾ ന്യായമായും ഒരു ചോദ്യം ഉയരുന്നു. ആരാണ് ദൈവം? ബൈബിളിന്റെ ഏറ്റം അടിസ്ഥാനപരമായ പ്രബോധനമാണ് ദൈവത്തിന്റെ ഏകത്വം. *"ഇസ്രായേലേ കേൾക്കുക. നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്"* (നിയ 6, 14). പത്തു പ്രമാണങ്ങളിൽ ആദ്യത്തേതും മറ്റെല്ലാ പ്രമാണങ്ങളുടെയും അടിസ്ഥാനവുമായി നില്ക്കുന്നതും ദൈവം ഒരുവൻ മാത്രം എന്ന വിശ്വാസപ്രഖ്യാപനം തന്നെ (പുറ 20, 1-6; നിയ 5, 6-10). ഈ ഏകദൈവത്തിന്റെ അമ്മയാണോ ദൈവമാതാവ് എന്നു വിശേഷിപ്പിക്കുന്ന മറിയം? ഇതുതന്നെയാണ് ഏറ്റം നിർണ്ണായകവും മറുപടി ദുഷ്കരമാക്കുന്നതുമായ ചോദ്യം.

ദൈവത്തെക്കുറിച്ചുള്ള അറിവിൽ ബൈബിളിൽത്തന്നെ സാവകാശം വ്യക്തത കൈവരുന്നതായി നാം കണ്ടുകഴിഞ്ഞു. ഏക ദൈവം എന്നു പറയുമ്പോഴും ദൈവത്തിൽ ഒരു ബഹുത്വം ഉൾച്ചേർന്നിരിക്കുന്നു എന്ന സൂചന പഴയനിയമത്തിൽത്തന്നെ കാണാം. ദൈവം, വചനം, ആത്മാവ് എന്ന സൂചനകൾ (ഉൽപ 1, 1-2); നാം, നമ്മുടെ എന്ന ബഹുവചന പ്രയോഗം (ഉൽപ 1, 26), വചനം, ജ്ഞാനം എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾ, മുതലായവ ഉദാഹരണങ്ങൾ. എന്നാൽ ഈ ബഹുത്വം മനസിലാക്കുക എളുപ്പമായിരുന്നില്ല. പുതിയ നിയമത്തിലാണ് ദൈവത്തിന്റെ സ്വഭാവം കൂടുതൽ വ്യക്തമാകുന്നത്. ദൈവമായ വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു എന്ന (യോഹ 1, 1-14) പ്രഖ്യാപനം ഈ ബഹുത്വത്തിന്റെ വെളിപ്പെടുത്തലാണ്.

ദൈവികസ്വഭാവത്തെക്കുറിച്ചുള്ള ചോദ്യം ആരാണ് യേശു എന്ന ചോദ്യത്തിലേക്കു നയിക്കുന്നു. ഒരേ സമയം മനുഷ്യനും ദൈവവുമാണ് യേശു എന്ന് പുതിയ നിയമം മുഴുവൻ സംശയാതീതമാംവിധം സാക്ഷ്യപ്പെടുത്തുന്നുണ്ട്. യേശുവിന്റെ വാക്കും

പ്രവൃത്തിയും ജീവിതവും മരണവും ഉത്ഥാനവും എല്ലാം ഈ സത്യത്തിനു സാക്ഷ്യം വഹിക്കുന്നു. സ്വന്തം ജീവൻ കൊടുത്ത് യേശുതന്നെ സാക്ഷ്യപ്പെടുത്തിയതാണ് ഈ സത്യം. യഹൂദർ തന്നെ കല്ലെറിയാൻ ഉദ്യമിക്കുന്നതിന്റെ കാരണം അന്വേഷിച്ച യേശുവിന് അവർ നല്കിയ മറുപടി ഇതു വ്യക്തമാക്കുന്നു: *"മനുഷ്യനായിരിക്കെ നീ നിന്നെത്തന്നെ ദൈവമാക്കുന്നു"* (യോഹ 10, 33). സാൻഹദ്രിൻ സംഘം വിചാരണ ചെയ്തപ്പോൾ പ്രധാന പുരോഹിതന്റെ ചോദ്യത്തിന് നല്കിയ മറുപടി ദൈവദൂഷണ മായി കരുതി മരണശിക്ഷ വിധിക്കുന്നതും (മത്താ 26, 63-66) യേശു ദൈവമാണെന്നതിന്റെ അനിഷേധ്യമായ തെളിവാണ്.

ഈ സാഹചര്യത്തിൽ സ്വാഭാവികമായ ഒരു ചോദ്യം ഉദിക്കുന്നു. അപ്പോൾ എത്ര ദൈവം? അതുതന്നെയാണ് ദൈവമാതാവ് എന്ന വിശ്വാസസത്യത്തിലെയും ചോദ്യവിഷയം. യേശു ഒരേ സമയം മനുഷ്യനാണ്, ദൈവവുമാണ്. മനുഷ്യനായി അവതരിച്ച ദൈവത്തിന്റെ മാതാവാണ് മറിയം. അതിനാൽ ദൈവമാതാവ് എന്നു മറിയത്തെ വിളിക്കുന്നു. എന്നാൽ ഈ പദപ്രയോഗം ഏറെ വിവാദങ്ങൾക്കും സഭയിൽത്തന്നെ പിളർപ്പിനും കാരണമായി.

കോൺസ്റ്റാന്റിനോപ്പോളിനിലെ പാത്രിയർക്കീസായിരുന്ന നെസ്തോറിയുസിന്റെ ഒരു നിലപാടാണ് ഈ വിശ്വാസ പ്രഖ്യാപനത്തിലേക്കു നയിച്ചത്. ദൈവം ജനിക്കുന്നുമില്ല, മരിക്കുന്നുമില്ല. ജനിച്ചതും മരിച്ചതും യേശു എന്ന മനുഷ്യനാണ്. അതിനാൽ മറിയത്തെ യേശുവിന്റെ അമ്മ, അല്ലെങ്കിൽ ക്രിസ്തുവിന്റെ അമ്മ, അതുമല്ലെങ്കിൽ മനുഷ്യനായി ജനിച്ച ദൈവപുത്രന്റെ അമ്മ എന്നു വിശേഷിപ്പിക്കണം എന്നു നെസ്തോറിയൂസ് പഠിപ്പിച്ചു.

ഇതിനെതിരേ അലക്സാണ്ട്രിയായിലെ പാത്രിയർക്കീസ് സിറിൽ ശക്തമായി പ്രതികരിച്ചു. തർക്കം സാമ്രാജ്യത്തിന്റെ ഐക്യത്തിനു ഭീഷണിയാകും എന്നു ഭയന്ന ചക്രവർത്തി തെയോഡോഷ്യസ് II, 431 ൽ ഏഫേസൂസ് പട്ടണത്തിൽ ഒരു സാർവ്വത്രിക സൂനഹദോസ് വിളിച്ചുകൂട്ടി. അവിടെവച്ച് യേശുവിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തെ ***"ദൈവമാതാവ്"*** (***തെയോത്തോക്കോസ്*** എന്നു ഗ്രീക്കിൽ) എന്നു വിളിക്കണം എന്നു തീരുമാനിച്ചു. ഇതൊരു വിശ്വാസസത്യമായി പ്രഖ്യാപിക്കുകയും ചെയ്തു.

മനുഷ്യസ്വഭാവവും ദൈവസ്വഭാവവും ദൈപുത്രന്റെ ഏക വ്യക്തിത്വത്തിൽ ഒന്നിക്കുന്നു. തീരുമാനങ്ങളും പ്രവർത്തനങ്ങളും എല്ലാം പുറപ്പെടുന്നത് വ്യക്തിയിൽ നിന്നാണ്. അതിനാൽ ദൈവം തന്നെ ആയ ദൈവപുത്രനാണ് ജനിച്ചതും മരിച്ചതും ഉയിർത്തെഴുന്നേറ്റതും. അതിനാൽ മറിയത്തെ ദൈവമാതാവ് എന്നു വിളിക്കണം.

ദൈവം ജനിക്കുന്നു, മരിക്കുന്നു എന്നു പറയുന്നതിൽ തീർച്ചയായും അസ്വാഭാവികത കാണാം. അതിനെ മറികടക്കുന്നതാണ് ത്രിത്വത്തിലുള്ള വിശ്വാസം. ജനിച്ചതും മരിച്ചതും ഉയിർത്തതും പിതാവോ പരിശുദ്ധാത്മാവോ അല്ല, പുത്രനായ ദൈവമാണ്. ഇപ്രകാരം ദൈവം തന്നെ മനുഷ്യനായി അവതരിച്ച്, മനുഷ്യന്റെ പാപങ്ങൾക്കു പരിഹാരമായി സ്വയം ബലിയർപ്പിച്ചതിലൂടെയാണ് എല്ലാ മനുഷ്യർക്കും പാപമോചനവും നിത്യജീവനുമാകുന്ന രക്ഷ ലഭ്യമായത്.

അതിനാൽ ***"ദൈവമാതാവ്"*** എന്ന വിശ്വാസസത്യം ആത്യന്തികമായി പരിശുദ്ധ ത്രിത്വം എന്ന ദൈവത്തിന്റെ ആന്തരിക ജീവനെ സൂചിപ്പിക്കുന്ന വെളിപാടിലേക്കും മനുഷ്യരക്ഷയിലേക്കും വെളിച്ചം വീശുന്നു. ഇതിനെ വിശ്വാസ വൈപരിത്യമായി കരുതാനാവില്ല; മറിച്ച് ദൈവപുത്രന്റെ മനുഷ്യവതാരം എന്ന രക്ഷണീയ സത്യത്തിന്റെ പ്രഘോഷണമായി കാണണം. മറിയമല്ല, ദൈവത്തിന്റെ മനുഷ്യവതാരവും മനുഷ്യരക്ഷയുമാണ് ഇവിടെ ശ്രദ്ധാകേന്ദ്രം എന്നതും പ്രത്യേകം ഓർമ്മിക്കണം.

**2. അമലോത്ഭവ**

*"അനന്യമായ ദൈവകൃപയാലും സർവ്വശക്തനായ ദൈവത്തിന്റെ ആനുകൂല്യത്താലും മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ യോഗ്യതകളെ മുൻനിറുത്തിയും ഏറ്റം പരിശുദ്ധയായ കന്യകാമറിയം അവളുടെ ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ ഉത്ഭവപാപത്തിന്റെ എല്ലാ മാലിന്യങ്ങളിൽനിന്നും പരിരക്ഷിക്കപ്പെട്ടു"* (Ineffabilis Deus CCC § 491).

ചരിത്രപരമായി നോക്കുമ്പോൾ മാതാവിനെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ രണ്ടാമത്തെ വിശ്വാസപ്രഖ്യാപനമാണ് മാതാവിന്റെ അമലോത്ഭവം. 1854 ഡിസംബർ 8–ാം തിയതി ഒമ്പതാം പിയൂസ് മാർപ്പാപ്പാ, പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ യേശുക്രിസ്തുവിൽ ലഭിച്ചിട്ടുള്ള തന്റെ പരമാധികാരം

ഉപയോഗിച്ച് മറിയത്തിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യ മായി പ്രഖ്യാപിച്ചു. *അവാച്യനായ ദൈവം* (Ineffabilis Deus) എന്ന ചാക്രികലേഖനം വഴി നടത്തിയ വിശ്വാസപ്രഖ്യാപന ത്തിന്റെ ഏറ്റം പ്രസക്തമായ ഭാഗമാണ് മുകളിൽ ഉദ്ധരിച്ചിരിക്കു ന്നത്. നാലുവർഷങ്ങൾക്കു ശേഷം 1858, മാർച്ച് 25-ാം തിയതി ലൂർദ്ദിൽ ബർണഡറ്റിന് 16-ാം തവണ പ്രത്യക്ഷപ്പെട്ട അമ്മ ***"ഞാൻ അമലോത്ഭവയാകുന്നു"*** എന്ന് തന്റെ വ്യക്തിത്വം വെളിപ്പെടു ത്തിക്കൊണ്ട് മാർപ്പാപ്പയുടെ പ്രഖ്യാപനത്തെ സ്ഥിരീകരിച്ചു.

വളരെ ലളിതവും ഹ്രസ്വവുമായി ചാക്രികലേഖനം അമ ലോത്ഭവത്തിനു നല്കുന്ന ഈ നിർവ്വചനത്തിൽ എന്താണ് മറി യത്തിന്റെ അമലോത്ഭവം, എന്താണതിന്റെ അടിസ്ഥാനം, ലക്ഷ്യം എന്നെല്ലാം വ്യക്തമാക്കുന്നുണ്ട്. ഉത്ഭവപാപം ഏശാതെ മ റിയത്തെ ദൈവം കാത്തുസൂക്ഷിച്ചു എന്നതാണ് ഈ വിശ്വാസ സത്യത്തിന്റെ കേന്ദ്രം. അത് മറിയത്തിന്റെ എന്തെങ്കിലും യോഗ്യത പരിഗണിച്ചല്ല, മറിച്ച് യേശുക്രിസ്തുവിന്റെ യോഗ്യതകളെ മുൻ നിറുത്തി, കാരുണ്യവാനായ ദൈവം എടുത്ത ഒരു തീരുമാന മാണ്. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ രക്ഷയാണ് ലക്ഷ്യം. യേശു ക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷ ആദ്യമായി സ്വീകരിച്ച വ്യക്തി യാണു മറിയം.

### a. ഉത്ഭവപാപം

അമലോത്ഭവത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനം LG 56, CCC 490 - 93 ചുരുക്കമായി അവതരിപ്പിക്കുന്നുണ്ട്. അമലോത്ഭവം എന്ന വിശ്വാസസത്യം മന സിലാക്കണമെങ്കിൽ എന്താണ് ഉത്ഭവപാപം എന്നറിഞ്ഞിരി ക്കണം. ഉത്ഭവപാപത്തെക്കുറിച്ച് CCC 396 - 421 സാമാന്യം വിശ ദമായി പ്രതിപാദിക്കുന്നുണ്ട്. *"പിശാചിന്റെ പ്രലോഭനത്തിനു വി ധേയനായ മനുഷ്യൻ സ്രഷ്ടാവിലുള്ള വിശ്വാസം തന്റെ ഹൃദയ ത്തിൽ നിർജ്ജീവമാക്കി; സ്വാതന്ത്ര്യം ദുർവിനിയോഗിച്ചുകൊ ണ്ട് കല്പന ലംഘിച്ചു. മനുഷ്യന്റെ ആദ്യപാപം ഇതിൽ അടങ്ങി യിരിക്കുന്നു"* (CCC 397). ഉത്ഭവപാപത്തെക്കുറിച്ചുള്ള കത്തോ ലിക്കാസഭയുടെ ഏറ്റം ലളിതമായ വിശദീകരണമാണിത്.

എല്ലാ പാപങ്ങളുടെയും തുടക്കമായതിനാലും ആദിമാതാ പിതാക്കൾ ഒഴികെ എല്ലാ മനുഷ്യരും ജനനംവഴി ഈ പാപ ത്തിൽ പങ്കുചേരുന്നതിനാലും ഇതിനെ ഉത്ഭവപാപം എന്നുവി

ളിക്കുന്നു. എന്നാൽ ഉത്ഭവത്തോടുകൂടെത്തന്നെ കൈമാറിക്കിട്ടുന്നതാകയാൽ ഈ പാപത്തിന് ഇതരപാപങ്ങളിൽനിന്നു വ്യത്യാസമുണ്ട്. അറിവോടും സമ്മതത്തോടും കൂടെ ഒരു വ്യക്തി ദൈവകല്പനയെ ലംഘിക്കുന്നതിനെയാണ് നാം പാപം എന്നു സാധാരണമായി വിശേഷിപ്പിക്കുക. നിയമത്തിന്റെ പ്രാധാന്യം, വ്യക്തിയുടെ അറിവിന്റെയും സമ്മതത്തിന്റെയും അളവ്, ലംഘനം മൂലമുണ്ടാകുന്ന തിന്മയുടെ കാഠിന്യം എന്നിവ പരിഗണിച്ച് പാപങ്ങളെ ലഘു, ഗുരു എന്നും അഥവാ ലഘുപാപം, മാരക പാപം എന്നും വിശേഷിപ്പിക്കാറുണ്ട്. എന്നാൽ ഇപ്രകാരമൊരു പാപമല്ല ഉത്ഭവപാപം. ഇത് ഒരു പ്രവൃത്തിയെ എന്നതിനേക്കാൾ അഭാവത്തെയാണ് സൂചിപ്പിക്കുക. ഈ സത്യം CCC വ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

*"ആദവും ഹവ്വയും വ്യക്തിപരമായ ഒരു പാപം ചെയ്തു; ഈ പാപം മനുഷ്യപ്രകൃതിയെ ബാധിച്ചു; ഈ പ്രകൃതിയെയാണ്, ആദിമാതാപിതാക്കന്മാർ തങ്ങളുടെ നിപതിച്ച അവസ്ഥയിൽ പിൻതലമുറകളിലേക്കു സംക്രമിപ്പിക്കുന്നത്. പ്രജനനത്തിലൂടെ, അതായത് ഉത്ഭവവിശുദ്ധിയും നീതിയും നഷ്ടപ്പെട്ട മനുഷ്യപ്രകൃതിയുടെ സംപ്രദാനത്തിലൂടെയാണ് ഈ പാപം സമസ്ത മാനവരാശിയിലേക്കും സംക്രമിക്കുന്നത്. തന്മൂലം സാധർമികാർത്ഥത്തിൽ മാത്രമാണ് ഉത്ഭവപാപത്തെ "പാപം" എന്നു നാം വിളിക്കുന്നത്. "പ്രവർത്തിച്ച" പാപമല്ലിത്; പ്രത്യുത "പകർന്നുകിട്ടിയ" പാപമാണ്. ഇതൊരവസ്ഥാവിശേഷമാണ്, പ്രവൃത്തിയല്ല"* (CCC 404).

ഉത്ഭവവിശുദ്ധിയുടെയും നീതിയുടെയും അഭാവമാണ് ഉത്ഭവപാപം. അതു മനുഷ്യപ്രകൃതിയെ പൂർണ്ണമായി പങ്കിലമാക്കിയിട്ടില്ല. പക്ഷേ മനുഷ്യപ്രകൃതിയ്ക്കു മുറിവേറ്റു, തിന്മയിലേക്കുള്ള ആകർഷണം വർദ്ധിച്ചു, ചെറുത്തുനില്ക്കാനാവാത്ത ആസക്തിയായി പാപം മനുഷ്യന്റെമേൽ പിടിമുറുക്കി എന്നൊക്കെ CCC 405 - 409 ൽ തുടർന്നു വിശദീകരിക്കുന്നു. എല്ലാ മനുഷ്യരും അനുഭവിക്കുന്ന ദൈവികജീവന്റെ അഭാവവും പാപത്തിന്റെ അദമ്യമായ സ്വാധീനവും ബൈബിളിൽത്തന്നെ വിവരിക്കുന്നുണ്ട്. ഏറ്റം വ്യക്തമായ ഉദാഹരണമാണ് എല്ലാ മനുഷ്യരുടെയും പ്രതിനിധി എന്ന നിലയിൽ പൗലോസ് നടത്തുന്ന ഏറ്റുപറച്ചിൽ.

*"...... നന്മ ഇച്ഛിക്കാൻ എനിക്കു സാധിക്കും. എന്നാൽ*

*പ്രവർത്തിക്കാൻ സാധിക്കുന്നില്ല... ഞാൻ ദുർഭഗനായ മനുഷ്യൻ. മരണത്തിനധീനമായ ഈ ശരീരത്തിൽനിന്ന് ആരെന്നെ മോചിപ്പിക്കും?"* (റോമ 7, 13-25). *"ഒരു മനുഷ്യൻമൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു"* (റോമ 5, 12) എന്ന് ഉത്ഭവപാപത്തെക്കുറിച്ച് അപ്പസ്തോലൻ പഠിപ്പിക്കുന്നു.

ഉത്ഭവപാപം എന്നാൽ ദൈവികജീവന്റെ അഭാവമാണ്; തിന്മയിലേക്കുള്ള, സ്വന്തം ശക്തിയാൽ ചെറുക്കാനാവാത്ത ആകർഷണമാണ്. ഓരോ വ്യക്തിക്കും ജനനം വഴി ലഭിക്കുന്ന, മനുഷ്യപ്രകൃതിയുടെ തന്നെ വൈകല്യമാണ് ഉത്ഭവപാപം. ഇതാണ് കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനം. ഈ പശ്ചാത്തലത്തിൽ വേണം മറിയത്തിന്റെ അമലോത്ഭവം എന്ന വിശ്വാസസത്യം പരിഗണിക്കാൻ.

## b. അമലോത്ഭവം - തർക്കവിഷയം

മാതാവിന്റെ അമലോത്ഭവം എന്ന വിശ്വാസസത്യത്തിനെതിരേ എടുത്തുകാട്ടുന്ന രണ്ട് വാദങ്ങളുണ്ട്. 1. ബൈബിളിൽ ഇങ്ങനെ കാര്യം രേഖപ്പെടുത്തിയിട്ടില്ല. 2, സഭാപാരമ്പര്യത്തിൽത്തന്നെ ഏറെ വൈകി ആരംഭിച്ച ഒരു വിശ്വാസമാണിത്. പ്രഗത്ഭരായ പല ദൈവശാസ്ത്രജ്ഞരും ഈ വിശ്വാസത്തിനെതിരായിരുന്നു. കാരണം മറിയം അമലോത്ഭവയെങ്കിൽ അവൾക്കു രക്ഷയുടെ ആവശ്യമില്ല. അതിനാൽ യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷ സാർവ്വത്രികമാണെന്നു പറയാനാവില്ല എന്നു ചിലർ വാദിച്ചു. ഇതാണവസ്ഥയെങ്കിൽ പിന്നെ എന്തുകൊണ്ട് മാർപ്പാപ്പ ഇപ്രകാരം ഒരു വിശ്വാസപ്രഖ്യാപനം നടത്തി?

ബൈബിളിൽ ഒരു സൂചനപോലും അമലോത്ഭവത്തെക്കുറിച്ചില്ല എന്ന വാദം മുഴുവൻ ശരിയല്ല. രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള സന്ദേശവുമായി വന്ന ദൈവദൂതൻ മറിയത്തെ അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്ന *"ദൈകൃപ നിറഞ്ഞവളേ"* എന്ന വിശേഷണം ഒരു സൂചനയാണ്. "കൃപനിറഞ്ഞവൾ" എന്നുപറഞ്ഞാൽ പാപത്തിന്റെ സ്വാധീനമില്ലാത്തവൾ എന്നു വിശേഷിപ്പിക്കാനാവും. *"കെക്കരിത്തോമെനേ"* (Kecharitomene) എന്നാണ് ഗ്രീക്കുമൂലം. ദൈവത്തിന്റെ പ്രത്യേകമായ കൃപയ്ക്കു പാത്രമായവൾ എന്നാണ് വാച്യാർത്ഥം. ദൈവപുത്രന്റെ അമ്മയാവുക എന്നതാണ് ആ വലിയ കൃപ. അതിന്റെ

ഭാഗമായി മറിയം ഉത്ഭവപാപത്തിൽനിന്നു കാത്തുസൂക്ഷിക്കപ്പെട്ടു എന്ന നിഗമനത്തിൽ എത്താൻ കഴിയും.

ആദിസുവിശേഷം എന്നറിയപ്പെടുന്ന ഉൽപ 3,15 ൽ സർപ്പത്തിന്റെ തല തകർക്കാൻ വരുന്ന രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനത്തിലും ഇപ്രകാരം ഒരു സൂചന കാണാം. ആദ്യ ഹവ്വ വഞ്ചിതയായെങ്കിൽ രണ്ടാം ആദമായ ക്രിസ്തുവിന്റെ അമ്മയായ മറിയത്തെ ദൈവത്തോടും അവിടുത്തെ കല്പനകളോടും പരിപൂർണ്ണ വിശ്വസ്തതയും വിധേയത്വവും പുലർത്തിയ രണ്ടാം ഹവ്വാ ആയി പരിഗണിക്കാൻ കഴിയും. അതിനാൽ നേരിട്ടുള്ള പ്രസ്താവനയല്ലെങ്കിലും വ്യക്തമായ ചില സൂചനകൾ ബൈബിളിൽത്തന്നെ ഉണ്ട് എന്ന് അംഗീകരിക്കണം.

സഭാപാരമ്പര്യത്തെക്കുറിച്ചും സമാനമായൊരവസ്ഥ നിലനില്ക്കുന്നു. ഏഴാം നൂറ്റാണ്ടു മുതൽ പലസ്തീനായിലെ ചില സന്യാസസഭകളിൽ ഡിസംബർ 8 മറിയത്തിന്റെ അമലോത്ഭവത്തിരുനാളായി ആചരിച്ചുപോന്നു. 1439 ൽ സ്വിറ്റ്സർലണ്ടിലെ ബാസലിൽ സമ്മേളിച്ച മെത്രാന്മാരുടെ സൂനഹദോസ് മാതാവിന്റെ അമലോത്ഭവം കത്തോലിക്കാ വിശ്വാസത്തിനു വിരുദ്ധമല്ല, അനുയോജ്യമാണെന്നു പഠിപ്പിച്ചു. 1476 ൽ സിക്സറ്റസ് നാലാമൻ (Sixtus IV) മാർപ്പാപ്പ ഈ തിരുനാൾ, ലത്തീൻ സഭയ്ക്ക് കുർബാനയ്ക്കും കാനോന നമസ്കാരത്തിനും പ്രത്യേക പ്രാർത്ഥനകളോടുകൂടിയ ഒരു തിരുനാളായി പ്രഖ്യാപിച്ചു. 1708 ൽ ക്ലെമന്റ് ഒമ്പതാമൻ (Clement IX) മാർപ്പാപ്പ ഈ തിരുനാൾ പാശ്ചാത്യ സഭയ്ക്കു മുഴുവൻ നിർബ്ബന്ധമാക്കി. പതിന്നാലാം നൂറ്റാണ്ടുമുതൽ ഫ്രാൻസിസ്കൻ, കർമ്മലീത്താ സന്യാസികളും പിന്നീട് ഈശോ സഭാ വൈദികരും ഈ തിരുനാളിന്റെ ശക്തരായ പ്രവാചകരായിരുന്നു.

ദൈവശാസാത്രജ്ഞന്മാരുടെ ചോദ്യങ്ങൾക്കു മറുപടിയായി ഫ്രാൻസിസ്കൻ സന്യാസിയായ ഡൺസ്കോട്ടസ് (Dunscotus 1266 - 1308) ശ്രദ്ധേയമായൊരു വാദം ഉന്നയിച്ചു, മൂന്നു ലത്തീൻ വാക്കുകളിൽ ഒതുങ്ങുന്ന വാദം. Decuit, Potuit, ergo Fecit 1. ഉചിതമായിരുന്നു. മനുഷ്യനായി അവതരിക്കുന്ന ദൈവപുത്രന്റെ അമ്മ പാപരഹിതയായി ജനിക്കുക എന്നത് തികച്ചും ഉചിതമായിരുന്നു. 2. സാധ്യമായിരുന്നു. സർവ്വശക്തനായ ദൈവത്തിന് അതു സാധ്യമായിരുന്നു. 3. ചെയ്തു. അതിനാൽ ദൈവം മറിയത്തെ ഉത്ഭവപാപത്തിൽ പെടാതെ ജനിക്കാൻ ഇടയാക്കി.

വിശ്വാസപ്രഖ്യാപനത്തിൽ മാർപ്പാപ്പ എതിർവാദങ്ങൾക്കു മറുപടി പറയുന്നുണ്ട്. മറിയം പാപരഹിതയായി ജനിച്ചത് ദൈവത്തിന്റെ പ്രത്യേക കൃപയാലാണ്. അതു യേശുവിലൂടെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ ലഭ്യമാകുന്ന രക്ഷയുടെ മുൻകൂർ ദാനമായി പരിഗണിക്കണം, ചളിയിൽ വീണ കുഞ്ഞിനെ കഴുകി ശുദ്ധീകരിക്കുന്നതിനുപകരം ചളിയിൽ വീഴാതെ കാത്തുസൂക്ഷിക്കുന്നതുപോലെ. അതിനാൽ മറിയത്തിനു രക്ഷ ആവശ്യമില്ല എന്നു വരുന്നില്ല. മറിച്ച് യേശുവിലൂടെ ലഭ്യമായ രക്ഷ ആദ്യമായി ലഭിച്ച വ്യക്തിയാണ് മറിയം എന്നു മനസിലാക്കണം. ഉത്ഭവപാപത്തിൽ നിന്നു മാമ്മോദീസാ വഴി നമുക്കു ലഭിക്കുന്ന മോചനം മറിയത്തിനു മുൻകൂറായി ലഭിച്ചു എന്ന് ഈ വിശ്വാസ സത്യം അർത്ഥമാക്കുന്നു.

### 3. നിത്യകന്യക

ദൈവപുത്രനായ യേശുക്രിസ്തു പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കന്യകയായ മറിയത്തിൽ നിന്നു പിറന്നു എന്നത് കത്തോലിക്കർ അനുദിനം ഏറ്റു പറയുന്ന വിശ്വാസപ്രമാണത്തിന്റെ ഭാഗമാണ്. മറിയത്തിന് യേശു അല്ലാതെ ശാരീരികമായി മറ്റു മക്കൾ ഇല്ല എന്നും മറിയം തന്റെ കന്യകാത്വം നിത്യമായി കാത്തുസൂക്ഷിച്ചു എന്നും കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഈ വിശ്വാസത്തെ അനേകർ, പ്രത്യേകിച്ച് യുക്തിവാദികളും ചില പ്രോട്ടസ്റ്റന്റ് - പന്തക്കുസ്താ സഭാ വിഭാഗങ്ങളും ചോദ്യം ചെയ്യുക മാത്രമല്ല, അപഹാസ്യമായി ചിത്രീകരിക്കുകയും ചെയ്യാറുണ്ട്.

മറിയം യേശുവിനെ പ്രസവിച്ചു എന്ന് സുവിശേഷങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. യേശുവിന്റെ സഹോദരന്മാരെയും സഹോദരിമാരെയും കുറിച്ചും സുവിശേഷങ്ങൾ പരാമർശിക്കുന്നുണ്ട്. യാക്കോബ്, യോസേ, യൂദാ, ശിമയോൻ എന്നീ നാലുപേരുകളും സഹോദരിമാർ എന്ന പരാമർശവും (മർക്കോ 6, 4) യേശുവും കൂടിയാകുമ്പോൾ ഏറ്റം കുറഞ്ഞത് ഏഴുമക്കളെങ്കിലും മറിയത്തിനുണ്ടാകണം. ഇങ്ങനെ അനേകം മക്കളുടെ അമ്മയായ ഒരു സ്ത്രീയെ "കന്യക" എന്നു വിളിക്കുന്നതെങ്ങനെ? ഉത്തരം പറഞ്ഞേ മതിയാകൂ! അല്ലെങ്കിൽ കന്യകാമറിയം എന്ന വിശേഷണം തന്നെ ഉപേക്ഷിക്കണം എന്നു വാദിക്കുന്നവരുണ്ട്.

ഇവിടെ രണ്ടു കാര്യങ്ങൾ വ്യവച്ഛേദിച്ചറിയണം. a. യേശു

ജനിച്ചത് കന്യകയായ മറിയത്തിൽ നിന്നാണോ? b. യേശുവിനു ശേഷം മറിയത്തിന് ശാരീരികമായി വേറെ മക്കൾ ജനിച്ചോ? രണ്ടു കാര്യങ്ങളും, സുവിശേഷങ്ങളിലെ വിവരണങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെ പരിശോധിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

### a. യേശുവിന്റെ കന്യാജനനം

മത്തായി, ലൂക്കാ സുവിശേഷകന്മാർ സംശയത്തിനു പഴുതില്ലാത്ത വിധം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നതാണ് യേശുക്രിസ്തു ജനിച്ചത് കന്യകയായ മറിയത്തിൽ നിന്നാണ് എന്ന സത്യം. ജോസഫ് എന്ന മരപ്പണിക്കാരനുമായി വിവാഹം നിശ്ചയം ചെയ്തിരുന്ന മറിയം, വിവാഹത്തിനുമുമ്പ് ഗർഭിണിയായി. എന്തുചെയ്യണം എന്നറിയാതെ വിഷമിച്ച ജോസഫിന് ദൈവദൂതൻ വഴി ദൈവത്തിന്റെ വെളിപ്പെടുത്തൽ ലഭിച്ചു. *"ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്"* (മത്താ 1, 20). കുഞ്ഞിനെ തന്റെ മകനായി സ്വീകരിക്കണം എന്ന നിർദ്ദേശവും പേരിടാനുള്ള കല്പനയിലുണ്ട്. ഇത് പ്രവചനത്തിന്റെ പൂർത്തീകരണമാണെന്ന് ദൂതൻ തുടർന്നു വിശദീകരിക്കുന്നു (മത്താ 1, 21–23). ജോസഫ് നിർദ്ദേശം സ്വീകരിച്ചു. *"പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവർ അറിഞ്ഞില്ല. അവൻ ശിശുവിന് യേശു എന്നു പേരിട്ടു"* (മത്താ 1, 25).

യേശു ജനിക്കുമ്പോൾ മറിയം കന്യകയായിരുന്നു എന്നു വ്യക്തമാക്കുന്നതാണ് ഈ വിവരണം. ഈ സത്യംതന്നെ ലൂക്കാ കൂടുതൽ വിശദമായി അവതരിപ്പിക്കുന്നുണ്ട് (ലൂക്കാ 1, 26 – 38). ദൈവപുത്രന്റെ അമ്മയാകാൻ വിളി ലഭിച്ച മറിയം തന്റെ കന്യകാത്വത്തെക്കുറിച്ചു പറയുമ്പോൾ ദൂതൻ വ്യക്തമായൊരു വിശദീകരണം നല്കുന്നു. സാധാരണ ഒരു ശിശുവിന്റേതുപോലെ ലൈംഗികബന്ധത്തിൽ നിന്നായിരിക്കുകയില്ല ഈ ശിശുവിന്റെ ജനനം. അതു പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ പ്രവൃത്തിയുടെ ഫലമായിരിക്കും.

*"പരിശുദ്ധാത്മാവ് നിന്റെ മേൽവരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും"* (1, 35) എന്ന വിശദീകരണത്തിൽ പ്രപഞ്ചസൃഷ്ടിയുടെ തുടക്കവുമായി ഒരു താരതമ്യം കാണാം.

രൂപരഹിതമായ ആഴത്തിനുമുകളിൽ പരിവർത്തിച്ച ദൈവാത്മാവ് രൂപഭാവങ്ങൾ സൃഷ്ടിച്ചതിനു സമാനമായിരിക്കും മറിയത്തിൽ സംഭവിക്കാൻ പോകുന്നത്. അതു പുതിയൊരു സൃഷ്ടിപോലെ ആയിരിക്കും. ശൂന്യതയിൽനിന്ന് എല്ലാം സൃഷ്ടിച്ച ദൈവത്തിന് ഒന്നും അസാധ്യമല്ല. പുരുഷസംസർഗ്ഗം കൂടാതെ ഒരു ശിശുവിനു ജന്മം നല്കാൻ കഴിയും. മറിയം വിശ്വസിച്ചു; സമ്മതിച്ചു, യേശുവിന്റെ അമ്മയായി.

ദൈവത്തിന് ഒന്നും അസാധ്യമല്ല എന്നു ഓർമ്മപ്പെടുത്തൽ പ്രത്യേകം ശ്രദ്ധിക്കണം. നിത്യതയിൽ, അമ്മയില്ലാതെ പിതാവിൽനിന്നു ജനിച്ച ദൈവപുത്രൻ, കാലത്തിൽ, മാനുഷികമായൊരു പിതാവില്ലാതെ മറിയത്തിൽ നിന്നു ജനിച്ചു. രണ്ടും യുക്തികൊണ്ടു തെളിയിക്കാൻ കഴിയുന്ന കാര്യങ്ങളല്ല. മനുഷ്യബുദ്ധിക്കും യുക്തിക്കും അതീതമായ ദൈവത്തിന്റെ പ്രവർത്തനം എന്നേ പറയാൻ കഴിയൂ. ഇതിനു മനുഷ്യൻ നല്കുന്ന, നല്കേണ്ട മറുപടിയാണ് വിശ്വാസം. ഈ വിശ്വാസമാണ് വിശ്വാസപ്രമാണത്തിൽ സഭ ഏറ്റുപറയുന്നത്. *"പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യകാമറിയത്തിൽ നിന്നു ജനിച്ചു"*.

## b. യേശുവിന്റെ സഹോദരന്മാർ

മറിയത്തിന്റെ നിത്യകന്യകാത്വത്തിനെതിരേ എടുത്തുകാട്ടുന്ന രണ്ടു കാര്യങ്ങളാണ് യേശുവിന്റെ സഹോദരങ്ങളെ കുറിച്ചുള്ള പരാമർശവും *"പുത്രനെ പ്രസവിക്കുന്നതുവരെ അവൻ അവളെ അറിഞ്ഞില്ല"* എന്ന മത്തായി സുവിശേഷകന്റെ പ്രസ്താവനയും. രണ്ടും അടുത്തു പരിശോധിക്കണം.

മത്തായി സുവിശേഷകന്റെ പ്രസ്താവനയിലെ "വരെ" എന്ന കാലപരിധി സൂചിപ്പിക്കുന്ന വാക്കാണ് ഒരു വിവാദവിഷയം. അതുവരെ അറിഞ്ഞില്ല എന്നു പറയുമ്പോൾ അതിനുശേഷം അറിഞ്ഞു എന്നല്ലേ ധ്വനി എന്നു ന്യായമായും ചോദിക്കാം. ഒരു പരിധിവരെ ഈ നിഗമനം ശരിയാണെന്നു പറയേണ്ടിവരും. എന്നാൽ മറ്റൊന്നുകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. യേശുവിന്റെ ജനനത്തിനുശേഷം മറിയത്തിൽനിന്ന് ജോസഫിനു മക്കളുണ്ടായോ ഇല്ലയോ എന്നതല്ല ഇവിടെ ചർച്ചാവിഷയം. അപ്രകാരമൊരു വിഷയത്തെക്കുറിച്ചുള്ള സൂചനപോലും ഇവിടെ ഇല്ല. മറിച്ച് ഇപ്പോൾ ജനിക്കുന്ന ശിശുവിന്റെ പിതാവ് ജോസഫല്ല; കന്യ

കയായ മറിയം ദൈവത്തിന്റെ പ്രത്യേക പ്രവർത്തനത്താൽ ഗർഭം ധരിച്ചു പ്രസവിക്കുന്നതാണ്. ഇതു പ്രവാചകൻ വഴി മുൻകൂട്ടി അറിയിച്ചതിന്റെ പൂർത്തീകരണവുമാണ്. ഇതാണ്, ഇതു മാത്രമാണ് ***"വരെ"*** എന്ന വിശേഷണം സൂചിപ്പിക്കുന്നത്. ഇതിനു ശേഷം എന്തു സംഭവിച്ചു, അറിഞ്ഞോ ഇല്ലയോ എന്നതൊന്നും ഇവിടെ വിഷയമല്ല. അറിയുക എന്നാൽ ലൈംഗികമായി ബന്ധപ്പെടുക എന്നാണ് സാഹചര്യത്തിൽനിന്നു വ്യക്തമാകുന്ന അർത്ഥം. അതിനാൽ മറിയത്തിന്റെ നിത്യകന്യകാത്വത്തിനെതിരായി ഈ വാക്യം ഉപയോഗിക്കുന്നതു യുക്തിരഹിതമെന്നേ പറയാനാകൂ.

യേശുവിന്റെ സഹോദരന്മാരെ കുറിച്ചുള്ള സുവിശേഷങ്ങളിലെ പരാമർശമാണ് മറിയത്തിന്റെ നിത്യകന്യകാത്വത്തിനെതിരേ അവതരിപ്പിക്കുന്ന മറ്റൊരു വാദം. മലയാളത്തിലെന്നതുപോലെ യേശുവിന്റെ സംസാരഭാഷയായ അരമായയിലും അതുമായി ബന്ധമുള്ള ഹീബ്രുവിലും *"സഹോദരൻ"* എന്ന പദത്തിന് ഒരമ്മ പെറ്റ മക്കൾ എന്നതിനേക്കാൾ വ്യാപകമായ അർത്ഥമുണ്ട്. ഇംഗ്ലീഷിൽ *കസിൻ* എന്ന പദം മലയാളത്തിൽ *മച്ചുനൻ* എന്നു വിവർത്തനം ചെയ്യാമെങ്കിലും സാധാരണമായി സഹോദരൻ, സഹോദരി എന്നാണല്ലോ നാം പറയുക. അതുപോലെ യേശുവിന്റെ സഹോദരീ സഹോദരന്മാരെക്കുറിച്ചുള്ള പരാമർശം മറിയത്തിന്റെയോ ജോസഫിന്റെയോ സഹോദരങ്ങളുടെ മക്കളെയാണ് ഉദ്ദേശിക്കുന്നത് എന്നനുമാനിക്കാം. കൂട്ടുകുടുംബ വ്യവസ്ഥ നിലനില്ക്കുന്നിടത്ത് ഈ പ്രയോഗം ഇന്നും പ്രസക്തമാണ്. അബ്രാഹം ലോത്തിനെ സഹോദരൻ എന്നു വിശേഷിപ്പിക്കുന്നത് (ഉൽപ 13, 8) ഉദാഹരണം. ലോത്ത് അബ്രാഹത്തിന്റെ സഹോദരപുത്രനായിരുന്നു.

പേരെടുത്തു പറയുന്ന നാലു സഹോദരങ്ങളെക്കുറിച്ച് അതേ സുവിശേഷങ്ങൾ തന്നെ നല്കുന്ന മറ്റുചില സൂചനകൾ കൂടി പരിഗണിക്കണം. യാക്കോബ്, യോസേ, യൂദാസ്, ശിമയോൻ എന്ന് മർക്കോസും (6, 3) യാക്കോബ്, ജോസഫ്, ശിമയോൻ, യൂദാസ് എന്നു മത്തായിയും (13, 55) പറയുന്നത് ഒരേ വ്യക്തികളെക്കുറിച്ചുതന്നെ ആണെന്നതിൽ സംശയമില്ല. എന്നാൽ ഇവരെല്ലാം മറിയം പ്രസവിച്ച മക്കൾതന്നെയോ എന്നതാണ് തർക്കവിഷയം. അല്ല എന്ന സൂചന ഈ സുവിശേഷകന്മാർ തന്നെ നല്കുന്നുണ്ട്.

യേശുവിന്റെ കുരിശിൻചുവട്ടിൽ നിന്ന സ്ത്രീകളെക്കുറിച്ച് നാലുസുവിശേഷങ്ങളും പ്രതിപാദിക്കുന്നുണ്ട്. അക്കൂട്ടത്തിൽ *യോസെയുടെയും ചെറിയ യാക്കോബിന്റെ അമ്മ മറിയം* എന്ന ഒരാളുടെ പേരും ഉണ്ട് (മർക്കോ 15, 40; മത്താ 26, 56). ഇതു യേശുവിന്റെ അമ്മ മറിയം അല്ല എന്നു വ്യക്തം. പിന്നെ ആരാണ് ഈ മറിയം? സാബത്തു കഴിഞ്ഞപ്പോൾ യേശുവിന്റെ കല്ലറ സന്ദർശിക്കാൻ പോയ സ്ത്രീകളിൽ *"മറ്റേ മറിയം"* (മത്താ 28, 1) എന്നു വിശേഷിപ്പിക്കുന്നതും ഇവൾ തന്നെ ആയിരിക്കണം. ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു. യോസേ (ജോസഫ്) യാക്കോബ് എന്നിങ്ങനെ രണ്ടു മക്കളുടെ അമ്മയായ ഒരു മറിയം യേശുവിന്റെ കുരിശൻചുവട്ടിൽ നിന്നു. അത് യേശുവിന്റെ അമ്മ മറിയമല്ല. പിന്നെ ആരാണവൾ?

യോഹന്നാൻ നല്കുന്ന വിവരണത്തിൽനിന്ന് ഉത്തരം കണ്ടെത്താൻ കഴിയും. *"യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനാമറിയവും നില്ക്കുന്നുണ്ടായിരുന്നു"* (യോഹ 19, 25). ഇവിടെ ക്ലോപ്പാസിന്റെ ഭാര്യ എന്നു പറയുന്ന മറിയം തന്നെയാണ് യാക്കോബിന്റെയും യോസെയുടെയും അമ്മ എന്ന് അനുമാനിക്കാൻ കഴിയും. യേശുവിന്റെ അമ്മ മറിയത്തിന്റെ ഭർത്താവായ ജോസഫിന്റെ സഹോദരനാണ് ക്ലോപ്പാസ് എന്നാണു സഭയുടെ പരമ്പരാഗതമായ വ്യാഖ്യാനവും വിശ്വാസവും. അതിനാൽ യേശുവിന്റെ സഹോദരന്മാർ എന്നു പറയുന്നവർ മറിയത്തിന്റെ മക്കളല്ല, അടുത്ത ബന്ധുക്കളാണ് എന്ന് അനുമാനിക്കാം. ഇതാണ് കത്തോലിക്കാസഭയുടെ പരമ്പരാഗതമായ വിശ്വാസം.

നിത്യകന്യകാത്വത്തെക്കുറിച്ചുള്ള പരിചിന്തനം ശാരീരികമായ കന്യകാത്വത്തിനതീതമായ ചില കാര്യങ്ങൾകൂടി കണക്കിലെടുക്കണം. മറിയം ശാരീരികമായ കന്യകാത്വം കാത്തുസൂക്ഷിച്ചു. എന്നാൽ അത് കൂടുതൽ പ്രാധാന്യമുള്ള മറ്റൊന്നിന്റെ പ്രതീകം കൂടി ആയിരുന്നു, ദൈവത്തിനായി നടത്തിയ സമ്പൂർണ്ണ സമർപ്പണത്തിന്റെ പ്രതീകം. ദൈവം ഇസ്രായേൽ ജനവുമായി ചെയ്ത ഉടമ്പടിയെ ഹോസിയാ പ്രവാചകന്റെ കാലം മുതൽ വിവാഹോടമ്പടിയോട് ഉപമിച്ചിരുന്നു. അങ്ങനെ ഇസ്രായേൽ കർത്താവിന്റെ മണവാട്ടിയായി; ദൈവത്തോടു പരിപൂർണ്ണ വിശ്വസ്തത പാലിക്കാൻ കടപ്പെട്ടവൾ. ദൈവത്തെ മാത്രം ആരാധി

ക്കുമ്പോൾ ഇസ്രായേൽ കന്യകയായിരിക്കും. ഈ പശ്ചാത്തല ത്തിൽ വിഗ്രഹാരാധനയും ബഹുദൈവാരാധനയും വ്യഭിചാര മായി പരിഗണിക്കപ്പെട്ടു. അതുകൊണ്ടാണ് *"വിശ്വസ്തനഗരം വേശ്യയായിത്തീർന്നതെങ്ങനെ?"* (ഏശ 1, 21) എന്ന് ഏശയ്യാ പ്രവാചകൻ ചോദിക്കുന്നത്.

ദൈവത്തിനും ദൈവരാജ്യത്തിനും വേണ്ടി തങ്ങളെത്തന്നെ സമ്പൂർണ്ണമായി സമർപ്പിക്കുന്നതിന്റെ പ്രതീകമായി മാറുന്നു കന്യ കാത്വവും ബ്രഹ്മചര്യവും (മത്താ 19, 12). മറിയത്തെ നിത്യകന്യക എന്നു വിശേഷിപ്പിക്കുമ്പോൾ ഈ ആധ്യാത്മികമാനവും പരിഗ ണിക്കണം. ദൈവത്തോടു സമ്പൂർണ്ണ വിശ്വസ്തതയും വിധേയ ത്വവും കാത്തുസൂക്ഷിച്ച മറിയം ദൈവ ജനത്തിന്റെ പ്രതീകവും ഒപ്പം അമ്മയുമാകുന്നു. പുരുഷ സംസർഗ്ഗം കൂടാതെ ദൈവപു ത്രന്റെ അമ്മയായ മറിയം ദൈവത്തിന്റെ പ്രത്യേക പരിപാല നയും കൃപാവരവും വഴി ദൈവജനത്തിന്റെയും അമ്മയായി. നിത്യകന്യകാത്വം വന്ധ്യത്വമല്ല, പരിശുദ്ധാത്മാവിന്റെ പ്രവർത്ത നങ്ങൾക്കു പൂർണ്ണമായി സ്വയം വിട്ടുകൊടുക്കുന്നതിലൂടെ സംജാ തമായ മാതൃത്വമാണ്.

### 4. സ്വർഗ്ഗാരോപിത

*"അമലോത്ഭവയും ദൈവമാതാവും നിത്യകന്യകയുമായ മറിയം തന്റെ ഇഹലോകജീവിതത്തിന്റെ അവസാനം ആത്മശ രീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്കു സംവഹിക്കപ്പെട്ടു എന്നത് ദൈവം വെളിപ്പെടുത്തിയ വിശ്വാസസത്യമാണെന്ന് നാം പ്രഖ്യാപിക്കുന്നു."*

1950 നവംബർ 1-ാം തിയതി പിയൂസ് XII മാർപ്പാപ്പ *"അത്യു ദാരനായ ദൈവം"* (Munificentissimus Deus) എന്ന ഔദ്യോഗിക ലിഖിതത്തിലൂടെ മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസ ത്യമായി പ്രഖ്യാപിച്ചതിന്റെ പ്രസക്ത ഭാഗമാണ് മുകളിൽ ഉദ്ധരി ച്ചത്. കത്തോലിക്കാസഭ, മാർപ്പാപ്പയുടെ പരമാധികാരം ഉപയോ ഗിച്ച് ഏറ്റം അവസാനമായി പ്രഖ്യാപിച്ച വിശ്വാസ സത്യമാണിത്. ബൈബിളിൽ വ്യക്തമായ സൂചനപോലും കാണാത്തതിനാൽ മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി സ്വീകരി ക്കാൻ വിസമ്മതിക്കുന്നവരുണ്ട്. മരിച്ചവരുടെ ഉത്ഥാനം ലോകാ വസാനത്തിലാണ് സംഭവിക്കുക എന്ന കത്തോലിക്കാസഭയുടെ പ്രബോധനത്തിനു വിരുദ്ധമായി ഇതിനെ കാണുന്നവരുമുണ്ട്.

അതിനാൽ എന്താണ് സ്വർഗ്ഗാരോപണം, എന്തടിസ്ഥാനത്തി ലാണ് സഭ ഇപ്രകാരം ഒരു വിശ്വാസം ഏറ്റു പറയുന്നത്, എന്താ ണിതിന്റെ പ്രസക്തി, എന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെ ത്തണം.

യേശുവിന്റെ സ്വർഗ്ഗാരോഹണവും മറിയത്തിന്റെ സ്വർഗ്ഗാ രോപണവും തമ്മിലുള്ള സാമ്യവും വ്യത്യാസവുമാണ് ആദ്യമേ ശ്രദ്ധിക്കേണ്ട കാര്യം. യേശുവിന്റെ മരണം, ഉത്ഥാനം, സ്വർഗ്ഗാ രോഹണം എന്നിവ പുതിയ നിയമത്തിൽ വ്യക്തമായി രേഖപ്പെ ടുത്തിയിട്ടുണ്ട്. മനുഷ്യവതാരവേളയിൽ മാറ്റിവച്ച ദൈവികമഹ ത്വത്തിലേക്ക് യേശു വീണ്ടും പ്രവേശിച്ചു എന്നതാണ് സ്വർഗ്ഗാ രോഹണംകൊണ്ട് അർത്ഥമാക്കുന്നത്. ദൈവപുത്രന്റെ ഭാഗത്തു നിന്നുള്ള രക്ഷാകരപ്രവർത്തനത്തിന്റെ പൂർത്തീകരണമാണ് സ്വർഗ്ഗാരോഹണം, അഥവാ മഹത്വീകരണം. യേശു ദൈവികമ ഹത്വത്തിലേക്കു പ്രവേശിച്ചു എന്നു സൂചിപ്പിക്കുന്നതാണ് സ്വർഗ്ഗാ രോഹണം. അതുപോലെ മറിയവും ദൈവിക മഹത്വത്തിൽ പങ്കു ചേരുന്നു എന്ന് സ്വർഗ്ഗാരോപണം സൂചിപ്പിക്കുന്നു. എന്നാൽ രണ്ടും തമ്മിൽ വ്യത്യാസമുണ്ട്.

*യേശു സ്വർഗ്ഗാരോഹണം ചെയ്തു (ascended - ascension)* എന്നു പറയുമ്പോൾ മറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു (As-sumed into heaven, assumption) എന്നാണ് പറയുക. രണ്ടും തമ്മിൽ കാതലായ വ്യത്യാസമുണ്ട്. ***സ്വർഗ്ഗാരോഹണം*** യേശുവിന്റെ തന്നെ പ്രവർത്തനവും തന്റെ ദൈവത്വത്തിന്റെ അടയാളവുമാണ്. എന്നാൽ ***സ്വർഗ്ഗാരോപണ***മാകട്ടെ ദൈവം മറിയത്തിനുവേണ്ടി ചെയ്ത പ്രവൃത്തിയും ദാനവുമാണ്.

മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെക്കുറിച്ച്, വത്തിക്കാൻ II, “ജനതകൾക്കു പ്രകാശം” എന്ന രേഖയിൽ നല്കുന്ന പ്രബോ ധനം യേശുവിന്റെ സ്വർഗ്ഗാരോഹണത്തോട് ഇതിനുള്ള ബന്ധ ത്തെയും ഈ വിശ്വാസസത്യത്തിന്റെ അർത്ഥത്തെയും കുറിച്ച് സൂചന നല്കുന്നുണ്ട്: *“അവസാനം, കറയില്ലാത്ത ഈ കന്യക ജന്മപാപത്തിന്റെ എല്ലാ കറയിൽനിന്നും ഒഴിവാക്കി സംരക്ഷി ക്കപ്പെട്ടവളായി, ഈ ലോകജീവിത പ്രവാസം പൂർത്തിയാക്കി ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിൽ സംവഹിക്കപ്പെ ടുകയും ചെയ്തു. കർത്താക്കളുടെ കർത്താവും (വെളി 19, 16) പാപത്തെയും മരണത്തെയും ജയിച്ചവനുമായ തന്റെ പുത്രനോടു*

*കൂടുതൽ പൂർണ്ണമായി അനുരൂപപ്പെടാൻ വേണ്ടി കർത്താവിനാൽ പ്രപഞ്ച റാണിയായി അവൾ അവരോധിക്കപ്പെടുകയും ചെയ്തു"* (LG 59).

അമലോത്ഭവം എന്ന ദൈവികദാനത്തിന്റെ തുടർച്ചയും പൂർത്തീകരണവുമാണ് സ്വർഗ്ഗാരോപണം എന്ന് ഈ പ്രബോധനം സൂചിപ്പിക്കുന്നു. അതോടൊപ്പം യേശുവിന്റെ സ്വർഗ്ഗാരോഹണത്തിലും മഹത്വത്തിലുമുള്ള പങ്കുചേരലുമാണത്. തുടർന്ന് യേശുവിന്റെ രാജകീയ മഹിമയിലും അഥവാ രാജത്വത്തിലും മറിയം പങ്കുചേരുന്നു എന്നും സഭ പഠിപ്പിക്കുന്നു. മറിയത്തിന്റെ കിരീടധാരണം എന്നു വിശേഷിപ്പിക്കുകയും മറിയത്തെ സ്വർല്ലോകറാണി എന്നു വിളിക്കുകയും ചെയ്യുന്നതിന്റെയും വിശദീകരണവും ഇവിടെ കാണാം.

സ്വർഗ്ഗാരോപണത്തിന്റെ മറ്റൊരു മാനത്തിലേക്ക് CCC ശ്രദ്ധക്ഷണിക്കുന്നുണ്ട്: *"ഏറ്റവും പരിശുദ്ധയായ കന്യകാമറിയം അവളുടെ ഭൗമിക ജീവിതം പൂർത്തിയാക്കിയപ്പോൾ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു. അവിടെ അവൾ തന്റെ പുത്രന്റെ പുനരുത്ഥാനത്തിന്റെ മഹത്വത്തിൽ പങ്കുചേരുകയും അവിടുത്തെ ശരീരത്തിന്റെ എല്ലാ അംഗങ്ങളുടെയും പുനരുത്ഥാനം മുൻകൂട്ടി അനുഭവിക്കുകയും ചെയ്യുന്നു"* (CCC 974). വിശ്വാസവും മാമ്മോദീസായും വഴി എല്ലാവർക്കും ജന്മപാപത്തിൽനിന്നു ലഭിക്കുന്ന മോചനം മറിയത്തിന് അമലോത്ഭവം വഴി മുൻകൂറായി ലഭിച്ചതുപോലെ, മറിയത്തിനു ലഭിച്ച സ്വർഗ്ഗാരോപണം യുഗാന്ത്യത്തിൽ എല്ലാ വിശുദ്ധർക്കും ലഭിക്കാനിരിക്കുന്ന പുനരുത്ഥാനത്തിന്റെയും സമ്പൂർണ്ണമായ സ്വർഗ്ഗഭാഗ്യത്തിന്റെയും മുന്നോടിയും അച്ചാരവും ആണെന്നു സഭ പഠിപ്പിക്കുന്നു.

## അല്പം ചരിത്രം

മറിയത്തിന്റെ സ്വർഗ്ഗാരോപണം എന്ന വിശ്വാസസത്യം പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പായാണ് ആധികാരികമായി പ്രഖ്യാപിച്ചതെങ്കിലും ആദ്യനൂറ്റാണ്ടുകൾ മുതൽ അപ്രകാരം ഒരു വിശ്വാസം സഭയിൽ നിലവിലിരുന്നു. സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ലാത്ത അപ്രാമാണിക (apocrypha) ഗ്രന്ഥങ്ങളിലാണ് ഈ വിശ്വാസം ആദ്യമായി പ്രകടമാകുന്നത്. ആറാം നൂറ്റാണ്ടുമുതൽ *"മാതാവിന്റെ ഗാഢനിദ്ര" (dormitio)* എന്ന ഒരു തിരു

നാൾ ആഘോഷിക്കപ്പെടാൻ തുടങ്ങി. മരണത്തോടെ മറിയം ഈ ലോകംവിട്ട് സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു; ശരീരം അഴിഞ്ഞുപോകാതെ മഹത്വീകരിക്കപ്പെട്ടു, യേശുവിന്റെ ഉത്ഥാനവും സ്വർഗ്ഗാരോപണവും പോലെ. ഇതായിരുന്നു ഈ തിരുനാൾ പറയാതെ പറഞ്ഞത്, അഥവാ സൂചിപ്പിച്ചത്.

ഈ വിശ്വാസത്തെ സാക്ഷ്യപ്പെടുത്തുന്ന പുരാതനമായൊരു ഐതിഹ്യമുണ്ട്. പന്തക്കുസ്താദിവസം പരിശുദ്ധാത്മാവിനെ സ്വീകരിച്ച അപ്പസ്തോലന്മാർ സുവിശേഷ പ്രഘോഷണത്തിനായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയി, മറിയം ജറുസലെമിൽത്തന്നെ താമസിച്ചു. അമ്മയുടെ മരണസമയമായി എന്ന് ആത്മാവിന്റെ ഉൾപ്രേരണയാൽ അറിഞ്ഞ അപ്പസ്തോലന്മാർ എല്ലാവരും എത്തി; തോമ്മാ ഒഴികെ. ശിഷ്യന്മാരെല്ലാം ചേർന്ന് അമ്മയുടെ മൃതശരീരം സംസ്കരിച്ച് മൂന്നാം ദിവസമാണ് തോമ്മാ എത്തിയത്.

അമ്മയുടെ ശരീരം കാണണം എന്ന തോമ്മായുടെ നിർബ്ബന്ധത്തിനു വഴങ്ങി കല്ലറ തുറന്നപ്പോൾ ശരീരം അവിടെയില്ല. കല്ലറ നിറയെ റോസാപ്പൂക്കൾ. കല്ലറ തുറന്ന നിമിഷം സ്വർഗ്ഗത്തിൽനിന്നും റോസാപ്പൂക്കൾ വർഷിച്ചു. ചരിത്രമായി അംഗീകരിക്കാൻ പ്രയാസമുണ്ടെങ്കിലും മറിയത്തിന്റെ സ്വർഗ്ഗാരോപണം യേശുവിന്റെ ഉത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും സമാനമായി സംഭവിച്ചു എന്ന സഭയുടെ വിശ്വാസമാണ് ഇവിടെ പ്രകടമാകുന്നത് എന്നതിൽ സംശയമില്ല.

വിശ്വാസപ്രഖ്യാപനം നടത്തുന്നതിനുമുമ്പ് മാർപ്പാപ്പ 1946 ൽ *''കന്യകയായ ദൈവമാതാവിന്റെ'' (Deiparae Virginis)* എന്ന ചാക്രികലേഖനത്തിലൂടെ ആഗോള സഭയിലെ മെത്രാന്മാരുടെ അഭിപ്രായം ആരാഞ്ഞു. രണ്ടു ചോദ്യങ്ങളാണ് ചോദിച്ചത്: 1. മാതാവിന്റെ ആത്മശരീരങ്ങളോടുകൂടിയ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി നിർവ്വചിക്കാനും പ്രഖ്യാപിക്കാനും കഴിയുമോ? 2. ഇപ്രകാരം ഒരു വിശ്വാസ പ്രഖ്യാപനം നടത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?

1169 മെത്രാന്മാർ മറുപടി നല്കി. അതിൽ ആറുപേർ ഈ വിശ്വാസസത്യത്തെ ചോദ്യം ചെയ്തു; പതിനാറുപേർ സംശയം രേഖപ്പെടുത്തി. മറ്റുള്ളവരെല്ലാം അനുകൂലിച്ചു. ഇതിനുശേഷമാണ് വിശ്വാസസത്യ പ്രഖ്യാപനം നടന്നത്. തുടർന്ന് 1954 ഒക്ടോബർ

11-ാം തിയതി *"സ്വർഗ്ഗീയ റാണിക്ക്"* *(Ad Coeli Reginam)* എന്ന ചാക്രിക ലേഖനത്തിലൂടെ മറിയത്തെ സ്വർല്ലോക റാണിയായി പ്രഖ്യാപിച്ചു.

## മറിയത്തിന്റെ മരണം

സ്വർഗ്ഗാരോപണത്തെക്കുറിച്ചുള്ള ചർച്ചകൾക്കിടയിൽ മറ്റൊരു ചോദ്യം പൊന്തിവന്നു, മറിയത്തിന്റെ മരണം. ഉത്ഭവ പാപം വഴിയാണ് മരണം മനുഷ്യചരിത്രത്തിലേക്കു കടന്നുവന്നത് എന്ന പൗലോസ് വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. *"ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു"* (റോമ 5, 12). അതിനാൽ പാപമില്ലാത്ത മറിയം മരണത്തിനു വിധേയ അല്ല എന്ന് ഒരു ഗണം ദൈവശാസ്ത്രജ്ഞന്മാർ വാദിച്ചു. എന്നാൽ എല്ലാ കാര്യങ്ങളിലും തന്റെ പുത്രനോടു താദാത്മ്യം പ്രാപിച്ച മാതാവ് മരണത്തിലും ആ താദാത്മീകരണം നില നിർത്തി മരിച്ചു, ഉത്ഥാനം ചെയ്തു എന്നു മറ്റൊരു ഗണം വാദിച്ചു. ഈ വിവാദത്തിന് തീരുമാനമെടുക്കാതെയാണ് വിശ്വാസപ്രഖ്യാപനം നടത്തിയത്. *"ഇഹലോക ജീവിതത്തിന്റെ അവസാനം"* എന്ന പ്രയോഗം രണ്ടുതരത്തിലും വ്യാഖ്യാനിക്കാം.

മറിയം മരിച്ചില്ല എന്ന വാദത്തിനു വിപരീത സാക്ഷ്യമായി നില്ക്കുന്നു മറിയത്തിന്റെ ശവകുടീരം; ഒന്നല്ല, രണ്ട്. അതും വിസ്മയകരമായി തോന്നാം. മറിയത്തിന്റെ ഒരു ശവകുടീരം, ജറുസലെമിൽ, ഒലിവുമലയുടെ താഴ്‌വരയിലുണ്ട്. അതാണ് ഏറ്റം അധികം അറിയപ്പെടുന്നതും തീർത്ഥാടകർ സന്ദർശിക്കുന്നതും. എന്നാൽ അധികമൊന്നും അറിയപ്പെടാത്ത മറ്റൊരു ശവകുടീരം ഇന്നു ടർക്കിയുടെ ഭാഗമായ, പുരാതന എഫേസൂസിന്റെ പ്രാന്ത പ്രദേശത്തുണ്ട്. ടർക്കിയിൽനിന്നുള്ള അനേകം തീർത്ഥാടകർ അവിടെ വന്നു പ്രാർത്ഥിക്കാറുമുണ്ട്. ഈ രണ്ടു ശവകുടീരങ്ങളും ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്. ഇതിൽ ഏതാണ് യഥാർത്ഥത്തിൽ മാതാവിന്റെ ശവകുടീരം എന്നു നിശ്ചയിക്കുക എളുപ്പമല്ല. സഭ അതിനെക്കുറിച്ച് നിർണ്ണായകമായൊരു തീരുമാനം അറിയിച്ചിട്ടുമില്ല. നിത്യരക്ഷയ്ക്കോ ക്രിസ്തീയവിശ്വാസത്തിനോ വലിയ പ്രാധാന്യമുള്ള കാര്യമല്ലാത്തതിനാൽ തർക്കം നിലനില്ക്കട്ടെ, മറിയം മരിച്ചു എന്നതിനു തെളിവായി.

## പ്രസക്തി

മരണത്തിനുശേഷം മറിയത്തിന്റെ ശരീരം പുതുജീവൻ പ്രാപിച്ച് അതേപടി സ്വർഗ്ഗത്തിലേക്ക് മാലാഖമാരാൽ സംവഹിക്കപ്പെട്ടു എന്നു പറയുന്നത് തികച്ചും പ്രതീകാത്മകമായൊരു ചിത്രീകരണം മാത്രമാണ്. സ്വർഗ്ഗാരോപണം കൊണ്ട് അർത്ഥമാക്കുന്നത് ഒരു രൂപാന്തരീകരണമാണ്. ഉത്ഥാനത്തോടെ മനുഷ്യശരീരങ്ങൾക്കു സംഭവിക്കുന്ന രൂപാന്തരീകരണം മറിയത്തിനു മുൻകൂറായി ലഭിച്ചു (1 കോറി 15, 35 – 57). അതാണ് സ്വർഗ്ഗാരോപണത്തിന്റെ അർത്ഥം. മറിയത്തിൽ യാഥാർത്ഥ്യമായിക്കഴിഞ്ഞ ഈ രൂപാന്തരീകരണം കർത്താവിനോടുള്ള ഐക്യത്തിൽ ജീവിച്ചു മരിക്കുന്ന എല്ലാവർക്കും ലഭ്യമാകും. അതിനാൽ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിൽ വിശ്വസിക്കുന്നതും ആ വിശ്വാസം ഏറ്റു പറയുന്നതും ശരീരങ്ങളുടെ പുനരുത്ഥാനത്തിലും നിത്യജീവനിലുമുള്ള വിശ്വാസത്തിന്റെ ഒരു സാക്ഷ്യവും വിശദീകരണവുമായി കാണാം.

അതോടൊപ്പം, മറിയം ജീവിച്ചതുപോലെ കർത്താവിനോടു പൂർണ്ണമായ വിശ്വസ്തതയും വിധേയത്വവും പുലർത്തി ജീവിക്കണം എന്നും ഈ വിശ്വാസസത്യം നമ്മെ ഉദ്ബോധിപ്പിക്കുന്നു. പുനരുത്ഥാനത്തോടെയാണ് മനുഷ്യൻ ദൈവനിശ്ചിതമായ പൂർണ്ണത കൈവരിക്കുക. ഇത് വെറും ഒരു വ്യാമോഹമോ ദിവാസ്വപ്നമോ അല്ല, ചരിത്രവസ്തുതകളിൽ അടിയുറച്ച വിശ്വാസമാണെന്ന് യേശുവിന്റെ മഹത്വീകരണവും അതിൽ പങ്കുചേർന്ന മറിയത്തിന്റെ സ്വർഗ്ഗാരോപണവും ഉറപ്പു നല്കുന്നു.

## 5. മറിയം മധ്യസ്ഥ

*"ഒരു ദൈവമേ ഉള്ളൂ. ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ – മനുഷ്യനായ യേശുക്രിസ്തു"* (1 തിമോ 2, 5).

ബൈബിൾ, പ്രത്യേകിച്ചും പുതിയ നിയമം നല്കുന്ന വ്യക്തമായൊരു പ്രബോധനമാണിത് – യേശുക്രിസ്തുവാണ് ഏക മധ്യസ്ഥൻ. അതിനാൽ മറിയത്തെയും മറ്റു വിശുദ്ധരെയും ദൈവത്തിനു മുമ്പിൽ നമുക്കുവേണ്ടി യാചിക്കുന്ന മധ്യസ്ഥരായി കരുതുന്നതും അവരുടെ മാധ്യസ്ഥ്യം യാചിക്കുന്നതും തെറ്റാണെന്നു പഠിപ്പിക്കുന്നവർ ധാരാളമുണ്ട്, പ്രത്യേകിച്ചും പ്രോട്ടസ്റ്റന്റുസഭ

കളിലും പന്തക്കുസ്താ വിഭാഗങ്ങളിലും പെട്ടവർ. ഈ വാദത്തിന് എന്തു മറുപടി നല്കാനാവും?

ദൈവം ഒരുവനേയുള്ളൂ. ദൈവത്തിന്റെ മുമ്പിൽ മനുഷ്യനു വേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നത് മനുഷ്യനായി അവതരിച്ച യേശുക്രിസ്തു മാത്രമാണ് എന്ന ബൈബിളിന്റെ പ്രബോധനം കത്തോലിക്കാസഭ പൂർണ്ണമായും അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നുണ്ട്. അതേസമയം വിശുദ്ധരുടെ മാധ്യസ്ഥ്യവും അംഗീകരിക്കുകയും ഈ മാധ്യസ്ഥ്യം തേടാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മാതൃകാപരമായി ജീവിച്ചു മരിച്ച വ്യക്തികളെ വിശുദ്ധരായി പ്രഖ്യാപിക്കുന്നതിന്റെ ലക്ഷ്യങ്ങളിൽ ഈ മധ്യസ്ഥ പ്രാർത്ഥനയും പെടുന്നു. ഈ നിലപാട് ബൈബിളിന്റെ പ്രബോധനത്തിനു വിരുദ്ധമല്ല എന്നതിന് ധാരാളം ഉദാഹരണങ്ങൾ പഴയ നിയമത്തിലും പുതിയനിയമത്തിലും കാണാം. സോദോമിനുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്ന അബ്രാഹം തന്നെ ഏറ്റം വ്യക്തമായ ഉദാഹരണം (ഉൽപ 18, 22-33). ആമോസ് (7, 1-9), ജറെമിയാ (5, 1), എസെക്കിയേൽ (22, 30-31) തുടങ്ങി അനേകം പ്രവാചകന്മാരും മാധ്യസ്ഥ്യത്തിനു സാക്ഷ്യം നല്കുന്നു.

യേശുവിന്റെ ജീവിതകാലത്ത് മറ്റുള്ളവർക്കുവേണ്ടി യാചനയുമായി വരുകയും യേശു അവരുടെ യാചന സ്വീകരിച്ച് സൗഖ്യം നല്കുകയും ചെയ്ത അനേകം സംഭവങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രോഗിയായ ഭൃത്യനുവേണ്ടി ശതാധിപൻ (മത്താ 8, 5-13), മകൾക്കുവേണ്ടി കാനാൻകാരി സ്ത്രീ (മത്താ 15, 21-28), തളർവാതരോഗിയെ കട്ടിലിൽ എടുത്തുകൊണ്ടുവരുന്നവർ (മർക്കോ 2, 1-12), ശിമയോന്റെ അമ്മായിയമ്മക്കുവേണ്ടി വീട്ടുകാർ (ലൂക്കാ 4, 38-41) എന്നിങ്ങനെ നിരവധി ഉദാഹരണങ്ങൾ കാണാം. ഇവരെല്ലാം മറ്റാർക്കെങ്കിലും വേണ്ടി യേശുവിന്റെ അടുക്കൽ മാധ്യസ്ഥ്യം യാചിച്ചവരാണ്. ഇപ്രകാരമുള്ള മധ്യസ്ഥർക്കെല്ലാം മുന്നോടിയും മാതൃകയുമായി നില്ക്കുന്നു യേശുവിന്റെ അമ്മ മറിയം.

യോഹന്നാനാണ് അമ്മയുടെ മാധ്യസ്ഥ്യം എടുത്തുകാട്ടുന്നത്. കാനായിലെ വിവാഹവിരുന്നിനിടയിൽ വീഞ്ഞു തീർന്നുപോയ വീട്ടുകാർക്കുവേണ്ടി ആയിരുന്നു ആ മാധ്യസ്ഥ്യം. യേശുവിന്റെ പരസ്യജീവിതത്തിനു തുടക്കം കുറിക്കാൻ ആ മാധ്യസ്ഥ്യം

നിമിത്തമായി. വീട്ടുകാർ അറിയുന്നതിനുമുമ്പേ അടുക്കളയിലെ ആവശ്യം അറിഞ്ഞ അമ്മ ഒരു യാചനയുമായി മകനെ സമീപിച്ചു. *"അവർക്കു വീഞ്ഞില്ല". "സ്ത്രീയേ എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല"* എന്ന മറുപടി ഏറെ ദുർവ്യാഖ്യാനം ചെയ്യപ്പെടാറുണ്ട്. അമ്മ തന്റെ കാര്യത്തിൽ ഇടപെട്ടതിലുള്ള അതൃപ്തി പ്രകടമാക്കുന്നതാണ് *"സ്ത്രീയേ"* എന്ന സംബോധനയും തുടർന്നുവരുന്ന ചോദ്യവും എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ തുടർന്നുള്ള മറിയത്തിന്റെ വാക്കുകളും യേശുവിന്റെ പ്രവൃത്തിയും ഇക്കൂട്ടർ സൗകര്യപൂർവ്വം മറക്കുന്നു.

മകന്റെ മറുപടി അതൃപ്തിയുടെ പ്രകടനമോ യാചനയുടെ നിഷേധമോ ആയല്ല അമ്മ കണ്ടത്. വേലക്കാർക്കു കൊടുക്കുന്ന നിർദ്ദേശം, *"അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ"*, തികഞ്ഞ വിശ്വാസമാണ് പ്രകടമാക്കുന്നത്, തന്റെ യാചന മകൻ നിഷേധിക്കില്ല എന്ന വിശ്വാസം. വിശ്വസിച്ചതുതന്നെ സംഭവിച്ചു. യേശു പറഞ്ഞു, വെള്ളം വീഞ്ഞായി, പ്രാർത്ഥന സഫലമായി, പ്രതിസന്ധിക്കു പരിഹാരമായി (യോഹ 2,1-11).

മധ്യസ്ഥ പ്രാർത്ഥനയുടെ അർത്ഥവും പ്രസക്തിയും വ്യക്തമാക്കുന്നതാണ് ഈ സംഭവം. *"സ്ത്രീയേ"* എന്ന അഭിസംബോധന മറിയത്തിനു രക്ഷാചരിത്രത്തിലുള്ള സ്ഥാനത്തിലേക്ക്, രക്ഷകന്റെ അമ്മ എന്ന നിലയിൽ പുതിയ ഹവ്വാ എന്ന യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്നു. ***"എനിക്കും നിനക്കും എന്ത്"*** എന്ന ചോദ്യം കുരിശുമരണവും ഉത്ഥാനവും വഴി പൂർത്തിയാകുന്ന രക്ഷാചരിത്രത്തിൽ മറിയത്തിനു ലഭിക്കുന്ന പങ്കിനെക്കുറിച്ചു സൂചന നല്കുന്നു. അത്ഭുതകരമായി വീഞ്ഞു നല്കുന്നതിലൂടെ സംഭവിക്കുന്നത് കുരിശിന്റെ വഴിയിലേക്കു പ്രവേശിക്കലാണെന്നും ആ യാത്രയിൽ അമ്മയും കൂടെ ഉണ്ടാകും എന്നും സൂചിപ്പിക്കുന്നതാണ് ചോദ്യം. കുരിശിലൂടെയാണ് മഹത്വം വെളിപ്പെട്ടത് എന്നു സുവിശേഷകൻ.

വാദിക്കാനോ തർക്കിക്കാനോ അമ്മ നിന്നില്ല. തന്റെ യാചന മകൻ നിരസിക്കില്ല എന്നു വിശ്വസിച്ചു; അതനുസരിച്ചു പ്രവർത്തിച്ചു. ഇതാണ് മധ്യസ്ഥ പ്രാർത്ഥനയുടെ മാതൃക. യേശു പ്രാർത്ഥന സ്വീകരിച്ചു. ഇന്നും അതുതന്നെ സംഭവിക്കുന്നു. മറിയത്തെ മധ്യസ്ഥയും മാതൃകയുമായി യേശു തന്നെയാണ്

തന്റെ ശിഷ്യസമൂഹത്തിനു നല്കിയത്, കുരിശിൽ കിടന്നുകൊണ്ട്: *"ഇതാ നിന്റെ അമ്മ, ഇതാ നിന്റെ മകൻ"* (യോഹ 19, 25 - 27).

മറിയത്തെയും മറ്റു വിശുദ്ധരെയും മധ്യസ്ഥരായി പരിഗണിക്കുകയും അവരോടു മാധ്യസ്ഥ്യം യാചിക്കുകയും ചെയ്യുമ്പോൾ യേശു എന്ന ഏക മധ്യസ്ഥനെ അവഗണിക്കുകയോ മറികടക്കുകയോ അല്ല ചെയ്യുന്നത്. ഈ മധ്യസ്ഥരെല്ലാം യേശുവിനോടു നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കണം എന്നു മാത്രമാണു നാം പ്രാർത്ഥിക്കുന്നത്. ഇത് ദൈവജനമാകുന്ന സഭയെക്കുറിച്ചുള്ള ആഴമേറിയ ബോധ്യത്തിൽ നിന്നുരുത്തിരിയുന്ന പ്രവൃത്തിയാണ്. മരിച്ച് സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നവരും ശുദ്ധീകരിക്കപ്പെടുന്നവരും ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവരും ചേരുന്നതാണ് ക്രിസ്തുവിന്റെ മൗതികശരീരമാകുന്ന സഭ (1 കോറി 12, 12-31). ആ ശരീരത്തിന്റെ ശിരസ്സാണ് ക്രിസ്തു (എഫേ 4, 15).

നമ്മൾ ആരും ഒറ്റപ്പെട്ട ഏകാകികളല്ല, ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളും കുടുംബത്തിലെ അംഗങ്ങളുമാണെന്നു പുതിയ നിയമം പഠിപ്പിക്കുന്നു. ആ കുടുംബത്തിന്റെ അമ്മയാണ് യേശുവിന്റെ അമ്മ. യേശുവിന്റെ മരണവേളയിൽ പേടിച്ചോടി ചിതറിപ്പോയ ശിഷ്യസമൂഹം സ്വർഗ്ഗാരോഹണത്തിനുശേഷം ഒരുമിച്ചുകൂടി, പ്രാർത്ഥനാനിരതരായി, പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി കാത്തിരുന്നത് അമ്മ മറിയത്തോടൊപ്പമായിരുന്നു (അപ്പ 1, 14). പരിശുദ്ധാത്മാവ് ശക്തിയായി കടന്നുവന്ന് എല്ലാവരിലും നിറയുമ്പോഴും അവരുടെ മധ്യേ അമ്മയുണ്ടായിരുന്നു.

കുരിശിൽവച്ച് തന്റെ മക്കളായി മകൻ തന്നെ അമ്മയ്ക്ക് ഏല്പിച്ചുകൊടുത്തതാണ് ശിഷ്യഗണത്തെ. അവരുടെ പ്രതീകവും പ്രതിനിധിയുമാണ് "യേശു സ്നേഹിച്ച ശിഷ്യൻ" (യോഹ 19, 26-27). ആ ശിഷ്യൻ സ്വീകരിച്ചതുപോലെ ശിഷ്യസമൂഹം മുഴുവൻ യേശുവിന്റെ അമ്മയെ അമ്മയായി സ്വന്തം ഭവനത്തിൽ, ഹൃദയത്തിൽ സ്വീകരിക്കണം. അവളുടെ മാധ്യസ്ഥ്യം തേടണം. അത് യേശു എന്ന ഏക മധ്യസ്ഥനെ അവഗണിക്കലല്ല, ആദരിക്കലാണ് എന്നു മറക്കാതിരിക്കാം. എന്നാൽ മാധ്യസ്ഥ്യം തേടിയാൽ മാത്രം പോരാ, മറിയത്തെ മാതൃകയായി സ്വീകരിക്കുകയും അനുകരിക്കുകയും വേണം. അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

## 6. മറിയം - മാതൃക

ക്രിസ്തീയ ജീവിതത്തിന്റെ അത്യുത്തമവും അനുകരണീയവുമായ മാതൃകയാണ് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം. ദൈവമാതൃത്വം, അമലോത്ഭവം, സ്വർഗ്ഗാരോപണം എന്നിവ മറിയത്തിനു ലഭിച്ച അനന്യമായ ദാനങ്ങളാണ്. എന്നാൽ മറിയത്തിന്റെ ജീവിതം മുഴുവൻ ക്രിസ്തു വിശ്വാസികൾക്കെല്ലാം പ്രചോദനം നല്കുന്ന മാതൃകയാണ്. ആ ജീവിതത്തിൽനിന്ന് സവിശേഷ ശ്രദ്ധയർഹിക്കുന്ന ചില കാര്യങ്ങളാണ് തുടർന്നു പ്രതിപാദിക്കുന്നത്.

### a: വചനശ്രവണം - മനനം - ജീവിതം

ദൈവവചനത്തോടുള്ള മറിയത്തിന്റെ സമീപനമാണ് സുവിശേഷങ്ങളുടെ വെളിച്ചത്തിൽ ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്. താൻ കേട്ടതും അനുഭവിച്ചതുമായ കാര്യങ്ങൾ എല്ലാം അവൾക്കു മനസിലായില്ല എന്ന് സുവിശേഷകൻ എടുത്തുപറയുന്നുണ്ട്. ദൈവദൂതന്റെ അഭിസംബോധന തന്നെ മറിയത്തിൽ ആശ്ചര്യം ഉളവാക്കുന്നു, അർത്ഥം മനസിലാകാത്തിനാൽ വിശദീകരണം തേടുന്നു. *"ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ"* (ലൂക്കാ 1, 29-32). കണ്ടതും കേട്ടതുമായ കാര്യങ്ങൾ അവൾ *"ഹൃദയത്തിൽ സംഗ്രഹിച്ച്, ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു"* (ലൂക്കാ 2, 19). ദേവാലയത്തിൽ ശിശുവിനെ കാഴ്ചവച്ചപ്പോൾ ശിമയോൻ പറഞ്ഞതും, പന്ത്രണ്ടാം വയസിൽ ദേവാലയത്തിൽ കണ്ടുകിട്ടിയപ്പോൾ മകൻ പറഞ്ഞതും ഒന്നും അമ്മയ്ക്കു പൂർണ്ണമായി മനസിലായില്ല. എന്നാലും *"അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു"* (ലൂക്കാ 2, 51).

അമ്മയുടെ ഒരു സവിശേഷതയായി യേശു തന്നെ എടുത്തുകാട്ടിയതാണ് ഈ വചനോപാസന. അമ്മയും സഹോദരങ്ങളും തന്നെ കാണാൻ ആഗ്രഹിച്ചു പുറത്തു നില്ക്കുന്നു എന്നു പറഞ്ഞ ആൾക്കു യേശു നല്കിയ മറുപടി ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. *"ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും"* (ലൂക്കാ 8, 21). യേശു തന്റെ അമ്മയെ തള്ളിപ്പറയുന്നതിനു തെളിവായി ഈ വാക്യം എടുത്തുകാട്ടുന്നത് ഒന്നുകിൽ അജ്ഞതകൊണ്ട്, അല്ലെങ്കിൽ കത്തോലിക്കാവിശ്വാസത്തോടുള്ള എതിർപ്പുകൊണ്ട് എന്നേ പറയാൻ കഴിയൂ.

ഇവിടെ മാതാവിന്റെ ശാരീരികമാതൃത്വത്തിനപ്പുറം അനുകരണാർഹമായ ഒരു മാതൃകയായി യേശുതന്നെ അമ്മയെ ഉയർത്തിക്കാട്ടുന്നു. അതോടൊപ്പം ദൈവവചനം ശ്രവിച്ച്, അനുസരിച്ച്, ജീവിക്കുന്ന ആരും യേശുവിന്റെ കുടുംബാംഗവും ഉറ്റ ബന്ധുവും ആകുമെന്നും യേശുതന്നെ പഠിപ്പിക്കുന്നു. ഇതുതന്നെയാണ് അമ്മയെ പുകഴ്ത്തിപ്പറഞ്ഞ സ്ത്രീക്കു കൊടുത്ത മറുപടിയും അർത്ഥമാക്കുന്നത്. *"ദൈവവചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ അനുഗൃഹീതർ"* (ലൂക്കാ 11, 28).

## b. വിശ്വാസം

*"കർത്താവരുളിച്ചെയ്ത കാര്യങ്ങൾ നിറവേറും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി"* (ലൂക്കാ 1, 45). മറിയത്തിന്റെ ജീവിതത്തിലെ ഏറ്റം ശ്രദ്ധേയവും അനുകരണാർഹവുമായ കാര്യമാണ് അവളുടെ വിശ്വാസം. അബ്രാഹത്തെ വിശ്വാസികളുടെ പിതാവ് എന്ന് വിശേഷിപ്പിക്കാറുണ്ട്. എന്നാൽ അതിനേക്കാൾ കൂടുതൽ ആധികാരികതയോടെ മറിയത്തെ വിശ്വാസികളുടെ മാതാവ് എന്നു വിശേഷിപ്പിക്കണം.

ദൈവപുത്രന്റെ മനുഷ്യവതാരത്തെക്കുറിച്ചുള്ള അറിയിപ്പു മുതൽ പ്രകടമായതാണ് ഈ വിശ്വാസം. മനുഷ്യബുദ്ധിക്കഗ്രാഹ്യവും യുക്തിക്കതീതവുമായ ഏറെ കാര്യങ്ങൾ മറിയം വിശ്വസിച്ചു; അതനുസരിച്ചു ജീവിച്ചു. ദൈവം മനുഷ്യനായി അവതരിക്കുക, ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെടുക, കന്യക മാതാവാകുക എന്നിങ്ങനെ നിരവധി സംഭവങ്ങൾ. സംശയനിവാരണത്തിന് ആവശ്യമായ ചോദ്യങ്ങൾ ചോദിക്കാൻ മടിച്ചില്ല. എന്നാൽ ദൈവഹിതം വ്യക്തമായപ്പോൾ പൂർണ്ണമായി വിശ്വസിച്ചു.

തുടർന്നുള്ള ജീവിതം എളുപ്പമായിരുന്നില്ല. വിവാഹവാഗ്ദാനം നല്കിയിരിക്കുന്ന അവസ്ഥയിൽ ഭർത്താവറിയാതെ ഗർഭിണിയാവുക - മരണശിക്ഷ വിളിച്ചുവരുത്താവുന്നൊരു കുറ്റമാണത് (നിയ 22, 20-21). എന്നാലും മറിയം വിശ്വസിച്ചു; ദൈവഹിതത്തിനു സ്വയം സമർപ്പിച്ചു. വിശ്വാസം എന്തെന്ന് മറിയത്തിൽ നിന്നു പഠിക്കണം. ഏതാനും തത്വസംഹിതകൾ ബുദ്ധികൊണ്ടംഗീകരിക്കുന്നതല്ല വിശ്വാസം. അത് ദൈവത്തിന് സ്വയം സമർപ്പിക്കലാണ്; ദൈവത്തിന് പൂർണ്ണമായി സ്വയം വിട്ടുകൊടുക്കലാണ്; എനിക്കു ജീവൻ നല്കിയവൻ എന്നെ കൈവിടുകയില്ല എന്ന

ബോധ്യം. മറിയം ഇപ്രകാരം സ്വയം അർപ്പിച്ചു: *“ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!”* (ലൂക്കാ 1, 38).

മറിയത്തിന്റെ ജീവിതം മുഴുവൻ ഈ വിശ്വാസത്തിന്റെ ദൃശ്യമായ പ്രകടനമായിരുന്നു. ബേത്‌ലെഹെമിലെ ദാരിദ്ര്യം, ശിശുവിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി അർദ്ധരാത്രിയിൽ വിദേശത്തേക്കു പലായനം, മകനെ നഷ്ടപ്പെട്ട് കണ്ണീരോടെ തേടിയലഞ്ഞ ദിനരാത്രങ്ങൾ, മനസിലാക്കാനാവാത്ത മകന്റെ മറുചോദ്യങ്ങൾ, അവസാനം എല്ലാവരാലും പരിത്യക്തനായവന്റെ നിലവിളി: *“എന്റെ ദൈവമേ എന്തേ എന്നെ ഉപേക്ഷിച്ചു?”* (മർക്കോ 15, 34), കുരിശുമരണം. പുറമെനിന്നു നോക്കിയാൽ പൂർണ്ണ പരാജയമായിരുന്നു യേശു. ശിഷ്യന്മാർ പോലും ഉപേക്ഷിച്ചോടി ഒളിച്ചപ്പോൾ പതറാതെ കുരിശിൻചുവട്ടിൽ നിന്ന അമ്മ യഥാർത്ഥ വിശ്വാസം എന്ത് എന്ന് പഠിപ്പിക്കുന്നു.

കല്ലറ കാണാൻ മറ്റു സ്ത്രീകളുടെ കൂടെ അമ്മ പോയില്ല. മരണം അവസാനമല്ലെന്നും മകനെ കല്ലറയിൽ തേടേണ്ടതില്ലെന്നും അവൾ വിശ്വസിച്ചു. അല്പ വിശ്വാസികളായ ശിഷ്യർക്കു കരുത്തു പകർന്നു; അങ്ങനെ വിശ്വാസികളുടെ മാതാവായി മറിയം. ഇന്നു നമുക്കും അനുകരണാർഹമായ മാതൃക. കാലിത്തൊഴുത്തിലും കാനായിലും കാൽവരിയിലും കല്ലറയിങ്കലും എല്ലാം പ്രകടമായ മാതാവിന്റെ വിശ്വാസം നമുക്കു പ്രചോദനമാകണം, ശക്തിപകരണം. അതിനാണ് യേശു തന്നെ തന്റെ അമ്മയെ നമുക്ക് അമ്മയായി നല്കിയത്; ***ഇതാ നിന്റെ അമ്മ!***

### C. അനുസരണം: ദാസീഭാവം

*“ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ”* (ലൂക്കാ 1, 38). വചനശ്രവണത്തിലൂടെ വ്യക്തമായ ദൈവഹിതത്തിനു മറിയം കീഴ്‌വഴങ്ങി. സ്വന്തം ജീവിതത്തിന്റെ നിയന്ത്രണവും ഉത്തരവാദിത്വവും പൂർണ്ണമായും ദൈവകരങ്ങളിൽ ഏല്പിച്ചു. ഇനി ഒന്നുമാത്രമേ ചെയ്യാനുള്ളൂ, വെളിപ്പെടുന്ന ദൈവഹിതം അനുസരിക്കുക. വിശ്വാസം പ്രകടമാകുന്നത് അനുസരണത്തിലൂടെയാണ്. തന്നെ വിളിച്ചവൻ വിശ്വസ്തനാണെന്നു മറിയം വിശ്വസിച്ചു. ആ വിശ്വാസം അവളെ നിരന്തരം നയിച്ചു. ഒരിക്കലും സംശയിക്കാതെ, ചോദ്യം ചെയ്യാതെ, പതറാതെ അവൾ അനുസരിച്ചു. നസ്രത്തിൽ വച്ചു ലഭിച്ച മംഗലവാർത്ത

മുതൽ കാൽവരിയിലെ നിലവിളിയും മരണവും വരെ അവൾ പതറാതെ പിൻതുടർന്നതും അനുസരിച്ചതും ദൈവഹിതത്തെ ആയിരുന്നു.

ഇതുതന്നെയാണ് ദാസീഭാവം. ***"കർത്താവിന്റെ ദാസി"*** എന്ന വിശേഷണം അടിമത്തത്തെയല്ല സൂചിപ്പിക്കുന്നത്. മറ്റാരുടെയുമല്ല, ദൈവത്തിന്റെ ദാസിയാണവൾ; തന്റെ ജീവന്റെ ഉറവിടവും ലക്ഷ്യവും പ്രചോദനവും ശക്തിയുമായ ദൈവത്തിന്റെ ദാസി. ഒന്നാം പ്രമാണത്തിന്റെ വ്യാഖ്യാനം സ്വന്തം ജീവിതത്തിലൂടെ നല്കുന്നതാണ് ഈ ദാസീഭാവം. ദൈവത്തെ കർത്താവും നാഥനുമായി ഹൃദയത്തിൽ സ്വീകരിക്കുകയും ജീവിതത്തിലൂടെ ഏറ്റുപറയുകയും ചെയ്യുന്ന ഈ അനുസരണം സകല വിശ്വാസികൾക്കും മാതൃകയും പ്രചോദനവുമാകണം.

ആദിപാപത്തിന്റെയെന്നല്ല, എല്ലാ പാപങ്ങളുടെയും അടിസ്ഥാന സ്വഭാവമാണ് അഹങ്കാരം, അഥവാ ഞാൻ എന്ന ഭാവം. വിലക്കപ്പെട്ട പഴം തിന്ന് ദൈവത്തെപ്പോലെ ആകാനും, ആകാശം മുട്ടുന്ന ഗോപുരം പണിത് ദൈവതുല്യരാകാനും ശ്രമിക്കുന്നു എന്ന് ആലങ്കാരികഭാഷയിൽ പറഞ്ഞുവച്ചതാണ് അഹങ്കാരം. ദൈവമക്കൾ ആവുക എന്ന തങ്ങളുടെ വിളിയുടെ അർത്ഥം ഗ്രഹിക്കാത്തിടത്ത് അഹങ്കാരം ഉടലെടുക്കും. അതിന്റെ തായ്‌വേരിനു കത്തിവയ്ക്കുന്നതാണ് ഒന്നാം പ്രമാണം.

ദൈവം ഒരുവൻ മാത്രം. ബാക്കിയെല്ലാം സൃഷ്ടികൾ. സൃഷ്ടികളുടെ മകുടമാണ് മനുഷ്യൻ; ദൈവത്തിന്റെ മക്കളാകാൻ വിളിക്കപ്പെട്ട മനുഷ്യർ. ഇവിടെ മറിയത്തിന്റെ അനുസരണവും ദാസീഭാവവും നമുക്കും വ്യക്തമായ മാതൃകയാകുന്നു. ദൈവത്തെ മാത്രം നാഥനായി സ്വീകരിക്കുകയും അവിടുത്തെ തിരുഹിതം മാത്രം ജീവിതനിയമമായി സ്വീകരിക്കുകയും ചെയ്യുന്നിടത്ത് അടിമത്തമല്ല, മക്കളുടെ സ്വാതന്ത്ര്യമാണ് സംജാതമാകുക. സ്രഷ്ടാവായ ദൈവം സൃഷ്ടിയായ മനുഷ്യനു നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യത്തിലേക്കു നടന്നടുക്കാനുള്ള സ്വാതന്ത്ര്യമാണ് വിശ്വാസത്തിൽ നിന്നു സംജാതമാകുന്ന അനുസരണം പ്രദാനം ചെയ്യുന്നത്.

## d. പ്രാർത്ഥനാജീവിതം

*"എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു"* (ലൂക്കാ 1, 46-47).

*മാഗ്നിഫിക്കാത്ത് (Magnificat)* എന്ന പേരിൽ അറിയപ്പെടുന്ന സ്തോത്രഗീതം മാതാവിന്റെ പ്രാർത്ഥനാജീവിതത്തിന്റെ ഒരു നേർക്കാഴ്ച അവതരിപ്പിക്കുന്നു. സ്വാഭാവികമായി ചിന്തിച്ചാൽ സന്തോഷിക്കാനും മഹത്വപ്പെടുത്താനുമല്ല, ദുഃഖിക്കാനും വിലപിക്കാനും നിർബ്ബന്ധിക്കുന്നതായിരുന്നു മറിയത്തിന്റെ അപ്പോഴത്തെ അവസ്ഥ. വിവാഹവാഗ്ദാനം കഴിഞ്ഞിരിക്കുന്ന സാഹചര്യം. വരനറിയാതെ ഗർഭിണിയായ മറിയം നസ്രത്തിൽ നിന്നു ഏകദേശം 130 കിലോമീറ്റർ അകലെ, ഐൻകരിം എന്ന ഗ്രാമത്തിൽ, തന്റെ ബന്ധുവായ എലിസബത്തിനെ കാണാൻ വന്നതാണ്. താൻ നസ്രത്തിൽ തിരിച്ചെത്തുമ്പോൾ എന്തും സംഭവിക്കാം. ജോസഫ് തന്നെ സ്വീകരിച്ചില്ലെങ്കിൽ, വ്യഭിചാരക്കുറ്റം ആരോപിച്ച് കല്ലെറിഞ്ഞുകൊല്ലപ്പെടാം. ഇതാണ് സാഹചര്യം.

എന്നാൽ മറിയത്തിന് ഉൽക്കണ്ഠയില്ല, ഭയവുമില്ല. ഹൃദയത്തിൽ നിറഞ്ഞു കവിയുന്ന സന്തോഷം മാത്രം. ദൈവദൂതസന്ദേശം എലിസബത്തിന്റെ വാക്കുകളിലൂടെ സ്ഥിരീകരിക്കപ്പെടുമ്പോൾ ആ സന്തോഷം ഒരു പ്രാർത്ഥനാ ഗാനമായി കവിഞ്ഞൊഴുകി. പ്രാർത്ഥനാജീവിതത്തിന്റെ ഒരു മാതൃക ഈ ഗാനത്തിൽ കാണാം. സ്വന്തം വ്യക്തിജീവിതത്തിലും സമൂഹത്തിലും ദൈവം ചെയ്ത വലിയ കാര്യങ്ങൾ തിരിച്ചറിഞ്ഞ് ഏറ്റുപറയുക. ഇതുതന്നെയാണ് ദൈവത്തെ മഹത്വപ്പെടുത്തൽ. ദൈവം ആരെന്നും എന്തു ചെയ്യുന്നു എന്നും അത് എങ്ങനെ സ്വന്തം ജീവിതത്തിൽ അനുഭവിച്ചറിഞ്ഞു എന്നും പരസ്യമായി പ്രഖ്യാപിക്കുമ്പോൾ അതു കേൾക്കുന്നവരും ദൈവത്തെ അറിയാൻ ഇടയാകുന്നു. ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറയുന്ന കൃതജ്ഞതാ പ്രകടനവും, ദൈവം നിരന്തരം കാത്തുപാലിക്കും എന്ന ഉറച്ച വിശ്വാസം പ്രകടമാക്കുന്നതും പ്രാർത്ഥനയുടെ ഭാഗംതന്നെ.

സ്തോത്രഗീതം ഒരു ഉദാഹരണം മാത്രമാണ്. മറിയത്തിന്റെ ജീവിതം നിരന്തരമായ പ്രാർത്ഥനയാൽ നയിക്കപ്പെട്ടിരുന്നു. തനിക്കുവേണ്ടി ഒന്നും അവൾ യാചിക്കുന്നില്ല. എന്നാൽ മറ്റുള്ളവരുടെ ആവശ്യം കണ്ടറിഞ്ഞ് മകന്റെയടുക്കൽ മാധ്യസ്ഥ്യം വഹിക്കുന്നതിന്റെ ഉദാഹരണം കാനായിലെ സംഭവത്തിൽ കാണാം. അതോടൊപ്പം പ്രാർത്ഥന സഫലമാകണമെങ്കിൽ എന്തു ചെയ്യണം എന്നും അമ്മ പഠിപ്പിക്കുന്നു. *"അവൻ നിങ്ങളോടു പറയുന്നതുപോലെ ചെയ്യുവിൻ"* (യോഹ 2, 5).

ഈ പ്രാർത്ഥനയിലും നിർദ്ദേശത്തിലും പ്രകടമാകുന്ന ഒന്നാണ് മറിയത്തിന്റെ മാതൃഭാവം. കുരിശിൻചുവട്ടിൽ നിന്ന ശിഷ്യനെ മകനായി ഏല്പിച്ചുകൊടുത്തത് യേശുതന്നെയാണ്. അതോടെ മറിയം എല്ലാ ക്രിസ്തുവിശ്വാസികളുടെയും അമ്മ യായി. അമ്മയുടെ സ്വഭാവം അവൾ നേരത്തെ സ്വന്തമാക്കിയ താണ്, കാനായിൽ പ്രകടമായ മാതൃഭാവം. ഇന്ന് എല്ലാ വിശ്വാ സികളെയും ആ മാതൃഭാവം ആശ്ലേഷിക്കുന്നു; സകല മനുഷ്യ രെയും തന്റെ മക്കളായി സ്വീകരിക്കാൻ മറിയം ആഗ്രഹിക്കുന്നു. എല്ലാവർക്കുംവേണ്ടി തന്റെ പുത്രൻ വഴി പിതാവിന്റെ അടുക്കൽ പ്രാർത്ഥിക്കുന്നു. ഏവർക്കും അനുകരണാർഹമായൊരു മാതൃക.

### 7. മരിയഭക്തി

*"അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു"* (യോഹ 19, 27).

കുരിശിൽ കിടന്നുകൊണ്ട് നാഥൻ തന്റെ അമ്മയെ സകല ശിഷ്യരുടെയും പ്രതിനിധിയും പ്രതീകവുമായി നിന്ന *''താൻ സ്നേഹിച്ച ശിഷ്യന്"* അമ്മയായി ഏല്പിച്ചുകൊടുത്തുകൊണ്ട് മരിയഭക്തിക്കു കളമൊരുക്കി. യേശുവിന്റെ അമ്മയെ സ്വന്തം ഭ വനത്തിൽ സ്വീകരിച്ച ശിഷ്യൻ മരിയഭക്തിക്കു തുടക്കം കുറിച്ചു; ഒപ്പം മരിയഭക്തിയുടെ ഉത്തമമായ മാതൃകയും നല്കി. ദൈവ മാതാവായ പരിശുദ്ധ മറിയത്തോടുള്ള സ്നേഹവും ആദരവും, അതു പ്രകടമാക്കുന്ന പ്രവൃത്തികളുമാണല്ലോ മരിയഭക്തി എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്. ക്രിസ്തുവിന്റെ സഭയിൽ ആ രംഭകാലം മുതലേ നിലനിന്നതാണ് മരിയഭക്തി. അമ്മയോടു ചേർന്നു പ്രാർത്ഥിക്കുക, അമ്മ ചെയ്തതുപോലെ ദൈവവചനം ശ്രവിക്കുക, ധ്യാനിക്കുക, അനുസരിച്ചു ജീവിക്കുക ഇതെല്ലാം മരിയഭക്തിയുടെ ഭാഗങ്ങൾ തന്നെ.

എന്നാലും മുഖ്യമായും രണ്ടുകാര്യങ്ങളാണ് മരിയഭക്തി എന്നു പൊതുവേ പറയുമ്പോൾ വിവക്ഷിക്കപ്പെടുന്നത്. പ്രാർ ത്ഥനകളും അനുഷ്ഠാനങ്ങളും. രണ്ടും മാതാവിന്റെ മാധ്യസ്ഥ്യം തേടുന്ന മാർഗ്ഗങ്ങളായി പരിഗണിക്കപ്പെടുന്നു. കത്തോലിക്കാസഭ ഈ രണ്ടു കാര്യങ്ങളും പ്രോത്സാഹിപ്പിക്കുന്നുമുണ്ട്.

പ്രാർത്ഥനകളിൽ പ്രമുഖസ്ഥാനത്തു നില്ക്കുന്നതു ജപമാ ലയാണ്. ദൈവപുത്രന്റെ മനുഷ്യവതാരം മുതൽ മറിയത്തിന്റെ

സ്വർഗ്ഗാരോപണവും മഹത്വീകരണവും വരെയുള്ള രക്ഷാചരിത്രത്തിന്റെ വിവിധ ഘട്ടങ്ങൾ ഇരുപതു രഹസ്യങ്ങളിലൂടെ ധ്യാനവിഷയമാക്കുകയും ആ ധ്യാനത്തോടൊപ്പം മാതാവിന്റെ മാതൃക അനുസ്മരിച്ചും സഹായം യാചിച്ചും പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ് ജപമാല.

ഇവിടെ വാചികമായ പ്രാർത്ഥനയും ആന്തരികമായ ധ്യാനവും ഒരുമിച്ചു പോകണം. ക്രിസ്തീയജീവിതത്തിൽ സുപ്രധാനമാണ് ഈ ധ്യാനവും പ്രാർത്ഥനയും. എന്നാൽ പ്രാർത്ഥന വെറും അധരവ്യായാമമായി അധഃപതിക്കുകയും, ചൊല്ലിത്തീർക്കുന്ന കൊന്തകളുടെ എണ്ണത്തിനനുസരിച്ചു കൃപ ലഭിക്കും എന്ന ഒരു കച്ചവടമനോഭാവം ഉടലെടുക്കുകയും ചെയ്യുന്നതും വിരളമല്ല. ആന്തരികതയില്ലാത്ത അനുഷ്ഠാനം മാത്രമായിത്തീർന്നാൽ പ്രാർത്ഥനതന്നെ അർത്ഥശൂന്യമാകും; മാത്രമല്ല; വ്യർത്ഥമായ സുരക്ഷിതത്വബോധവും വിശുദ്ധരെന്ന മിഥ്യാധാരണയും ഉളവാക്കിയെന്നും വരും.

മാതാവിനോടുള്ള പ്രാർത്ഥനയിൽ രണ്ടാം സ്ഥാനത്തുവരുന്നു നൊവേനകൾ. മാതാവിന്റെ വിവിധ വിശേഷണങ്ങളെ ആസ്പദമാക്കി പലതരം നൊവേനകൾ പ്രാബല്യത്തിലുണ്ട്. അതിൽ ഏറ്റം പ്രധാനപ്പെട്ടത് നിത്യസാഹയമാതാവിന്റെ നൊവേനതന്നെ. ഒമ്പതുദിവസം തുടർച്ചയായി പ്രാർത്ഥിക്കുന്നതിനാണ് നൊവേന എന്നു പറയുന്നതെങ്കിലും, പ്രയോഗത്തിൽ നൊവേനകളും ഒമ്പതു ദിവസവും തമ്മിൽ കാര്യമായ ബന്ധമൊന്നുമില്ല. എല്ലാ ദിവസവുമാകാം; അല്ലെങ്കിൽ ശനിയാഴ്ച തോറും നൊവേന ചൊല്ലാറുണ്ട്. ഏതായാലും മരിയഭക്തിയുടെ പ്രകടനവും അതോടൊപ്പം സഹായത്തിനുള്ള അഭ്യർത്ഥനയുമാണ് നൊവേനകൾ. അവിടെയും തെറ്റായ ചിന്തകളും ബോധ്യങ്ങളും ലക്ഷ്യങ്ങളും കടന്നുകൂടാൻ സാധ്യതയുണ്ട്.

“അങ്ങിലാണ് ഞങ്ങളുടെ രക്ഷ, ഞങ്ങളെ രക്ഷിക്കണേ” എന്നൊക്കെ മാതാവിനോടു പ്രാർത്ഥിക്കുന്നത് ഭക്തി എന്ന വികാരത്തിന്റെ പ്രകടനമാണെന്ന് അംഗീകരിച്ചാൽത്തന്നെ, അന്ധവിശ്വാസവും വിഗ്രഹാരാധനയുമായി ഈ പ്രാർത്ഥന അധഃപതിക്കുന്നില്ലേ എന്ന സംശയം ഉന്നയിക്കുന്നത് യുക്തിവാദികളും മരിയൻ വിരോധികളും മാത്രമല്ല. യേശു അല്ലാതെ *“മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴേ മനുഷ്യരുടെ ഇടയിൽ നമുക്കു*

*രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല"* (അപ്പ 4, 12) എന്ന തിരുവചനം ശ്രദ്ധിക്കണം. മറിയം രക്ഷിക്കുന്നില്ല. രക്ഷകനിലേക്കു നയിക്കുന്നു; രക്ഷകന്റെ അടുക്കൽ മാധ്യസ്ഥ്യം വഹിക്കുന്നു. രക്ഷകൻ യേശു മാത്രം. ഈ സത്യം മറന്നുപോകുന്നോ എന്ന സംശയം ജനിപ്പിക്കുന്നതാണ് ചില പ്രാർത്ഥനകൾ.

മാതാവിന്റെ ലുത്തിനിയായിലെ ചില വിശേഷണങ്ങളും പ്രത്യേകം ശ്രദ്ധിച്ചില്ലെങ്കിൽ അന്ധവിശ്വാസത്തിനു വഴി തെളിച്ചെന്നുവരും. ഉദാഹരണത്തിനു "സ്രഷ്ടാവിന്റെ മാതാവേ" എന്ന വിശേഷണം. ബൈബിളിന്റെയും കത്തോലിക്കാസഭയുടെയും പ്രബോധനം അനുസരിച്ച് പിതാവായ ദൈവമാണ് സ്രഷ്ടാവ്. ഇതാണ് വിശ്വാസപ്രമാണത്തിൽ നാം ഏറ്റു പറയുന്നത്: "ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു". അതിനാൽ മറിയത്തെ സ്രഷ്ടാവിന്റെ മാതാവേ എന്നു വിളിച്ചപേക്ഷിക്കുന്നത് തെറ്റിധാരണയ്ക്കു കാരണമാകും. ദൈവം വചനത്തിലൂടെ എല്ലാം സൃഷ്ടിച്ചു എന്ന കാഴ്ചപ്പാടിന്റെ (യോഹ 1, 1-3) അടിസ്ഥാനത്തിലായിരിക്കാം ഈ വിശേഷണം രൂപപ്പെട്ടത്. പക്ഷേ അതു തെറ്റായി വ്യാഖ്യാനിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

ഉപവാസമാണ് മരിയഭക്തി പ്രകടമാക്കുന്ന ഒരനുഷ്ഠാനം. എട്ടുനോമ്പും പതിനഞ്ചുനോമ്പും ഉദാഹരണങ്ങൾ. അടുത്തായിരിക്കുക എന്നാണ് ഉപവസിക്കുക എന്ന വാക്കിനർത്ഥം. മാതാവ് ദൈവത്തോടും സഹജീവികളോടും അടുത്തായിരുന്നതുപോലെ നാമും ആയിരിക്കണം എന്ന് ഉപവാസം ആഹ്വാനം ചെയ്യുന്നു. പക്ഷേ ഇതും ചില ചടങ്ങുകൾ മാത്രമായി പരിണമിക്കാനുള്ള സാധ്യത മറക്കാതിരിക്കണം. മത്സ്യമാംസാദികൾ ഒഴിവാക്കുന്നതും ഭക്ഷണകാര്യത്തിൽ മിതത്വം പാലിക്കുന്നതും എല്ലാം നല്ലതുതന്നെ. പരിത്യാഗപ്രവൃത്തികൾ ആത്മാവിനും ശരീരത്തിനും ഉപകരിക്കും. അപ്പോഴും അനുഷ്ഠാനത്തിന്റെ അർത്ഥം മറന്നുപോകാതിരിക്കാൻ ശ്രദ്ധിക്കണം (ഏശ 58, 1-14).

മാതാവിന്റെ സാന്നിധ്യം, പ്രത്യേകമായ ദർശനങ്ങളിലൂടെ, അനുഭവപ്പെട്ട കേന്ദ്രങ്ങളിലേക്കു നടത്തുന്ന തീർത്ഥാടനങ്ങളും മരിയഭക്തിയുടെ ഭാഗംതന്നെ. ലൂർദ്ദ്, ഫാത്തിമാ, മെഡ്ജുഗോറി, വേളാങ്കണ്ണി, വല്ലാർപാടം, കൊരട്ടി എന്നിങ്ങനെയുള്ള തീർത്ഥാടനകേന്ദ്രങ്ങളിലേക്ക് പോകുന്നത് ഏറെ പ്രചാരമുള്ള ഒരു ഭക്തി

പ്രകടനമാണ്. ഓരോരുത്തരും തങ്ങളുടെ കഴിവനിനനുസരിച്ച് തീർത്ഥാടന കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നു, സന്ദർശിക്കുന്നു, പ്രാർത്ഥിക്കുന്നു. ഓരോ കേന്ദ്രത്തിലും മാതാവു നല്കിയ, ഇന്നും നല്കുന്ന ചില സന്ദേശങ്ങളും നിർദ്ദേശങ്ങളുമുണ്ട്. പലപ്പോഴും അതു ശ്രദ്ധിക്കപ്പെടാതെ പോകുന്നു. ചിലപ്പോഴെങ്കിലും തീർത്ഥാടനങ്ങൾ വിനോദയാത്രകൾ മാത്രമായി പരിണമിക്കാറുമുണ്ട്.

ചില പ്രതീകങ്ങളുടെ ഉപയോഗമാണ് മരിയ ഭക്തി പ്രകടമാക്കുന്ന മറ്റൊരു മാർഗ്ഗം. വെന്തീങ്ങയും കൊന്തയും കഴുത്തിൽ ധരിക്കുക; മോതിരക്കൊന്ത വിരലിൽ അണിയുക. മാതാവിന്റെ തിരുസ്വരൂപങ്ങൾ സൂക്ഷിക്കുക, വണങ്ങുക – ഇവയെല്ലാം മരിയ ഭക്തിയുടെ പ്രകടനങ്ങളാണ്. എന്നാൽ ഇവിടെയും ഭക്തി വഴിപിഴയ്ക്കാൻ ഏറെ സാധ്യതകളുണ്ട്. ചില പ്രതിമകൾക്ക്, അതും ചില പള്ളികളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന പ്രതിമകൾക്ക്, പ്രത്യേക ശക്തിയുണ്ട് എന്നു വിശ്വസിക്കുമ്പോൾ അതും അറിയാതെ വിഗ്രഹാരാധനയിലേക്കുള്ള വഴുതിവീഴലല്ലേ എന്നു സംശയിക്കണം.

രക്തക്കണ്ണീരൊഴുക്കുന്ന പ്രതിമ, എണ്ണ, പാൽ, തേൻ മുതലായവ മാറിമാറി ഒഴുക്കുന്ന മരിയൻ തിരുസ്വരൂപങ്ങൾ മുതലായവയും പലപ്പോഴും തെറ്റിധരിക്കപ്പെടാറുണ്ട്. കഠിനദുഃഖത്തിന്റെ പ്രതീകമാണ് രക്തക്കണ്ണീർ. മനുഷ്യൻ ചെയ്തുകൂട്ടുന്ന പാപത്തിന്റെ ഗൗരവവും അതു വരുത്തിവയ്ക്കുന്ന ദുരന്തങ്ങളുടെ ഭീകരതയും കണ്ടു കരയുന്ന അമ്മയുടെ ദുഃഖകാരണം മനസിലാക്കി ജീവിതം നവീകരിക്കുന്നതിനു പകരം കണ്ണീരൊഴുക്കിയ പ്രതിമ കാണാൻ, ആ പ്രതിമയുടെ പടമെങ്കിലും കണ്ടു തൃപ്തിയടയാൻ ശ്രമിക്കുന്നിടത്തും അന്ധവിശ്വാസം കടന്നുവരുന്നു; ലക്ഷ്യം തെറ്റിയ ശരം പോലെയാകുന്നു ഭക്തിപ്രകടനം. തേനും പാലുമൊക്കെ സ്നേഹത്തിന്റെ അടയാളങ്ങളാണ്. അമ്മ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനും അമ്മയുടെ സ്നേഹം തിരിച്ചറിയാനും ക്ഷണിക്കുന്ന പ്രതീകങ്ങളാണവ എന്നു മറന്നുപോകുന്നു; പകരം എണ്ണ പുരട്ടിയും പാലും തേനും കുടിച്ചും അനുഗ്രഹം പ്രാപിക്കാൻ ശ്രമിക്കുന്നതും ലക്ഷ്യം തെറ്റലാകാം.

മാതാവിന്റെ മാധ്യസ്ഥ്യം യാചിക്കുന്നതിൽ തെറ്റില്ല; യേശു തന്നെ അംഗീകരിച്ചതാണത്. പക്ഷേ മരിയഭക്തി കാര്യസാധ്യത്തിനുള്ള കുറുക്കുവഴിയായി പരിഗണിക്കുമ്പോൾ വിഗ്രഹാരാധനയെന്ന അപകടം പതിയിരിക്കുന്നുണ്ട് എന്നതു നിഷേധിക്കാ

നാവില്ല. *"ദൈവഭക്തി ധനലാഭത്തിനുള്ള മാർഗ്ഗമാണെന്നു കരുതുന്ന"*(1 തിമോ 6, 5)വരെക്കുറിച്ചു പൗലോസ് അപ്പസ്തോലൻ തിമോത്തിക്കു നല്കുന്ന താക്കീത് ഇവിടെയും പ്രസക്തമാണ്.

വെന്തീങ്ങ കഴുത്തിൽ ധരിച്ചാൽ അപകടമൊന്നും ഉണ്ടാകില്ല എന്നു കരുതുന്നവരുണ്ട്. തീർച്ചയായും അമ്മയെക്കുറിച്ച് ഓർക്കാനും അമ്മയോടു പ്രാർത്ഥിക്കാനും വെന്തിങ്ങ സഹായകമാകണം. ആ ഓർമ്മ ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കാൻ പ്രേരകമാകണം. അതില്ലാതെ വെറും ഒരലങ്കാരം പോലെ ധരിക്കുന്നതുമാത്രം രക്ഷണീയമാവില്ല. സ്വർണ്ണകൊന്തയും മോതിരക്കൊന്തകളും എല്ലാം ഈ ഒരു കാഴ്ചപ്പാടിൽ വിലയിരുത്തേണ്ടതുണ്ട്.

തിരുനാളാഘോഷങ്ങളും മാതാവിനു സമർപ്പിക്കുന്ന നേർച്ച – കാഴ്ചകളുമാണ് ഭക്തിപ്രകടിപ്പിക്കുന്ന മറ്റൊരനുഷ്ഠാനം. മാതാവിനെ ഓർമ്മിക്കാനും സ്നേഹവും ആദരവും ഭക്തിയും പ്രകടമാക്കാനും സഹായിക്കുന്ന അവസരങ്ങളാണു തിരുനാളാഘോഷങ്ങൾ. എന്നാൽ ബാഹ്യമായ ആഘോഷങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും തിരുനാളിന്റെ അർത്ഥവും ലക്ഷ്യവും മറന്നുപോവുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കണം. ഇതുതന്നെയാണ് നേർച്ച കാഴ്ചകളുടെയും അവസ്ഥ. മാതാവിനെ പട്ടുടുപ്പിക്കുക, മാലയും മോതിരവും കിരീടവും അണിയിക്കുക, സ്വരൂപത്തിനു മുന്നിൽ തിരിതെളിക്കുക മുതലായവ സ്ഥിരപ്രതിഷ്ഠ നേടിയ ആചാരങ്ങളാണ്. എന്നാൽ പട്ടും സ്വർണ്ണവും മാതാവിനാവശ്യമില്ല. തന്നെയുമല്ല, അതു മോഷ്ടാക്കൾക്ക് ആകർഷകമാവുകയും ചെയ്യും. അതിനാൽ യേശു നിർദ്ദേശിച്ചതുപോലെ പാവങ്ങളെ സഹായിക്കുന്നതായിരിക്കണം നേർച്ചകൾ. അതും വെറും ചടങ്ങായി മാറാതിരിക്കാൻ, ഉദാ: ലക്ഷം പേർക്ക് ഊട്ടുനേർച്ച, ശ്രദ്ധിക്കയും വേണം.

മരിയഭക്തി ആത്യന്തികമായി മറിയത്തെ അമ്മയായി സ്വീകരിക്കലാണ്, അമ്മയുടെ വിശ്വാസവും അനുസരണവും, ദാരിദ്ര്യവും ദാസീഭാവവും സ്വന്തമാക്കി ജീവിക്കലാണ്; കർത്താവിന്റെ ദാസിയെപ്പോലെ തിരുഹിതത്തിന് എന്നും കീഴ്വഴങ്ങലാണ്. അതിനു സഹായിക്കുന്നതായിരിക്കണം പ്രാർത്ഥനകളും ഉപകരണങ്ങളും അനുഷ്ഠാനങ്ങളും.

## ഉപസംഹാരം

കത്തോലിക്കാസഭയിൽ, യേശുക്രിസ്തു കഴിഞ്ഞാൽ ഏറ്റം കൂടുതൽ ആദരവും വണക്കവും നല്കുന്നതു പരിശുദ്ധ കന്യകാമറിയത്തിനാണ്; ഏറ്റം കൂടുതൽ പ്രാർത്ഥിക്കുന്നത് അമ്മയോടാണ്. കാരണം യേശു തന്നെയാണ് തന്റെ അമ്മയെ ശിഷ്യർക്കെല്ലാം അമ്മയായി നല്കിയത്. അത് യേശുനാഥൻ നല്കിയ ഏറ്റം അവസാനത്തെ ദാനമായിരുന്നു. എന്നാൽ മറിയത്തെ മൊട്ടത്തോടിനോടും പഴത്തൊലിയോടും ഉപമിച്ച് അവഹേളിക്കുന്നവരുമുണ്ട്, ക്രൈസ്തവ നാമധാരികളുടെ ഇടയിൽത്തന്നെ. അവരാണ് കത്തോലിക്കരെ വിഗ്രഹാരാധകരായി മുദ്രകുത്തുകയും മരിയാരാധകരെന്ന് അവജ്ഞയോടെ വിശേഷിപ്പിക്കുകയും ചെയ്യുന്നത്. അമ്മയെ അവഹേളിക്കുന്നത് മകനെ അവഹേളിക്കുന്നതിനു തുല്യമാണെന്നതു മറന്നുപോകുന്നു.

മാതാവിനെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ വിശ്വാസവും നിലപാടും വ്യക്തമാണ്, ബൈബിളിൽ അടിയുറച്ചതുമാണ്. അർത്ഥമറിയാതെ ചില പദപ്രയോഗങ്ങൾ തെറ്റായി വ്യാഖ്യാനിക്കപ്പെടാറുണ്ട്. ചിലപ്പോഴൊക്കെ ആചാരങ്ങൾ കാഴ്ചക്കാർക്കു വിഗ്രഹാരാധനയായി തോന്നിയെന്നും വരാം. അതിനാൽ രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

1. ഏറ്റുപറയുന്ന വിശ്വാസസത്യങ്ങളുടെയും ചൊല്ലുന്ന പ്രാർത്ഥനകളുടെയും അർത്ഥം കൃത്യമായി അറിഞ്ഞിരിക്കണം. ദൈവമാതാവ്, സ്രഷ്ടാവിന്റെ മാതാവ്, വാഗ്ദാനപേടകം, പുലർകാല നക്ഷത്രം തുടങ്ങിയ പ്രയോഗങ്ങളുടെ അർത്ഥവും ലക്ഷ്യവും വിശദീകരിച്ചു കൊടുക്കാൻ അറിവും അധികാരവുമുള്ളവർ കടപ്പെട്ടിരിക്കുന്നു.

2. ഭക്തിപ്രകടനങ്ങൾ വണക്കത്തിന്റെ അതിരുകൾ ലംഘിക്കാതിരിക്കാൻ ശ്രദ്ധിക്കണം. അതോടൊപ്പം മരിയ ഭക്തിയെ മുഖ്യമായും കാര്യസാധ്യത്തിനുള്ള കുറുക്കുവഴിയായി പരിഗണിക്കാതെ അമ്മയുടെ മാതൃക പിൻതുടരാനുള്ള ശ്രമത്തിന് പ്രാധാന്യം കൊടുക്കണം. ദൈവമാതാവ്, അമലോത്ഭവ, നിത്യകന്യക, സർഗ്ഗാരോപിത മുതലായ വിശ്വാസസത്യങ്ങൾ മറിയത്തിന്റെ അനന്യത ഏറ്റു പറയുന്നതോടൊപ്പം വിശ്വാസികൾക്കു പ്രചോദനവും പ്രോത്സാഹനവും നല്കുന്നു എന്ന കാര്യം മറക്കാതിരിക്കാം.

മറിയത്തിന്റെ വിശ്വാസം, ദൈവവചനത്തോടുള്ള സമീപനം, അനുസരണം, ദാസീഭാവം, കന്യാവ്രതം, ദാരിദ്ര്യം, സേവനതല്പരത, പ്രാർത്ഥനാജീവിതം തുടങ്ങിയ നിരവധി സവിശേഷതകൾ അനുകരിക്കാൻ പ്രേരിപ്പിക്കുന്നതാകണം മരിയഭക്തി. മനുഷ്യനായി അവതരിച്ച ദൈവവചനത്തിന്റെ അമ്മയാണ് മറിയം, നമ്മുടെയും. അമ്മ നമുക്ക് വഴികാട്ടിയും സഹായവും പ്രചോദനവുമാകട്ടെ.

◆

## ഗ്രന്ഥകർത്താവിന്റെ ഇതരഗ്രന്ഥങ്ങൾ

ബൈബിൾ ചിത്രകഥ (55 പുസ്തകങ്ങൾ - 16 ഭാഷകളിൽ)

ഹവ്വായുടെ പുത്രിമാർ

പ്രണാമം

വീടുവിഴുങ്ങന്നവരും ചില്ലിക്കാശും

യേശു പ്രത്യാശയുടെ ഉറവിടം

ബൈബിൾ കുടുംബപ്രാർത്ഥനയിൽ

സാമൂഹ്യനീതി ബൈബിളിൽ

ബൈബിൾ തീർത്ഥാടനം

1. ബൈബിൾ പഠനം
2. പഞ്ചഗ്രന്ഥം ഒരാമുഖം
3. ആദിചരിത്രം
4. പൂർവ്വപിതാക്കന്മാർ
5. പുറപ്പാട്
6. ലേവ്യർ
7. സംഖ്യ
8. നിയമാവർത്തനം
9. പോരാട്ടങ്ങളുടെ ചരിത്രം
10. രാജവാഴ്ച
11. പ്രതാപത്തിൽനിന്നു പ്രവാസത്തിലേക്ക്
12. ആമോസ്

1. The Master Speaks
2. God of Promise, Promises of God
3. Women in the OT
4. Women in the NT
5. Under Thy Wings
6. Gospel of the Cross
7. When Donkeys Speak
8. Handmaid of the Lord
9. Jesus Christ, source of Hope
10. Fear Not!
11. The Prophet from Nazareth
12. Loser's Gospel
13. Those who Devour Widows' Houses
14. House of God
15. Rejoice in the Lord
16. Bible Study